032:2M751:11
FO

032:2M751:11 FO
GOVINDAN ELADAM(C.)
Chandrahasan.
55362
MUL
022362

Madras University Library.

Date Label.

DOCTRINA·VIM·PROMOVET INSITAM

Ac. No. 55362 Cl. No. 032:2M751:11 F0

This book should be returned on or before the date last marked below.

26 SEP 1951

"ശ്രീരാമവൎമ്മ ഗ്രന്ഥാവലി ൨"

# ചന്ദ്രഹാസൻ.

## മലയാള ഭാഷാനാടകം.

ഗ്രന്ഥകൎത്താവ്

സി. ഗോവിന്ദൻ എളേടം.

കൊച്ചി ഭാഷാപരിഷ്കരണ കമ്മിററിയിൽ നിന്നു
പ്രസിദ്ധപ്പെടുത്തുന്നത്.

ഒന്നാംപതിപ്പ്
കോപ്പി ൫൱

PRINTED AT THE MANGALODAYAM PRESS, TRICHUR.

പകൎപ്പവകാശം
കമ്മിററിക്കു മാത്രം

വില അണ ൩

55362
032:2M751:11
F0



സർ രാമവൎമ്മ, ജി. സി. എസ്സ്. ഐ; ജി. സി. ഐ ഇ.

(വാഴ്ചയൊഴിഞ്ഞ വലിയ തമ്പുരാൻ തിരുമനസ്സുകൊണ്ട്.)

# പ്രസാധകപ്രസ്താവന.

ചന്ദ്രഹാസനാടകത്തെ ഗ്രന്ഥകർത്താവ് കൊല്ലവർഷം ൧൦൭൩-ാമാണ്ടിലാണ് എഴുതിയത്. അക്കാലത്തു തന്നെ അതിനെ "കവനകൌമുദി" എന്ന പദ്യമാസികയിൽ പ്രസിദ്ധപ്പെടുത്തിയിരുന്നു. അങ്ങിനെ അല്ലാതെ പുസ്തകരൂപേണ ഒന്നിച്ച് ഇതിന്നു മുമ്പിൽ ഈ കൃതിയെ പ്രസിദ്ധപ്പെടുത്തിട്ടില്ല.

ചന്ദ്രഹാസന്റെ ചരിത്രം ശ്രേഷ്ഠവും സുപ്രസിദ്ധവും ആയ ഒന്നാണ്. കഥയ്ക്കു നാടകരൂപത്തിൽ ഒരു പ്രത്യേകചമൽക്കാരവും ഉണ്ട്. അതിനാൽ ഗ്രന്ഥകർത്താവിന്റെ ഉദ്യമം സർവ്വഥാ പ്രശംസനീയം തന്നെ. കഥയുടെ ലാളിത്യംകൊണ്ടും അതിൽ സർവ്വത്ര വിളങ്ങുന്ന സാരോപദേശം നിമിത്തവും, ഈ പുസ്തകം എല്ലാവരും വായിക്കേണ്ട ഒന്നാണ്. വിശിഷ്യ, ഇത് ഒരു പാഠ്യപുസ്തകത്തിന്ന് വളരെ യോഗ്യവുമാണ്. ഗ്രന്ഥകർത്താവു തന്നെ എഴുതീട്ടുള്ള ഒരു ലഘുടിപ്പണി വിദ്യാർത്ഥികളെ വളരെ സഹായിക്കുന്നതാണ്.

ശ്രീമാൻ സി. ഗോവിന്ദൻ എളേടം എറണാകുളം കലാശാലയിലെ മലയാളപണ്ഡിതരുടെ നിലയിലും, സുനന്ദാസരസവീരം (ടെമ്പെസ്റ്റ്), ഭക്തിവർദ്ധനശതകം മുതലായ കൃതികളുടേയും പലേ ലേഖനങ്ങളുടേയും കർത്താവിന്റെ നിലയിലും പ്രസിദ്ധിയുള്ള ഒരാളാണ്. ഭക്തനും സുശീലനും ആയ അദ്ദേഹത്തെ പരിചയമുള്ളവർക്കെല്ലാം വളരെ ബഹുമാനമാണ്. പണിയിൽ നിന്നും ഇയ്യിടെ പെൻഷ്യൻ വാങ്ങി പിരിഞ്ഞ ഇദ്ദേഹം ഇനിയും നല്ല പുസ്തകങ്ങൾ എഴുതി ഭാഷയെ പോഷിപ്പിക്കുമെന്ന് ആശിക്കട്ടെ.

നാടുവാഴ്ചയൊഴിഞ്ഞ വലിയതമ്പുരാൻ തിരുമനസ്സിലെ ഷഷ്ടിപൂർത്തിസ്മാരകമായി സ്ഥാപിക്കപ്പെട്ട ഈ കമ്മിററിയിൽനിന്നും ഈ പുസ്തകത്തിന്റെ പകർപ്പവകാശത്തെ വാങ്ങിയിരിക്കുന്നു. ടിപ്പണി എഴുതിത്തന്നതിന്നു ഗ്രന്ഥകർത്താവിനോടു കമ്മിററിയുടെ കൃതജ്ഞതയെ പ്രസ്താവിച്ചുകൊള്ളുന്നു.

മലയാളഭാഷാപരിഷ്കരണകമ്മിററി
ആപ്പീസ്സ്, എറണാകുളം,
൧൦൯൫ എടവം ൩-ാംനു } കമ്മിററിക്കാർ.

# പ്രസാധകപ്രസ്താവന.

---

ചന്ദ്രഹാസനാടകത്തെ ഗ്രന്ഥകൎത്താവ് കൊല്ലവൎഷം ൧൦൭൨-ാമാണ്ടിലാണ് എഴുതിയത്. അക്കാലത്തു തന്നെ അതിനെ "കവനകൌമുദി" എന്ന പദ്യമാസികയിൽ പ്രസിദ്ധപ്പെടുത്തിയിരുന്നു. അങ്ങിനെ അല്ലാതെ പുസ്തകരൂപേണ ഒന്നിച്ച് ഇതിനു മുമ്പിൽ ഈ കൃതിയെ പ്രസിദ്ധപ്പെടുത്തിട്ടില്ലാ.

ചന്ദ്രഹാസന്റെ ചരിത്രം ശ്രേഷ്ഠവും സുപ്രസിദ്ധവും ആയ ഒന്നാണ്. കഥയ്ക്കു നാടകരൂപത്തിൽ ഒരു പ്രത്യേകചമൽക്കാരവും ഉണ്ട്. അതിനാൽ ഗ്രന്ഥകൎത്താവിന്റെ ഉദ്യമം സൎവ്വഥാ പ്രശംസനീയം തന്നെ. കഥയുടെ ലാളിത്യംകൊണ്ടും അതിൽ സൎവ്വത്ര വിളങ്ങുന്ന സാരോപദേശം നിമിത്തവും, ഈ പുസ്തകം എല്ലാവരും വായിക്കേണ്ട ഒന്നാണ്. വിശിഷ്യ, ഇത് ഒരു പാഠ്യപുസ്തകത്തിന്ന് വളരെ യോഗ്യവുമാണ്. ഗ്രന്ഥകൎത്താവു തന്നെ എഴുതീട്ടുള്ള ഒരു ലഘുടിപ്പണി വിദ്യാൎത്ഥികളെ വളരെ സഹായിക്കുന്നതാണ്.

ശ്രീമാൻ സി. ഗോവിന്ദൻ എളേടം എറണാകുളം കലാശാലയിലെ മലയാളപണ്ഡിതരുടെ നിലയിലും, സുനന്ദാസരസ്വീരം (ടെമ്പെസ്റ്റ്), ഭക്തിവൎദ്ധനശതകം മുതലായ കൃതികളുടേയും പലേ ലേഖനങ്ങളുടേയും കൎത്താവിന്റെ നിലയിലും പ്രസിദ്ധിയുള്ള ഒരാളാണ്. ഭക്തനും സുശീലനും ആയ അദ്ദേഹത്തെ പരിചയമുള്ളവൎക്കെല്ലാം വളരെ ബഹുമാനമാണ്. പണിയിൽ നിന്നും ഇയ്യിടെ പെൻഷ്യൻ വാങ്ങി പിരിഞ്ഞ ഇദ്ദേഹം ഇനിയും നല്ല പുസ്തകങ്ങൾ എഴുതി ഭാഷയെ പോഷിപ്പിക്കുമെന്ന് ആശിക്കട്ടെ.

നാടുവാഴുയൊഴിഞ്ഞ വലിയതമ്പുരാൻ തിരുമനസ്സിലെ ഷഷ്ടിപൂൎത്തിസ്മാരകമായി സ്ഥാപിക്കപ്പെട്ട ഈ കമ്മിററിയിൽനിന്നും ഈ പുസ്തകത്തിന്റെ പകൎപ്പവകാശത്തെ വാങ്ങിയിരിക്കുന്നു. ടിപ്പണി എഴുതിത്തന്നതിന്നു ഗ്രന്ഥകൎത്താവിനോടു കമ്മിററിയുടെ കൃതജ്ഞതയെ പ്രസ്താവിച്ചുകൊള്ളുന്നു.

മലയാളഭാഷാപരിഷ്കരണകമ്മിററി
ആപ്പീസ്സ്, എറണാകുളം,
൧൦൯൬ എടവം ൩-ാംനു.

കമ്മിററിക്കാർ.

# മുഖവുര

ചന്ദ്രഹാസചരിതം എന്ന നാടകത്തെപ്പററി ഗ്രന്ഥകൎത്താവിന്റെ നിലയിൽ എനിക്ക് അല്പമായി ചിലതു പറവാനുള്ളതിനെ താഴെ പറഞ്ഞുകൊള്ളുന്നു.

കുന്ദപുരം കൃഷ്ണരായർ എന്നൊരു മഹാൻ ആംഗ്ലേയഭാഷയിൽ ചന്ദ്രഹാസചരിതം എന്നൊരു നാടകം രചിച്ചിട്ടുണ്ട്. ആ വിശിഷ്ടഗ്രന്ഥമാണ് ഈ മലയാളഗ്രന്ഥത്തിന്റെ മൂലമായി ഭവിച്ചിരിക്കുന്നത്. എന്റെ ഒരു ബന്ധുവും ഒരു പരമമിത്രവുമായിരിക്കുന്ന മ- രാ- രാ- തോട്ടക്കാട്ടു കുഞ്ഞികൃഷ്ണമേനോൻ അവർകൾ, ബി. എ; എന്ന മഹാന്റെ ഉത്സാഹമാണ് എന്നെ ഈ ഗ്രന്ഥരചനയിൽ പ്രവേശിപ്പിച്ചത് എന്നുള്ള പരമാൎത്ഥത്തെ ഞാൻ ഒരിക്കലും വിസ്മരിക്കുകയില്ല. കൃഷ്ണരായർ അവർകളുടെ നാടകത്തെ മലയാളത്തിൽ ഭാഷാന്തരം ചെയ്യേണമെന്ന് എന്റെ മിത്രം ആ മഹാന്റെ പൂൎണ്ണസമ്മതത്തോടുകൂടി എന്നോടാവശ്യപ്പെടുകയും ഞാൻ അങ്ങിനെ ചെയ്യാമെന്ന് ഏല്ക്കുകയും ചെയ്തു ആ പുസ്തകം ആപാദചൂഡം വായിച്ചതിൽ അതിനെ മലയാളത്തിൽ പദംപ്രതി ഭാഷാന്തരം ചെയ്യുന്നത് അസാദ്ധ്യമായിത്തോന്നിയതിനാൽ കഥാഭാഗങ്ങൾക്കു യാതൊരു മാററവും ചെയ്യാതെ അതിനെ മലയാളത്തിൽ ഒരു നാടകമായിട്ടെഴുതുകയാണ് ഞാൻ ചെയ്തിട്ടുള്ളത്. താമുള്ളേടത്തോളം, പല ഭാഗങ്ങളും മൂലത്തിനെ അനുസരിച്ചാൽ കൊള്ളാമെന്നുള്ള ഒരു ആഗ്രഹം എനിക്കുണ്ടായിരുന്നതിനാൽ, അങ്ങിനെ വരുവാൻ ഞാൻ കഴിയുന്നതും യത്നിച്ചിട്ടുണ്ട്.

ശുദ്ധഹൃദയന്മാരായ സജ്ജനങ്ങളെ ചതിക്കുവാനോ വധിക്കുവാനോ ഉത്സാഹിക്കുന്ന ദുഷ്ടന്മാൎക്ക് അവസാനം അതികഠിനമായ ആപത്തു സംഭവിക്കുമെന്നും, ആ ശുദ്ധഹൃദയന്മാർ ആ ദുഷ്ടന്മാർ വെക്കുന്ന വലകളിൽ നിന്നൊക്കെയും, സ്വപ്രയത്നമോ അറിവോ കൂടാതെ രക്ഷപ്പെട്ടുപോരുമെന്നും, ദുഷ്കൎമ്മങ്ങൾ എത്രതന്നെ

ഗോപനം ചെയ്യപ്പെട്ടവയായിരുന്നാലും വെളിപ്പെട്ടുപോകുമെന്നും ഉള്ള മുഖ്യസംഗതികളാകുന്നു ചന്ദ്രഹാസൻെറ കഥയെ സർവ്വപ്രിയമാക്കിത്തീർക്കുന്നത്. എന്നാൽ ധനവാന്മാർ തങ്ങളുടെ അധീനത്തിൽ പെട്ടിരിക്കുന്ന നിർദ്ധനന്മാരുടെ നേരെ കാണിക്കുന്ന ദുസ്സഹമായ ക്രൗര്യവും അവരുടെ ആത്മാഭിമാനവും സ്വാർത്ഥപ്രതിപത്തിയും പ്രായേണ എങ്ങിനെ പര്യവസാനിക്കുന്നു എന്നും അപകാരത്തിനു ക്ഷമയേപ്പോലെ മതിയായ പ്രതികാരം മറ്റൊന്നുമില്ലെന്നും ഉള്ള സംഗതികളും ഇവിടെ ഒരിക്കലും വിസ്മരിക്കുവാൻ പാടുള്ളതല്ല.

ഈ കഥതന്നെ ഗദ്യരൂപത്തിൽ കുറെ സംവത്സരങ്ങൾക്കു മുമ്പിൽ എൻെറ ചില മിത്രങ്ങളുടെ പ്രശംസനീയമായ യത്നത്താലും അത്യല്പമായ എൻെറ പ്രയത്നത്താലും മലലാളഭാഷയിൽ കൊണ്ടുവരപ്പെട്ടിട്ടുണ്ട്. ഈ കഥ ഏതു ഭാഷയിലിരുന്നാലും ഏതു വേഷം ധരിച്ചാലും അതിൻെറ മാധുര്യത്തിനോ മാഹാത്മ്യത്തിനോ ഹാനി വന്നുപോകുന്നതല്ല. എൻെറ ഇപ്പോഴത്തെ ഈ പ്രയത്നം സജ്ജനപ്രീതിക്കു പാത്രമായി ഭവിച്ചാൽ ഞാൻ കൃതാർത്ഥനായി.

സി. ഗോവിന്ദൻ എളേടം.

UNIVERSITY LIBRARY
31 JAN 1930
MADRAS

# ചന്ദ്രഹാസൻ.

മലയാള

ഭാഷാനാടകം.

---

## ഒന്നാമങ്കം

---

ഭക്തന്മാരായിരിക്കുന്നവരുടെ പരമാചാര്യനായ് ദാസനായി-
ഭുക്തിക്കും മുക്തിദാനത്തിനുമുടയവനായ് ശക്തിസംയുക്തനായി
പ്രത്യേകിച്ചൃഷിവൃന്ദത്തിനു സുരതരുവായ് ശാശ്വതാനന്ദനായി-
സ്സത്തായിച്ചിത്തമാകും മുകുരമതിൽ വിളങ്ങും വിളക്കാശ്രയം വഃ 1

സൂത്രധാരൻ—(അണിയറയ്ക്കു നേരേ നോക്കീട്ട്)

സഹനം സജ്ജനശീലം
ബഹുദുഃഖം സർവ്വയോഗ്യതാമൂലം;
മർദ്ദനമധികസുഗന്ധസു-
വർദ്ധനസൌഗന്ധികച്ചെടിക്കെല്ലാം. 2

ആര്യേ! ഇവിടെ വരൂ.

നടി—(പ്രവേശിച്ചിട്ട്) എന്തിനായിട്ടാണ് ഭവാൻ ഇപ്പോൾ എന്നെ വിളിച്ചത്?

സൂ—മാന്യന്മാരായ സഭാവാസികളുടെ വിനോദത്തിനായിട്ടു നാം ഇപ്പോൾ ഒരു നാടകം അഭിനയിക്കണം.

ന—ഈ സാമാജികന്മാരെ വിനോദിപ്പിക്കുവാൻ തക്ക നാടകം ഏതാണെന്ന് ആര്യൻ തന്നെ നിശ്ചയിച്ചു നിയോഗിക്കണം.

സൂ—(കുറെനേരം ആലോചിച്ചിട്ട്)

നീതിജ്ഞാനം വിവേകം സഹനമിവകളാ-
ലാളുകൾക്കുള്ളിലേറും

പ്രീതിക്കുംസാധുതക്കുംതരമതുതരുമാ-
ച്ചന്ദ്രഹാസൻചരിത്രം
ഏതായാലുംനമുക്കീസ്സഭയിലഭിനയി-
ക്കാംമടിക്കാതൊട്ടുക്കും
ഖ്യാതിക്കുംമൂലമാകുംമധുമൊഴി!യിതിൽനിൻ-
കൌതുകംജാതമായോ? 3

ന—ആൎയ്യൻ കല്പിക്കുന്നതിൽ എനിക്കു പൂൎണ്ണമായ സന്തോഷമുണ്ടു്. അതിനാലതുതന്നെ മതി.

സൂ—ആട്ടെ, എന്നാൽ ഇപ്പോൾ പ്രാപ്തമായിരിക്കുന്ന ഈ വസന്ത കാലത്തെ ഉദ്ദേശിച്ചു ഭവതി ഗാനമാരംഭിച്ചാലും.

ന—അങ്ങിനെ തന്നെ:—

മാമ്പൂന്തേൻനുകരുന്ന
തൻപ്രിയയോടൊത്തുകൂടിമദമാടി
സമ്പ്രതികോകിലമനവധി
കൊമ്പിലിരുന്നിന്നുപഞ്ചമംപാടി. 4

പുത്തൻപങ്കജഗന്ധമൊ-
ടൊത്തുഴറീടുന്നുനല്ലുവനവാതം
മത്തമതംഗജസമനായ്
ചിത്തജനുംചേൎന്നിടുന്നുവിടഹൃദയേ. 5

സൂ—ആൎയ്യേ! ഭവതിയുടെ ഗാനം മനോഹരമായി. ഇനി കാലവിളംബനം കൂടാതെ ഇവിടെ കൎത്തവ്യമായ കാൎയ്യത്തിൽ സോത്സാഹം പ്രയത്നിക്കുവാൻ പോക.

ശങ്കരനുടെസുഖകരമാ-
മങ്കംതന്നിൽകളിച്ചുമരുവീടും
പങ്കജമിഴിയാംപാൎവ്വതി-
മങ്കകനിഞ്ഞിങ്ങുമംഗളംതരണം. 6

(എന്നു രണ്ടുപേരും പോയി)

(പ്രസ്താവന കഴിഞ്ഞു.)

## ഒന്നാം രംഗം.

ഒന്നാം രംഗം—(ദുഷ്ടബുദ്ധിയുടെ ഭവനത്തിൽ ഒരു പ്രാന്തം. ഖരകനും സുഷേണനും പ്രവേശിക്കുന്നു.)

ഖരകൻ—ചന്ദനാവതി രാജദൂത! നിങ്ങൾക്ക് ഇവിടെ യഥേഷ്ടം വിശ്രമിക്കാം.

സുഷേണൻ—ഖരക! ഞാൻ നിങ്ങളെ വന്ദിക്കുന്നു.

ഖ—ഇന്നു രാവിലെ ഈ പാചകശാലയുടെ മുകളിലിരുന്ന് ഒരു കാക്ക ശകുനസൂചകമായി ശബ്ദിക്കുന്നതു കേട്ടപ്പോൾ ഒരു വിരുന്നുണ്ടാകുമെന്നു ഞാൻ കരുതിയിരുന്നു.

സു—നിങ്ങളുടെ പക്ഷികളും കൂടി ദൈവജ്ഞന്മാരായ വിദ്വാന്മാരാണെന്നു കേൾക്കുന്നതിൽ ഞാൻ വളരെ സന്തോഷിക്കുന്നു.

ഖ—ഇതൊരത്ഭുതമല്ല. ലോകത്തിൽ യാതൊരു സംഭവവും അതിൻെറ ആഗമനത്തെ മുൻകൂട്ടി അറിയിക്കാതെ ഉണ്ടാകുന്നില്ല. വിദ്വാനായുള്ളവനു സകല ശകുനങ്ങളും അത്ഥഗർഭങ്ങളാകുന്നു. അല്പദിവസം മുമ്പെ ഞാനും സ്വാമിയും കൂടി രാജമന്ദിരത്തിലേക്കു പോകുവാൻ പുറപ്പെട്ടപ്പോൾ സഭത്തൃകയായ ഒരു യുവതി ഒരു പൂൎണ്ണജലകുംഭവും വഹിച്ചു ഞങ്ങളുടെ നേരെ വന്നു. ഈ ശകുനത്തിൻെറ ഫലമെന്തായിരുന്നു എന്നു ഞാൻ പറയാം. അല്പസമയം കഴിഞ്ഞപ്പോൾ എനിക്കു നാനാവിധ വിശിഷ്ടവിഭവങ്ങളോടുകൂടിയ ഒരു സദ്യ ലഭിച്ചു. സ്വാമി മഹാരാജാവിനെ ചെന്നു ദശിച്ചു വന്ദിച്ചപ്പോൾ നിങ്ങളുടെ രാജ്യഭരണവിഷയമായി സ്വാമി ചെയ്തുപോരുന്ന അവ്യാജപരിശ്രമങ്ങളെ അഭിനന്ദിച്ചു മഹാരാജാവു സ്വാമിക്ക് ഒരു ജോടി സാലുവ സമ്മാനം കല്പിച്ചു കൊടുത്തു.

സു—അതെല്ലാം ശരിയായിരിക്കാം. ചന്ദനാവതിയുടെ രാജ്യഭരണത്തിൽ നിങ്ങളുടെ സ്വാമിയും മഹാരാജാവും ചെയ്തുപോരുന്ന ഗുണകരങ്ങളായ അശ്രാന്തപരിശ്രമങ്ങളെപ്പററി എൻെറ പൊന്നുതമ്പുരാൻ വളരെ കൃതജ്ഞതയുള്ളവനായിരിക്കുന്നു.

ഖ—നിങ്ങളുടെ വഴിയാത്ര വളരെ സുഖകരമായിരുന്നു എന്നു ഞാൻ വിശ്വസിക്കുന്നു.

സു—ബഹു സുഖമായിരുന്നു. വഴി മുഴുവനും ഒഴിയാബാധയായ മഴകൊണ്ടും കർദ്ദമമിശ്രമായ പൂഴികൊണ്ടും നിറഞ്ഞിരുന്നു. ഞങ്ങളുടെ മൃഗങ്ങൾക്കും ആളുകൾക്കും ഒരടി മുമ്പോട്ടു വെയ്ക്കുന്നതു പ്രാണസങ്കടമായിരുന്നു. എങ്കിലും മൃഗങ്ങളോടപേക്ഷിച്ചും ആളുകളെ പ്രഹരിച്ചും കാര്യം ഒരുവിധം സാധിച്ചു. എങ്ങിനെയെന്നാൽ ഈ രാജ്യവും ചന്ദനാവതിയും തമ്മിലുള്ള നൂററമ്പതു നാഴിക ദൂരം തൊള്ളായിരത്തമ്പതു മണിക്കൂറുകൊണ്ടു കടന്നുപോന്നു.

ഖ—നിങ്ങൾ പുറപ്പെട്ട ദിവസം ശുക്രവാരമായിരുന്നു എന്നു തോന്നുന്നു.

സു—അതെ. അതിനെന്താകുന്നു?

ഖ—അതുകൊണ്ടു തന്നെയാണ് വഴിക്കുണ്ടായ സകല ബുദ്ധിമുട്ടും. വെള്ളിയാഴ്ച തെക്കോട്ടു യാത്ര പുറപ്പെടുന്നവരെപ്പോലെ കഥയില്ലാത്തവർ ലോകത്തിൽ നിശ്ചയം തന്നേ ഇല്ല.

സു—ആട്ടെ അതെല്ലാമിരിക്കട്ടെ. നിങ്ങൾ എന്നെ പ്രധാനമന്ത്രിയുടെ സന്നിധിയിലേക്ക് എപ്പോൾ കൊണ്ടുപോകും?

ഖ—നോക്കട്ടെ (വിരലുകളെ മടക്കി കണക്കു കൂട്ടിക്കൊണ്ടു) നിങ്ങൾ കുറെ താമസിക്കണം. ഇപ്പോൾ ചന്ദ്രൻ സിംഹരാശിയിലാണ്. നിങ്ങൾ വന്നിരിക്കുന്നു എന്ന് ഈ അശുഭമായ സമയത്തിൽ ബോധിപ്പിക്കുന്നതിനേക്കാൾ വല്ലവരും മരിക്കുന്നതു കാണുന്നതുത്തമമാണെന്നു ഞാൻ വിചാരിക്കുന്നു. അതിനാൽ നിങ്ങളും സ്വാമിയും തമ്മിലുള്ള സന്ദർശനം സാവധാനത്തിൽ മതി.

സു—അതുവരെ ഞാൻ എന്തു ചെയ്യേണമെന്നാണ് നിങ്ങൾ വിചാരിക്കുന്നത്? എന്റെ സമയം എത്രയും വിലയേറിയതാണ്.

ഖ—ഹേ സുഷേണ! നമുക്കു വല്ല നേരംപോക്കും പറഞ്ഞു കാലയാപനം ചെയ്യാം. മററുള്ളവരെ രസിപ്പിക്കുവാൻ ഒരുവന്റെ വാസനാബലംപോലെ നന്നായിട്ടു മററൊന്നുമില്ല. എന്നാൽ നേരംപോക്കു പറയുന്നതിനുള്ള വാസനയാകുന്നു ബഹുരസികൻ. ഇതു നിശ്ചയമായിട്ടും നിങ്ങൾക്കുണ്ട്. എന്നാൽ നന്നു കുറച്ചേയുള്ളൂ.

സു—കുറച്ചോ? നേരംപോക്ക സംസാരിക്കുന്നതിൽ എനിക്കുള്ള വാസനാബലം ആൎക്കുള്ളതിനേക്കാൾ കുറവാകുന്നു?

ഖ—ആലോചിച്ചു നോക്ക. ഒന്നു, രണ്ടു, മൂന്നു—

സു—നിങ്ങൾക്കുള്ളതിനേക്കാൾ കുറവെന്നോ നിങ്ങൾ വിചാരിക്കുന്നത്?

ഖ—അല്ല, അല്ല, ഒന്നുകൂടി ആലോചിച്ചു നോക്ക.

സു—എനിക്കറിഞ്ഞുകൂടാ.

ഖ—നിങ്ങളുടെ പ്രാണപ്രണയിനിയുടെ ജനനിക്കുള്ളതിനെക്കാൾ.

സു—എന്റെ ശ്വശ്രുവിനുള്ളതിനേക്കാൾ കുറവെന്നോ നിങ്ങൾ പറയുന്നത്? നിങ്ങളും ആ അമ്മയുമായി പരിചയമുണ്ടോ?

ഖ—ഇല്ല. എങ്കിലും, ആ അമ്മ ബഹു വാചാലയാണെന്നെനിക്കറിയാം.

സു—നിങ്ങൾക്കെങ്ങിനെയറിയാം?

ഖ—പക്ഷപാതിത്വമാകുന്ന ലോകത്തിലെങ്ങും നിരക്കുന്ന നിയമം.

സു—നിങ്ങൾ പറഞ്ഞതിന്റെ താൽപൎയ്യമെനിക്കു മനസ്സിലായില്ല.

ഖ—ആട്ടെ, നിങ്ങളുടെ ശ്വശ്രു ഒരു സ്ത്രീയല്ലേ?

സു—ഇത്ര നിരൎത്ഥകമായ ഈ ചോദ്യത്തിന്നു ഞാനെങ്ങിനെ മറുപടി പറയും?

ഖ—ഇഷ്ടംപോലെ പറയാം. അല്ലെന്നു പറയുവാനുള്ള സ്വാതന്ത്ര്യം നിങ്ങൾക്കുണ്ട്. അതിനാലൊരു പുരുഷനാണെന്നു പറയാമല്ലോ.

സു—ആട്ടെ, ഞാൻ അവരൊരു സ്ത്രീയാണെന്നു സമ്മതിക്കുന്നു. ഇനി നിങ്ങൾക്കെന്താണ് പറവാനുള്ളത്?

ഖ—ബ്രഹ്മാവിന്റെ പ്രണയിനി ആരാകുന്നു?

സു—ഞാൻ വിചാരിക്കുന്നതു ശരിയാണെങ്കിൽ ഒരു സ്ത്രീരത്നം തന്നെ.

ഖ—ശരിതന്നെ നിങ്ങളുടെ 'എങ്കിൽ' മാത്രമെ എനിക്കു രുചിക്കാതെയുള്ളു.

സു—കൊള്ളാം. പക്ഷപാതിത്വമാകുന്ന ലോകത്തിലെങ്ങും നിരക്ക

ന്ന നിയമം എന്നുള്ള നിങ്ങളുടെ യുക്തിയെ എന്റെ സമാധാനംകൊണ്ടു സാധിക്കുന്നതെങ്ങിനെ?

ഖ—ബ്രഹ്മാവിന്റെ പ്രണയിനി വാഗീശ്വരിയല്ലേ?

സു—അതേ. എന്നാലും നിങ്ങളുടെ താൽപര്യം എനിക്കു നല്ലവണ്ണം മനസ്സിലാകുന്നില്ല. വാക്കുകളുടെ ആധിപത്യം ഒരു സ്ത്രീസ്ഥാകയാൽ സംസാരിക്കുവാൻ പുരുഷന്മാരേക്കാൾ സാമർത്ഥ്യം സ്ത്രീകൾക്കായിരിക്കുമെന്നോ നിങ്ങൾ വിചാരിക്കുന്നത്?

ഖ—അങ്ങിനെ തന്നെ. അക്ഷരാഭ്യാസവിഹീനകളായ സ്ത്രീകൾകൂടി സംസാരത്തിൽ പുരുഷന്മാരെ ജയിച്ചിരിക്കുന്നു.

സു—നിങ്ങളുടെ നിരർത്ഥകമായ ഈ സംസാരത്തിൽ ഞാൻ ശ്രദ്ധ വെച്ചതിനാൽ നിങ്ങളെ അല്പം രസിപ്പിച്ചിട്ടുണ്ട്. ദയയുണ്ടായിട്ടു നിങ്ങളുടെ ജ്ഞാനദൃഷ്ടിയെ ഒന്നുപയോഗിച്ചാൽ നന്ന്. നിങ്ങളുടെ സ്വാമിയെ കാണ്മാൻ സമയം നന്നായോ?

ഖ—സമയം ഇനിയും നന്നായിട്ടില്ല. സമീപസ്ഥതരുവിൽ നിന്ന് ഒരു പണ്ണം എന്റെ വാമഭാഗത്തു പതിച്ചതു നിങ്ങൾ ഇപ്പോൾ കണ്ടില്ലേ? എന്നെപ്പോലെയുള്ള ഒരു ബ്രാഹ്മണൻ ഇങ്ങിനേയുള്ള ദുശ്ശകുനത്തെ ഗണിക്കാതെയിരുന്നാൽ അതൊരു പാതകമായിരിക്കും.

സു—(ആത്മഗതം) ഈ വിദ്വാന്റെ ഉദ്ദേശമെന്താണെന്ന് എനിക്കിപ്പോൾ ഏകദേശം മനസ്സിലാകുന്നുണ്ട്. എന്റെ കൈക്കൽ നിന്നു വല്ലതും തട്ടിയെടുക്കുവാൻ തരമുണ്ടോയെന്നു നോക്കുകയാണ്. (പ്രകാശം) ഖരക! പാതകത്തെപ്പററി നിങ്ങൾക്കുള്ള അഭിപ്രായമെന്താകുന്നു?

ഖ—ദ്രവ്യകാംക്ഷയാകുന്നു സകല പാതകത്തിന്റം മൂലമെന്നാകുന്നു മനുസ്മൃതി. അതുകൊണ്ടു തരമുള്ളപ്പോൾ നിങ്ങളുടെ ദ്രവ്യത്തെ ഉപേക്ഷിക്കുന്നതു നന്നായിരിക്കും.

സു—ഈ വിദ്യ കൊള്ളാം. എന്റെ പാതകമൂലമായ ഈ ഭാരത്തിൽ അല്പം നിങ്ങൾ ദയയോടെ കുറച്ചു തരുമോ? (കുറെ ദ്രവ്യം കാണിക്കുന്നു)

ഖ — നിങ്ങൾ എന്നെ വശീകരിക്കുന്നുവോ? നിങ്ങൾ എന്റെ സൽസ്വഭാവത്തെ ദൂഷിപ്പിക്കുവാനോ യത്നിക്കുന്നത്? ഈ ലോകരെല്ലാം ബഹുദുസ്വഭാവികൾ തന്നെ. കഷ്ടം നിങ്ങൾ ഒരു ബ്രാഹ്മണനു കൈക്കൂലി കൊടുക്കുവാൻ ശ്രമിക്കുന്നു. എന്റെ ഈ കീശയിലോ ഇടുവാൻ ഭാവിക്കുന്നത്? (കീശ വിടർത്തി കാണിക്കയും ദ്രവ്യം അതിൽ നിക്ഷേപിക്കപ്പെടുകയും ചെയ്തു.) ബലാൽക്കാരേണ അല്പം ദ്രവ്യഭാരം എന്നിൽ ചുമത്തി അഃല്ല? ഞാൻ ഇനി എന്താണ് ചെയ്യേണ്ടത്? ഈ ദ്രവ്യത്തെ വല്ല ദിക്കിലും വലിച്ചെറിഞ്ഞു കളയുവാൻ തോന്നുന്നുണ്ട്. എന്നാൽ അതു കൈകൊണ്ടു തൊടണ്ടേ? കൈ അശുദ്ധമാകുമല്ലോ. അതിനാൽ ഇഃപ്പോൾ അതു ചെയ്യുന്നില്ല. ഈ അനിഷ്ടത്തിനു നിങ്ങളെ കഠിനമായി ശിക്ഷിച്ചാൽ കൊള്ളാമെന്നുണ്ട്, എങ്കിലും ഇപ്പോൾ ഈ സംഖ്യ പിഴയായി വസൂലാകുന്നതേയുള്ളൂ.

സു — ഖരക! ആ വഴി കൊള്ളാം. ഈ ശിക്ഷ നമ്മുടെ രണ്ടു പേരുടേയും കാൎയ്യസാദ്ധ്യത്തെ ചെയ്യും.

ഖ — തൽക്കാലം ഈ ദ്രവ്യം എന്റെ കൈവശം തന്നെ വെച്ചുകൊള്ളുന്നതിനു വേറെ ഇരുപത്തു കാരണങ്ങൾ കൂടിയുണ്ട്.

സു — അവയെന്തെല്ലാമാണ്?

ഖ — രണ്ടു ഭാൎയ്യമാരും പതിനെട്ടു കുട്ടികളും. നിങ്ങൾ കുറെ അധികം നേരമായല്ലോ നില്ക്കുന്നു. നിങ്ങൾക്കിരിക്കുവാൻ വല്ലതുംകൊണ്ടുവരുവാൻ ഞാൻ കല്പിക്കട്ടേ?

സു — വേണ്ട, വേണ്ട, നിങ്ങൾ അധികം ബുദ്ധിമുട്ടേണ്ട. നിങ്ങളുടെ സ്വാമിയെ കാണ്മാനിനിയെങ്കിലും സമയം നന്നായോ?

ഖ — ഇപ്പോൾ സമയം വളരെ നന്നായിരിക്കുന്നു. ഇനി നിങ്ങളെ ഞാൻ അനാവശ്യമായി താമസിപ്പിക്കുകയില്ല. എന്നാൽ ഇപ്പോൾ ഉണ്ടായ ധനാഗമമാകുന്നു എന്റെ സ്വഭാവമാറ്റത്തിനു കാരണമെന്നു ഒരിക്കലും ശങ്കിക്കരുതേ.

സു — എനിക്കു ശങ്ക ലേശംപോലുമില്ല.

ഖ — പണവും തൃണവും സമം. ഞാൻ വൃദ്ധനാകയാൽ ഈ തത്വമറിയുന്നില്ല.

സു—ഈ ത്രുണത്തിലുള്ള മോഹം മനുഷ്യൎക്കു വയസ്സാകുംതോറും കൂടി കൂടി വരുന്നു. അവർ ഇനിയത്തെ ജന്മത്തേക്കു കൂടി കരുതുകയാണെന്നു തോന്നുന്നു.

ച—എന്റെ സ്വഭാവത്തിൽ യാതൊരു ദുശ്ശങ്കയുമരുതേ. സ്വാമിയെ ദൎശിക്കുന്നതിനു നിങ്ങൾക്കിപ്പോൾ അധികമായ താല്പൎയ്യമുള്ളതിനാൽ ഈ സമയം നന്നെന്നു ഞാൻ തീൎച്ചയാക്കുന്നു. ഏതെങ്കിലും ഒരു വിഷയത്തിൽ മനസ്സിന്റെ പ്രവേശം സമ്പൂൎണ്ണമായി സംഭവിച്ചാൽ ആ വിഷയസിദ്ധിക്കു യോഗ്യമായ യത്നത്തിന്റെ ആരംഭത്തിനു തക്ക സമയം അപ്പോൾ തന്നെയാണെന്നു ഗണിതശാസ്ത്രപാരംഗതന്മാരായ സകലരും ഒരുപോലെ അഭിപ്രായപ്പെട്ടിട്ടുണ്ടു്.

സു—ഈ സുകരമായ പ്രമാണം നിങ്ങൾക്കിപ്പോൾ തോന്നിയതു കൊണ്ടു ഞാൻ ഭാഗ്യവാൻ തന്നെ.

ച—ഇപ്പോൾ നിങ്ങളുടെ ആഗമനത്തെപ്പററിയും ചന്ദനാവതിയിലെ കാൎയ്യങ്ങളെപ്പററിയും ചിലതെല്ലാം എനിക്കു നിങ്ങളോടു ചോദിക്കുവാനുണ്ടു്. സ്വാമി എന്നോടു വല്ല വിശേഷവും ചോദിക്കുന്നതായിരുന്നാൽ എനിക്കൊന്നും വിവരമില്ലെന്നു പറയുന്നതു ശരിയല്ലല്ലോ. കലിന്ദരാജാവിന്റെ രാജ്യഭരണം സദാ സമാധാനസുഖസമ്പൂൎണ്ണമായിരിക്കുന്നുവോ?

സു—വലിയ ബഹുമതിയിലും അധികാരത്തിലും ഇരിക്കുന്നവർ എത്രയും നവീനമായ വിശേഷമറിയുന്നില്ലെന്നു വരുന്നതു് അവരുടെ പ്രകൃതിക്കു് ഒരു ന്യൂനതയാകുന്നു. വിശ്വവിശ്രുതനായ ഒരു മഹാന്റെ ദേഹവിയോഗാനന്തരമെങ്കിലും ആ ദിവ്യന്റെ ചരിത്രലവംപോലും നിങ്ങളെപ്പോലെയുള്ളവർ അറിയുന്നതല്ല.

ച—സ്നേഹിതനെന്തുകൊണ്ടാകുന്നു ഇങ്ങിനെ പറയുന്നതു്? ചന്ദനാവതിയിൽ ഇപ്പോൾ എന്തെങ്കിലും വിശേഷസംഗതിയുണ്ടായിട്ടുണ്ടോ?

സു—ചന്ദനാവതിയിലെ പഴയ സമ്പ്രദായങ്ങളെല്ലാം മാറിപ്പോയി. വിവിധപരിഷ്കാരങ്ങളെക്കൊണ്ടും നാനാവിധ സുഖാനുഭവങ്ങളെക്കൊണ്ടും ചന്ദനാവതി അമരാവതിയെ ജയിച്ചിരിക്കുന്നു. ഇന്ദ്ര

നേക്കാളും ചന്ദ്രനേക്കാളും വിശിഷ്ടനായ ചന്ദ്രഹാസമഹാരാജാവാകുന്നു ഞങ്ങളുടെ അന്നദാതാവായ ഭരണകൎത്താവ്.

ഖ—സ്നേഹിത! ഇദ്ദേഹം ആരാകുന്നു?

സു—കളിന്ദമഹാരാജാവിന്റെ നന്ദനൻ.

ഖ—ഒരിക്കലുമല്ല. കളിന്ദരാജാവിന്റെ മഹിഷി വന്ധ്യയാണെന്നാണ് കേൾവി. അതിനാൽ നിങ്ങളുടെ ഈ വാക്കിൽ എനിക്ക് അല്പമെങ്കിലും വിശ്വാസമില്ല. പുരാതനകാലങ്ങളിൽ അത്യത്ഭുതങ്ങളായ ചില കാൎയ്യങ്ങൾ സംഭവിച്ചിട്ടുണ്ടെന്നു കേട്ടുകേൾവിയുണ്ട്. ദിവ്യമായ ഒരു ആമ്രഫലശകലം ഭക്ഷിക്ക നിമിത്തം ഒരു വൃദ്ധയ്ക്കു അനേകസന്താനങ്ങൾ ഉണ്ടായി എന്നൊക്കെ ചില പഴമ്പുരാണങ്ങൾ പറയുന്നതുപോലെ ഇപ്പോൾ എന്തെങ്കിലും പറഞ്ഞാൽ ആരെങ്കിലും വിശ്വസിക്കുമോ?

സു—ഇല്ല. ഖരക! ദിവ്യങ്ങളായ ആമ്രപനസാദികളെക്കൊണ്ടുള്ള അത്ഭുതങ്ങളൊന്നും ഞാനിവിടെ പറയുന്നില്ല. ഞാൻ പറയുന്നതു പരമാൎത്ഥമായ സംഗതിയാണ്. കളിന്ദമഹാരാജാവിന് ഈ ദിവ്യസന്താനത്തെ ഒരു വിപിനത്തിൽ വെച്ച് അത്യാശ്ചൎയ്യകരമായ വിധത്തിൽ സിദ്ധിച്ചിട്ടുള്ളതാകുന്നു. അന്ന് ഇദ്ദേഹം ഒരു കുട്ടിയായിരുന്നു. കളിന്ദമഹാരാജാവ് ഈ കുട്ടിയെ കൊണ്ടുവന്നു സകല വിദ്യകളും അഭ്യസിപ്പിച്ചു. ഉപാദ്ധ്യായന്മാൎക്ക് ഓരോ സംഗതികൾ ഓരോരിക്കൽ പറഞ്ഞു കൊടുക്കയോ കാണിച്ചു കൊടുക്കയോ ചെയ്യാനുണ്ടായ ശ്രമമല്ലാതെ മറെറാരു വിധത്തിലും ശ്രമപ്പെടേണ്ടി വന്നില്ല. സ്പൻജിൽ വെള്ളം കയറുന്നതുപോലെയായിരുന്നു ഇദ്ദേഹത്തിൽ വിദ്യയുടെ പ്രവേശം. പ്രായം തികഞ്ഞു കാൎയ്യാന്വേഷണതല്പരനായതിൽപിന്നെ ശത്രുക്കളോടെതിൎത്ത് അവരെ നിശ്ശേഷം ജയിച്ചു കീഴടക്കിയിരിക്കുന്നു.

ഖ—നിങ്ങൾ പറഞ്ഞതു വാസ്തവമാണെങ്കിൽ ചന്ദ്രഹാസൻ രാജ്യഭരണതന്ത്രങ്ങളിലും ശത്രുവിജയോപായങ്ങളിലും അനിതരസാധാരണ നൈപുണ്യമുള്ള ഒരു പുരുഷോത്തമനാണെന്നുള്ളതിനു യാതൊരു സംശയവുമില്ല.

സു — യഥാൎത്ഥം അങ്ങനെതന്നെയാണ്. പാലകപിതാവായ കുളിന്ദമഹാരാജാവു രാജ്യഭരണം ഇദ്ദേഹത്തിനെ ഏല്പിച്ചതിന്റെശേഷം ചന്ദനാവതിയുടെ അയൽരാജ്യങ്ങളെല്ലാം ഇപ്പോൾ ഇദ്ദേഹത്തിന്റെ അധീനത്തിലായിരിക്കുന്നു. ആ രാജ്യങ്ങളിൽ നിന്നു ലഭിച്ചിട്ടുള്ള ചില വിശിഷ്ടപദാൎത്ഥങ്ങൾ നിങ്ങളുടെ മഹാരാജാവിനും സ്വാമിക്കും കാഴ്ച വെക്കുവാൻ തന്നയച്ചിട്ടുണ്ട്.

ഖ — കൊണ്ടുവന്നിട്ടുള്ള പദാൎത്ഥങ്ങൾ എന്തെല്ലാമാണ്? എനിക്കു കേൾക്കരുതേ?

സു — അസംഖ്യം രജതനാണ്യങ്ങളും സുവൎണ്ണനാണ്യങ്ങളുമുണ്ട്. വിശിഷ്ടതരങ്ങളും അത്ഭുതകരങ്ങളുമായ അനവധി വന്യമൃഗങ്ങളും നാട്ടുമൃഗങ്ങളുമുണ്ട്.

ഖ — പിന്നേയോ?

സു — നിങ്ങളുടെ സ്വാമിക്കു കാഴ്ച വെപ്പാനായി അമൂല്യങ്ങളായ കുറെ വജ്രാഭരണങ്ങളേക്കൂടി തന്നയച്ചിട്ടുണ്ട്.

ഖ — ആട്ടെ സന്തോഷമായി. നമുക്കിനി പോക.

സ്വാമിക്കു നിങ്ങളെ സ്വീകരിക്കുവാൻ ഇപ്പോൾ നല്ല സമയമായിരിക്കുമെന്നു തോന്നുന്നു.

സു — ഇഷ്ടംപോലെ ആവാം. നിങ്ങൾക്കു പേരിട്ട ആ മഹാൻ ബഹു യോഗ്യൻതന്നെ.

(എന്നു രണ്ടുപേരും പോയി.)

രണ്ടാം രംഗം.

കുന്തളം. ദുഷ്ടബുദ്ധിയുടെ ഭവനത്തിൽ ഒരു മുറി.

ദുഷ്ടബുദ്ധി പ്രവേശിക്കുന്നു.

ദു — (ആത്മഗതം)

അതിരില്ലാത്തധികാരം
മതികുതുകത്തേവരുത്തിടുംനിതരാം;
ക്ഷിതിപകുലത്തിൽജനിച്ചി-
ല്ലതിനാലെന്തുള്ളൂദോഷമിതുകാലം? ൧

നല്ലോരു ഭൂപാലകനെന്നുനമ്മെ
ബാല്യത്തിലാരും ബത ചൊല്ലിയില്ല;
കല്യാണമേകുന്നു ശുഭഗ്രഹങ്ങൾ
നല്ലോണമിന്നായതുസാദ്ധ്യമാകും. ൮

എന്നെ പ്രധാനമന്ത്രിയായിട്ടാണ് നിശ്ചയിച്ചിരിക്കുന്നതെങ്കിലും സൂക്ഷ്മത്തിൽ കുന്തളരാജ്യം ഭരിക്കുന്ന രാജാവു ഞാൻ തന്നെയാകുന്നു.

സാമ്രാജ്യലക്ഷ്മിമടിവിട്ടുവെടിഞ്ഞിടുന്നു
സാമ്രാട്ടിനേബഹുവയോധികനായിടുംപോൾ;
നമ്രാംഗനാകുമൊരുവൃദ്ധനെയീഷലെന്ന്യേ
കമ്രാനനാംഗനകൾകൈവെടിയുന്നപോലേ. ൯

മഹാരാജാവിനു വാൎദ്ധക്യാധിക്യത്താൽ രാജ്യഭാരത്തിൽ അല്പംപോലും ശ്രദ്ധയില്ലാതെ ആയിത്തുടങ്ങി. എന്നാൽ–

എന്നിൽക്കാണുന്നകാന്തിപ്രസരണമതിനും
മറ്റുമെൻചാറിലെങ്ങും
മിന്നീടുംചാരുകാൎയ്യപ്രചുരിമയതിനും
ശാശ്വതാവസ്ഥയില്ല?
ഒന്നായിട്ടുജ്വലിക്കുംതപനനുടെമഹാ
കാന്തിതട്ടുന്നനേരം
നന്നായിശ്ശോഭകൊള്ളുംഹിമകരസുഷമാ–
സാമ്യമെൻരാജഭാവം. ൧൦

എന്റെ രാജത്വം ക്ഷണഭംഗുരമാണെന്നുള്ള സംഗതി എനിക്കു നിശാനിശം ജാഗരണകാരണമായിത്തന്നെയിരിക്കുന്നു. ഒരു ചക്രവൎത്തിയുടെ സ്ഥിതി എത്ര സുഖകരമായിട്ടുള്ളതാണ്!

സുരവരപദവിവണങ്ങും
നരവരപദസൌഖ്യമോൎക്കിലനുപമിതം;
നിരവധിധനനിധിയാകു–
ന്നൊരുപൂൎണ്ണസാമ്രാജ്യമിങ്ങുകൈവരുമോ? ൧൧

ഏററവും ഉയൎന്ന ആ സ്ഥാനത്തിരിക്കുമ്പോൾ തൻെറ സന്തോഷവും ആവശ്യവും അനായാസേന സാധിക്കുന്നു.

മേദിനിയതിലുള്ളവാകം
മോദമെഴുംനല്ലവസ്തുസൎവ്വവുമേ
ആദരവോടുംനരവര-
പാദമതിൎകാഴ്ചവെക്കുമെല്ലാരും. ൧൨

എന്നുമാത്രമോ,

ലോകപാലകവിടലാകനംമതിയൊരുന്നതനേ
ബത!ഹനിക്കുവൎൻ
ശോകമുള്ളവനുമോദമേകുവതിനുംനിതാ-
ന്തമതുപോരുമേ
ആകവേനിജവിലാസവുംവലിയഗൌരവാ-
കൃതിധരിച്ചിട്ടും
പാകമുട്ടസകലത്തിനുംകഠിനകാൎയ്യവും
കളിയിലായിട്ടും. ൧൩

പിന്നെ വിവിധസുഖാഭോഗങ്ങളോടുകൂടെ അനേകകാലം രാജ്യഭാരം ചെയ്തതിൻെറ ശേഷം ഇഹലോകധൎമ്മാസനത്തെ വിട്ടു സ്വൎഗ്ഗസിംഹാസനാരോഹണോന്മുഖനാകുമ്പോൾ ഈ മഹാരാജാവിനു,

പ്രാണനുസമനാംതനയൻ,
ക്ഷോണിഭരിച്ചോഗ്രഹംചിഴച്ചോഹാ!
കേണിട്ടുമെന്നുനിനപ്പാൻ,
കാണിയുമിഹകരാണംദ്ദുഃഖംകാണാ. ൧൪

ഒരു രാജാവായിരുന്നു ചിരകാലം രാജ്യപരിപാലനം ചെയ്തു സുഖമായ പരലോകപ്രാപ്തിക്ക് എനിക്കു സംഗതി വരുമോ? ആജീവനാന്തം എന്നെ പിടിപെട്ടിരിക്കുന്ന ഈ വിചാരം സഫലമാകുമോ? ഫലിക്കുമെന്നുതന്നെയാണ് എൻെറ ഊഹം. ഈ രാജ്യം എൻെറ പുത്രനു ലഭിക്കുവാനുള്ള മാൎഗ്ഗം ഞാൻ കാണുന്നുണ്ട്. ആയുഷ്കാലം ഏകദേശം അവസാനിക്കാറായിരിക്കുന്ന നമ്മുടെ മഹാരാജാവി

ന് ഇനി ഒരു പുത്രൻ ഒരിക്കലുമുണ്ടാകയില്ല. നിശ്ചയംതന്നേ. അദ്ദേഹത്തിൻെറ ഏകസന്താനമായ ചമ്പകത്തിനു രാജ്യനിയമപ്രകാരം പിതാവിൻെറ രാജ്യം വാഴുവാനധികാരവുമില്ല. പരമാൎത്ഥമിങ്ങിനെയിരിക്കുമ്പോൾ പിന്നെ എന്തു സംഭവിക്കുമെന്നാണ് ഊഹിക്കേണ്ടത്?

മന്നവനുംനിജസചിവനു-
മെന്നൊന്നാണില്ലേതുമോൎക്കിൽഭേദം
ഇന്നതുമൂലംരാജ്യം
വന്നിടുമേകൈക്കലൊന്നുയത്നിച്ചാൽ. ൧൭

രാജ്യഭാരം ക്രമമായി എൻെറ പുത്രന്മാൎക്കു സിദ്ധിക്കുന്നതായിരുന്നാൽ എൻെറ ആഗ്രഹമെല്ലാം സഫലമായി എന്നു പറയാം. വ്യവസായസഹായമുണ്ടെങ്കിൽ ഒന്നും അസാദ്ധ്യമല്ല.

ഉന്നതപദവിയിലമരും,
മന്നവപദമേറിടുന്നോരു കാണിയതിൽ,
ഇന്നിനിയൊരുപടിയല്ലാ-
തന്യമശേഷംകടന്നുപോന്നിതഹം. ൧൮

തെല്ലുംസൽക്രിയകൊണ്ടി-
ട്ടില്ലിഹമേഖ്യാതിസാധുവെന്നുലകിൽ;
കല്യതയതിലൊരുലവവും
ചൊല്ലുവതിന്നില്ലശൂന്യമാവചനം. ൧൯

ബലംപോയവനുംപരംഭീരുവിന്നും,
ബലംചേൎക്കമാവാകുനിസ്സാരമേറം;
അലംമോഹമിന്നായശസ്സിങ്ങുവേണ്ടാ,
മലംപോലെലജ്ജാരെത്യജിക്കേണ്ടതല്ലോ. ൨൦

പണ്ടൊരിസ്കൂലതികേമമായൊരുമഹോത്സ-
വാശനസമാപ്തിയിൽ,
കണ്ടുഞാൻമതിവിശുദ്ധരായതിവിശിഷ്ട-
രായചിലവിപ്രരേ

മണ്ടിവന്നവർകരങ്ങൾപൊക്കിമമമൂൎദ്ധ്നി
വെച്ചുടനനുഗ്രഹം
വേണ്ടുവോളമിഹനല്കിയന്നുപുനരൊന്നു-
രച്ചതുഫലിയ്ക്കുമോ? ൧൯
അവരിലൊരുവിശേഷജ്ഞാനിയാമേകനെന്നോ
ടവികലകുതുകംപൂണ്ടൊന്നുമെല്ലെപ്പറഞ്ഞു
അവനിയിലിഹതെണ്ടിബ്ഭിക്ഷവാങ്ങിബ്ഭുജിക്കു
ന്നവനൊരുശിശുതാനീരാജ്യഭാരംവഹിക്കും. ൨൦
പാരിന്നുപാഴിലൊരുഭാരമതായ്ച്ചമഞ്ഞും,
പാരംവലഞ്ഞലയുമാശ്ശിശുവെത്തരത്തിൽ,
പാരാതെനമ്മുടയശുദ്ധതരാജ്ഞയാലേ,
ഘോരത്തെഴുംയമപുരത്തിനയച്ചുവല്ലോ. ൨൧
അല്ലേമാമകയോഗ്യയായധിഷണേ!
മുട്ടുന്നനേരത്തുനീ-
യുല്ലാസേനമനോരഥംസഫലമാ-
ക്കീടേണമേസൎവ്വവും;
കല്യേ!ഭൂപപദത്തിനുള്ളവഴിയിൽ
ചേരുന്നവിഘ്നങ്ങളി-
ന്നെല്ലാംനിന്നുടെനല്ലതായൊരുസഹാ-
യത്താലകന്നീടണം. ൨൨
സ്വാമിഭക്തിയുടെചട്ടമാത്രമിഹ ഞാൻധ-
രിക്കമതുനിശ്ചയം
ക്ഷേമമിങ്ങുവരുവാൻമഹീസുരരെയൂട്ടി-
ട്ടംന്യപധനത്തിനാൽ
സൌമ്യഭാവമുരഗോപമംബഹിരടക്ക-
മോടുമരികത്തട-
ത്താമയംന്യപപദത്തിനേകുമൊരുദംശ-
നവശമെനിക്കഹോ! ൨൩

(ഖരകനും സുഷേണനും പ്രവേശിക്കുന്നു.)

'എടോ ഖരക! എന്തു വിശേഷം?

ഖ— സ്വാമിൻ! ഇദ്ദേഹം സ്വാമിയ്ക്കും മഹാരാജാവിനും ചന്ദനാവതി രാജാവിനാൽ അയയ്ക്കപ്പെട്ട ചില സമ്മാനങ്ങൾ കൊണ്ടുവന്നിരിക്കുന്നു.

ദ— ചന്ദനാവതിയുടെ ഏററവും നിവ്യാജമായ സ്വാമിഭക്തിക്ക് ഒരു വ്യത്യാസവുമില്ല. അവിടെ നിന്നയക്കപ്പെടുന്ന സാധനങ്ങൾ സാധാരണയായി വിശിഷ്ടതരങ്ങളും അമൂല്യങ്ങളുമാകുന്നു.

ഖ— പൂവ്വവത്സരങ്ങളിലെ വസ്തുക്കളെപ്പററി സ്വാമിയുടെ അഭിപ്രായമെന്തായിരുന്നാലും കൊള്ളാം; ഇപ്പോൾ കൊണ്ടുവന്നിട്ടുള്ള വിശിഷ്ടപദാത്ഥങ്ങളിൽ സ്വാമിയ്ക്കുണ്ടാകുന്ന സന്തോഷം അനിവ്വചനീയമായിരിക്കുമെന്നുള്ളതിന് എനിയ്ക്കു യാതൊരു സംശയവുമില്ല. ഈ മനോഹരസാധനങ്ങളെ ഇപ്പോൾ തന്നെയാണ് എൻെറ നേത്രങ്ങൾ കണ്ടുല്ലസിച്ചതു്. സ്വാമി എത്രതന്നെ പ്രയത്നിച്ചാലും ഈ ഭൂമിയെ കീഴമേൽ മറിച്ചാലും ഈ വിധ ദിവ്യസാധനങ്ങളെ സമ്പാദിപ്പാൻ ഒരിക്കലും സാധിക്കുന്നതല്ല.

ദ— നമ്മുടെ രാജസമ്മാനത്തെപ്പററി നിനക്ക് ഇത്ര വളരെ തൃപ്തിയായ അഭിപ്രായമുണ്ടായിരിക്കുന്നതിൽ ഞാൻ അത്യന്തം സന്തോഷിക്കുന്നു. ഇതുകൊണ്ടു കളിന്ദനു ക്ഷേമമെന്നു തന്നെ ഊഹിക്കാം. ഭാഗ്യക്ഷയം ഹേതുവായിട്ടു പുത്രസമ്പത്തില്ലാത്ത ആ മഹീപതി അനേകകാലം സുഖമായി രാജ്യം ഭരിക്കട്ടെ.

ഖ— സ്വാമി ഒന്നും അറിയുന്നില്ല. പരമാത്ഥം ഞാൻ പറയാം. എൻെറ സുഹൃത്തായ ഈ സുഷേണനാണ് എന്നോടു പറഞ്ഞതു്. കളിന്ദൻ ഒരു പുത്രനെ വളത്തിക്കൊണ്ടു വരുന്നുണ്ടു്. ഇപ്പോൾ ചന്ദനാവതിയുടെ യോഗ്യതയെല്ലാം ഈ യുവാവിൻെറ ബുദ്ധിമാഹാത്മ്യത്തിനു കടപ്പെട്ടിരിക്കുന്നു. ഇദ്ദേഹത്തിൻെറ സാഹവീയ്യംകൊണ്ടു തന്നെയാണ് ഇപ്പോൾ ഇവിടെക്കയക്കപ്പെട്ടിരിക്കുന്ന ഈ അപൂവ്വവസ്തുക്കളുടെ സമ്പാദ്യം.

ദ— സുഷേണ! ഇതു വാസ്തവമോ?

സു— സ്വാമിൻ! ശരിതന്നെ.

ദ— കളിന്ദനും പുത്രനും രക്തസംബന്ധികളോ?

സു— അല്ല. സ്വാമിൻ! വജ്രവും മുത്തും തമ്മിൽ എത്ര അന്തരമുണ്ടോ അത്രയും ഇദ്ദേഹവും പുത്രനും തമ്മിൽ ഉണ്ടു്.

ദൃ— പിന്നെ ഈ പുത്രരത്നത്തെ കളിന്ദൻ എങ്ങിനെ സമ്പാദിച്ചു? ഭൂമിയിൽനിന്നു കുഴിച്ചെടുത്തതോ സമുദ്രത്തിൽനിന്നു മുങ്ങിയെടുത്തതോ?

സൃ— അങ്ങിനെയൊന്നുമല്ല, ഭൂമിയുടെ മുകളിൽനിന്നു തന്നെ ലഭിച്ചിട്ടുള്ളതാണ്. പരമാൎത്ഥം ഞാൻ പറയാം കേൾക്ക.

കളിന്ദമഹാരാജാവ്—

നല്ലൊരുമൃഗയാവിഹരണ
മല്ലാസംപൂൎണ്ണംചെയ്യുതിന്നൊരുനാൾ
മെല്ലെസ്സുഹൃദിനേവിപിനേ
ചെല്ലുവതിന്നീശ്വരൻനിയോഗിച്ചു. ൨൪

അതിതീവ്രമായശരമേല്ക്കിലഞ്ജസാ
മൃതിവന്നുപോമിതിഭയന്നുസംഭ്രമാൽ
ദ്രുതമങ്ങുമിങ്ങുമുഴറുംമൃഗങ്ങളെ
ക്ഷിതിപാലനൊന്നുമഥകണ്ടതില്ലഹോ!

പ്രാണരക്ഷാൎത്ഥം ഓടുന്ന ഒരു വ്യാഘ്രമോ വന്യവൃഷഭമോ ഒരു സൂകരമോ ഒന്നുംതന്നെ ദിങ്മുഖങ്ങളിൽ ഭ്രമിച്ചുകൊണ്ടിരിക്കുന്ന മഹീപതിയുടെ നയനങ്ങൾക്കു സന്തോഷത്തെ ചെയ്തില്ല. ഇങ്ങിനെയിരിക്കുമ്പോൾ

എത്രയുംമരണഭീതിമൂലമായ്
ഗാത്രമൊക്കയുമൊതുക്കിമണ്ടിടും
ചിത്രമേനികലരുന്നമാനിനെ—
യത്രകണ്ടുനൃപനാത്തകൌതുകം. ൨൫

ഓടുംമൃഗത്തിനെവിടാതെതുടൎന്നുഭൂപൻ
ചാടുംഹയോപരിവസിച്ചുശരംതൊടുത്തു;
കേടററമുള്ളുകൾതറച്ചുവിറച്ചുദേഹം
പാടേചുരുക്കിമൃഗവുംബഹുദൂരമോടി. ൨൬

അതികഠിനാതപമതിനാൽ
ക്ഷിതിപതിതാനുംതളൎന്നുപരവശനായ്;
മതിമതിവേട്ടയിതെന്നായ്
മതിയതിലോൎത്തൊട്ടുവിശ്രമംപൂണ്ടു. ൨൭

പായുന്നമാനമുടനേബത പിന്തിരിഞ്ഞു
മായംവിനാമഹിപനെക്കുതുകേനനോക്കി;
പൊയ്യല്ലസാധുനിധനത്തിലുമേറെമോദം
പെയ്യുന്നതുണ്ടവിടെയെന്നൊരുഭാവമോടേ. ൨൯
വേട്ടയാട്ടമവനീമണാളമനതാര-
ലിഞ്ഞുതുരഗാൽദ്രുതം
കോട്ടമെന്നിയെനിലത്തിറങ്ങിനിജചാപ-
ബാണവുമെറിഞ്ഞഹോ!
പുഷ്ടമോദമിയലുന്നമാറുനയനംവി-
ടന്നുനരവീരനും
കാട്ടിലെന്തൊരുവിശേഷമെന്നറിവതിന്നു
ചെന്നുമൃഗസന്നിധൌ ൩൦
ദേഹംചൈതന്യമെന്യേവഴിയിലഥശവ-
പ്രായമായിപ്പതിച്ചും
മോഹാലസ്യംനിമിത്തംചിലസമയമഹോ!
ദേഹിവേറിട്ടൊളിച്ചും
ഹാ!ഹാ!ബോധംവരുമ്പോൾശ്രുതതരഹരിനാ-
മംമുറയ്ക്കുച്ചരിച്ചും
മാഹാത്മ്യംചേർക്കമാർത്തസ്വരമവനിമണാ-
ളൻശ്രവിച്ചൾത്തപിച്ചു ൩൧
അഴലകതാരിലൊതുങ്ങാ-
ഞ്ഞൊഴുകിവരുമ്പോളഴിഞ്ഞുനിജധൈര്യം
പൊഴിയുംരോദനമൊഴിയൊടു
വഴിയിൽകണ്ടാൻകിടക്കുമൊരുശിശുവേ. ൩൨

ഇദ്ദേഹം ബദ്ധപ്പെട്ട് അടുത്തുചെന്നു ബാലനെ ആലോകനം ചെയ്തു. കഷ്ടിച്ചു നാലു വയസ്സു പ്രായമേ ഉണ്ടായിരുന്നുള്ളു. ഇങ്ങിനെയാകുന്നു ഈ വിശേഷപ്പെട്ട രത്നം ഒരു വനാന്തരത്തിൽ വെച്ചു കാണപ്പെട്ടത്.

ദ്ര— കാണപ്പെട്ടതെന്നോ നീ പറയുന്നത്?

സ്വ— അതേ സ്വാമിൻ! പതിനാറു കൊല്ലം മുമ്പേ കാണപ്പെട്ടതു തന്നെ.

ദു— പതിനാറു കൊല്ലം മുമ്പേയോ? കുട്ടിയ്ക്കു വല്ല അംഗവൈകല്യവുമുണ്ടായിരുന്നുവോ?

സു— തെല്ലുംന്യൂനതചൊല്ലുവാനവയവ-
ങ്ങൾക്കൊന്നുമില്ലെങ്കിലും
ചൊല്ലേറുന്നപിതാമഹൻമഹിതയാ-
മൌദാൎയ്യമൎയ്യാദയാൽ
കല്യശ്രീകലരുന്നബാലനുപദാ-
ലങ്കാരസങ്കല്പമാ-
യുല്ലാസേനവിളങ്ങിടുന്നവിരലൊ-
ന്നേറെക്കൊടുത്തീടിനാൻ. ൩൩

പതിവിൽക്കൂടുംവിരലതു
മതിയിൽസ്നേഹംവെടിഞ്ഞുവിധിഗതിയാൽ,
ചതിയിൽച്ഛേദിച്ചാര-
ങ്ങതികുമതികളാകുമാതതായികളും. ൩൪

ദു—(ആത്മഗതം) എൻെറ മനസ്സിൽ കലശലായ സംശയം ജനിയ്ക്കുന്നു. അതവനായിരിയ്ക്കുമോ? (പ്രകാശം) സുഷേണ! പറയൂ. മുഴുവനും കേൾക്കട്ടെ.

സു— അവയവസമതകൊതിച്ചോ
ധ്രുവമപരംഹേതുമൂലമോശിശുവേ
ശിവ!ശിവ!രക്തമൊലിപ്പി-
ച്ചവിടെവെടിഞ്ഞവരുടൻകുതിച്ചോടി. ൩൫

എന്നാൽ ഒന്നു നിശ്ചയം തന്നെ. അവർ ആ കുട്ടിയ്ക്കു് ഏററം വലിയ ഉപകാരമാണു് ചെയ്തതു്.

ഈലോകത്തിങ്കലാബാലകനൊരുസമയം
വന്നുകൂടുന്നഭാഗ്യം
മേലാലില്ലാതെയാക്കുന്നതിനതിബലമാ-
യുന്നദുഷ്ടാലയോഗം
മൂലച്ഛേദംവരുത്തീപുനരവർ,വരുവാ-
നുള്ളതേവന്നുകൂട്ടു,
പാലിയ്ക്കുംവാസുദേവൻപരവശമതിയാം
ഭക്തനെസ്സുകൃതിയോടും. ൩൬

ദു— (ആത്മഗതം) എന്റെ സംശയങ്ങൾക്കു നല്ലവണ്ണം അടിസ്ഥാനമുണ്ടെന്നു തോന്നുന്നു. (പ്രകാശം) സുഷേണ! അപ്പോൾ ആ കുട്ടിയുടെ സ്ഥിതി എന്തായിരുന്നു?

സു— കരുണാജനകമായ ആ കാഴ്ച ഇപ്പോഴും എന്റെ ഹൃദയത്തിലിരിക്കുന്നുണ്ട്. ഞാൻ ഒരിക്കലും അതിനെ വിസ്മരിക്കുന്നതല്ല. ഞങ്ങൾ രാജാവിന്റെ പിന്നാലെ അടുത്തുചെന്നു നോക്കിയപ്പോൾ

വനഭയകരമൃഗവിഹഗമ-
തനവധിബാലനുകാവലായവിടേ,
കനിവൊടുകാത്തുവസിപ്പതു
മനമിളകിക്കണ്ടുഞങ്ങളെല്ലാരും. ൩൧

ഈ ജന്തുക്കളെല്ലാം ഞങ്ങൾ അടുത്തു ചെന്നപ്പോൾ രോദനം ചെയ്തുകൊണ്ടു കിടന്നിരുന്ന ആ ബാലനെ വിട്ടു പൊയ്ക്കളകയും ചെയ്തു. എന്നാൽ ആ ദുഷ്ടമൃഗങ്ങളും പക്ഷികളും.

ആരണ്യദേവതകനിഞ്ഞുനിറഞ്ഞമോദാൽ
കാരുണ്യശീലമിവരിൽബഹുചേർക്കമൂലം
ക്രൂരസ്വഭാവമഖിലംബത!കൈവെടിഞ്ഞു
നേരേകുമാരപരിപാലനമാചരിച്ചാർ. ൩൨

അതിഭയങ്കരമായ ആ വനാന്തരത്തിൽ നിഷ്കണ്ടകന്മാരായ പിശാചുക്കളാൽ ഉപേക്ഷിക്കപ്പെട്ടവനും, ബ്രഹ്മസൃഷ്ടികളിൽവെച്ചു അത്യുൽകൃഷ്ടനും ആയ ആ ബാലനെ ഇതുപോലേയും ഇതിലധികവും ആരുതന്നെ ആദരിക്കാതെ ഇരിക്കും?

ദു— (ആത്മഗതം) ഇവന്റെ ഈ വാക്കുകൾ എന്റെ മർമ്മങ്ങളെ പിളക്കുന്നുണ്ട്, എങ്കിലും ആ ഉദ്ദേശത്തോടുകൂടിയല്ല ഇവൻ പറയുന്നതു്. (പ്രകാശം) സുഷേണ! പിന്നെ എന്തു സംഭവിച്ചു?

സു— ശേഷമുള്ളതു ചുരുക്കിപ്പറയാം. ഈ അമൂല്യമായ നിധിസന്ദർശനം ഹേതുവാൽ കലിന്ദമഹാരാജാവ് ആനന്ദസാഗരത്തിൽ മഗ്നനായി. ഭാഗ്യദോഷംകൊണ്ടു സന്താനങ്ങളൊന്നുമില്ലാതെ ദുഃഖിച്ചിരുന്ന അദ്ദേഹത്തിന്റെ പ്രാണപ്രണയിനി ഭാഗ്യവിശേഷംകൊണ്ടു ലഭിച്ച ഈ പുത്രനെ വളരെ സ്നേഹത്തോടുകൂടി പരിപാലിച്ചു. തദനന്തരം ഈ ബാലൻ.

സൌന്ദൎയ്യക്കാതലായിസ്സകലജനഹിത-
    ക്കുമ്പുമായ്സൎവ്വരോടും
സന്ദേഹംവിട്ടസംഭാഷണചതുരതയാ-
    ലൈത്രയുംമിത്രമായി;
കുന്ദശ്രീദന്തപംക്തിപ്രചുരസുഷമയോ-
    ടൊത്തവക്ത്രേന്ദുതന്നിൽ
കുന്നിക്കുംപുഞ്ചിരിച്ചന്ദ്രികയുടെരുചിയാൽ
    'ചന്ദ്രഹാസ'ന്ന്യനായി. ൩൯

അനല്പകുശലോൽപാദകമായ പരിപാലനവും വിശിഷ്ടതരമായ അഭ്യാസവും അദ്ദേഹത്തിൻ്റെ സ്വഭാവത്തെ അതുലഗുണസമ്പൂൎണ്ണമാക്കിത്തീൎത്തു. ഞങ്ങളുടെ രാജ്യത്തിൻ്റെ ഭാഗ്യോദയമെന്നേ പറയേണ്ടു. അദ്ദേഹം രാജ്യഭാരം അത്യുത്തമമായവിധത്തിൽ ചെയ്വാനായിട്ടു തന്നെ അവതരിച്ചിരിക്കുന്ന ഒരു ദിവ്യപുരുഷരത്നമാണ്.

ദു— വിദ്വാൻ ഈ പ്രശംസ നിസ്സാരമായ പരമാൎത്ഥത്തെ വിശദപ്പെടുത്തുക മാത്രമല്ലേ ചെയ്യുന്നത്?

സു — ഒരിക്കലുമല്ല, സ്വാമിൻ! കേൾക്കുക.

വൃദ്ധനാവികഗണംനിരാശകലരുന്ന
    പാന്ഥനിവഹംമൂാ-
ക്കുത്തരംവിവിധമൎത്ത്യരേറിയൊരുരാജ്യ-
    കപ്പലിനെവിദ്രുതം,
ബദ്ധമോദമിഹകൊണ്ടുപോകുമൊരു
    കൎണ്ണധാരകരകൌശലം
പാൎത്തുകാണ്കിലതിനുള്ളയോഗ്യതയുകക്കു-
    വാനരുതൊരുത്തനും. ൪൦
ചണ്ഡവാതഹതിയിൽചലിച്ചതുമറിച്ചി-
    ടാതെയുമൊരിക്കലും
മണ്ടിയങ്ങതുശിലോച്ചയങ്ങളിലടിച്ചു-
    ടച്ചുകളയാതെയും
ഇണ്ടലെന്നിയെതുഴഞ്ഞുനല്ലൊരുവഴിക്കു
    തന്നെനടകൊണ്ടിടും

പണ്ഡിതപ്രവരനാകുമാനരവരൻസ-
    മസ്തനയനോത്സവൻ. ൪൭

ഘോരംരണാങ്കണമതിങ്കലരാതിവൃന്ദം
നേരേജയിച്ചുജയഭേരിയടിച്ചവീരൻ
പാരംവലഞ്ഞരിപുവിന്നഭയപ്രദാനാൽ
ഭൂരിക്ഷമാസഹിതനെന്നുജഗൽപ്രസിദ്ധൻ. ൪൮

പരാജിതന്മാരായ ശത്രുക്കളിൽ കാരുണ്യമതിയായി ഭവിക്കയാൽ ഇദ്ദേഹം ശത്രുക്കളുടേയും മിത്രമായിത്തീൎന്നിരിക്കുന്നു. ശാസ്ത്രനൈപുണ്യത്തിൽ ഇദ്ദേഹം അദ്വിതീയനാകുന്നു. ഐഹികമായും പാരത്രികമായുമുള്ള വിഷയങ്ങളെപ്പററി ഇദ്ദേഹം സശ്രദ്ധന്മാരായ ശ്രോതാക്കളോടു പറയുന്നതു കേട്ടാൽ ആരുതന്നെ ആനന്ദിക്കാതിരിക്കും.

ആക്കംഭാവംഗ്രഹിപ്പാനധികവിഷമമാ-
    കുന്നതത്വങ്ങളെല്ലാം
നോക്കിസ്സംസാരമാകുംവിഷയമതിൽമന-
    സ്സററവേദാന്തികൾക്കും
തൎക്കംകൈവിട്ടുമൌനവ്രതമൊടുമരുവീ-
    ടുന്നസന്യാസിമാൎക്കും
കേൾക്കുംതോറുംമനസ്സിൽപരമസുഖമുദി-
    പ്പിക്കുമീഭൂപവാക്യം. ൪൯

ഇദ്ദേഹത്തിൻെറ ശാസ്ത്രാഭ്യാസം വഴിപോലെ തന്നെയാണുണ്ടായിട്ടുള്ളതു്. പുരാണതത്വങ്ങളിലും വേദങ്ങളിലും ഇദ്ദേഹം സുശിക്ഷിതനാകുന്നു. എന്നു മാത്രമല്ല ഇദ്ദേഹം വേദത്തിൻെറ കാതലായിപ്പരിണമിച്ചിരിക്കുന്നു. പിന്നെ ഇദ്ദേഹത്തിൻെറ ജ്ഞാനമഹിമയെപ്പററി അല്പജ്ഞനായ എനിക്കെന്തു പറവാൻ കഴിയും?

കൎമ്മജ്ഞാനങ്ങളെല്ലാംമതിയിൽവിവരമാ-
    യിട്ടുവേറിട്ടറിഞ്ഞും,
ബ്രഹ്മധ്യാനത്തിൽനിത്യംമനമതുപതറാ-
    തേറനേരംവസിച്ചും,

നിർമ്മായംപൌരകാൎയ്യംമുഴുവനുമഴലി-
ല്ലാതെതാൻനിൎവ്വഹിച്ചും,
സമ്മോദംപൂണ്ടുവൈകുണ്ഠനുസമമവനീ-
പാലനംചെയ്തിടുന്നു. ൪൪

ഇദ്ദേഹത്തിൻെറ വേദാദ്ധ്യയനക്രമങ്ങളും ഭഗവൽപൂജാവിധാനങ്ങളും ധ്യാനവിശേഷങ്ങളും വ്രതാനുഷ്ഠാനങ്ങളും സകല പ്രജകളും ഒരുപോലെ അനുസരിച്ചാദരിക്കുന്നതിനാൽ ഇദ്ദേഹം ചന്ദനാവതിയെ സാക്ഷാൽ വൈകുണ്ഠമാക്കിത്തീൎത്തിരിക്കുന്നു.

ദു— (ആത്മഗതം) ഇനി കേൾക്കുവാൻ ക്ഷമ വരുന്നില്ല (പ്രകാശം) അദ്ദേഹം വിശിഷ്ടൻ തന്നെ. നിൻെറ രാജാവായിരിക്കുന്ന അദ്ദേഹം എൻെറ ഹൃദയപൂൎവ്വമായ അഭിനന്ദനത്തിനു പാത്രമായിരിക്കുന്നു എന്നുള്ള സംഗതി അദ്ദേഹത്തിനെ ധരിപ്പിക്കണം. (ഖരകനോടു) ഖരക! ഇവനും ഇവൻെറ പരിജനങ്ങൾക്കും വേണ്ടുന്ന ആതിത്ഥ്യങ്ങളെല്ലാം ചെയ്യുന്നതിൽ നീ നല്ലവണ്ണം ജാഗ്രതകനായിരിക്കണം. (സുഷേണനോടു) സുഷേണ! നിനക്കു നല്ലതു വരട്ടെ.

(സുഷേണനും ഖരകനും പോയി)

ദു— (ആത്മഗതം)

നാലുവയസ്സുള്ളോരുശുഭ-
ബാലകനെക്കണ്ടുകിട്ടിവനമദ്ധ്യേ;
മാലേതുംപിണയാതേ
പാലിക്കുന്നുകളിന്ദനിന്നവനേ. ൪൫

വിരലൊന്നധികംബാലക-
ചരണസരോജേഭവിച്ചുപോയതിനേ,
കരളിൽകരുണവെടിഞ്ഞൊരു
നരനവനാരോമുറിച്ചുപോയത്രേ. ൪൬

ഇവൻ അവൻ തന്നെയാണ്. എനിക്കു യാതൊരു സംശയവുമില്ല. എൻെറ ആജ്ഞാനുസരണം ഇവനെ വധിക്കുവാൻ കൊണ്ടുപോയ ആ കുടിലനായ ഘാതകൻ എന്നെ ചതിച്ചു എന്നുണ്ടോ? അങ്ങിനെ സംഭവിക്കുമോ? എന്തുകൊണ്ടു സംഭവിച്ചുകൂടാ? ഘാതകവൃത്തി നിത്യത്തൊഴിലായിരിക്കുന്ന ഒരുവൻ വിശ്വാസഘാതകം ചെ

ണ്ടാൻ ഒരിക്കലും മടിക്കുന്നതല്ല. എൻെറ സുഖാഭിവൃദ്ധിക്കും രാജ പദപ്രാപ്തിക്കും ഒരു പ്രതിബന്ധമായി ഭവിച്ചിരുന്ന ആ ശിശുവിനെ അന്തകാലയം പ്രാപിപ്പിച്ചു എന്നുള്ളതിൻെറ ഒരു സൂചകമായി ആ ഘാതകൻ കുട്ടിയുടെ ഒരു കാൽവിരൽ മുറിച്ചു കൊണ്ടുവന്നു എന്നെ കാണിച്ചപ്പോൾ എനിക്ക് എത്രമാത്രം സന്തോഷമുണ്ടായി.

ജ്യോതിശ്ശാസ്ത്രങ്ങൾവാനിൽദ്രുതതരമുഴറീ-
　　ട്ടംവിധൌഭൂതലത്തിൽ
ഭൂതൌഘങ്ങൾക്കുനേരിട്ടിടുമൊരുശുഭദോ-
　　ഷങ്ങളില്ലാത്തതല്ല
ഏതോസാമുദ്രികാലക്ഷണവിചണനവൻ
　　ഭൂസുരൻപണ്ഡിവങ്കൽ
പ്രീതിപ്പെട്ടോതിയുള്ളോരുരുമൊഴിയഴലി-
　　ഞ്ഞെപ്പൊഴുംനൽകിടുന്നു. ൪൬

എന്നാൽ ഇത് ഒരിക്കലും പിഴക്കാത്തതാണോ? ദൈവജ്ഞന്മാരുടെ ഗണിതം പലപ്പോഴും തെററിപ്പോകുന്നുണ്ടല്ലോ. അതുപോലെതന്നെ സാമുദ്രികാലക്ഷണവും ചിലപ്പോൾ പിഴച്ചു കാണുന്നുണ്ട്. അത്യുത്സാഹിയായി ധൈര്യസമേതനായിരിക്കുന്ന ഒരുവനെ ഗ്രഹപ്പിഴയുണ്ടോ ബാധിക്കുന്നു? അതിനാൽ.

ഞാനാദ്യംചെയ്തയത്നംചതിയിൽവിഫലമാ-
　　യെങ്കിലുംക്ലേശലെന്യേ,
സാനന്ദംകാര്യസിദ്ധിക്കിനിയുമുചിതമാം
　　മാർഗ്ഗമിങ്ങാചരിക്കും;
നൂനംഞാൻമർത്ത്യരാലോവിധിഗതിയതിനാ-
　　ലോവരുംവിഘ്നമൊന്നും
മാനിക്കാതേനടക്കുംമമഹിതമതുഞാ-
　　നെന്തുചെയ്തുംവരുത്തും. ൪൭

(എന്നു പോയി)

ഇങ്ങിനെ ഒന്നാമങ്കം.

# രണ്ടാമങ്കം.

---

## ഒന്നാംരംഗം.

(കുന്തള രാജധാനി- അന്തഃപുരത്തിൽ രാജാവും രാജ്ഞിയും പ്രവേശിക്കുന്നു.)

രാ—ദേവി— പുത്രമുഖാംബുജം കണ്ടു സന്തോഷിപ്പാൻ ഭാഗ്യമില്ലല്ലോ എന്നുള്ള സംഗതിയിൽ ഞാനും ഭവതിയെപ്പോലെതന്നെ ദുഃഖിക്കുന്നുണ്ട്, എങ്കിലും ബ്രഹ്മകല്പിതം അലംഘനീയമെന്നു കരുതി സമാധാനപ്പെടുന്നു.

രാജ്ഞി—ആര്യപുത്ര! വിധിയുടെ ഈദൃശമായ ദുഷ്ടഭാവം ബഹു ദുസ്സഹംതന്നെ. ഒരു സുതനെ പ്രസവിച്ചു വളൎത്തിക്കൊണ്ടു വരുന്നതായ സുഖം എനിക്കു തീരെ ഇല്ലാതെ പോയല്ലോ.

നേരേസ്ത്രീജനമാനസത്തിനുസദാ
സന്തോഷമേകീടുവാൻ,
വേറേപാരിതിലൊന്നുമില്ലനിയതം
സന്താനലാഭോപമം;
ഭൂരിശ്രീകലരുന്നബാലകസുഖ-
സ്മേരാനനാലോകനം
ചേരാതുള്ളനതാംഗിമാരവനിതൻ
ഭാരംനിരൂപിക്കിലോ. ൪൯

കുട്ടിക്കാലത്തുകൊച്ചുംമൊഴികളമൃതൊലി-
ക്കുന്നപോലേപൊഴിച്ചും,
പുഷ്ടാമോദംകളിപ്പാവകളെഗൃഹമെഴും
മന്ത്രിമാരാക്കിവെച്ചും,
വീട്ടിന്നുള്ളെത്രയുംനല്ലൊരുപടനിലമാ-
യിട്ടുതന്നേനിനച്ചും,
കോട്ടംകൂടാതെനമ്മാഹവമതിനുതുട-
ങ്ങുംകിടാവെത്രരമ്യൻ. ൫൦

മാതാപിതാക്കന്മാരിൽ സ്നേഹബഹുമാനങ്ങളോടു കൂടിയവനും അവരുടെ കാൎയ്യങ്ങളിൽ സദാ താല്പൎയ്യത്തോടുകൂടിയവനും ആ

യിരിക്കുന്ന ആ കുമാരന്റെ വിശാലമായ വക്ഷസ്സു നമ്മുടെ പരിണതവയസ്സിൽ നമുക്കൊരാലംബനമായിരിക്കും. പിന്നെ നമ്മുടെ ദർശയ്യയുടെ സമീപത്തിൽ അശ്രുകലുഷങ്ങളായ നേത്രങ്ങളോടുകൂടി വസിച്ചു നമ്മുടെ ദീനസ്വരത്തിലുള്ള അവ്യക്തശിഥിലങ്ങളായ ചരമാനുഗ്രഹവചസ്സുകളെ ഗ്രഹിപ്പാൻ ജാഗരൂകനായിരിക്കും. എന്നു മാത്രമല്ല, നമ്മുടെ ഹിതാനുസരണം പ്രവൎത്തിപ്പാൻ പരിപൂതമായ ആദരവോടുകൂടി സദാ യത്നിക്കും. നമ്മുടെ ആത്മാക്കൾക്കു മോക്ഷമാൎഗ്ഗം സുലഭമാക്കിത്തീൎക്കും. കഷ്ടം! ഇതിനുള്ള ഭാഗ്യം നമുക്കു തീരെ ഇല്ലാതെ പോയല്ലോ. സകല ജനങ്ങളും കരുണാരഹിതരായി നമ്മെ തിരസ്കരിക്കുന്നതായിരുന്നാൽ സംഭവിക്കാവുന്ന അപ്രിയത്തെക്കാൾ അധികം അപ്രീതിക്കു കാരണമായിരിക്കുന്നതു നമ്മുടെ ഈ വിധമായ വിധിയെ അറിയുന്നവരുടെ ദീൎഘനിശ്വാസമാകുന്നു.

രാ—കാലഗതി ലോകത്തിൽ സൎവ്വത്ര വിപരീതഫലങ്ങളെ ചെയ്യുന്നതായിട്ടാണ് കാണുന്നത്. ധനവാൻ രോഗപീഡിതനായും പുത്രദുഃഖമുള്ളവനായും കാണപ്പെടുന്നു. ദരിദ്രൻ അരോഗദൃഢഗാത്രനായും പുത്രന്മാരെ പുലൎത്തുവാൻ നിവൃത്തിയില്ലാത്തവനായും കാണപ്പെടുന്നു.

വല്ലാതെപ്പുകയുന്നടുപ്പിനരികേ
 കുത്തുള്ളകല്ലിൽക്കിട-
ന്നല്ലിൽക്കഷ്ടമുറങ്ങിഭാസ്കരനുദി-
 ക്കുമ്പോളെഴുന്നേറ്റുടൻ,
ഇല്ലംതോറുമിരന്നുനന്നെവലയു-
 ന്നൎത്ഥിവ്രജത്തിന്നഹോ!
നല്ലോണംബഹുപുത്രരുണ്ടവരിൽമോ-
 ഹിക്കുന്നതില്ലാരുമേ. ൧൧

ദാരിദ്ര്യസന്തതികളായനരൎക്കുപുത്ര-
ന്മാരുണ്ടനേകമതിനില്ലൊരുവിഘ്നമേതും
നേരോടുഭൂരിധനധാന്യമെഴുന്നനല്ല
വീരൎക്കുപുത്രധനമെന്നതുനാസ്തിലോകേ. ൧൨

കേവലം വന്ധ്യകളായിരിക്കുന്ന തങ്ങളുടെ പത്നിമാൎക്കു സന്ത

ത്ഥ്യം ആക്കേങ്കിലും എന്തെങ്കിലും ചിലവുചെയ്യാൻ മടിയില്ലാത്ത പ്രഭുക്കന്മാർ എത്രയുണ്ട്! എന്നാലും ഫലമെന്ത്? അവരുടെ യത്നങ്ങളെല്ലാം വിഫലങ്ങളായിത്തന്നേ ഇരിക്കുന്നു.

രാജ്ഞി— ആര്യപുത്ര!

കോമളതനയവിഹീനമ-
താമൊരുഗേഹംകഠോരമരുഭൂമി
കമലവിഹീനമതാകും
വിമലസരസ്സുംവ്യൎത്ഥവഭുവനതലേ. ൨൩

സുരുചിരസുഷമവിളങ്ങു-
ന്നരിയനിലാവുള്ള ചന്ദ്രനില്ലെങ്കിൽ,
താരസമൂഹപ്രഭയാൽ
ചാരുതപാരവാൻനഭസ്സിനെന്തുള്ളു? ൨൪

താരുണ്യത്തോടുപൂമെയ്മുഴവനുമൊഴുകും
ചാരുലാവണ്യമോടും,
ചേരുംനാരിക്കുകേളിക്കു പിതരമണനി-
ല്ലെങ്കിലെന്തുള്ളസൌഖ്യം?
പാരംസൌരഭ്യമാന്നുള്ളവല്ലടെസുമശ-
യ്യാഗൃഹംഹന്ത! ചിത്തം
പാരാതെനീറുവാനല്ലാതുദഹനഗൃഹ-
സ്യോക്കമേതക്കുമില്ല. ൨൫

രാ— അയിപ്രിയതമേ! അതിമനോഹരിയായ ഒരു നന്ദിനിയേക്കണ്ടു സുഖിപ്പാൻ നമുക്കു ഭാഗ്യമുണ്ടാക്കിത്തന്ന ആ നവഗ്രഹങ്ങളെ നാം സദാപി വന്ദിക്കേണ്ടിയിരിക്കുന്നു.

തനയൻവേളിവരെയ്ക്കും
തനയൻതന്നേനമുക്കുനഹിവാദം;
തനയമരിക്കുംവരെയും
തനയയുമാണെന്നുചൊല്ലമെല്ലാരും. ൨൬

നന്ദിനിയെന്നുംനന്ദിനി-
യെന്നൊരുമൊഴിയോപിഴച്ചതല്ലേതും;

ഇന്നതിനൊരു ദൃഷ്ടാന്തം
വന്നിടുമേ ചാരുചമ്പകംമൂലം. ൩൧

കുന്ദശ്രീരദനം മനോജ്ഞമൃദുസു-
സ്മേരാനനാംഭോരുഹം
സന്ദർഭോചിതമാസ്യരന്ധ്രമൊഴുകീ-
ടുന്നോരു വാക്യാമൃതം,
കണ്ണൊന്നായിനി നിങ്ങളിലിനസുതനി-
ല്ലാതുള്ള ഖേദത്തിനേ
നന്നായ്മന്ദിരദക്ഷയാം മകളക-
റ്റീടുന്നു നിസ്സംശയം. ൩൨

രാജ്ഞി— ആര്യപുത്രൻ പറയുന്നതെല്ലാം ശരിതന്നെ. നമ്മുടെ കുമാരി ഇക്കാലം നമ്മുടെ വിനോദത്തിനായ്ക്കൊണ്ടു മാത്രം ഭവിച്ചിരിക്കുന്ന അന്യന്റെ ഒരു രത്നമാകുന്നു. തനിയ്ക്കനുരൂപനായ ഒരു ഭർത്താവുണ്ടാകുമ്പോൾ അവൾ പൊയ്ക്കളയുമല്ലോ. അപ്പോൾ ഈ ഹർമ്മ്യം രമ്യമല്ലാതെയും ഭവിക്കും. അല്പദിവസം മുമ്പേ അവൾ രണ്ടു മണിക്കൂറു നേരത്തേയ്ക്കു നമ്മുടെ അനുവാദം വാങ്ങി അവളുടെ സഖിയും യുവതിയും മന്ത്രിവരന്റെ പുത്രിയുമായ വിഷയയെ കാണ്മാൻ പോയിരുന്നപ്പോൾ 'ചമ്പകം മടങ്ങിവന്നോ? മടങ്ങിവന്നോ?' എന്നിങ്ങിനെ കട്ടം കുറയാതെ ഏകദേശം അറുപതു തവണ ഭവാനെന്നോടു ചോദിക്കയുണ്ടായില്ലേ? അല്പനേരത്തേയ്ക്കുള്ള അവളുടെ വിയോഗം നമുക്കു ദുസ്സഹമായിരിക്കെ ദീർഘവിയോഗത്തെ നാമെങ്ങിനെ സഹിയ്ക്കും?

കല്യാണമായാൽ വരനോടുകൂടി-
ക്കല്യാണി പോമെന്നതു നിശ്ചയല്ലേ?
വല്ലാതെയന്നാളിൽ വരുന്ന ദുഃഖം
ചൊല്ലാവതോ വല്ലഭ! തെല്ലുപോലും? ൩൩

(ഒരു ഭൃത്യൻ പ്രവേശിക്കുന്നു)

ഭൃ— മഹാരാജാവേ! ദർശനാർത്ഥം മന്ത്രീശ്വരനാഗതനായിരിക്കുന്നു.

രാ— വേഗത്തിൽ കൂട്ടിക്കൊണ്ടുവന്നാലും.

(ഭൃത്യൻ പോകുന്നു)

രാ—ഹായിപ്രിയതമേ! ഭവതിയുടെ വാക്ക് എന്റെ ഹൃദയമർമ്മങ്ങളെ ഭേദിക്കുന്നു. ചമ്പകത്തിനെ പിരിഞ്ഞു നാമൊരിക്കലും ജീവിച്ചിരിക്കുന്നതല്ല. അതിനാൽ നമ്മുടെ ആയുഷ്കാലം മുഴുവനും ചമ്പകം നമ്മളോടുകൂടിത്തന്നെ വസിക്കേണ്ടിയിരിക്കുന്നു.

സൌന്ദര്യംനല്ലവിദ്യാവിമലതരയശ-
സ്സെന്നിതെല്ലാംതികഞ്ഞും,
സന്ദേഹംവിട്ടുനമ്മെസ്സകലസമയവും
സേവചെയ്തിങ്ങുപാൎക്കും
മന്നോർമന്നനുമാത്രംമമസുതയെവരി-
യ്ക്കാമതല്ലാതെവന്നാ-
ലിന്ദ്രൻതാനെങ്കിലുംതാണവനവനുസുതാ-
ദർശനംശക്യമല്ല. ൩൦

അങ്ങിനെ ഒരാൾ നമ്മുടെ പുത്രനായിത്തീരുന്ന ആ രാജകുമാരൻ നമ്മുടെ രാജ്യത്തിനവകാശിയായിത്തീരുകയും ചെയ്യും.

രാജ്ഞി—എല്ലാം ഇവിടുത്തെ അഭിലാഷംപോലെ തന്നെ നടക്കട്ടെ. നമ്മുടെ ദുസ്സഹമായ കഷ്ടകാലത്തെ എങ്ങിനെയെങ്കിലും പരിഹരിക്കേണ്ടതാകുന്നു. മന്ത്രി വരുന്നു. താമസിക്കുന്നതു യുക്തമല്ല. ഞാനിതാ പോകുന്നു. (എന്നു പോയി).

(ദുഷ്ടബുദ്ധി പ്രവേശിക്കുന്നു. ആത്മഗതം) ഭാഗ്യം! ഭാഗ്യം! വിശേഷവിധിയായി ചിലതെല്ലാം ഇപ്പോൾ രാജാവുതന്നെ പറഞ്ഞു കേൾക്കുവാനിടയായി. ഇവയെ സാവധാനത്തിലും സാവകാശത്തിലും പര്യാലോചിക്കേണ്ടിയിരിക്കുന്നു. (പ്രകാശം) മഹാരാജാവേ! ഭവാന്റെ പാദാരവിന്ദങ്ങളിൽ അതിവിനീതനായ ഞാൻ നമസ്കരിക്കുന്നു.

രാ—മന്ത്രിയുടെ ദർശനം എനിക്കു സന്തോഷകരമായിട്ടുള്ളതാകുന്നു. രാജ്യകാര്യമെല്ലാം വീഴ്ചകൂടാതെ വെടിപ്പായി നടക്കുന്നില്ലേ?

ദു—മഹാരാജാവേ! ഒരു കാര്യത്തിലും ആക്ഷേപമില്ല. രാജ്യം സമാധാനസമ്പൂർണ്ണമായിരിക്കുന്നു.

അപ്പപ്പോളുതിരിൻപുറത്തെതിരിടും
ശത്രുക്കളിൽപ്പേടിവി-

ട്ടപ്പോഴുംതവരാജ്യവാസികൾസുഖി-
ക്കുന്നുസമാധാനമായ്
മേൽഭാഗംവലിയോരുവാതഹതിയാ-
ലേററംചലിച്ചാലുമ-
ങ്ങുൾഭാഗംചലിയാത്തവാരിനിധിയെ-
പ്പോലേനൃപാലോത്തമ! ൱൧

കോപംമുഴുത്തുസമരത്തിനിടഞ്ഞുവന്ന
ഭൂപാലരാമരികൾതോററുതിരിച്ചുപോയി;
ആപത്തിൽമുൻകരുതലുംബലവുംകലൎന്നു
സമ്പൂൎണ്ണഗൎവ്വെഴുമരാതികളുംമടങ്ങി. ൱൨

ദീനന്മാരിലലിഞ്ഞമാനസമൊട്ടും
സത്യത്തിൽനിഷ്കൎഷയാ-
ൎന്നംചെറുമണങ്ങിടാതെമനസാ
വാചാപിതൻകൎമ്മണാ
സാനന്ദംഭുവിസൎവ്വരുംനൃവര!വാ-
ണീടുന്നൊരിക്കാലമോ
ഊനംപണ്ടുകഴിഞ്ഞനൽകൃതയുഗ-
ത്തോടൊക്കുമോക്ഷ്മാവിഭോ. ൱൩

അക്കാലത്തിനുതുല്യമായ്മഹിതവാ-
ദാനത്തിനാൎക്കുംസദാ
ചൊല്ലേറുള്ളൊരുസാക്ഷിയായത്തുമഹാ-
നാകുംജഗച്ചക്ഷുതാൻ
ദുഷ്കൎമ്മംനിശയിങ്കലുംനഹിനഭ-
സ്സിൽചന്ദ്രതാരങ്ങളായ്
നില്ക്കുംരക്ഷികളെന്ന്യേയനുഭുവനേ
മോഷ്ടാക്കളുംനഷ്ടമായ്. ൱൪

ഇന്നീവിധമതിസുഖമായ്
മന്നവവര!ത്വജ്ജനങ്ങൾവാഴുന്നു;
ഇന്നിതുതാവകഭുജബല-
മൊന്നതിനാലെന്നതാൎക്കുമറിയാമേ. ൱൫

രാ—നമ്മുടെ വലിയ സാമന്തഭൂപനായ കളിന്ദന്റെ രാജ്യഭരണം ക്ഷേമകരമായിത്തന്നെ ഇരിക്കുന്നുവോ?

ദു—മഹാരാജാവേ! ഞാൻ ചന്ദനാവതിയിലേക്കു പോയിട്ട് ഇപ്പോൾ ഏകദേശം ഇരുപതു സംവത്സരം കഴിഞ്ഞിരിക്കുന്നു. രാജ്യകാൎയ്യങ്ങളുടെ തിരക്കു നിമിത്തം ചന്ദനാവതിയിലേക്കു പോയിവരുന്നതിന് ഒരാഴ്ചയെങ്കിലും ഒഴിവു കിട്ടുന്നതുമില്ല. മുമ്പെ അവിടെ കാൎയ്യങ്ങളെല്ലാം വളരെ ഉദാസീനതയിലാണ് കിടന്നിരുന്നത്. എന്നാൽ ആ രാജ്യഭരണം ക്രമപ്പെടുത്തുന്നതിനു ദൂരസ്ഥന്മാരായ നമ്മളാൽ അനേകവിധം പ്രയത്നങ്ങൾ ചെയ്യപ്പെട്ടിട്ടുണ്ട്. ആ പ്രയത്നമെല്ലാം സഫലമായിട്ടോ നിഷ്ഫലമായിട്ടോ പരിണമിച്ചിരിക്കുന്നതെന്നു നമുക്കിപ്പോൾ അറിഞ്ഞുകൂടാ.

രാ—അവിടെ രാജ്യകാൎയ്യങ്ങളിൽ വല്ല വീഴ്ചയുമുള്ളതായി സംശയമുണ്ടോ?

ദു—സംശയത്തിനു വഴി ഇല്ലെന്നില്ല. സൂക്ഷ്മം എങ്ങിനെയെന്ന് ഇപ്പോൾ തീൎച്ച പറവാൻ വയ്യാ. കളിന്ദൻ ഇപ്പോൾതന്നെ ചില സമ്മാനങ്ങളെല്ലാം കൊടുത്തയച്ചിരിക്കുന്നു. അവ പൂൎവ്വവത്സരങ്ങളിൽ അയച്ചിട്ടുള്ളവസ്തുക്കളേക്കാൾ വിശിഷ്ടതരങ്ങളും വിലയേറിയവയുമാകുന്നു. ഈ ഏക സംഗതി തന്നെ ധാരാളം സംശയത്തെ ജനിപ്പിക്കുന്നുണ്ട്.

ം

മതിയതിലിതുകാലംന്യായമായോൎത്തുകണ്ടാ-
ലതുലമവിടെയെന്തോദോഷമുണ്ടെന്നുതോന്നും;
അതിപരിചയമേവംബോദ്ധ്യമാക്കിത്തരുന്നു-
ണ്ടതിനൊരുലവലേശംപോലുമുണ്ടോവിവാദം? ൩൩

കള്ളത്തൊഴിൽചതിയിവയാൽ,
കൊള്ളയിടുംദുൎജ്ജനങ്ങളൊരുപോലേ;
ഉള്ളിൽസ്വാമികൾകുതുകം
കൊള്ളുവതിന്നേകിടുന്നുസമ്മാനം. ൩൪

UNIVERSITY LIBRARY 31 JAN 1930 MADRAS

പാരംദുർല്ലഭമായമൂല്യമതുമാ-
യോരോന്നുകാണിക്കവെ-
ച്ചേറിടുന്നൊരുകൈതവംമറവിലാ-
ക്കീടുന്നുദുഷ്കർമ്മികൾ.
നേരേമേലധികാരികൾക്കമിതസ-
മ്മാനപ്രദാനരതിനാ-
ലാരേയുംഭയമെന്നിയേയിവർമുടി-
ച്ചീടുന്നുസാധുക്കളെ.

നൃപ

സാധുക്കളായ എത്രെല്ലാം പ്രജകളെ ഇദ്ദേഹം നിഗ്രഹിച്ചിരിക്കുന്നു. നമ്മുടെ സുഹൃത്തുക്കളായ എത്രെല്ലാം അധിപതികളെ കീഴടക്കിയിരിക്കുന്നു എന്നൊന്നും നമുക്കറിഞ്ഞുകൂടാ. നമ്മുടെ കണ്ണിൽ പൊടിയിടുന്നതിന്നായിട്ടാകുന്നു അപഹരിച്ച ധനത്തിൽനിന്ന് എത്രാനും ഭാഗം നമുക്കിപ്പോൾ സമ്മാനമായി കൊടുത്തയച്ചിരിക്കുന്നത്.

രാ— മന്ത്രി ഇതിലേക്ക് എന്തൊരു മാർഗ്ഗമാണ് ആലോചിക്കുന്നത്?

ദു— മഹാരാജാവിൻെറ അനുവാദമുണ്ടെങ്കിൽ ഞാൻ തന്നേ അവിടെ പോയി കാര്യങ്ങളുടെ പരമാർത്ഥമറിഞ്ഞുവരാം.

രാ— എന്നാൽ ഇനി കാലവിളംബനം കൂടാതെ പൊയ്ക്കൊള്ളൂ. മന്ത്രിയുടെ വിശിഷ്ടപുത്രനായ മദനൻ മന്ത്രി വരുന്നതുവരെ ഇവിടെ കാര്യങ്ങൾ അന്വേഷിക്കട്ടെ.

(എന്നു പോയി)

ദു— കാര്യം വിചാരിച്ചതിലധികം സഫലമായിട്ടാണ് കാണുന്നത്. കളിന്ദൻ ക്രമമായി രാജ്യഭാരം ചെയ്യുന്നുണ്ടെന്ന് എനിക്കറിയാം. എങ്കിലും മഹാരാജാവിൻെറ ദൃഷ്ടിയിൽ ആ രാജാവ് അക്രമിയും ദുഷ്ടനുമാണെന്നു ഞാൻ വരുത്തീട്ടുണ്ട്. വിശ്വവിശ്രുതനായ തൻെറ പുത്രൻെറ ബാഹുവീര്യംകൊണ്ടു ശത്രുരാജാക്കന്മാരെ കീഴടക്കിയിരിക്കുന്നു എന്നുള്ളതു യുദ്ധവൈദഗ്ദ്ധ്യമുള്ള ഒരു രാജാവിൻെറ അത്യുത്തമമായ പ്രഥമകൃത്യമാകുന്നു എന്നുള്ളതിലേക്കു യാതൊരു വാദവുമില്ല. പിന്നെ അവിടെ പോയി എനിക്കിഷ്ടമുള്ള കാ

ൎയ്യങ്ങളെല്ലാം സാധിച്ചു പോരാം. മഹാരാജാവിനെ കാണുന്നതിനു ഞാൻ സമയം പാൎത്തു നിന്നപ്പോൾ അദ്ദേഹം പറഞ്ഞതു ഞാൻ ഓൎക്കുന്നുണ്ട്. എന്നും മഹാരാജാവൊരുമിച്ചു താമസിപ്പാൻ സന്തോഷമുള്ള പുരുഷനു മാത്രമേ ചമ്പകത്തിനെ വിവാഹം കഴിച്ചു കൊടുക്കയുള്ളൂ എന്നല്ലേ അദ്ദേഹം പറഞ്ഞത്? ആ മാൎഗ്ഗമായി ആ പുരുഷൻ രാജ്യത്തിനവകാശിയുമാകുമല്ലോ. കൊള്ളാം. ഇത് എന്റെ പുത്രന്റെ ഭാഗ്യോദയംതന്നെ. മദനൻ മഹാരാജാവിന്റെ അഭിലാഷങ്ങളെ അനുകൂലിക്കയും അദ്ദേഹത്തിനോടു കൃതജ്ഞതാപൂൎവ്വം വൎത്തിക്കയും ചെയ്യും. തരക്കേടില്ല ഒന്നിച്ചു രണ്ടു കാൎയ്യവും സാധിക്കാം.

ഭൂരിവിഭൂതിസമേതം
പാരംസുഖമാൎന്നപാരിടംസുദൃഢം
സുരുചിരതനുവായീടു-
ന്നൊരുനൃപപുത്രിതാവൊടിങ്ങുകൈവരുമേ. ൬൯

എന്റെ പുത്രൻ യോഗ്യനാണെന്നു മഹാരാജാവു തന്നെ സമ്മതിക്കുന്നുണ്ട്. ഇപ്പോൾ തന്നെയല്ലേ അദ്ദേഹം അവനെ വിശിഷ്ടനെന്നു പറഞ്ഞത്? കാലഗതിയുടെ പരിണാമവൃദ്ധിപ്രസരണങ്ങളെ ഞാൻ അനുസരിക്ക മാത്രം ചെയ്താൽ മതി, എന്നാൽ എന്റെ അഖിലാഭിലാഷങ്ങളും അനായാസേന സാദ്ധ്യമാകും. പുത്രന്റെ പ്രകൃതിയോൎത്തു മാത്രം ഞാൻ അല്പം അധൈൎയ്യപ്പെടുന്നു.

നന്ദനനധികവിരക്തൻ
മന്ദനവൻരാജ്യഭാരമതിൽവിമുഖൻ;
സുന്ദരിചമ്പകസുഭഗത-
യെന്നതിലുംതാൻപെരുത്തനാസക്തൻ. ൭൦

എങ്കിലും ശ്രമിച്ചാൽ അവനെ നേരെയാക്കാം. ഏതു കാൎയ്യമാണ് ശ്രമസാദ്ധ്യമല്ലാതെയുള്ളത്? അതിനാൽ

മെല്ലെന്നോരോന്നുചൊല്ലീട്ടവനെമമവഴി-
ക്കാശുഞാൻവീണ്ടുകൊള്ളാം
വല്ലാതിന്നങ്ങുതോന്നുംവസുമതിഭരണം
നിഷ്പ്രയാസത്തിലാക്കാം;

ഉല്ലാസത്തോടക്കൂടിപ്പനിമതിമുഖിയിൽ
പ്രേമഭാരംവരുത്താം;
കല്യാണംമേഭവിപ്പാനിവപലതുമെനി-
ക്കോത്തുമേഭാരമല്ല ൨൩

(എന്നു പോയി)

മൂന്നാംരംഗം കഴിഞ്ഞു.

കുന്തളം- ദുഷ്ടബുദ്ധിയുടെ ഭവനത്തിൽ ഒരു മുറി.

(ദുഷ്ടബുദ്ധിയും മദനനും പ്രവേശിക്കുന്നു.)

മ— അല്ലയോ പ്രിയപിതാവേ! ഈ സാമ്രാജ്യഭരണക്ലേശഭാരത്തെ ചുമക്കുന്നതിന് എൻെറ ചുമലുകൾ തീരെ അശക്തങ്ങളാകുന്നു.

ദു— പുത്ര! കേൾക്കു.

കണ്ടകമുണ്ടാകാതേ
കണ്ടീടാറില്ലറോസ്സൊരേടത്തും;
ഇണ്ടലശേഷംക്കൂടാ
തുണ്ടാകാറില്ലസൌഖ്യമിങ്ങാക്കം. ൨൪

അധികാരമഹിമ വദ്ധിക്കുംതോറും ഒരുവൻെറ അവിരതായാസം കുറഞ്ഞുകുറഞ്ഞു വരും എന്നുള്ളതു നിനക്ക് അനുഭവവേദ്യമായിഭവിക്കും. അധികാരത്തിൽ പ്രവേശിക്കയെന്നുള്ളത് ഒരു ലഘുവായ കാൎയ്യമല്ല. എന്നാൽ ഒരിക്കൽ അതിൽ പ്രവേശിച്ചു കഴിഞ്ഞാൽ പിന്നെ സുസ്ഥിരനായിരിക്കുന്നതിനു സൎവ്വാത്മനാ പ്രയത്നിക്കുക.

പെരുതാമധികാരത്തൊട
പിരിയാതേകാൎയ്യഗൌരവത്തോടും,
തരമുള്ളൊഴിവതിലെല്ലാം
കരുതിസ്വജനത്തെവെച്ചുകൊള്ളേണം. ൨൫

അധികാരവിഷയത്തിൽ തനിക്കുള്ള സ്വാതന്ത്ര്യത്തെ ലവലേശം വിട്ടുകളയരുത്. അധികാരികളെ ഭരിക്കുന്നവനാകുന്നു രാജ്യം ഭരിക്കുന്നവൻ.

കൊള്ളാമെന്നുള്ളടിക്കിൽതരമൊട്ടുമധുരാ-
ലാപസംയുക്തനായി-
ക്കൊള്ളേണംനിൻവചസ്സിൻഗതിയതുമധുവോ-
ലുംപ്രകാരത്തിൽവേണം;

എല്ലോളംപോലുമൊന്നുംപുനരൊരുവനുമേ-
കേണ്ടനൽകാതെകണ്ടി-
ട്ടുള്ളാട്ടൃഷ്യംകളഞ്ഞുംകളതരമൃദുവാ-
ക്കാക്ഷമാനന്ദമേകം. ൨൪

രാജ്യകാൎയ്യങ്ങൾ രസകരങ്ങളായിരുന്നാലും നീരസകരങ്ങളായിരുന്നാലും കാലവിളംബനം കൂടാതെ നടത്തുന്നതിൽ സദാ ജാഗരൂകനായിരിക്കുക.

നേരേകാൎയ്യവിളംബഃനനമടിയ-
ന്മാരാംനരന്മാൎക്കു-
ത്താരിൽകാൎയ്യമനേകകോടിയൊരുമാ-
ത്രക്കുള്ളിലുണ്ടായ്വരും;
ചേരാചിത്തമതൊന്നിലുംവിഫലമാ-
മെല്ലാമനോരാജ്യവും
പോരാനേരമൊരിക്കലുംമുഴവനാ-
യൊന്നുംപ്രവൃത്തിച്ചിടാ. ൨൫

നാമോച്ചാരണചാരുവേളയിലുമൂ-
ണ്മൊനായിരിക്കുംപൊഴും
സീമാതീതമനോവിചാരമുള്ളവാ-
കുന്നുകിടക്കുംപൊഴും
സാമാനങ്ങൾനിറഞ്ഞുറഞ്ഞമുറിയേ-
പ്പോലേമുഷിഞ്ഞുംകുഴ-
ഞ്ഞാമൂഢക്കതാരുവെന്തുപൊടിയാ-
യീടുന്നുനിസ്സംശയം. ൨൬

അതിനാൽ മൂഢവൃത്തിയേ പരിത്യജിച്ചു മഹാരാജാവിൻെറ ആജ്ഞയെ അനുസരിച്ചു നീ ജാഗ്രതയുള്ളവനും നിൎവ്യാജചിത്തനുമെന്ന് അദ്ദേഹത്തിനെ ധരിപ്പിക്കണം. അദ്ദേഹത്തിൻെറ കല്പനകൾ നിനക്കു ശ്രവണാരുന്തുദങ്ങളും ഹൃദയശല്യങ്ങളുമായിരുന്നാലും അവയെ ദീൎഘകാലമായിട്ടുള്ള നിൻെറ ഹൃദയകാംക്ഷിതങ്ങളേപ്പോലെ നടിക്കണം.

ഉന്നതപദവിയിൽമോഹം
നന്ദന! നിന്നുള്ളിലെങ്കിലോനിയതം
മന്നവസീമനിചെറുതും
നിന്നഭിലാഷം വെളിപ്പെടുത്തരുതേ. ൭

നിദ്രാതല്പരനായ ഒരു ഗോമായുവിനേപ്പോലെ ഭവിക്കാതെ ഉന്നതിയെ പ്രാപിക്കുന്നതിനു യഥാവസരം പരിശ്രമോദ്യുക്തനായി ഭവിച്ചാലും.

മ— പ്രിയപിതാവേ! ഇവിടുത്തെ ഉപദേശങ്ങളെല്ലാം അമൂല്യങ്ങളാകുന്നു. എന്നാൽ അച്ഛൻെറ രാജ്യവിയോഗം സ്വല്പകാലത്തേക്കു മാത്രമുള്ളതാകകൊണ്ട് ഈ ഉപദേശങ്ങളുടെ ആവശ്യം ഞാൻ അറിയുന്നില്ല.

ര— ശരി തന്നെ, എങ്കിലും,

ജീവിച്ചെന്നുമിരിക്കുമെന്നുകരുതു-
ന്നോനീജരാപൂർണ്ണമായ്
ധാവള്യംകലരുന്നരോമതതിമേ
കണ്ടീലയോനന്ദന!
ഭാവംമൃത്യുവരുന്നിതെന്നറിവെനി-
ക്കീട്ടുതർമുമ്പേകട-
ന്നീവർണ്ണംദൃഢമാക്കിടുന്നതുനിമിത്തം
ഞാനൊരുങ്ങേണ്ടയോ? ൮

അതിനാൽ അധികകാലവിളംബനം കൂടാതെ എൻെറ അധികാരമെല്ലാം ഞാൻ നിൻെറ ഹസ്തങ്ങളിൽ സമർപ്പിക്കും.

മ— ഇവിടേക്ക് അത്യാപല്കരമായിരിക്കുന്ന ആ ദുർദ്ദിനം വളരെ അകലെത്തന്നെയിരിക്കട്ടെ. ഇവിടുന്നു പോയാൽ പിന്നെ ഞങ്ങളുടെ കഥയെന്താണ്. ഒരു രാജമന്ത്രിയുടെ സ്ഥാനത്തേക്കു ഞാനൊട്ടും തന്നെ യോഗ്യനല്ല.

ഹൃദയംകാഞ്ഞിരഫലമാം
മൃദവാംജിഹ്വാസദാപികൾക്കണ്ടും;
വിധിയീവിധമായീടും
മധുരാകൃതിമേരചിച്ചതില്ലേതും. ൯

അശ്രുഭോല്പാദകമായ ഔന്നത്യത്തെ പ്രാപിക്കുന്നതിനെക്കാൾ ആ അധികാരപദത്തേയും ബഹുമതിയേയും ത്യജിക്കുന്നതുചിതമായിരിക്കുമെന്ന് എനിക്കു തോന്നുന്നു.

മതിയിലതൃപ്തിവരുത്തും,
പുതുതാമധികാരമേല്ക്കയിൽഭേദം,
മൃതിയാണതുബഹുതാപ-
ക്ഷതിയാണെന്നുള്ളതിന്നുനഹിവാദം. ൭൦

ഇവിടുന്നു പറയുന്നപ്രകാരം കുറച്ചുകാലത്തേക്കുള്ള രാജ്യവിയോഗകാലത്തിൽ ഇവിടുത്തെ പ്രതിനിധിയായിരിപ്പാൻ കല്പിക്കുന്ന മഹാരാജാവിൻെറ ദയാപൂർവ്വമായ പ്രവൃത്തിയെ ഞാൻ അഭിനന്ദിക്കുന്നില്ല, പ്രത്യുത ഞാൻ അതിനെപ്പററി മനസ്താപപ്പെടുന്നതേയുള്ളൂ.

ദു— രാജത്വമെന്ന കഠിനശിക്ഷ തനിക്കു ലഭിപ്പാൻ പോകുന്നു എന്നു കരുതി വളരെ [illegible]ച്ചവനായ ഒരുവൻ നിൻെറ ജനനത്തിനു മുമ്പിൽ ജീവിച്ചിരുന്നു. അവൻെറ പേരെന്തായിരുന്നു എന്നറിയാമോ? ഭോഷൻ എന്നുതന്നെ.

മ— ഞാൻ ബുദ്ധിഹീനനാണെന്നും ഞാൻ തന്നെ സമ്മതിക്കുന്നു. എന്നാൽ,

ക്ഷണഭംഗുരമധികാരം,
ഗുണമതിനില്ലാതടിൽപ്രഭസ്യോക്കും;
പണവുംഭൂമിയുമോൎത്താൽ
തൃണമത്രേധൎമ്മമൊന്നുതുണനില്ക്കും. ൭൧

ഭൂമിഭാരമതിൽമോഹമേറിയൊരുപാണ്ഡു-
നന്ദനരശേഷവും,
ഭീമമായസമരത്തിലേററുവിജയത്തി-
ലെത്തിയവരെങ്കിലും;
സീമയററപരിതാപമേററുനിജബന്ധു-
ഭൃത്യനിധനത്തിനാൽ,
കാമസിദ്ധിഗുണമായതില്ലൊരുപുരാണ-
മേവമറിയുന്നുഞാൻ. ൭൨

ദു— നീ മഹാജ്ഞാനി തന്നെ. നിന്റെ ജ്ഞാനംകൊണ്ടെന്തു പ്രയോജനം?

മ— പ്രിയപിതാവേ! ക്ഷമിക്കണേ. എന്റെ മനസ്സ് അതിമൃദുവായ ഒരു വസ്തുവാകയാൽ അതെങ്ങിനെ മഹാജ്ഞാനത്തിനിരിപ്പിടമായി ഭവിക്കും?

ദു— നിന്റെ മനസ്സ മൃദുതരമായ ഒരു വസ്തുവോ? ആട്ടേ, കൊള്ളാം. തല്ക്കാലം പ്രകൃതം ഒന്നു മാററി. ഒരു മൃദുതരവസ്തുവിനെ കുറിച്ചു സംസാരിക്കാം. ആ വസ്തുവിന്റെ മാർദ്ദവം അനിർവ്വചനീയമായിരിക്കുന്നു.

നന്നായ്ശോധനചെയ്കയാലഭിനവ-
ശ്രീചേർന്നിടുംപഞ്ഞിയും,
വന്നിപ്പോൾഭുവിജാതമായശിശുവിൻ
നല്ലോരുപൂമേനിയും,
ഒന്നായിട്ടുവിടൎന്നുനൽപരിമളം
വീശുന്നരോസ്സുംസദാ
നിന്ദയ്ക്കാസ്പദമായ്വരുംമൃദുലമാ-
മാവസ്തുചിന്തിക്കിലോ.

വൃന്ദ.

മന്ദംമന്ദമടിക്കും
ചന്ദനവനവാതപോതവുംനിയതം,
നന്നായ്മാർദ്ദവമെന്നതി-
ലിന്നതിനേകുന്നുകപ്പമനവരതം.

മ— ആ വസ്തു എന്തായിരിക്കാം? പ്രിയപിതാവേ,

ദു— അല്ലയോ പുത്രി! നിന്റെ അഭ്യുദയത്തിൽ തന്നെയാകുന്നു സദാ എന്റെ ശ്രദ്ധാ,

മ— എന്റെ ജീവകാലം മുഴുവനും ഇവിടുത്തെ പരിചരണത്തിൽ പ്രതിഷ്ഠിതമായാലും അത് ഇവിടേക്ക് എന്റെ പേരിലുള്ള അഗാധമായ സ്നേഹത്തിന്റെ പ്രതിഫലമായി ഭവിക്കയില്ലെന്ന് എനിക്കു സദാപി ഓൎമ്മയുണ്ട്.

ദു— പുത്രി! നിന്റെ വാക്കുകൾ എത്രയും തൃപ്തികരങ്ങളായിരിക്കുന്നു.

അഭിനവഹരിതാഭചേൎന്നമിന്നും
ശുഭകരമായവിരിപ്പുടൻവിരിച്ചു,

പ്രഭവവിഭവമാന്ന്ഭ്രമിതല്ലേ
നിഭൃതമിരുന്നുവസന്തമല്ലസിക്കും. ൨൪

മേദിനിതൻമുഖമതിലതി
മോദമുയൎന്നുംജപാസുമംകാണാം,
മൃദുഭാഷിണിയുടെലജ്ജാ-
കൃതമായകപോലരാഗമതുപോലെ. ൨൩

തുംഗമോദമൊരുപാട്ടുപാട്ടമൊരുഗായ-
കക്ജസമമെത്തിടും
ഭംഗിയുള്ളബഹുബൎഹഭാരമിയലുംവി-
ഹംഗമസമൂഹവും;
അങ്ങുമിങ്ങുമിവനല്പതാംമധുരഗാന-
മോടുഗഗനേപറ-
ന്നിങ്ങുസൎവ്വമനതാരിലുംകുതുകമേറി-
ടുംമധുവരുംവിധൌ. ൨൭

രജനിയിലതിസൌരഭ്യംപരത്തുന്നതാംനിൻ
വിജനഗൃഹമതിൻവാതായനംനോക്കിനോക്കി,
രജതഫലകംപോലേവാനിൽമിന്നുംശശാങ്കൻ
നിജകരമതിനാലേനിന്നെമെല്ലെത്തലോടും. ൨൨

ഇങ്ങിനെ അതിമനോഹരമായിരിക്കുന്ന വസന്തകാലം ആഗമിക്കുമ്പോൾ അല്ലയോ പ്രിയപുത്രി! നിന്റെ വിചാരങ്ങൾ ഏതു നിലയിലായിരിക്കും?

മ—അങ്ങിനെയുള്ള സമയങ്ങളിലെല്ലാം എന്റെ വിചാരങ്ങൾ ഏത്രയും പരിപൂതങ്ങളായിരിക്കും. ഞാൻ

സുമമെന്നപോലെബഹുസൌമ്യനായിട്ടും,
ഹിമദീധിതിക്കുസമശാന്തനായിട്ടും,
വിമലാശയത്തൊടഖിലേശവൈഭവം
ക്രമമായ്സ്തിഹംഗമൊടുകൂടിവാഴ്ത്തിടും. ൨൫

ദു—നിന്റെ മനസ്സു കേവലം സമദുഃഖസുഖമായിട്ടുള്ളതാകുന്നു. അതിനാൽ വധാൎഹനായിരിക്കുന്ന ഒരു ചോരനിൽ അനുകമ്പഹേതു

വായിട്ടു നീ അവനുപകരം മരിക്കുവാൻകൂടി മടിക്കയില്ല. നീ യൌവനയുക്തനായിരിക്കുന്ന ഒരു പുരുഷനാണോ?

ദാഹം, വിശപ്പു, നിശയിങ്കലുറക്കമെന്നീ-
ദേഹത്തിനുള്ളഖിലധൎമ്മമുപേക്ഷചെയ്തു,
മോഹാന്ധരായ്ഗ്ഗുരുജനങ്ങളെയധിക്കരിച്ചു-
ദ്രോഹത്തിനേറിയയുവാക്കൾവലഞ്ഞിടുന്നു. ൪൦

മ—അത്യുത്തമനായ പിതാവേ! അങ്ങയുടെ ആജ്ഞാനുകരണത്തിൽ എനിക്കു പ്രതീപാചരണബുദ്ധിയെ ജനിപ്പിക്കരുതേ.

ഭ—അർദ്ധാംശം ഗുണവാനും അർദ്ധാംശം മന്ദനുമായ ഒരു പുത്രനെക്കാൾ സൎവ്വത്ര പ്രതീപാചരണബുദ്ധിയുള്ള ഒരു പുത്രനായിരുന്നു നല്ലത്.

കത്തിക്കാളുന്നരാഗത്തൊടുനിജദയിതാ-
വാജിനീദശ്നാത്ഥം
തത്തിച്ചാടിത്തിരിച്ചുംകൊടിയമദമൊടാ-
രൂഢനെത്തള്ളിയിട്ടും
എത്തിച്ചേരുന്നധീരൻതുരഗവുമനുരാ-
ഗംവഹിക്കുന്നുചിത്തം
ചത്താലെചെറുംനിനക്കീവകയിലൊരുവികാ-
രംവരാത്തുള്ളതെന്തേ? ൪൧

മ—പിതാവേ! ഇവിടത്തെ ഉപദേശമാഹാത്മ്യം എന്നെ സ്ത്രീവിഷയത്തിൽ വിമുഖനാക്കിയിരിക്കുന്നു.

കീചകകഥയുംദശമുഖ-
നീചനിശാടാഗ്രഗണ്യചരിതമതും,
ശചിയുടെപതിയുടെകഥയും
ശശികഥയുംഞാൻസദാപിയോൎക്കുന്നേൻ. ൪൨

ഭ—കൊള്ളാം. ഇതാണ് ഇപ്പോൾ വിശേഷമായത്.

പാരംബുഭുക്ഷയതിനാലതിഭക്ഷണംചെ-
യ്താരോമരിച്ചുചിലരെന്നൊരുവാൎത്തയാലേ
നേരേതനിക്കുഹിതമായുചിതമായഭോജ്യം
തീരെത്ത്യജിപ്പതിഹമൎത്ത്യനുയുക്തമാമോ? ൪൩

നീ ഇത്ര കഥയില്ലാത്തവനായിത്തീൎന്നുപോയല്ലോ. ഞാൻ ഇനി എങ്ങിനെയാണ് നിനക്കു കഥയുണ്ടാക്കിത്തരുന്നത്?

ഭോഷനായമൂറിവൈദ്യനേകിയൊരുമാത്ര
    തെററിയമരുന്നിനാൽ-
ദ്ദോഷമായിബ്ബഹുഭാഗ്യഹീനനൊരുവൻമ-
    രിച്ചതുനിനച്ചഹോ!
ഇഃഷലെന്നിയെഗദാൎത്തിതീൎപ്പതിനുശേഷി-
    യോടതിവിശേഷമാ-
മൌഷധത്തെയെവനായിട്ടനുഭവനത്തി-
    ലിന്നുവെടിയുന്നവൻ? ൬൪

ഞാൻ ഇനിയും ഒരു യുക്തി പറയാം. മനസ്സിരുത്തി കേൾക്കുക.

സ്ഫീതംവാനിലുയൎന്നതിൻെറവദനം
    ചുംബിച്ചനൽസൌധസ-
ങ്കേതംപാരിലിടിഞ്ഞുവീണുമുകൾകേ-
    ന്ദ്രംതെററിയുണ്ടാകയാൽ,
ഖേദിച്ചായതുകൊണ്ടുമേൽഗ്ഗൃഹമെനി-
    യ്ക്കാകാശമേലാപ്പെഴും
മൈതാനംമതിയെന്നുതൻമതിയിലാ-
    രാനും നിരൂപിക്കുമോ? ൬൫

    വിശ്വാസപാതകമതിന്നൊരുകാതലാണീ
    വിശ്വത്തിൽനിന്ദ്യതരകാമവികാരമാക്കും;
    ആശ്വാസമെന്നതുതരാതെയനല്പദുഃഖ-
    വൈശ്വാനരന്നൊരിരയാക്കിയിരുത്തുമെന്നും. ൬൬

എന്നാൽ പരിപൂതമായ അനുരാഗമോ അങ്ങിനെയല്ല.

    പരനാരീഗമനത്തിന്നു
    കരുതുകയാൽകാമകിങ്കരന്മാരായ്,
    പരവശരായിപ്പോയീ
    പരിതാപംപൂണ്ടുകീചകാദിജനം. ൬൭

അതിപ്രീതാശയമോടും
മതിമുഖിയാളായകന്യയേവേൾപ്പാൻ;
മതിയിൽയുവാക്കൾക്കൊതിപ്പതു
മതിയായുള്ളൊരുകാൎയ്യമാണോൎത്താൽ. ൯൮

അതിനാൽ നിഷ്കളങ്കമായ അനുരാഗം അമൂല്യമായ ഒരു സ്വൎഗ്ഗസമ്മാനമാകുന്നു. ഇങ്ങിനെയുണ്ടാകുന്ന വിവാഹമാകുന്നു വിവാഹം. ഹൃദയമൊന്നായിരിക്കുന്ന വധൂവരന്മാരുണ്ടായാൽ അവൎക്ക് ഒരു സങ്കടവും സങ്കടമല്ല.

ഈലോകപാന്ഥനുവിവാഹമനല്പസൌഖ്യ-
മൂലംനിനയ്ക്കിലതിനില്ലവികല്പമല്പം;
കാലംപിഴച്ചുവരുമാൽപിണയുന്നതാകി-
ലാലംബനംദയിതതൻഭുജകല്പവല്ലീ. ൯൯

മ—പ്രിയപിതാവേ! ഞാൻ ഏതൊരു യുവതിയെയാണ് സ്നേഹിക്കേണ്ടത്?

ദ—ഞാൻ പറയാം. എന്നാൽ സന്തോഷാധിക്യംകൊണ്ട് എന്തെന്നില്ലാതെ ഭവിച്ചുപോകരുത്. ആ യുവതിയുടെ രൂപലാവണ്യത്തെ വൎണ്ണിക്കുവാൻ ശേഷനുംകൂടി ശേഷിയാകുന്നതല്ല.

നീരിൽത്താരിനുവൻതപസ്സിനിടയാ-
ക്കിത്തീൎത്തനേത്രങ്ങളും
താരമ്പനുടെവില്ലിനായധവള-
ച്ചുള്ളൊരുനൽചില്ലിയും
നീരിൽശംഖമൊളിപ്പതിന്നുവഴിയാ-
ക്കിത്തീൎത്തകണ്ഠാഭയും
നേരായംബരതുല്യമാകുമരയും
ചേരുംകുമാരീയവൾ. ൧൦൦

മുല്ലമുകുളങ്ങളൊടിടഞ്ഞുപടതല്ലും
പല്ലുമഴകുള്ളതിലപുഷ്പസമമൂക്കും,
കല്ലുമലിയുന്നവിധമുള്ള ചിലനോക്കും
ചൊല്ലുവതിനുള്ളപണിചില്ലറയുമല്ല. ൧൦൧

സുന്ദരിമുഖാബ്ജയുടെഭംഗികരുതുമ്പോൾ
ചന്ദ്രനുവിശേഷവിധിയെന്തുകളങ്കം
ഇന്നിവളിൽനിന്റെമനതാരഴിയുമെങ്കിൽ
പിന്നെവലുതായസുഖമില്ലഭുവനത്തിൽ. ൧൦൨

മ—(ആത്മഗതം) ഇങ്ങിനെയുള്ള ലാവണ്യാതിശയങ്ങൾ എന്റെ സ്വപ്നസാധാരയ വിഷയങ്ങളല്ലാതെ ഈ കുന്തളത്തിൽ മറ്റാർക്കുമുള്ളതായി ഞാൻ അറിയുന്നില്ല. ആരെങ്കിലുമാകട്ടെ. (പ്രകാശം) ഞാൻ വിവാഹം കഴിക്കേണമെന്നാണ് അച്ഛന്റെ അഭിലാഷമെങ്കിൽ ഇതാ ഇപ്പോൾതന്നെ ഒരുങ്ങിയിരിക്കുന്നു.

താന്നകുലത്തിൽജനിച്ചവ-
ളെന്നിഹവന്നാലുമച്ഛനരുൾചെയ്താൽ
ചെന്നുടനവളുടെകരതാ-
രെന്നുടെകരതാരിലാക്കിഞാൻവേൾക്കാം. ൧൦൩

ദു—അല്ലയോ പ്രിയപുത്ര! നീ അങ്ങിനെ വിചാരിക്കേണ്ട. ഞാൻ ഒരിക്കലും അനുരൂപമല്ലാത്തവിധത്തിൽ ആവശ്യപ്പെടുകയില്ല.

സാധാരണയുള്ളവളെയു-
മാധാരംവിട്ടുതാണയുവതിയെയും
സാധുമതേ!ഞാൻനിന്നുടെ
സാധുവധൂരത്നമാക്കുവാൻനോക്കാ. ൧൦൪

നിനക്കു കർണ്ണാമൃതമായിരിക്കുന്ന വർത്തമാനം ഞാൻ പറയാം, കേട്ടാലും.

പൌരുഷമൊട്ടുനടിയ്ക്കുണ-
മുരുരസമായുള്ളസേവയുംവേണം;
വരുമെന്നാൽതവകരമതി-
ലരിയൊരുനൃപപുത്രിചമ്പകംനൂനം. ൧൦൫

മ—ചമ്പകമോ?

ദു—അതേ, ചമ്പകം തന്നെ.

മ—നമ്മുടെ മഹാരാജാവിന്റെ പുത്രിയോ?

ദു—അതെ. നീയെന്താണ് ആ യുവതിയുടെ പേരു കേൾക്കുന്ന മാത്രയിൽ ഞെട്ടുന്നത്?

മ — ഞാൻ ആ യുവതിയെ സ്നേഹിക്കേണമെന്നോ അച്ഛൻ കല്പിക്കുന്നതു്?

ദ — അതേ നിന്റെ യൌവനത്തിന് എത്രയും അനുരൂപമായിരിക്കുന്ന വിധത്തിൽത്തന്നെ.

മ — അല്ലയോ പ്രിയപിതാവേ! ഇവിടന്നു കാൎയ്യമായിട്ടുതന്നെയോ ഇങ്ങിനെ കല്പിക്കുന്നതു്?

ദ — അതേ മദന! ഞാൻ നിന്റെ മാതാവിനെ വിവാഹം ചെയ്തതു എത്ര കാൎയ്യമായിട്ടോ അത്രയും കാൎയ്യമായിട്ടുതന്നെ.

മ — ഞാൻ അച്ഛന്റെ ആജ്ഞയെ ഇതുവരെ അനുസരിക്കാതെ ഇരുന്നിട്ടില്ല. ഇപ്പോൾ അതിനിടയായല്ലൊ എന്നു വിചാരിച്ചു ഞാൻ വളരെ വ്യസനിക്കുന്നു.

ദ — എട! മടയ! നീ ഇത്ര ബുദ്ധിഹീനനായി കഷ്ടം! വ്യാകുലപ്പെടുന്നുവല്ലൊ.

മ — പ്രിയപിതാവേ! കേൾക്കു ഇവിടത്തെ കല്പന എന്തുതന്നെയായിരുന്നാലും.

കഷ്ടം!കുറുനരിയൊരുമൃഗ-
രാട്ടിൻസുതയെക്കൊതിക്കുമോവേൾക്കാൻ?
കോട്ടമകന്നിരുൾനീക്കാൻ
കഷ്ടം!മിന്നാമിനുങ്ങുമതിയാമോ? ൰൩

ചമ്പകമെവിടേ?കമ്പും
തുമ്പുംതിരിയാത്തഞാനുമിന്നെവിടെ?
കമ്പംകാക്കക്കുളിച്ചാ-
ലമ്പൊടുകൊക്കായിടുന്നപതിവുണ്ടോ? ൰൪

ചമ്പകം എന്നെപ്പോലെയുള്ള ഒരു മന്ദബുദ്ധിയായ മനുഷ്യപ്പുഴുവിനു വിചാരിക്കുവാൻകൂടി വയ്യാത്ത നിലയിലുള്ള ഒരു ദിവ്യകന്യകയാകുന്നു. ഈ വിശിഷ്ടയുവതിയുടെ പിതാവിന്റെ പ്രജകളിലൊരുവനാകുന്നു ഞാൻ. ഈ സ്ത്രീരത്നത്തിന്റെ വരനായി വരുവാൻ എനിക്കു യാതൊരു യോഗ്യതയുമില്ല. അസംബന്ധം ഒരിക്കലും സംബന്ധമാകാതെ ഈശ്വരൻ കടാക്ഷിക്കട്ടെ.

ദ — (ആത്മഗതം) ഉദ്ദേശത്തെ ഗ്രഹിപ്പിക്കാതെ ഒരുവനെ ഒരു വഴിയിൽക്കൂടി കൊണ്ടുപോകുവാൻ ബഹു പ്രയാസം. എന്നാലും എന്റെ അഭിലാഷത്തെ ഇവനെ ധരിപ്പിക്കുവാൻ കാലമായിട്ടില്ല.

(പ്രകാശം) മദന! ഏതു കാര്യവും നല്ലവണ്ണം ആലോചിച്ചേ പ്രവൃത്തിക്കാവൂ. അതിനാൽ ഞാൻ നിനക്കു ധാരാളം ഇട തരുന്നു. ദുസ്സാദ്ധ്യമായി തോന്നുന്ന ഈ കാര്യത്തിൽ ഞാൻ നിനക്കു സമ്പൂർണ്ണവിജയത്തെ ആശംസിക്കുന്നു.

മ—ഞാൻ സദാ കർത്തവ്യകർമ്മാനുഷ്ഠാനത്തിൽ ജാഗരൂകനായിരിക്കും.

വിഷയ പ്രവേശിക്കുന്നു.

ദു—(ആത്മഗതം) ഇതാ എന്റെ പ്രിയപുത്രിയായ വിഷയ വരുന്നു.

മത്തേഭഗാമിനിയിവൾക്കനുരൂപനാകും
ഭർത്താവിനെത്തിരയുവാൻതരമായതില്ല;
ഉൾത്താരിലിങ്ങിതുനിനച്ചതിയായഖേദ-
മെത്തുന്നുഷോഡശവയസ്സുകഴിഞ്ഞുപോയി. ഫാവ്വ

ഇത് എന്റെ കുററംതന്നെയാകുന്നു, സംശയമില്ല. കാലം അതിക്രമിച്ചിരിക്കുന്നു, അതിനാൽ ഈ കാര്യം ഇനി വേഗം ഉത്സാഹിച്ചു സാദ്ധ്യമാകണം (പ്രകാശം) വത്സേ! വരൂ, ഞാൻ ചന്ദനാവതിയിലേക്ക് ഒന്നു പോയി വരുന്നതിനു വിചാരിക്കുന്നു. അതിലേക്കു നീ എനിക്ക് അല്പദിവസത്തെ ഇട തരുമോ? ഞാൻ അവിടെനിന്ന് എന്താണു നിനക്ക് അയച്ചുതരേണ്ടത്? അല്ലെങ്കിൽ എന്താണു കൊണ്ടുവരേണ്ടത്? നീ എന്താണു മൌനമായിരിക്കുന്നത്? സംസാരിക്കുക. നീ എന്താണു വിചാരിക്കുന്നത്? ഈ ലജ്ജാവികാരങ്ങളെല്ലാമെന്തിനാണ്? ഇവയാകുന്നുവോ ചോദിക്കുന്നതിന്റെ മറുപടികൾ? ആവശ്യമുള്ളതു പറയാം. എന്തുതന്നെയായാലും വേണ്ടതില്ല, പെൺപുലിപ്പാലോ സമുദ്രത്തിൽ അഗാധത്തിലിരിക്കുന്ന ഏററവും ദുർല്ലഭവസ്തുവോ വേണമെന്നുണ്ടെങ്കിൽ കൊണ്ടുവന്നു തരാം. ഞാൻ നിന്റെ ആഗ്രഹം സാധിച്ചില്ലെങ്കിൽ ഇനി മേലാൽ നീ എന്നെ അച്ഛൻ എന്നു വിളിക്കേണ്ട.

വിഷയ—കാരുണ്യമതിയായ പിതാവേ! ഭൂമിയിൽ സുലഭമായി കിട്ടുന്ന വസ്തുക്കളെക്കൊണ്ടു തൃപ്തിപ്പെടാതെ ഇരിക്കത്തക്കവണ്ണം എന്റെ മനസ്സിൽ ഒരത്യാഗ്രഹമുണ്ടായിട്ടില്ല. പിന്നെ പ്രകൃത്യാ നമുക്കു ശത്രുവായിരിക്കുന്ന ഒരു ഭയങ്കരവന്യമൃഗത്തിന്റെ പാൽകൊണ്ടു സുഖപ്പെടുത്തുവാനുള്ള ഒരു ദീനവും എന്റെ ശരീരത്തിനുമില്ല.

ദു—നമ്മുടെ മഹാരാജാവിന്റെ പുത്രിയായ ചമ്പകത്തിന്റെ തട്ടാൻ ഏററവും നവീനമായ സമ്പ്രദായത്തിൽ വളരെ മോടിയുള്ള വല്ല ആഭരണവിശേഷവും ചമ്പകത്തിനുണ്ടാക്കിക്കൊടുത്തിട്ടുണ്ടോ? സ്ത്രീകൾക്കു സഹജമായ സ്വഭാവത്തെ അനുസരിച്ചു നിനക്കും അങ്ങിനെയുള്ള ഒരു ആഭരണം വേണമെന്നുണ്ടോ? വേണമെന്നുണ്ടെങ്കിൽ ഞാൻ നിശ്ചയമായിട്ടും ഉണ്ടാക്കിച്ചുതരാം.

വി—കങ്കണം, ഹാരം, അംഗുലീയകം, വിശേഷപ്പെട്ട അംഗരക്ഷ, സുവർണ്ണപടം എന്നിങ്ങിനെയുള്ളവകളിൽ എനിക്കു വളരെ താല്പര്യമുള്ള കാലമുണ്ടായിരുന്നു. ഇത് എങ്ങിനെ പൊയ്പോയെന്ന് എനിക്കറിഞ്ഞുകൂടാ. എനിക്കിപ്പോൾ ഈ വകയിലൊന്നും ആഗ്രഹമില്ല. ഇപ്പോൾ എന്റെ ശരീരത്തിലുള്ള ആഭരണങ്ങൾ തന്നെ എനിക്കു വലിയ ഭാരമായി തോന്നുന്നു.

ദു—വത്സേ! നീ നമ്മുടെ തത്തകളുടെ സംസാരം കേട്ടു രസിക്കുവാൻ അവയുടെ അടുക്കലേക്കു പോകാറില്ലേ? അവയുടെ സംസാരം നിന്റെ സമയത്തെ രസകരമാകുംവണ്ണം നയിക്കുമല്ലോ.

വി—അവയുടെ സംസാരം ദുസ്സഹംതന്നെ. എന്റെ കഥയില്ലാത്ത സഖിയാണ് അവയെ ഇങ്ങിനെ സംസാരിക്കുവാൻ പഠിപ്പിച്ചിരിക്കുന്നത്. ഇവ എല്ലായ്പോഴും ശൃംഗാരവിഷയമായിട്ടേ സംസാരിക്കുന്നുള്ളു. അവ തങ്ങളുടെ ആൺപക്ഷികളെ മധുരകൂജിതങ്ങളെക്കൊണ്ടു വിനോദിപ്പിക്കുന്നതും പാട്ടു പാടുന്നതും എല്ലാം ശൃംഗാരമായ വിധത്തിൽത്തന്നെ. പിന്നെ അവ

കല്യാണംതരമാസ്സുഴിഞ്ഞുതരുണീ-
　　രത്നത്തിനുണ്ടായിടും
നല്ലാമോദവുമല്ലൽവിട്ടുവരനോ-
　　ടുള്ളോരുസല്ലാപവും
മെല്ലെന്നുള്ളോരപാംഗദർശനവുമോ-
　　രോന്നീവിധംഗാനമായ്-
ച്ചൊല്ലുംഞാനരികത്തുചെല്ലുകിലുടൻ
　　ദൂരത്തുപോവോളവും

ഹാൻ

ദു—എന്നാൽ വേറെ പക്ഷികളെ ഞാൻ നിനക്കു വരുത്തിത്തരാം.

വി— അതു വേണമെന്നില്ല, അങ്ങിനെ ചെയ്യുന്നതുകൊണ്ടു ഗുണമൊന്നുമില്ല.

മുമ്പേപിറക്കുമ്പൊളുള്ളൊരുകാതും
പിമ്പേമുളയ്ക്കുന്നകൊമ്പുംനിനച്ചാൽ
അമ്പോടുകാതിങ്കലല്ലോമൃഗത്തിൽ
സമ്പ്രീതിയെന്നുണ്ടുചൊല്ലൊന്നുപണ്ടേ. ൧൮൦

ഈ പഴമൊഴി അച്ഛൻ ധരിച്ചിട്ടുണ്ടായിരിക്കുമല്ലോ. അതിനാൽ നമുക്ക് മുമ്പുള്ളതു തന്നേ മതി.

ദു— വത്സേ! ഞാൻ എന്തു ചെയ്യേണമെന്നാണ് നീ ആഗ്രഹിക്കുന്നത്?

വി— ഇവിടേക്ക് രാജ്യവിഷയമായിട്ടുള്ള പരിശ്രമാധിക്യംകൊണ്ടു സ്വകാര്യങ്ങളിൽ മനസ്സു വെക്കുവാൻ തരമില്ലാതേ പോകുന്നുവല്ലോ.

ദു— (ആത്മഗതം) പ്രിയപുത്രിയുടെ മധുരമായ ശകാരത്തിനു ഞാൻ അർഹൻ തന്നെ. ഇവളുടെ സൌമ്യങ്ങളായ സൂചകങ്ങളുടെ ആന്തരം എനിക്കു ധാരാളം മനസ്സിലാകുന്നുണ്ട്. വിവാഹകാര്യത്തിൽ ഇവളുടെ സഹോദരൻ തീരെ വിമുഖനാകുന്നു. എന്നാൽ ഇവളോ വളരെ ഉത്സുകയായിട്ടും കാണപ്പെടുന്നു. (പ്രകാശം) പ്രിയപുത്രി! ഞാൻ ശ്രദ്ധവെക്കാത്തതിനാൽ നിനക്കു ദുഃഖകാരണമായിരിക്കുന്ന സ്വകാര്യമെന്താണെന്നു വിശദമായി പറഞ്ഞാലും. ഞാൻ ക്ഷണത്തിൽ ആ കാര്യം സാധിപ്പിക്കാം.

വി— (ആത്മഗതം) വിശദമായിട്ടോ? അതൊരിക്കലും പാടുള്ളതല്ല. ഞാൻ ഓരോരോ ഉപമകളെ ഉണ്ടാക്കി സംസാരിക്കും. വലിയ രാജ്യഭാരം വഹിക്കുവാൻ ത്രാണിയുള്ള പിതാവിനു തന്റെ പുത്രിയുടെ അന്തർഗ്ഗതങ്ങളെ മനസ്സിലാക്കുവാൻ ബുദ്ധി പോരാതെ വരുന്നതല്ല.

(ലജ്ജയോടുകൂടി പ്രകാശം)

പുത്തൻതേൻകുമ്പിടുംമട്ടധികമധുരമേ-
ന്തുന്നനന്മാമ്പഴത്തിൻ-
വിത്തൊന്നെന്നുമ്മറത്തായ്ഫലതരുനികരം
ചേരുമുദ്യാനമദ്ധ്യേ,

പ്രീത്യാഞാൻ നട്ടുശുശ്രൂഷകളനവധിചെ-
യ്തിട്ടുനാലായിവഷം
മുത്തേകുന്നോരുമാന്തയ്യിതുപലഫലപോ-
തങ്ങളെപ്പേറുകൂട്ടം. ൧൧൧

പ്രായംവന്നതികഞ്ഞുപൂത്തുഫലമു-
ണ്ടാകുന്നതിൻമുമ്പിൽനാം
മായംവിട്ടുവിവാഹകമ്മമഖിലം
ചെയ്യേണമിത്തയ്യിനും
ന്യായംതന്നെയെനിയ്ക്കൊരുത്സവമിതെ-
ന്നെൻതാതനോത്തിന്നുന-
ന്നായിട്ടാജ്ഞവിശേഷമായിതുനട-
ത്തീടാൻകൊടുത്തീടണം. ൧൧൨

മന്ദംമന്ദംചലിയ്ക്കുംപവനനുഴറിട്ട-
മ്പോളിതിന്നഗ്രഭാഗം
തന്നിൽചാഞ്ചാടിയാടുംതളിരുകളകമേ
ശങ്കയുണ്ടാക്കിടുന്നു;
തോന്നുന്നൂതനൃിതൻകൈവിരലുകളെയിള-
ക്കംപ്രിയാഹ്വാനമെന്നോ
നന്ദ്യാതൻരക്ഷചെയ്യോർകളെയരികിൽവരാ-
നായ്വിളിയ്ക്കുന്നതെന്നോ. ൧൧൩

ദു— നീ നട്ടുവളത്തിയ ഈ മാവിൻതയ്യിൻെറ വിവരണം ബഹുരസമായിരിക്കുന്നു. ആട്ടെ ഞാൻ എന്താണ് ചെയ്യേണ്ടത്?

വി— വേണ്ടതെന്താണെന്നു പറവാൻ ആ മാവിൻതയ്യിനു സാധിയ്ക്കുമോ? അതൊരു തയ്യാകുന്നതുകൊണ്ട് അതിനൊരു വിചാരവുമില്ലെന്നു വിചാരിച്ചുകൂടാ. ഉള്ളിലുള്ള വിചാരങ്ങളെ പുറത്തു പറവാൻ കഴിയാത്തവക്കാകുന്നു അധികം ദുഃഖമുള്ളത്.

ദു— നീ ഈ മാവിൻചെടിയെ ഇത്ര വളരെ സ്നേഹിക്കുന്നതിനാലും അതിൻെറ ശ്രേയസ്സിനായി യത്നിക്കുന്നതിനാലും അതു വളരെ ഭാഗ്യമുള്ളതു തന്നെ.

വി— പ്രിയപിതാവേ! ഞാൻ കാര്യമായിട്ടാണ് പറയുന്നത്. ഒരു കൊല്ലത്തിനകത്ത് ഇതു കാര്യം. അപ്പോഴ് എൻെറ സന്തോഷ

മെന്തായിരിക്കും? വളരെ കാലമായിട്ടുള്ള എന്റെ പ്രതീക്ഷ സഫലമാകുമല്ലോ. അതിനാൽ പതിവുള്ള വിവാഹകൎമ്മങ്ങളെല്ലാം ഈ മാവിൻതയ്യിനു ചെയ്യുവാൻ കാലമായിരിക്കുന്നു.

ദു— കൊള്ളാം. ആ മാവിൻ തയ്യ് ഇപ്പോൾ തന്നെ വിവാഹദശയിൽ പ്രവേശിക്കട്ടേ. മദന! നീ ഇന്നു തന്നെ അതിനു വേണ്ടുന്ന ഒരുക്കങ്ങൾ എല്ലാം ചെയ്ത് ആ ക്രിയ വിഷയയുടെ ഇഷ്ടംപോലെ നടത്തിക്കൊടുക്കണം. ഞാൻ വിചാരിച്ചതിലധികം ഇവിടെ താമസിച്ചുപോയി. ഇനി താമസിക്കുവാൻ തരമില്ല. എന്റെ പ്രിയപ്പെട്ട കുട്ടികളേ നിങ്ങൾക്ക് സുഖം ഭവിക്കട്ടെ (എന്നു പോയി. മദനനും പിന്നാലെ പോയി).

വി— (ആത്മഗതം) കഷ്ടകാലമെല്ലാമെനിക്കു തന്നെ. അതിനിപ്പോളെന്തു നിവൃത്തി? ഞാൻ എന്താണ് പറഞ്ഞത്? ഞാൻ വല്ലതും പറഞ്ഞോ? ഈ ജഡമായ മാവിൻ തയ്യിനു വേണ്ടിയെന്നപോലെ ഞാൻ തുറന്നു പറഞ്ഞുപോയി. കന്യകയായിരിക്കുന്ന എനിക്ക് ഇതൊട്ടും തന്നെ യുക്തമായില്ല. എന്നാൽ പറഞ്ഞതുകൊണ്ടു വല്ല ഫലവുമുണ്ടായോ അതുമില്ല. ഞാൻ പറഞ്ഞതിന്റെ സാരം യഥാൎത്ഥമായി അച്ഛൻ ഗ്രഹിച്ചുവെന്നും തോന്നുന്നില്ല. അതിനു തരമില്ലല്ലോ. അദ്ദേഹത്തിന്റെ മനസ്സിൽ എല്ലായ്പോഴും വലിയ രാജ്യകാൎയ്യങ്ങൾ തിക്കിത്തിരക്കിക്കൊണ്ടിരിക്കുന്നു. എനിക്ക് അൎത്ഥഗൎഭമുള്ള ഉപമകളിൽ സംസാരിക്കുവാനേ തരമുള്ളൂ. ഞാൻ എത്രനാൾ ഇങ്ങിനെ ദുഃഖിക്കേണ്ടിവരും? എന്റെ വിധി ഇങ്ങിനെ ആയല്ലോ!

(കമല പ്രവേശിക്കുന്നു.)

കമല— സഖി വിഷയേ! അമ്മ ഭവതിയെ വിളിക്കുന്നു. എന്താണു തനിച്ചിരുന്ന് ഇത്ര വളരെ ആലോചിക്കുന്നത്? അയ്യോ! ഈ മുഖാംബുജം വെയിലത്തു പറിച്ചിട്ട താമരപ്പൂപോലെ വാടിയിരിക്കുന്നതെന്താണ്?

നീ ... കുഴലഴിഞ്ഞ

കണ്ടിട്ടന്നു, നവകേതകീസുമസമാന-
മേനിമലിനാഭമാം;
യിണ്ടലെന്തുതവകാരണംകഥയകാമി-
നീകുലകലാപമേ!  ൧൧

അച്ഛൻ കളിന്ദരാജസന്ദൎശനത്തിനായി പോകുന്നതുകൊണ്ടാ
യിരിക്കുമോ ഭവതി ദുഃഖിക്കുന്നത്? രാജ്യകാൎയ്യങ്ങളെ ഒതുക്കി അദ്ദേ
ഹം വേഗത്തിൽ വരുമല്ലോ.

വി—എന്റെ വിഷാദകാരണം നീ ശരിയായി മനസ്സിലാക്കീട്ടില്ല. എന്റെ വിചാരമെല്ലാം ഞാൻ വളരെ കൌതുകമായി വളൎത്തി ക്കൊണ്ടുവരുന്ന ആ മാവിൻതയ്യിനെ പററിയാകുന്നു. അതിനു ചെയ്യേണ്ടതായിരിക്കുന്ന വിവാഹകൎമ്മങ്ങളെ അച്ഛൻ ഇത്ര താമസിപ്പിച്ചതുകൊണ്ട് എനിക്കു വളരെ ദുഃഖമുണ്ട്. ഇതാകുന്നു സൂക്ഷ്മത്തിൽ എന്റെ ദുഃഖകാരണം.

ക—(പുഞ്ചിരിയോടുകൂടി) ഇപ്പോഠം എനിക്കു ദുഃഖകാരണമെല്ലാം മനസ്സിലായി. യൌവനം പരിപൂൎണ്ണമായി വിവാഹം കഴിയാതെ യിരിക്കുന്ന ഭവതിക്ക് ഇതു യുക്തംതന്നെ. എന്നാൽ ഭവതി വിചാരിക്കുംപോലെ പിതാവ് ഈ കാൎയ്യത്തിൽ തീരെ വിമുഖനല്ല. ഇപ്പോളുള്ള ഈ യാത്രതന്നെ ഇതിനുവേണ്ടിയല്ലെന്ന് ആരറിഞ്ഞു.

വി—ഛീ! നീ കാൎയ്യങ്ങളെ അറിയുന്നുണ്ടെങ്കിലും വേണ്ടതിലധികം വിശ്വസിച്ചുപോകുന്നു. ആട്ടെ വരിക, അമ്മ എനിക്കുവേണ്ടി കാത്തിരിക്കയായിരിക്കും. നമുക്കു വേഗം ചെല്ലുകതന്നെ.

(എന്നു രണ്ടുപേരും പോയി.)

ഇങ്ങിനെ രണ്ടാമങ്കം കഴിഞ്ഞു.

## മൂന്നാമങ്കം.

ഒന്നാംരംഗം—ചന്ദനാവതി, ഒരു രാജവീഥി, (രണ്ടു നാളികേരങ്ങളോടുകൂടി ഒരു കൂലിക്കാരനും ഒരു പൊല്ലീസ്സു ശിപായിയും പ്രവേശിക്കുന്നു.)

ശി—എടകള്ള! അവിടെ നില്ക്കു് നീ എങ്ങോട്ടാണു പോകുന്നത്!

കൂ—(ഓടിക്കൊണ്ട്) അയ്യോ അടിയനെ ശങ്കിക്കരുതേ. അടിയനു പോയേ കഴിയു.

ശി—നിന്നെ ശങ്കിക്കയോ? എന്താണ് നീ പറയുന്നതിന്റെ താല്പ
ര്യ്യം? എടകള്ള! അവിടെ നില്ക്കു്.

കു—ഈ നാളികേരങ്ങൾ അടിയൻ കട്ടവയല്ല. ആ പീടികക്കാര
നോടു ചോദിച്ചാലറിയാം. അടിയൻ ഇടങ്ങഴി നെല്ലു കൊടു
ത്താണ് ഇവയെ വാങ്ങിയത്.

ശി—അതിപ്പോൾ ആൎക്കാണ് അറിയേണ്ടത്? എടകള്ള! നിന്നോ
ടവിടെ നില്ക്കാനല്ലെ പറഞ്ഞത്? ഇനി ഒരടിവെച്ചാൽ നീ ച
ത്തു (പിടിച്ചുനിൎത്തുന്നു)

കു—അയ്യോ! ദയയുണ്ടായിട്ട് അടിയനെ വിട്ടയക്കണേ. വേണമെ
ങ്കിൽ ഈ നാളികേരത്തിൽ ഒന്നെടുത്തോളു.

ശി—എനിക്കു നിന്റെ നാളികേരങ്ങൾ വേണ്ട. അതുരണ്ടും താഴെ
യിട്ട് അവിടെ നില്ക്കു്.

കു—വേണമെങ്കിൽ രണ്ടും എടുത്തോളു. അടിയനെ വിട്ടയച്ചാൽ മ
തി. (നാളികേരങ്ങൾ താഴെ എറിഞ്ഞ് ഒളിച്ചോടുവാൻ ഭാവി
ക്കുന്നു.)

ശി—(കൈക്കു കടന്നുപിടിച്ചു.) അനങ്ങിയാൽ കണ്ടിട്ടുണ്ട്. നീ എ
ന്തിനാണ് പിറയ്ക്കുന്നത്? നിന്നെക്കൊണ്ട് അല്പം സ്ക്കാരുപണി
എടുപ്പിക്കുവാനുണ്ട്. അത്രെയുള്ളു.

കു—അയ്യോ! ഇപ്പോൾ അടിയനെ വിട്ടയയ്ക്കണേ. അടിയന്റെ പെ
ൺപിറന്നോൾക്ക് ഒരു ദേവതയുടെ ഉപദ്രവമാണ്. അര മണിക്കു
റോളം അടിയൻ അടിയന്റെ കുപ്പമാടത്തിൽനിന്നു പുറത്തുപോ
യാൽ ഈ ദേവതയുടെ ഉപദ്രവം കലശലായിത്തുടങ്ങും. ആ പെ
ൺപിറന്നോരുടെ കഴുത്ത് ഒരു ആനക്കാലുപോലെ വലുതാകും.
പിന്നെ വല്ല കിണററിലും ചാടിക്കളയും.

ശി—നീ അതുകൊണ്ടു ഭയപ്പെടേണ്ട. നിന്റെ വീട്ടിൽ ആരെങ്കിലു
മുണ്ടാകും. അവർ ആ ദേവതയെ ഒരു ചൂൽകൊണ്ടടിച്ചു പുറ
ത്താക്കും.

കു—അയ്യോ! അടിയനെ താമസിപ്പിക്കരുതേ! ഇപ്പോൾതന്നെ അ
ടിയന്റെ കുപ്പമാടത്തിൽ പ്രസവിച്ച ഒരു പശുവിന്റെ ആവശ്യ
ത്തിലേക്കാണ് അടിയൻ ഈ നാളികേരങ്ങൾ വാങ്ങിയത്. അടി
യന് അവിടെ എത്തുവാൻ വൈകി.

ശി—നീ എന്തറിഞ്ഞു? പശുവല്ല പ്രസവിച്ചത്. ഒരു കാളയാണു പ്രസവിച്ചത്. ഈ പട്ടണത്തിലുള്ളവരെല്ലാവരും അതു കാണ്മാൻ പോകുന്നുണ്ട്. അവർ വേണ്ടതുപോലെ ചെയ്തുകൊള്ളും.

കു—അയ്യോ! അയ്യോ! അടിയൻെറ അടിയുറച്ചു നില്ക്കുന്നില്ല. (വീഴുന്നു)

ശി—(അടുത്തു ചെന്നു സൂക്ഷിച്ചു നോക്കീട്ട്) സാധു മോഹാലസ്യപ്പെട്ടപോലെ കാണപ്പെടുന്നു. കുറെ തണുത്ത വെള്ളം ഇവൻെറ മുഖത്തൊഴിച്ചുനോക്കട്ടെ. എന്നാൽ മോഹാലസ്യം തീരും. (കുറെ തണുത്ത വെള്ളം അവൻെറ മുഖത്തൊഴിക്കുന്നു.)

കു—(കണ്ണുമിഴിച്ചു) തമ്പുരാനെ! മതി മതി. അടിയനു സുഖമുണ്ട്.

ശി—തണുത്ത വെള്ളം നിൻെറ ദീനത്തിന്നു തക്ക മരുന്നുതന്നെ.

കു—തമ്പുരാനേ! അടിയനു വയററിൽ വല്ലാതെ ഒരു വേദനയുണ്ട്.

ശി—ഇതു കണ്ടുപിടിക്കുവാൻ പ്രയാസമായ ഒരു ദീനംതന്നെ. അതുകൊണ്ട് ഇതുണ്ടെന്നോ ഇല്ലെന്നോ പറയുവാൻ എനിക്കു സാധിക്കയില്ല. എങ്കിലും അതിനു നല്ല മരുന്നുണ്ട്. നിൻെറ പുറത്തു നല്ലതായി നാലിടി ഇടിച്ചാൽ മതി. എഴുനീററു നേരെ നില്ക്ക്. (പിടിച്ചെഴുനേല്പിച്ചു നേരെ നിർത്തുന്നു)

കു—അയ്യോ! പൊന്നുതമ്പുരാനെ! ഇടിക്കല്ലെ. അടിയന് ഇപ്പോൾ വളരെ ആശ്വാസമുണ്ട്. അടിയനെക്കൊണ്ടു തമ്പുരാന് എന്താണ് ആവശ്യമുള്ളത്?

ശി—ഇതാ. ഈ പണമെടുത്തോ. (അല്പം ദ്രവ്യം കാണിക്കുന്നു.)

കു—അടിയൻ അതൊരിക്കലും എടുക്കുന്നതല്ല. ഉദ്യോഗസ്ഥന്മാരായ തമ്പുരാക്കന്മാരുടെ ഉപായങ്ങളെല്ലാം കുറേശ്ശെ അടിയനും അറിയാം.

ശി—എട കഴുതേ! എന്താണു നീ പറയുന്നതിൻെറ സാരം.

കു—അത് അടിയൻ പറയാം. കഴിഞ്ഞ കൊല്ലത്തിൽ അടിയൻെറ അയൽവക്കക്കാരൻെറ നാത്തൂൻെറ അനുജൻെറ അടുക്കൽ ഒരു പൊല്ലീസ്സുശിപായി വളരെ സ്നേഹഭാവത്തോടുകൂടി വന്നു. വഴിയിൽവെച്ചു നടന്നതായ ഒരു കവച്ചുകേസ്സിൻെറ തുമ്പുണ്ടാക്കുവാൻ അയാൾക്കു സാധിച്ചില്ലെന്നും അതിനാൽ അയാൾക്കു വള

ന്റെ പോരായ്മയും അവമാനവും നേരിട്ടിരിക്കുന്നു എന്നും അതിലേക്ക് അവൻ ഒരു സഹായം ചെയ്യുമെങ്കിൽ മതിയായ പ്രതിഫലം അവനു കൊടുക്കാമെന്നും പറഞ്ഞു. താൻ എന്തൊരു സഹായമാണു ചെയ്യേണ്ടതെന്ന് ആ സാധുവായ ചെറുപ്പക്കാരൻ ചോദിച്ചപ്പോൾ ഈ ശിപായി അവന്റെ പക്കൽ ഒരു ഉറുപ്പിക കൊടുത്തു. 'നീ ഈ ഉറുപ്പിക കൈവശം വെച്ചുകൊള്ളണം. നിന്നെ പൊല്ലീസുകാരു വന്നു പിടിച്ചു വിസ്തരിക്കുമ്പോൾ നീ കട്ടതു വാസ്തവമാണെന്നും ആഭരണങ്ങളെല്ലാം ഉരുക്കി വിററുപോയി എന്നും ഈ ഉറുപ്പികയല്ലാതെ മററെല്ലാം ചിലവായിപ്പോയി എന്നും പറഞ്ഞാൽ മതി. അവർ നിന്നെ കുറച്ചു ദിവസം തടവിൽ പാർപ്പിച്ചു വിട്ടയയ്ക്കും. അതു കഴിഞ്ഞു വന്നാൽ നിന്റെ കുടുംബത്തെ പുലർത്തുവാൻ തക്ക ധനം ഞാൻ നിനക്കു തരാം.' എന്നിങ്ങിനെ പറഞ്ഞു സാധുവിനെ വിശ്വസിപ്പിച്ചു, പറഞ്ഞപ്രകാരം ചെയ്യിച്ച് ഇങ്ങിനെ കുററം എളുപ്പത്തിൽ തുമ്പുണ്ടാക്കി. ആ ശിപായിക്കു സർക്കാരിൽനിന്ന് അമ്പതുറുപ്പിക ഇനാം സിദ്ധിച്ചു. ആ പാവപ്പെട്ട കഴുതക്കു അഞ്ചു കൊല്ലത്തെ കഠിനതടവും ലഭിച്ചു.

ശി—എട! നീ അങ്ങിനെ ഒന്നും ഭയപ്പെടേണ്ട. നീ ചെയ്വാനുള്ള വേലയുടെ കൂലിയാണ് ഞാൻ മുൻകൂട്ടി തരുന്നത്.

കു—തമ്പുരാൻ വളരെ ദയാലുതന്നെ. അടിയനു പരിചയംകൊണ്ടു പലതും അറിയാം. ചിലപ്പോൾ കാററു തീരെ ഇല്ലാതെ സമുദ്രം വളരെ ശാന്തമായിരിക്കും. എന്നാൽ അതു പലപ്പോഴും ഒരു ഭയങ്കരമായ കോളിളക്കത്തിന്റെ ലക്ഷണമായിട്ടാണു കണ്ടുവരുന്നത്. ദുഷ്ടമൃഗങ്ങൾ ചിലപ്പോൾ അടങ്ങി ഒതുങ്ങി ഇരിക്കും. ഇത് അവയുടെ ഇരയെ നിഷ്പ്രയാസം കൈക്കൽ വരുത്തുവാനുള്ള സൂത്രംതന്നെ.

ശി—എട മടയ! ഞാൻ പറഞ്ഞതു വാസ്തവമാണ്.

കു—ശരിയാണ്. കഴിഞ്ഞ കൊല്ലത്തെ കാര്യം അടിയനു നല്ലവണ്ണം ഓർമ്മയുണ്ട്. കളിന്ദമഹാരാജാവിന്റെ നായാട്ടുനാളുകൾക്കു വേണ്ടി അടിയന്റെ അമ്മാമനെക്കൊണ്ടു കുറെ മത്സ്യം പിടിപ്പിച്ച വകക്ക് ഒരു രശീതി എഴുതുന്നതിന് എഴുത്തുകാരന് ആയാ

ളേക്കൊണ്ടു തമ്പുരാൻ രണ്ടണ കൊടുപ്പിച്ചതെങ്കിലും മടക്കിക്കിട്ടിയാൽ കൊള്ളാമെന്ന് അയാൾ ആവശ്യപ്പെട്ടപ്പോൾ ആ അണ കൊടുത്തില്ലെന്നു മാത്രമല്ല തമ്പുരാൻ അയാളുടെ മുഖത്തടിച്ചു മൂക്കു പൊട്ടിച്ചതും മററും അടിയൻ മറക്കുമോ?

ശി— നീ എന്തറിയുന്നു? ആ കാലമല്ല ഈ കാലം. ചന്ദ്രഹാസകുമാരൻ രാജ്യഭാരം കയ്യേററതിൽ പിന്നെ ഞങ്ങൾ ജനങ്ങളുടെ അടിമകളാകുന്നു. ജനങ്ങൾ ഞങ്ങളുടെ അടിമകളല്ല. അവർ രാജ്യത്തിലെ ആവശ്യത്തിലേക്കായിട്ടു വല്ല പണിയും ചെയ്യേണ്ടതായി വന്നാൽ ഞങ്ങൾ അവക്കു മതിയായ കൂലി കൊടുക്കുകയും നന്ദിപറയുകയും ചെയ്യേണ്ടിയിരിക്കുന്നു.

കു— അതു ശരിതന്നെ. ഗവൎമ്മേണ്ടും സാധുമുക്കുവന്മാരായ അടിയങ്ങളെപ്പോലെ നേരും മൎയ്യാദയും തുടങ്ങിയിരിക്കുന്നു. അടിയങ്ങളിൽ ആരെങ്കിലും കുററം ചെയ്തു തടവിൽ പോയിട്ടുണ്ടോ?

ശി— കുററം ചെയ്തവരൊക്കെയും പോയിട്ടുണ്ട്.

കു— ആരെങ്കിലും പോയിട്ടുണ്ടെങ്കിൽ അതു മദ്യപാനദോഷം കൊണ്ടാണ്. കടലിൽ സദാ പരിശ്രമിക്കുന്ന അടിയങ്ങൾക്കു മദ്യം കൂടാതെ ജീവിക്കുവാൻ ഞെരുക്കം.

ശി— എന്നാൽ നീ ഒരു മദ്യപാനിയായിട്ടു കാണപ്പെടുന്നില്ലല്ലോ.

കു— അടിയന്റെ ഈ വെള്ളിനൂലും കോടിമുണ്ടുംകൊണ്ടാണോ ഇങ്ങിനെ ശങ്കിക്കുന്നത്? ചന്ദ്രഹാസമഹാരാജാവ് അടിയങ്ങളുടെ ഭരണകൎത്താവായി തീൎന്നതിന്റെ ശേഷം മത്സ്യങ്ങളുടെ വില വളരെ കൂടിയിരിക്കുന്നു. അതിനാൽ അടിയങ്ങളെപ്പോലെയുള്ള സാധുക്കൾക്ക് അവയെ വാങ്ങുവാൻ സാധിക്കയില്ല. എന്നാൽ ഇപ്പോൾ വേലയെടുത്താൽ കൂലി നിശ്ചയമാകയാൽ കിട്ടുന്നതുകൊണ്ട് അടിയങ്ങൾ ഒരു വിധം മാനമൎയ്യാദയോടുകൂടി കഴിഞ്ഞുപോരുന്നു. ഇപ്പോൾ അടിയങ്ങളിൽ മദ്യപാനം ചെയ്യുന്നവർ നന്നേ ചുരുക്കമായിട്ടേ ഉള്ളു.

ശി വേറെ ഒരു കോടിവസ്ത്രം വാങ്ങുന്നതിനു ഞാൻ നിനക്കു വക

കു— (സ്ഥലം ചവിട്ടിനോക്കീട്ട്) ഈ സ്ഥലം നന്നേ ഉറച്ചു കിടക്കു ന്നു. ഇവിടം കുഴിക്കുവാൻ ബഹു പ്രയാസം തന്നെ. മണൽപ്രദേ ശങ്ങളിലാണെങ്കിൽ അടിയൻ എത്ര കുഴിയെങ്കിലും കുഴിക്കാം. കരിങ്കല്ലുപോലെ കിടക്കുന്ന ഈ സ്ഥലം അടിയൻ എങ്ങിനെ കു ഴിക്കും? രണ്ടു മാസം മുമ്പേയാണ് മഹാരാജാവു നിരുപദ്രവിക ളായ ജന്തുക്കളെ ആരും ഹിംസിക്കരുത് എന്നൊരു വിളംബരം പ്രസിദ്ധപ്പെടുത്തിയത്. അന്നു മുതൽ അടിയൻ മത്സ്യംപിടുത്തം ഉപേക്ഷിച്ചു. ഇപ്പോൾ നിലം ഉഴുകയോ കൊയ്യുകയോ ആകുന്നു അടിയൻെറ തൊഴിൽ.

ശി— നിനക്ക് ഈ വക തൊഴിലുകൾ ഇഷ്ടം തന്നെയോ?

കു— അടിയനു വളരെ ഇഷ്ടം തന്നെ. കാററു വല്ലാതെ ഊതുന്നു ണ്ടെങ്കിൽ ദിവസത്തിൽ രണ്ടുതവണ അടിയൻെറ പെണ്ണിറന്നവ ക്ക് ഇപ്പോൾ വൈധവ്യം വരുമെന്നുള്ള ഭയംകൂടാതെ കഴിഞ്ഞു. പിന്നെ ഇപ്പോൾ അടിയങ്ങളുടെ പൊന്നുതമ്പുരാനായ ചന്ദ്രഹാ സമഹാരാജാവിൻെറ വാഴ്ചക്കാലമാകയാൽ അടിയങ്ങൾക്കു പല വിധത്തിലും സ്വാതന്ത്ര്യം സിദ്ധിച്ചിട്ടുണ്ട്. ആ പൊന്നുതിരുമേ നി അവിടുത്തെ പൌത്രൻെറ പൌത്രനെ കാണുന്നതുവരെ ആ യുരാരോഗ്യങ്ങളോടുകൂടി ജീവിച്ചിരിക്കുവാൻ ഈശ്വരൻ സഹായി ക്കട്ടെ.

ശി— മഹാരാജാവ് ഇതുവരേയും വിവാഹം കഴിച്ചിട്ടില്ലല്ലോ.

കു— എന്നാൽ ആ പൊന്നുതിരുമേനി അടിയൻെറ പെണ്ണിറന്നവ രേപ്പോലെ സൽസ്വഭാവമുള്ള ഒരു യുവതിയെ വിവാഹം കഴിക്ക ട്ടെ. അടിയൻെറ പെണ്ണിറന്നവർ മററു പെണ്ണുങ്ങളേപ്പോലെ ധാ രാളം തെററു പ്രവൃത്തിക്കും. എന്നാൽ ഒരു കഴുതയെപ്പോലെ ഒ ന്നും മിണ്ടാതെ ധാരാളം ശിക്ഷയും അനുഭവിച്ചുകൊള്ളും. ആട്ടെ അടിയനൊന്നു ചോദിക്കട്ടെ. ഈ ഒരുക്കങ്ങളെല്ലാം മഹാരാജാ വിൻെറ വിവാഹത്തിനു വേണ്ടിത്തന്നെയല്ലേ?

ശി— നീ എന്തറിയുന്നു? അതിനൊന്നുമല്ല- നമ്മുടെ ചക്രവൎത്തി യായ കുന്തളാധിപൻെറ പ്രധാന മന്ത്രിയായ ദുഷ്ടബുദ്ധിയുടെ ആഗമനബഹുമാനസൂചകമായിട്ടാണ് ഇതെല്ലാം.

ക്രൂ— അങ്ങിനെയാണെങ്കിൽ അടിയന് ഈ കാൎയ്യത്തിൽ ഏൎപ്പെടുവാൻ കട്ടുംതന്നെ രസമില്ല.

ശി— എന്തുകൊണ്ട്?

ക്രൂ— അടിയന് ആ പേരുതന്നെ കേൾക്കുവാൻ രസമില്ല.

ശി— നിന്റെ ഇഷ്ടത്തിനല്ല അദ്ദേഹത്തിനു പേരിട്ടിരിക്കുന്നത്.

ക്രൂ— പണ്ടൊരിക്കൽ അദ്ദേഹം ഇവിടെ വന്നുപോയതിന്റെ ശേഷം ഈ രാജ്യം മുഴുവനും ഒരു വലിയ ക്ഷാമം ബാധിച്ചു. സാധുക്കളായ അടിയങ്ങൾക്കു കരയിൽനിന്നാകട്ടെ കടലിൽനിന്നാകട്ടെ ഉപജീവനത്തിനു കുറെ കാലത്തേക്കു യാതൊന്നും കിട്ടിയില്ല. അദ്ദേഹത്തിന്റെ തലപ്പാവിൽ അദ്ദേഹം ഒരു ധൂമകേതുവിനെ വഹിക്കുന്നുണ്ടെന്നു തോന്നുന്നു. അദ്ദേഹം എവിടെ ചെല്ലുന്നുവോ അവിടം നശിച്ചുപോകുന്നു.

ശി— കൊള്ളാം. അദ്ദേഹം ഇവിടെ വന്നു പോയതിന്റെ ശേഷം നമുക്ക് അദ്ദേഹത്തിന്റെ ധൂമകേതുവിനെയോ നിന്റെ പെണ്ണിറന്നവരേയോ പററി സംസാരിക്കാം. ഇപ്പോൾ പണി നടക്കട്ടെ. എനിക്കു വേറെയും ചില കാൎയ്യങ്ങൾ അന്വേഷിക്കുവാനുണ്ട്. പണിയെല്ലാം വേഗത്തിൽ തീരണം— ഒട്ടും ഉപേക്ഷ കാണിച്ചുപോകരുത്. (എന്നു പോയി.)

ക്രൂ— അടിയനോ? അടിയൻ ഒരിക്കലും ഉദാസീനത കാണിക്കയില്ല. അടിയൻ ഒരു തേനീച്ചയെപ്പോലെ പരിശ്രമിക്കും.

(പാട്ടു പാടിക്കൊണ്ടു കുഴി കുഴിക്കുന്നു.)

ഊരത്തമരുന്നോരാരോ–
പേരുള്ളോരുമന്ത്രിമാരിലാരാനോ,
ചാരത്തിവിടെവരുമ്പോൾ
തോരണവുംകൊടിയുമുണ്ടുമാലകളും. ഫഫ൭

കററംപറയുവതാരേ?
മുററംധനമീവിധംപൊടിഞ്ഞീടിൽ;
തെററുവരുന്നവരറിയാ
ചെററുംചെയ്യുന്നവൎക്കമറിവില്ല. ഫന്ന

നമ്മുടെനൃവരൻസജ്ജന-
സമ്മതനെന്നിന്നുസമ്മതിക്കേണം;
സമ്മാനംദ്ദഢമല്ലോ
നിൎമ്മായംപണിയെടുക്കിലിന്നാക്കും. ൧൧൭

കാലമിതതുലംസുഖദം,
വേലചുരുക്കംമുദസ്സ്മുകുലിതരും;
മേലാലടിയങ്ങൾക്കും
കാലോചിതമായ്നടന്നുകളിയാടാം. ൧൧൮

(എന്നു പോയി)

## രണ്ടാം രംഗം.

ചന്ദനാവതി- കളിന്ദരാജധാനി. കളിന്ദനും, സുഷേണനും
മററുദ്യോഗസ്ഥന്മാരും പ്രവേശിക്കുന്നു.

ക— സുഷേണ! കുന്തളരാജാവു നമ്മുടെ കപ്പം എങ്ങിനെ സ്വീകരിച്ചു?

സു— എത്രയും മൎയ്യാദയോടും ബഹുമാനത്തോടുംകൂടിത്തന്നെ.

നിത്യംരാജ്യത്തിൽവാഴുംപ്രജകളുടെമഹാ-
ക്ഷേമമമോക്ഷാമമോതാൻ
പ്രത്യക്ഷത്തിൽപരീക്ഷിച്ചറിവതിനകമേ
കൌതുകംവെച്ചിടാതെ,
ചിത്തംദൈവത്തിലൎപ്പിച്ചിഹനിജസുഖദുഃ-
ഖങ്ങളെച്ചിന്തിയാതേ,
സത്താകുംബ്രഹ്മചിന്താരതിയിൽനൃപതിമാർ
മൌലിവാഴുന്നുസത്യം. ൧൧൯

ഹേ! മഹാപ്രഭോ! രാജ്യഭാരത്തിൽ അദ്ദേഹം തീരെ വിമുഖനായിരിക്കുന്നു. എന്നാൽ അദ്ദേഹത്തിന്റെ പ്രധാനമന്ത്രിയായ ദുഷ്ടബുദ്ധിയാണ് രാജ്യഭാരം യഥാൎത്ഥത്തിൽ നടത്തുന്നത്.

ക— നമ്മുടെ രാജ്യസംബന്ധമായി ആ പ്രധാനമന്ത്രി എന്തു പറഞ്ഞു?

സു— അദ്ദേഹം ഏററവും ദയാപുരസ്സരമായിട്ടാണ് സംസാരിച്ചത്. അദ്ദേഹം ഇവിടുത്തെ ഭരണനൈപുണ്യത്തെ വളരെ പ്രശംസിച്ചു.

ചന്ദ്രഹാസമഹാരാജാവിനെക്കുറിച്ച് അദ്ദേഹം ഇതിനു മുമ്പിൽ ഒന്നും അറിഞ്ഞിരുന്നില്ല. ഞാൻ അദ്ദേഹത്തിനോടു നമ്മുടെ ഈ യുവരാജാവിന്റെ യോഗ്യതയെപ്പററി പറഞ്ഞപ്പോൾ അദ്ദേഹത്തിന് ഇദ്ദേഹത്തിന്റെ ചരിത്രത്തിൽ താല്പൎയ്യം തോന്നി എന്നോടതെല്ലാം ചോദിച്ചു. ഞാൻ പൂൎവ്വകഥയെല്ലാം വിസ്തരിച്ചു പറഞ്ഞു. അദ്ദേഹത്തിനു വളരെ തൃപ്തിയായി. ചന്ദ്രഹാസമഹാരാജാവിനും ഇവിടത്തേയ്ക്കും സദാ ക്ഷേമവും വിജയവും ആശംസിച്ച് അദ്ദേഹം എന്നെ പറഞ്ഞയച്ചു.

ക— അദ്ദേഹം ഇപ്പോൾ നമ്മുടെ രാജ്യസന്ദൎശനാൎത്ഥം ആഗതനാകുന്നുണ്ടെന്ന് അറിയിച്ചിരിക്കുന്നു. അദ്ദേഹത്തിനെ എതിരേററു സൽക്കരിക്കുന്നതിന് എന്റെ ഹൃദയകമലം നന്ദികൊണ്ടു പ്രശോഭിതമായും സന്തോഷംകൊണ്ടു വികസിച്ചതായും തീൎന്നിരിക്കുന്നു. ഈ മദ്ധ്യാഹ്നസമയത്തിൽ ചന്ദ്രഹാസൻ എവിടെയാണെന്ന് ആൎക്കെങ്കിലും അറിയാമോ? അതീവപൂജ്യനായ നമ്മുടെ അതിഥിയെ എതിരേല്ക്കുന്നതിന് ഈ പട്ടണം വേണ്ടവിധം അലങ്കരിക്കുവാൻ കല്പന കൊടുത്ത് ഉടനെ വരാമെന്നു പറഞ്ഞാണ് ഇവിടെനിന്നു പോയത്.

ഉ— മന്ത്രീശ്വരൻ ഇന്നു തന്നെ ഇവിടെ ആഗതനാകുമെന്ന് അറിയിച്ചിരിക്കുന്നത് എത്രയും അപ്രതീക്ഷിതമാകയാൽ വേണ്ട ഏൎപ്പാടുകളെ ചെയ്യുന്നതിനു യുവരാജാവു നന്നേ ബുദ്ധിമുട്ടുന്നുണ്ട്. തെരുവുകളും വീടുകളും തോരണങ്ങളെക്കൊണ്ട് അലങ്കരിക്കുവാൻ ആളുകളെ ഉത്സാഹിപ്പിച്ച് അങ്ങോട്ടുമിങ്ങോട്ടും ഓടുന്നുണ്ട്. പിന്നെ അതിരസകരമായ ഒരു എതിരേല്പ് വേണമെന്നുള്ള ഉദ്ദേശത്തോടുകൂടി കുതിരകളെ ചമയിക്കുവാനും ആനകളെ അണിയിച്ച് അമ്പാരി മുതലായവ കെട്ടിക്കുവാനും വിശേഷപ്പെട്ട പല്ലക്കുകളെ അലങ്കരിക്കുവാനും മററും കല്പനകളെ കൊടുത്ത് അത്യുത്സാഹമായി നടക്കുന്നുമുണ്ട്. ആ മന്ത്രിവരൻ ഇതൊക്കെ കാണുമ്പോൾ നമ്മുടെ യുവരാജാവിന്റെ ബുദ്ധിവൈഭവത്തേയും നമുക്ക് അദ്ദേഹത്തിന്റെ പേരിലുള്ള ഭക്തിയേയും പ്രത്യക്ഷമായി അറിയും.

ക— സാധാരണ ദത്തുപുത്രന്മാരെപ്പോലെയല്ല നമ്മുടെ ചന്ദ്രഹാസൻ.

പ്രായംതികഞ്ഞുനിജമായൊരുകാൎയ്യമെല്ലാം
മായംവെടിഞ്ഞുകരതാരിലുറച്ചുലന്നാൽ;
പൊയ്യല്ലപാലകപിതാവിനെധിക്കരിച്ചു
ചെയ്യുന്നുകാൎയ്യമഖിലംബത! ദത്തുപുത്രൻ. ൧൨൦

എന്നല്ലപാലകപിതാവുടനേമരിച്ചാൽ,
നന്നെന്നുതന്നെകരുതുംകരുതിച്ചതിക്കും;
ഇന്നീവിധങ്ങളറിയാത്തൊരു ചാരുശീലൻ
വൃന്ദാരകേന്ദ്രസദൃശൻമമചന്ദ്രഹാസൻ. ൧൨൧

എന്നോക്കുറിച്ചുബഹുമാനമനല്പമുണ്ടു്;
പിന്നെപ്രജാഭരണനീതിയുമേറെയുണ്ടു്;
ധന്യൻകുലാഭരണമാണിതുപോലെയോഗ്യ-
നന്യൻജഗത്രയമതിങ്കലുമില്ലനൂനം. ൧൨൨

(ഒരു ഭൃത്യൻ പ്രവേശിക്കുന്നു.

ഭൃ— കുന്തളമഹാരാജാവിന്റെ മന്ത്രീശ്വരൻ പട്ടണത്തിന്റെ പുറത്തു എത്തിയിരിക്കുന്നു. അദ്ദേഹത്തിനെ എതിരേല്ക്കുന്നതിനായിട്ടു സകല ഉദ്യോഗസ്ഥന്മാരോടുംകൂടി അങ്ങോട്ടെഴുന്നെള്ളുവാൻ യുവരാജാവു കല്പിച്ചിരിക്കുന്നു.

ക— വിചാരിച്ചതിലധികം കാലേ മന്ത്രീശ്വരൻ വന്നിരിക്കുന്നു. എന്നാൽ നമുക്കെല്ലാവൎക്കും വേഗത്തിൽ അങ്ങോട്ടു ചെല്ലുവാനൊരുങ്ങേണ്ടതാവശ്യമാണല്ലോ.

(എന്നു് എല്ലാവരും പോയി)

## മൂന്നാം രംഗം.

(ചന്ദനാവതി— കളിന്ദരാജധാനി. കളിന്ദനും, ദുഷ്ടബുദ്ധിയും പരിവാരങ്ങളും പ്രവേശിക്കുന്നു )

ക— ഇവിടുത്തെ ദയയ്ക്കു ഞാൻ ഒട്ടുംതന്നെ അപരിചിതനല്ല. ഈശ്വരകാരുണ്യത്തിനു സമാനമായ അങ്ങയുടെ ദയ ഒന്നുകൊണ്ടുതന്നെയാണു് അവിടേയ്ക്കു കപ്പമടയ്ക്കുന്ന സകല രാജ്യങ്ങളും സമാധാനമായി അവരവരുടെ രാജ്യപരിപാലനം നടത്തിപ്പോരുന്നതു്.

ദു — രാജാവേ! അങ്ങയുടെ യോഗ്യതയെ ആൎക്കു വൎണ്ണിക്കുവാൻ കഴിയും? ഈ രാജ്യത്തിൽക്കൂടി സഞ്ചരിക്കുന്ന ഏതു പാന്ഥനാണ് അങ്ങയുടെ ഗുണമഹിമയെ പ്രശംസിക്കാതെ ഇരിക്കുന്നത്? വഴികൾ എത്ര മനോഹരങ്ങളായിരിക്കുന്നു!

ഉണ്ടായീധനമേറെയെങ്കിൽവിനയം
　　ധാരാളമുണ്ടാകണം;
കണ്ടാലുംജനമെന്നുകാട്ടുവതിനാ-
　　യ്യൊണ്ടെന്നുതോന്നുംവിധം
കണ്ടീടുന്നുവഴിക്കുരണ്ടുപുറവും
　　കൊമ്പത്തുതിങ്ങുംഫലം-
കൊണ്ടേറെത്തലതാഴ്ത്തിനില്പോരുതരു-
　　ക്കൂട്ടങ്ങളാത്താദരം. ൧൨൩

കത്തുന്നമദ്ധ്യാഹ്നസൂൎയ്യാതപത്താൽ
കാൽത്താരുമുൾത്താരുമൊപ്പംകരിഞ്ഞു,
അത്യന്തസന്തപ്തരായാഞ്ഞുപാഞ്ഞി-
ങ്ങെത്തുന്നപാന്ഥൎക്കിതാനന്ദമേകം. ൧൨൪

ഈ ഫലതരുക്കളുടെ ശീതളച്ഛായകൾ എത്ര ആനന്ദകങ്ങൾ! തരുക്കളുടെ നിബിഡച്ഛദങ്ങളാൽ സൂൎയ്യരശ്മികൾക്ക് ഈ വഴികളിൽ പ്രവേശം തന്നേയില്ല. പരമാൎത്ഥം പറയുന്നതായാൽ പകൽ സമയം വഴികളിൽക്കൂടി കടന്നുപോകുന്നൎക്കു പകലെന്ന വിചാരം തീരെ പൊയ്പോകുന്നു.

തപരിച്ചോടിവാടിക്കിതച്ചുംവിയത്തും,
തരിച്ചുള്ളപാദങ്ങൾവെച്ചുംവലിച്ചും,
മരച്ചോട്ടിലെത്തുന്നപാന്ഥന്നജസ്രം
ശരച്ചന്ദ്രനൊത്തുള്ളരാവെന്നുതോന്നും. ൧൨൫

എല്ലാ സമയത്തും ജനങ്ങൾ ഗതാഗതം ചെയ്തുകൊണ്ടിരിക്കുന്നതിനാലും സൎവ്വത്ര കാവല്ക്കാരുള്ളതിനാലും ഈ വഴികളെല്ലാം തസ്കരന്മാരുടേയോ ഉപദ്രവികളുടേയോ അക്രമങ്ങളിൽനിന്ന് ഒഴിഞ്ഞവകളാകുന്നു. പിന്നെ അച്ഛസ്ഫടികസങ്കാശങ്ങളായി നിൎമ്മലവാരിപൂൎണ്ണങ്ങളായിരിക്കുന്ന വാപികളെ ഞാൻ പോരുന്ന വഴിക്കു പല ദി

ങ്ങകളിലും കാണുകയുണ്ടായി. ഈ ജലാശയങ്ങളെല്ലാം പിപാസാതുരന്മാരായ പാന്ഥന്മാൎക്കു എത്ര സന്തോഷപ്രദങ്ങളാകുന്നു! മുമ്പേ കാട്ടം ദുഷ്ടമൃഗങ്ങളുടെ ഏകസങ്കേതവുമായി കിടന്നിരുന്ന ദിക്കുകളെല്ലാം ഇപ്പോൾ രമണീയങ്ങളായ പാന്ഥവസതികളായും അഗതികളുടെ വിശ്രമസ്ഥലങ്ങളായും മനോഹരങ്ങളായ കൃഷിസ്ഥലങ്ങളായും കാണപ്പെടുന്നു. ഈ സംഗതികളെല്ലാം അങ്ങയുടെ ഭരണനൈപുണ്യത്തെ നല്ലവണ്ണം വിശദപ്പെടുത്തുന്നുണ്ടു്. ഇവിടെ കലീനനും കൂലിക്കാരനും ഒരുപോലെ സന്തോഷസമാധാനങ്ങളുള്ളവരായി കാണപ്പെടുന്നു. അങ്ങയുടെ ഭരണസാമത്ഥ്യത്തെ ആരുതന്നെ വിലമതിക്കാതെയിരിക്കും?

ക— ഇതൊന്നും എന്റെ സാമത്ഥ്യംകൊണ്ടല്ല. ഇതെല്ലാം ഇവിടന്നു ചെയ്യുതരുന്ന ഉപദേശമാഹാത്മ്യംകൊണ്ടുതന്നെയാണെന്നു പിന്നേയും പിന്നേയും പറയുന്നതിനു ലേശവും മടിയില്ല. പിന്നെ ഈശ്വരാനുഗ്രഹംകൊണ്ടു സിദ്ധിച്ച ഒരു അനാഥശിശുവിന്റെ ബുദ്ധിസാമത്ഥ്യത്തിനും ഇതെല്ലാം കടപ്പെട്ടിരിക്കുന്നു.

(പിതാവിനേയും ദുഷ്ടബുദ്ധിയേയും വന്ദിച്ചുകൊണ്ടു്
ചന്ദ്രഹാസൻ പ്രവേശിക്കുന്നു)

എന്റെ സവ്വാഭീഷ്ടങ്ങൾക്കും കേന്ദ്രമായി സിദ്ധിപ്രദനായിരിക്കുന്ന കുമാരൻ ഇതുതന്നെ. ഞാൻ ഈ യുവാവിനെ അങ്ങയുടെ കാരുണ്യപൂണ്ണമായ രക്ഷയിൽ ഏല്പിച്ചിരിക്കുന്നു.

കാലാഹിവായിലിഹവാഴുമെനിക്കുപക്ഷേ
കാലായിവിഗ്രഹവിയോഗമതെന്നുമൂലം;
മേലാൽകുമാരനുപദേശമശേഷമേകി-
പ്പാലിപ്പതിന്നൊരുപിതാവിവിടന്നുതന്നേ. ൧൨൩

(ചന്ദ്രഹാസന്റെ കൈകളെ പിടിച്ചു ദുഷ്ടബുദ്ധിയുടെ
ഹസ്തങ്ങളിൽ സമപ്പിക്കുന്നു.)

ദു— (ചന്ദ്രഹാസന്റെ കൈകളെ പിടിച്ചുകൊണ്ടു്)
എല്ലാവരും ഒരുപോലെ സ്തുതിക്കുന്ന ഇദ്ദേഹത്തിന്റെ യോഗക്ഷേമങ്ങളെ അന്വേഷിക്കുന്ന ഭാരം വഹിക്കുന്നതിൽ എനിക്കു നിവ്വ്യാജമായ പരമാനന്ദമുണ്ടു്.

UNIVERSITY LIBRARY
31 JAN 1930
MADRAS

എന്നുടെ ജീവിതമാകും
നന്ദനനും ചന്ദ്രഹാസനും തമ്മിൽ
ഇന്നൊരു ഭേദമെനിക്കി-
ല്ലെന്നു ഭവാനൊന്നു വിശ്വസിച്ചാലും. ൫൰൧

അതിനാൽ ഹേ! ചന്ദ്രഹാസ! ഞാൻ ആജീവനാന്തം ഭവാന്റെ പ്രിയ പിതാവെന്നപോലെ വർത്തിക്കും.

ച — എന്റെ ഇനിയുള്ള ജീവിതകാലം അങ്ങയുടെ നേരേ എനിക്കുള്ള കൃതജ്ഞതയെ വെളിവായി കാണിക്കും. ഞാൻ ഒരു അനാഥശിശുവായിരുന്ന കാലത്ത് ഇപ്പോൾ ഇവിടെ എന്റെ പാലകപിതാവിന്റെ മഹാരാജമന്ത്രിയെ സൽക്കരിക്കുവാൻ എനിക്കു തരമാകുമെന്ന് ആരെങ്കിലും സ്വപ്നേപി വിചാരിച്ചിരുന്നുവോ? എനിക്കു ഗുണദോഷങ്ങളെ നല്ലവണ്ണം വിലമതിക്കുവാൻ തന്റേടമുണ്ടാകുന്നതിന്നു മുമ്പെ സ്വർഗ്ഗാരോഹണം ചെയ്തുപോയ ഒരു പരമദയാപാത്രമായ വളർത്തമ്മയുടെ സന്താപകരങ്ങളായ വാക്കുകളെ അല്പാല്പമായി എനിക്ക് ഇപ്പോഴും ഓർമ്മതോന്നുന്നുണ്ട്.

ദു— ഓർമ്മയുള്ളേടത്തോളം അവയെല്ലാം പറഞ്ഞുകേട്ടാൽ കൊള്ളാമെന്നുണ്ട്.

ച— എന്റെ പിതാവ് കീർത്തിമാനായ സുധാർമ്മികമഹാരാജാവാണ്. അദ്ദേഹമാണ് കേരളരാജ്യം ഭരിച്ചിരുന്നത്. ലോഹിതാക്ഷൻ എന്നൊരു ദുഷ്ടനാൽ അദ്ദേഹം യുദ്ധത്തിൽ വധിക്കപ്പെട്ടു. എന്റെ ജനനിയോ—

പതിമൃതിയാലതിതപ്താ,
മതിയതിലത്തുമൂലമേററവും ഭീതാ,
സതിമാർമുടിമണിപൂതാ
മതിമുഖിയാളോർക്കിലനതിചിരസൂതാ. ൫൰൨

എന്നെ ധാത്രിയുടെ കൈക്കൽ ഏല്പിച്ചു പിതാവിന്റെ ചിതയിൽ ചാടി സതീധർമ്മമനുഷ്ഠിക്കയും ചെയ്തു.

ദു— പിന്നീടുള്ള കഥകൂടി കേട്ടാൽ കൊള്ളാമെന്നുണ്ട്.

ച— അതിന്റെ ശേഷം ആ ധാത്രി ഭിക്ഷയാചിച്ച് എന്നെ പോററിവന്നു എന്നും, ദയാലുക്കളായ വല്ല മഹാജനങ്ങളുടെയും ഭവ

ഞങ്ങളുടെ ഇറക്കാലിൽ കിടത്തിയാണ് എന്നെ വളൎത്തിക്കൊണ്ടു പോന്നതെന്നും, പലപ്പോഴും ആഹാരത്തിന്നൊന്നും ലഭിക്കാതെ നടന്നു ക്ഷീണിച്ച എന്റെ വിശപ്പിനെ ശമിപ്പിക്കുവാനും രോദനത്തെ നിൎത്തുവാനും നിൎവ്വാഹമില്ലാതെ വന്നിട്ടു ആയമ്മ തന്നെയിരുന്നു കരഞ്ഞുപോയിട്ടുണ്ടെന്നും, എന്റെ പുഞ്ചിരികളും ബാലക്രീഡകളും അവ്യക്തങ്ങളായുള്ള സംസാരങ്ങളും ആയമ്മയേ വളരെ ആനന്ദിപ്പിച്ചിട്ടുണ്ടെന്നും, സാധുക്കളുടെ കുട്ടികൾക്കുപോലും മെയ്യാഭരണങ്ങൾ ഉള്ളപ്പോൾ എനിക്കൊന്നുമില്ലാതെ പോയല്ലോയെന്നു വിചാരിച്ചു വളരെ ദുഃഖിച്ചിട്ടുണ്ടെന്നും ആയമ്മ എന്നോടു പലപ്പൊഴും പറഞ്ഞിട്ടുണ്ട്. ആ കരുണാഭാജനമായ വളൎത്തമ്മയുടെ പരലോകപ്രാപ്തിക്കു ശേഷം ഒരു പട്ടണത്തിലെ ചില സ്ത്രീകളാണ് എന്നെ രക്ഷിച്ചുപോന്നത്. അവരുടെ ഊരും പേരുമൊന്നും ഞാനിപ്പോൾ ഓൎക്കുന്നില്ല. ഈശ്വരൻ അനാഥശിശുക്കളുടേയും, സാധുക്കളായ വിധവകളുടെയും ഉററമിത്രമാണെന്നു അവർ എന്നെ ഗ്രഹിപ്പിച്ചിട്ടുള്ള തത്വം എത്രയും പരമാൎത്ഥമാണെന്നു പിന്നീടു എനിക്കു നേരിട്ട ആപത്തുകൊണ്ടു നല്ലവണ്ണം ബോദ്ധ്യം വന്നു. ആ സംഭവം വിചാരിക്കുമ്പോൾ ഇപ്പോഴും എന്റെ ദേഹം കിടുകിടെ വിറച്ചുപോകുന്നു. എങ്ങിനെയെന്നൊന്നും എനിക്കിപ്പോൾ ഓൎമ്മ തോന്നുന്നില്ല.

മുഷ്കാളും കാലവേഷം കലരുമൊരുമഹാ-
　　ക്രൂരനെന്നെപ്പിടിച്ചി-
ട്ടൊക്കൊടേകൊണ്ടുപോയ്നിഷ്കരുണമവനഹോ
　　വൻകൊടുംകാട്ടിലാക്കി;
തീക്കട്ടക്കൊത്തനേത്രംകഠിനതരമുരു-
　　ട്ടിഉദ്ധൃതംവാളിളക്കി-
ത്തക്കംതെററാതെവെട്ടുന്നതിനുകമതിക-
　　യ്യൊന്നുപെട്ടെന്നുയൎത്തി. ഹവൻ

വെട്ടുകിട്ടിയിവനെന്നുഞെട്ടിഹരിയേസ്മ-
　　രിച്ചുഹൃദയംദ്രുതം
പൊട്ടിവന്നഹരിനാമമുള്ളിടറിയൊട്ടു-
　　റോകമുരുവിട്ടുഞാൻ

കട്ടിയുള്ളശതകോടിയോടുകിടയായി-
ട്ടുംകഠിനചിത്തവും
പട്ടുപോലെമൃദുവായിവാളുകളെയിട്ടു
നിന്നുകട്ടദുഷ്ടനും. ൫൨൦

എന്റെ ജനനി എന്നെ വാസുദേവന്റെ രക്ഷയിലാണല്ലോ ഏല്പിച്ചിരിക്കുന്നത് -

കുസലെന്നിയെനിറഞ്ഞിടുംസഭയിൽവെച്ചു
ദുഷ്ടമതിയായദു-
ശ്ശാസനൻദ്രുപദപുത്രിതൻവസനമോച-
നത്തിനുതുടങ്ങവേ,
'വാസുദേവ!പരിപാഹിമാ'മിതിവിളിച്ചു
പാഞ്ചാലികരഞ്ഞുസ-
ന്ത്രാസമാന്നളവുമാനരക്ഷഹരിയല്ല-
യോതഡടിതിചെയ്തതും? ൫൨൧

ഉത്തമൻസുരുചിപുത്രനൊത്തുജനകന്റെ
നന്മടിയിൽവാഴവാ-
നെത്രയുംകൊതിപെരുത്തുവന്നൊരുസുനീതി-
ബാലകനെനിഷ്ഠുരം,
സത്വരംബതപിതാവുമാസ്സുരുചിയുംപി-
ടിച്ചഹഹതള്ളിവി-
ട്ടൾത്തപിച്ചശിശുവാംധ്രുവനുഹരിയല്ല
യോഗതികൊടുത്തതും? ൫൨൨

ഉണ്ടാകുംഹരിതൂണിലുംഖലുതുരു-
മ്പിൽപോലുമെന്നായ്സുതൻ
കൊണ്ടാടുന്നതുകേട്ടുകോപമൊടുതാ-
തൻതൂണുടക്കുംവിധൌ
ഉണ്ടായ്വന്നുനൃസിംഹമായ്ജനകനേ
രണ്ടായ്പിളന്നാശ്രമം
പണ്ടോർത്താൽഹരിയല്ലയോവിവശനാം
പ്രഹ്ലാദനെക്കാത്തതും? ൫൨൩

അതുകൊണ്ട് എൻെറ വാസുദേവൻ ആൎത്തത്രാണപരായണനാണെന്നുള്ളതിനു യാതൊരു സംശയവുമില്ല. എൻെറ കുററമെന്തായിരുന്നു എന്നൊ എന്നെ ഇങ്ങിനെ നിൎദ്ദയം വെട്ടിക്കളയുവാൻ വിധിച്ചതാരെന്നോ ഒന്നും ഇന്നേതിയ്യതിവരെ എനിക്കറിവു കിട്ടീട്ടില്ല. മനസ്സലിഞ്ഞുപോയ ആ ഘാതകൻ എൻെറ കാലിൽ അധികമുണ്ടായിരുന്ന ഒരു വിരൽ മാത്രം മുറിച്ചുകൊണ്ട് ഓടിപ്പൊയ്ക്കളഞ്ഞു. എനിക്കു ബോധമുണ്ടായപ്പോൾ സമീപമുള്ള തരുക്കളിലെല്ലാം അസംഖ്യം പക്ഷികൾ പാടുന്നതു കേട്ടു. ഗൃദ്ധ്രങ്ങൾ, സൎപ്പങ്ങൾ, തരക്ഷുക്കൾ, സിംഹങ്ങൾ, ചെന്നായ്ക്കൾ ഇങ്ങിനെയുള്ള അനവധി ദുഷ്ടജന്തുക്കൾ എൻെറ നാലു പുറവും വന്നു എന്നെ നോക്കിക്കൊണ്ടിരിക്കുന്നതും കണ്ടു. ഈ സ്ഥിതിയിലാണ് എൻെറ പാലകപിതാവ് എൻെറ രോദനം കേട്ട് എന്നെ കണ്ടെത്തിയത്. ഇദ്ദേഹം എന്നെ സ്വന്തപുത്രനെപ്പോലെ പരിപാലിച്ചു വരുന്നു- ദൈവഭക്തിയും സത്യവും ഒരുവനുണ്ടായിരുന്നാൽ അവനെ ആൎക്കും തോല്പിക്കുവാൻ കഴികയില്ലെന്നും അവൻ സൎവ്വത്ര വിജയിയായിത്തീരുമെന്നുമുള്ള പാഠം ഞാൻ നല്ലവണ്ണം പഠിച്ചിരിക്കുന്നു.

ദു— ഭവാൻെറ ഈ ബാല്യകഥ ഒരു ദുഷ്ടബുദ്ധിക്കുകൂടി കരുണാജനകമായിട്ടുള്ളതാകുന്നു. ഞാൻ ഭവാൻെറ കാൎയ്യത്തിൽ എത്രയും സശ്രദ്ധനായിരുന്നുകൊള്ളാം. ഭവാൻെറ ക്ഷേമത്തിൽ ഞാൻ പ്രത്യേകം ദൃഷ്ടിവെക്കും. ഇവിടത്തെ നടവടിക്രമങ്ങളും ഭരണനീതികളും എനിക്ക് എത്രയും തൃപ്തികരങ്ങളായിരിക്കുന്നു. അതിനാൽ വളരെ ഗൌരവമുള്ള ഒരു രാജ്യകാൎയ്യാവശ്യമായി ഭവാനെ കുന്തളത്തിലേക്ക് ഒന്നയച്ചാൽ കൊള്ളാമെന്നുണ്ട്. തരമുണ്ടെങ്കിൽ വളരെ നന്നായിരുന്നു.

ച— എന്തു കാൎയ്യമായിരുന്നാലും വേണ്ടതില്ല, പറഞ്ഞോളു- ഭവാങ്കൾ തൃപ്തിയാകുംവണ്ണം കഴിയുന്നതും വേഗത്തിൽ ഞാൻ ആ കാൎയ്യം സാധിച്ചുവരാം.

ദു—ഹേ! വിശിഷ്ടരാജകുമാര! ഭവാനെ ഞാൻ നന്ദിപൂൎവ്വം വന്ദിക്കുന്നു. നാളെ രാവിലെ എൻെറ പുത്രൻെറ മേൽവിലാസത്തിൽ ഞാൻ ഭവാൻെറ കയ്യിൽ ഒരെഴുത്തു തരാം.

കുന്തളമതിലെത്തിട്ടുത-
മന്തരമെന്യേവഹിച്ചുകാൎയ്യത്തെ,
സ്വാന്തേസസുഖംജനക-
ന്നന്തികമതിലേക്കുപോന്നുകൊൾകഭവാൻ. എന്നർ

ച— അങ്ങയുടെ ഇഷ്ടംപോലെ വീഴ്ചകൂടാതെ കാൎയ്യം സാധിച്ചു വരാം.

(എന്നു് എല്ലാവരും പോയി)

നാലാം രംഗം- കുന്തളത്തിൽ ഒരു ഉദ്യാനം-

ചമ്പകമാലിനിയും വിഷയയും കമലയും പ്രവേശിക്കുന്നു-

വി— ചമ്പകമാലിനി! നാം ഈ താമരപ്പൊയ്കയിൽ രണ്ടു മണിക്കൂറിലധികം വിനോദിച്ചിട്ടും എൻെറ മനസ്സിൽ മുമ്പുണ്ടായിരുന്നതിലധികം സന്തോഷമൊന്നുമുണ്ടായതായി തോന്നുന്നില്ലല്ലോ.

ച— വിഷയേ! ഭവതി വിനോദത്തിൽ ഏൎപ്പെട്ടതുതന്നെ മനസ്സില്ലാതെയാണെന്നു തോന്നുന്നു. പിന്നെ എങ്ങിനെയാണ് മനസ്സിൽ സന്തോഷം തോന്നുന്നത്?

ക— എൻേറയും അഭിപ്രായം അങ്ങിനെതന്നെയാണ്. സന്തോഷമില്ലായ്കയുടെ കാരണം കണ്ടുപിടിപ്പാൻ ഒരു പ്രയാസവുമില്ല. ഭവതിയുടെ ഹൃദയം ഞങ്ങളോടുകൂടി ഇവിടെയെങ്ങും ഉണ്ടായിരുന്നില്ല. അതു ഇതിലധികം രസമുള്ള വേറെ വല്ല കാൎയ്യവും അന്വേഷിക്കുവാൻ പോയിരുന്നു. നിശ്ചയം തന്നെ. ഭവതി ആററുനോററു വളൎത്തിവരുന്ന ആ മാവിൻതയ്യ് വിവാഹദശയിൽ ഏൎപ്പെട്ടു കഴിഞ്ഞുവല്ലോ. പിന്നെ ഇപ്പോൾ ഭവതിയുടെ ഹൃദയം എന്തു കാൎയ്യമന്വേഷിപ്പാനാണ് പോയിരുന്നത്?

വി— സഖികമലേ! എൻെറ മാവിൻതയ്യിൻെറ സംഗതി പറഞ്ഞു നീ പലപ്പോഴും എന്നെ അസഹ്യപ്പെടുത്താറുണ്ടു്. ഇപ്പോൾ ദയയുണ്ടായിട്ടു് ആ കാൎയ്യം വിട്ടുകളഞ്ഞു രസകരമായ അന്യവിഷയം വല്ലതും പറയൂ. നിനക്കു സംഗീതത്തിൽ നല്ല വാസനയുണ്ടല്ലോ. ഞങ്ങളുടെ വിനോദത്തിന്നായിട്ടു് അല്പമൊന്നു പാടിയാൽ കൊള്ളാം.

ക— സംഗീതത്തിൽ സാമൎത്ഥ്യമുള്ള അനേകം സ്ത്രീരത്നങ്ങൾ ഉണ്ടാ

യിട്ടുള്ള ഒരു കുലത്തിലാണ് ഞാൻ ജനിച്ചിട്ടുള്ളത്. എന്നാൽ എനിക്കു പറയത്തക്ക യോഗ്യതയൊന്നുമുണ്ടെന്നു തോന്നുന്നില്ല, എങ്കിലും ഞാൻ അല്പം പാടാം. ഇതു സുഖത്തിനോ സുഖക്കേടിനോ. യെന്ന് എനിക്കറിഞ്ഞുകൂടാ.

(കമല പാടുന്നു)

വടിവൊടുപൂങ്കാവിതിൽവ-
ന്നുടനേസൌരഭ്യമാർന്നസുമനിചയം,
മുടിയിൽച്ചൂടിവരുന്നു
മട്ടമോടിയെഴുംവസന്തസുഭഗപുമാൻ. ൧൨൫

മന്ദാനിലനാൽചിതറിമ-
രന്ദംതൂകിത്തണുത്തപൂവിരിയാൽ,
ഉന്നിദ്രാമോദലതാ-
മന്ദിരവുംവേണ്ടുവോളമുണ്ടിവിടെ. ൧൨൬

നെഞ്ചുകുളുർപ്പിച്ചീടും
പഞ്ചമഗാനംമുഴക്കിമാങ്കൊമ്പിൽ,
ചഞ്ചുപുടത്താൽപ്രിയയെ-
ക്കൊഞ്ചിക്കൊത്തുന്നുകോകിലംകുതുകാൽ. ൧൨൭

വരനില്ലാത്തൊരുതരുണി-
ക്കരുതരുതിവിടംപെരുത്തുസങ്കടമാം;
സുരുചിരലതയില്ലാത്തൊരു
തരുവില്ലിവിടത്തിലിന്നൊരേടത്തും. ൧൨൮

ചിന്തുംമോദമൊടിവിടെ-
പ്പൂന്തേനുണ്ടേറെമത്തനാമളിയും,
അന്തികലതയെഗ്ഗാഢം
തൻതനുവൊടുചേർത്തുവെച്ചുറങ്ങുന്നു. ൧൨൯

വി— സഖിയുടെ ഗാനം ബഹു വിശേഷമായി. പക്ഷേ സഖി തീരെ ദയയില്ലാത്തവൾ തന്നെ. എൻെറ സുഖക്കേടു വർദ്ധിച്ചു വരുന്നതേയുള്ളു. ഞാൻ ഇനി അല്പനേരം തനിച്ചിരുന്നാൽ സുഖമുണ്ടാകുമോയെന്നു നോക്കട്ടെ. പ്രിയ ചമ്പകമാലിനി! ഭവതി എനിക്ക് അല്പനേരം തനിച്ചിരിക്കുവാനിട തരുമോ?

ച— ഞാൻ പൂൎണ്ണഹൃദയത്തോടെ ഭവതിക്കിട തന്നിരിക്കുന്നു. എന്നാൽ ഭവതി തനിച്ചിരിക്കുന്നതിൽ എനിക്കു സന്തോഷമുണ്ടായിട്ടല്ല, ഭവതിക്കിഷ്ടസിദ്ധിയുണ്ടാകട്ടേയെന്നു വിചാരിച്ചു മാത്രമാണ്.

വി— കൊള്ളാം: ഞാൻ എന്നാൽ ഈ വഴിക്കു പോകുന്നു.

(വിഷയ ഒരു വഴിക്കും ചമ്പകമാലിനിയും കമലയും മറെറാരു വഴിക്കും പോകുന്നു)

---

അഞ്ചാം രംഗം. ഉദ്യാനത്തിൽ വേറെ ഒരു ഭാഗം.

ചന്ദ്രഹാസൻ ഒരു അരയാൽവൃക്ഷത്തിന്റെ തണലിൽ കിടന്നുറങ്ങുന്നതും സമീപതരുവിൽ ഒരു കുതിരയെ കെട്ടിയിരിക്കുന്നതും കണ്ടുകൊണ്ടു വിഷയ പ്രവേശിക്കുന്നു.

വി— ആ അരയാൽവൃക്ഷത്തിന്റെ ചുവട്ടിൽ ഞാൻ എന്താണ് കാണുന്നത്?

ഉറങ്ങിയോ?സ്വപ്നമിതല്ലനിശ്ചയം,
തുറന്നിരിക്കുന്നിതുരണ്ടുകണ്ണുമേ;
മുറസ്സുനന്നായിതൊരിന്ദ്രജാലമോ?
കുറച്ചുദൂരത്തൊരുകാഴ്ചയെന്തഹോ? ൧൪൦

കാരുണ്യഹീനംസഖിഗാനമാക്കി-
ട്ടോരോവിചാരങ്ങൾ കഥിച്ചതെല്ലാം
ചേരുംചമല്ക്കാരമൊടൊത്തുകൂടി
നേരിട്ടുകാണിച്ചൊരുസൃഷ്ടിയാമോ? ൧൪൧

ഹൃദയമേ! ബദ്ധപ്പെടാതെ ഇരിക്കു. ഞാൻ കാണുന്നതു പരമാൎത്ഥമാണെങ്കിൽ ഒരു സമയം നിനക്കു സന്തോഷിക്കാം.

(വിഷയ അടുത്തുചെന്നു സൂക്ഷിച്ചു നോക്കീട്ട്)

അതിദൂരം കുതിരസ്സവാരി ചെയ്തു ക്ഷീണിച്ചതിനാൽ ഈ പാന്ഥൻ ശീതളച്ഛായയുള്ള ഈ തരുച്ചുവട്ടിൽ കിടന്നുറങ്ങുകയാകുന്നു. ഹാ! മുഖം ഉദിച്ചുയരുന്ന സൂൎയ്യബിംബംപോലെ വളരെ പ്രശോഭിതമായിരിക്കുന്നു. കാഴ്ചയിൽ ദേവന്മാരിലാരെങ്കിലുമൊയെന്നുള്ള ശങ്കയേക്കൂടി ഇദ്ദേഹം ജനിപ്പിക്കുന്നുണ്ട്. ക്ഷീണിച്ചു സുഖനിദ്രയേ പ്രാ

പിച്ചിരിക്കുന്ന ഇദ്ദേഹത്തിന്റെ മാംസളങ്ങളും, കോമളങ്ങളുമായുള്ള കരചരണാദികളിൽ സസ്നേഹം തലോടിവീശുന്ന ഈ മന്ദപവനൻ എത്രമാത്രം സുകൃതിയാകുന്നു! ഇദ്ദേഹത്തിന്റെ മുഖം ഇദ്ദേഹത്തിന്റെ ഹൃദയത്തെ വെളിപ്പെടുത്തുന്നുണ്ടല്ലോ. ഹാ! ഈ ലോകത്തിൽ സാധാരണ പലരിലും ബാധിച്ചുകാണുന്ന കഷ്ടപ്പാടോ, ഭാഗ്യദോഷമോ, ദുഷ്ടവിചാരമോ ഒന്നുംതന്നെ ഇദ്ദേഹത്തിനുള്ളതായി ഈ മുഖം പറയുന്നില്ല. സർവ്വദാ സമാധാനവും സന്തോഷവും നിറഞ്ഞിരിക്കുന്ന ഒരാൾക്കല്ലാതെ ഈ സുഖനിദ്രയാകട്ടെ ഈ മന്ദസ്മിതമുഖഭാവമാകട്ടെ ഒരിക്കലും ഉണ്ടാകുന്നതല്ല. ഇദ്ദേഹം എന്റെ വരനായി വരുവാൻ തരമായാൽ ഞാൻ എത്ര ഭാഗ്യമുള്ളവളായി.

മാതാപിതാക്കൾധനമോർത്തുഗുണംഗണിക്കാ-
തെതെങ്കിലുംകുമതിയസ്സുതയോടുചേർത്താൽ;
ആതങ്കമേറുമതിനെന്നിയെപിന്നെയെന്താ-
ണാതങ്കമ[illegible]ക്കൊരുപായമോർത്താൽ? ഹർവ

യുവതിയുടെ ഹൃദയാനുസൃതം വേളി എന്നാകുന്നു നിയമമെങ്കിൽ അത് എന്നെപ്പോലെയുള്ള സാധുക്കൾക്ക് എത്ര സന്തോഷകരമായിരിക്കും! എന്താണ് ശരീരം വല്ലാതെ വിയർക്കുന്നത്? എന്റെ മനസ്സു വല്ലാതെ ചലിക്കുന്നുവല്ലോ. എന്റെ ശരീരം ആപാദചൂഡം വിറയ്ക്കുന്നതെന്താണ്? മടങ്ങിപ്പൊയ്ക്കളഞ്ഞാലോ? എന്റെ സഖികൾ ഒളിച്ചു വന്നു എന്റെ ഈ നിലകണ്ടാൽ ഞാൻ എത്ര പരിഹാസപാത്രമായിത്തീരും? മടങ്ങിപ്പോകുന്നതിന് എന്റെ മനസ്സു സമ്മതിക്കുന്നില്ല. ഇദ്ദേഹത്തിനെ ഞാൻ ഇനി എവിടെ കാണും? ഇതാ ഇദ്ദേഹത്തിന്റെ കുപ്പായക്കീസ്സയിൽനിന്ന് ഒരു എഴുത്തിന്റെ അഗ്രം പുറത്തേക്കു നീണ്ടുകാണുന്നു. അതു നോക്കിയാൽ പക്ഷേ ഇദ്ദേഹത്തിനെ പററി വല്ല അറിവും കിട്ടുമായിരിക്കും. അരുതെന്നു മനസ്സാക്ഷി എന്നെ ഈ കാര്യത്തിൽ വിലക്കുന്നില്ല, എന്നു മാത്രമല്ല ഇദ്ദേഹത്തിന്റെ സൌന്ദര്യവിശേഷം എന്നെ ഇദ്ദേഹത്തിന്റെ സമീപത്തിലേക്കാകർഷിക്കുന്നതുമുണ്ട്. എന്റെ പാദങ്ങളേ! നിങ്ങൾ നിശ്ശബ്ദമായിരിക്കണേ. വിറയ്ക്കുന്ന കൈവിരലുകളേ! നിങ്ങൾ നല്ലവണ്ണം സൂക്ഷിക്കണേ.

(വിഷയ പത്രക്കേ എഴുതെത്തുടങ്ങുന്നു.)

ഹാ! എന്റെ പിതാവിന്റെ മുദ്ര! പിതാവിന്റെ കയ്യക്ഷരം. എന്റെ സഹോദരനുള്ളത്. എത്രയും സന്തോഷകരമായ വൎത്തമാനം വല്ലതും ഇതിൽ ഉണ്ടാകും. കമല പിതാവിന്റെ ഗമനത്തെപ്പററി സൂചിപ്പിച്ചതു വാസ്തവമായിരിക്കാം. പിതാവിനു എന്നിൽ വാത്സല്യമുണ്ടു നിശ്ചയം തന്നെ.

(എഴുത്തു കേടു വരുത്താതെ പത്രക്കെ തുറന്നു വായിക്കുന്നു)

'അയംമഹാഹിതോസ്മാകം
ഭവിതാകുന്തളാധിപഃ
ശീഘ്രംപ്രദീയതാമസ്മൈ
വിഷമാമോദനായനഃ'

ഹർമ്മ

എന്താണ് പിതാവ് എഴുതിയിരിക്കുന്നത്? ഇദ്ദേഹം നമ്മുടെ വലിയ ഇഷ്ടനാകുന്നു. ഇദ്ദേഹം കുന്തളരാജാവായിട്ടു ഭവിക്കും. നമ്മുടെ സുഖത്തിനുവേണ്ടി ഇദ്ദേഹത്തിനു വേഗത്തിൽ വിഷം കൊടുക്കപ്പെട്ടാലും. ഇതെന്തൊരസംബന്ധമാണ്? ഇങ്ങിനെ വരുവാൻ തരമില്ല. ഞാൻ ഒന്നുകൂടി മനസ്സിരുത്തി പദംപ്രതി അൎത്ഥം മനസ്സിലാക്കി നോക്കട്ടെ. അയം- മഹാ- ഹിതഃ- അസ്മാകം- ഇതു ശരി തന്നെ- ഭവിതാ- കുന്തളാധിപഃ— ഇതും വരാവുന്നതു തന്നെ. ഇതിലും അസംബന്ധമൊന്നുമില്ല. ഇദ്ദേഹം കാഴ്ചയിൽ ആരുടേയും അഹിതനായി ഭവിക്കുന്നതല്ല. പിന്നെ ഇദ്ദേഹത്തിനു വേണമെങ്കിൽ ഭൂലോകചക്രവൎത്തി തന്നെയാകുവാനുള്ള യോഗ്യതയും കാണുന്നുണ്ട്. ശീഘ്രം- പ്രദീയതാം- അസ്മൈ- വിഷം- ആമോദനായ- നഃ ഇവിടേയാണ് അസംബന്ധം തോന്നുന്നത്. ഈ രണ്ടു വരികളിൽ എവിടെയെങ്കിലും വല്ല പിഴയും വന്നു പോയിട്ടുണ്ടായിരിക്കണം. നോക്കട്ടെ. ഹാ! ഇപ്പോൾ എനിക്കെല്ലാം മനസ്സിലായി. ഈ മകാരമാണ് എന്നെ വല്ലാതെ ചുററിച്ചത്. ഇതു നിശ്ചയമായിട്ടും യകാരമാണ്. അതിനു യാതൊരു സംശയവുമില്ല. അച്ഛൻ വിചാരിച്ചിരിക്കുന്നതു യകാരം തന്നെ. ചിലരുടെ എഴുത്തിൽ മകാരവും യകാരവും ഒരുപോലെ ഇരിക്കും. ഇപ്പോൾ എഴുത്തിലെ ഈ ഭാഗം വായിക്കുവാൻ എത്ര സുഖമുണ്ട്? "ശീഘ്രം പ്രദീയതാമസ്മൈ- വിഷയാമോദനാ

---

യനേ?" ഇപ്പോൾ ഇതിൽ ഒരു അസംബന്ധവും തോന്നുന്നില്ല. ഈ എഴുത്തു കണ്ടെത്തുവാൻ സംഗതി വന്നത് എൻെറ ഭാഗ്യമെന്നേ പറയേണ്ടു. ഈ പിഴ തിരുത്താതെ എഴുത്തു കീസ്സയിൽ തന്നെ ഇട്ടു ന്ന പക്ഷം സഹോദരൻ തെററി ധരിക്കുവാൻ വളരെ എളുപ്പമുണ്ട്. അതിനാൽ ഇപ്പോൾ ഇതു തിരുത്തുക തന്നെ. എൻെറ കണ്ണിൽ മ ഷിയുണ്ടല്ലോ. എൻെറ വലത്തു കയ്യിലെ ചെറുവിരലിൻെറ നഖം ഞാൻ വളർത്തിട്ടുമുണ്ടല്ലോ. മകാരത്തെ യകാരമാക്കിത്തെളിയിക്കു വാൻ ഈ ഉപകരണങ്ങൾ ധാരാളം മതിയാകും. (വിഷയ നഖം കൊണ്ടു കണ്ണിലെ മഷി തോണ്ടി എഴുത്തു തിരുത്തീട്ട്) ഇപ്പോൾ എ ത്ര ഭംഗിയായിരിക്കുന്നു. ഇനി ആരെങ്കിലും സംശയിക്കുമോ? ചമ്പ കമാലിനി ഇഷ്ടസിദ്ധി വരട്ടെ എന്നു പറഞ്ഞത് എനിക്കിപ്പോൾ അനുഗ്രഹമായിട്ടു ഭവിക്കട്ടെ. (സമീപത്തുള്ള ഒരു പശനാരകത്തിൽ നിന്നു ഒരു കായ പൊട്ടിച്ചു മുദ്രക്കു യാതൊരു ഹാനിയും തട്ടാതെ പ ശവെച്ചു എഴുത്തു തിരിയെ കീസ്സയിൽ ഇട്ടിട്ട്)

ഞാൻ വേഗത്തിൽ പോയി ഇദ്ദേഹത്തിൻെറ വരവു കാത്തി രിക്കും. ശുഭം ഭവിക്കട്ടെ.

(എന്നു പോയി)

ഇങ്ങിനെ മൂന്നാമങ്കം കഴിഞ്ഞു.

---

## നാലാമങ്കം.

ഒന്നാംരംഗം—കുന്തളം, ദുഷ്ടബുദ്ധിയുടെ ഭവനത്തിൻെറ മുമ്പി ലായിട്ടാണ് അതിവിശേഷമായി അലങ്കരിക്കപ്പെട്ടിരിക്കുന്ന ഒരു വി വാഹപന്തൽ.

മദനനും ഗാലവനും ക്ഷണിച്ചു വന്നിരിക്കുന്ന മഹാജനങ്ങളും പ്രവേശിക്കുന്നു.

മ—എൻെറ പ്രിയ സഹോദരിയുടെ വിവാഹം അച്ഛൻ കാലേക്കൂട്ടി നിശ്ചയിച്ചിരുന്നെങ്കിൽ അതെത്ര ഭംഗിയായും തൃപ്തിയായും നട ത്താമായിരുന്നു! പിതാവ് ഈ കാര്യം ഉടനെ നടത്തേണമെന്നാ ണല്ലോ എഴുതിയിരിക്കുന്നത്. വിവാഹത്തിനു സുമുഹൂൎത്തം ഇ

പ്പോൾ തന്നെയാണെന്നല്ലേ അങ്ങു പറയുന്നത്? വേണ്ടതെല്ലാം ഒരുക്കിക്കഴിഞ്ഞു ഇനി കാലവിളംബനം കൂടാതെ ക്രിയകളെല്ലാം വഴിപോലെ കഴിയട്ടേ.

ഗാ—ഭംഗിയായല്ലെന്നോ തൃപ്തിയായില്ലെന്നോ വിചാരിച്ചു വ്യസനിക്കുവാനവകാശമില്ല. എത്ര മഹാ ജനങ്ങളാണ് ഇവിടെ കൂടിയിരിക്കുന്നത്! വധൂവരന്മാർ വരട്ടെ.

(ശിരോഭൂഷണവും മെയ്യാഭരണവും അണിഞ്ഞു ചന്ദ്രഹാസനും വിശേഷാഭരണാംബരഭൂഷിതയായി കമലയുടെ കൈ പിടിച്ചുകൊണ്ടു വിഷയയും പ്രവേശിക്കുന്നു)

മ—മാന്യന്മാരായ മഹാന്മാരേ! നിങ്ങളുടെ ദയാപുരസ്സരമായ പൂർണ്ണാനുവാദത്തോടുകൂടി പൂജ്യനായ എന്റെ പിതാവിന്റെ ആജ്ഞയെ അനുസരിച്ചു എന്റെ പ്രിയ സഹോദരിയായ വിഷയയെ സൽഗുണസമ്പൂർണ്ണനായി പരമമിത്രമായിരിക്കുന്ന ചന്ദ്രഹാസന് അദ്ദേഹത്തിന്റെ ധർമ്മപത്നിയായി ഞാൻ ഇതാ കൊടുക്കുന്നു (വിഷയയുടെ കൈ പിടിച്ചു ചന്ദ്രഹാസന്റെ കയ്യിൽ സമർപ്പിക്കുന്നു.)

ഗാ—(ദമ്പതിമാരുടെ ശിരസ്സുകളിൽ, മന്ത്രംകൊണ്ടു വിശുദ്ധമായിരിക്കുന്ന, ദിവ്യോദകം തളിച്ചിട്ട്)

ഉരുസുഖമതിലുംപിന്നെ-
യ്യുരുസങ്കടമായിടുന്നദശയതിലും,
ഒരുനാളുംപിരിയാതേ
മരുവീടുംഞങ്ങളിന്നുരണ്ടാളും ൱൪൪

എന്നു ചൊല്ലിക്കൊണ്ട് ഇപ്പോൾ ദമ്പതിമാരായിരിക്കുന്ന നിങ്ങൾ നിങ്ങളുടെ വിവാഹത്തിനു സാക്ഷിയായിരിക്കുന്ന ഈ ഹോമാഗ്നിക്കു ചുററും എഴു തവണ വലത്തു വെയ്ക്കണം.

(ചന്ദ്രഹാസനും വിഷയയും അപ്രകാരം ചെയ്യുന്നു.)

ക—പ്രിയസഖിവിഷയേ! നീനിൻ
പ്രിയതമനൊന്നിച്ചുചേൻവിധിഗതിയാൽ;
പ്രിയതനയരുമുണ്ടായി-
പ്രിയമണയാതേസുഖിക്കബഹുകാലം. ൱൪൫

ഗാ—ഇനി വന്നിരിക്കുന്ന മഹാജനങ്ങൾക്കു പൂവും ചന്ദനവും ഭദ്ര

വന്മാൎക്കു പ്രതിഗ്രഹവും കൊടുത്തു കഴിഞ്ഞാൽ വിവാഹകൎമ്മങ്ങളെല്ലാം അവസാനിച്ചു.

മ — അങ്ങിനെ തന്നെ. എന്റെ ഏകസഹോദരിയായ വിഷയയുടെ ഗുണത്തിനുവേണ്ടി അച്ഛന്റെ സമ്പാദ്യം മുഴുവനും ചിലവിടുന്നതിനും എനിക്കു മടിയില്ല.

(ചിലർ വന്നിരിക്കുന്നവൎക്കു പൂവ്വും ചന്ദനവും കൊടുക്കുകയും മദനൻ ബ്രാഹ്മണൎക്കു പ്രതിഗ്രഹം കൊടുക്കുകയും എല്ലാവരും ദമ്പതിമാരെ അനുഗ്രഹിച്ചുപോകുകയും ചെയ്തു.)

രണ്ടാംരംഗം — കുന്തളത്തിൽ ഒരു വീഥി.

ദുഷ്ടബുദ്ധി പ്രവേശിക്കുന്നു.

ദു — ഇതാ കുന്തളരാജധാനിയുടെ ഗോപുരാഗ്രഭാഗങ്ങൾ ദൂരത്തിൽ ഉയൎന്നുകാണുന്നു. ഞാൻ എത്ര ക്ഷണത്തിൽ മടങ്ങി എത്തി! ഞാൻ ഇവിടെനിന്നു പോയിട്ടു ഒരാഴ്ചയിലധികമായില്ലല്ലോ! ആവശ്യമായിരുന്ന കാൎയ്യങ്ങളെല്ലാം സാധിച്ചു.

പണ്ടാഴിബന്ധിച്ചിതുരാമചന്ദ്രൻ,
പണ്ടാഴിചാടീഹനുമാനുമോൎത്താൽ,
വേണ്ടുന്നകാൎയ്യംവഴിപോലെനേടാ-
നുണ്ടോഞെരുക്കംബലവാനൊരല്പം? ഹർന്ന

ചന്ദ്രഹാസൻ ഇപ്പോൾ നിശ്ചയമായിട്ടും മരിച്ചിട്ടുണ്ടായിരിക്കും. രാജ്യത്തിൽ പല അഴിമതികളും നടക്കുന്നുണ്ടെന്നുള്ള ഒരു വ്യാജത്താൽ ഞാൻ കുളിന്ദനെ തടവിലാക്കുകയും ചെയ്തുവല്ലോ. ആ കൃതഘ്നനെ തടവിലാക്കിയതു വളരെ ഉചിതമായി. ഞാൻ അവനു രാജ്യഭരണത്തിൽ എത്ര വിലയേറിയ ഉപദേശങ്ങളാണ് കൊടുത്തിട്ടുള്ളത്! അതൊന്നും വകവെക്കാതെ അവൻ എന്നെ ചതിക്കയല്ലേ ചെയ്തത്?

വിഷവൃക്ഷത്തെച്ചുവടോടു
വിഷമിക്കാതേപറിച്ചുഞാൻനീക്കി;
വിഷവൃക്ഷത്തെവളൎത്തിയ-
വഷളനെയുംതടവിലാക്കിതടവെന്യേ.

ഇനി എനിക്കു നല്ല സമാധാനത്തോടുകൂടിയിരിക്കാം. ഇനി കുന്തളരാജാവ് ഞാൻ തന്നെ.

(അടുത്തു വരുംതോറും തോരണം തൂക്കിയിരിക്കുന്നതായി കാണുകയും സംഗീതം കേൾക്കുകയും ചെയ്യുന്നു.)

ഈ തോരണങ്ങൾ തൂക്കിയിരിക്കുന്നത് എന്തിനാണ്? ഈ വിശേഷമായ സംഗീതത്തിന്റെ ആവശ്യമെന്ത്? ഹാ! ഈ സംഗീതം എന്റെ കൊട്ടാരത്തിൽനിന്നുതന്നെയാണ് കേൾക്കുന്നത്. ഞാൻ വൃദ്ധനായി എന്നു വിചാരിച്ചു മദനൻ തന്നിഷ്ടം പ്രവൃത്തിച്ചു തുടങ്ങിയോ?

അന്യൻനേടിയമുതലത്തു
തന്നിഷ്ടംപോലെവെച്ചുചിലവാക്കം
മന്നനുവകതിരിവെവിടെ?
താൻനേടാപ്പൊന്നുമാററിയാ. ഹർവ്യ

ഞാൻ കഷ്ടപ്പെട്ടു സമ്പാദിച്ച ദ്രവ്യം ഇങ്ങിനെ ദുർവ്യയം ചെയ്തു ഈ ആഘോഷങ്ങൾ നടത്തുന്നതു മദനനാണെങ്കിൽ ഞാൻ ഒരിക്കലും അവനു മാപ്പു കൊടുക്കുന്നതല്ല.

(മദനൻ പിതാവിനെ വന്ദിച്ചുകൊണ്ടു അടുത്തുവരുന്നു)

അവൻ ഇതാവരുന്നു. എടാ! കഴുതകളിൽ അഗ്രഗണ്യനായുള്ളവനേ! ഈ അലങ്കാരവും ഈ രസകരമായ സംഗീതവും മററും എന്തിനാണ്?

മ—പ്രിയപിതാവേ! ഞാൻ വല്ലതും അബദ്ധം പ്രവൃത്തിച്ചു പോയിട്ടുണ്ടെങ്കിൽ മാപ്പു തരണേ. അവിടന്നു കല്പിച്ചതുപോലെ അല്ലാതെ ഞാനൊന്നും ചെയ്തിട്ടില്ല.

ദു—എട വിഡ്ഢി! ഇതെല്ലാം ഞാൻ കല്പിച്ചിട്ടാണോ നീ ചെയ്തിരിക്കുന്നത്?

മ—ഇതാണ് ഇപ്പോൾ വിശേഷമായത്. ചന്ദ്രഹാസനു ഉടനെ വിഷയയേ വിവാഹം കഴിച്ചു കൊടുക്കേണമെന്നു ആവശ്യപ്പെടുന്ന ഒരു എഴുത്തോടുകൂടി അദ്ദേഹത്തിനെ ഇങ്ങോട്ടയച്ചതു ഇവിടന്നു തന്നെയല്ലേ?

ദു—ഛെടമടയ! എട കഴുതെ! നീ എന്താണ് പറഞ്ഞത്? അവളെ അവനു വിവാഹം കഴിച്ചു കൊടുത്തോ?

മ— അതു കഴിഞ്ഞിട്ടു മൂന്നുദിവസമായി. ഇവിടത്തെ കല്പനയെ അ

നുസരിക്കാതെ ഇരിക്കുന്നത് ശരിയല്ലെന്നു വിചാരിച്ചാണ് ഉടനെ അങ്ങിനെ ചെയ്തത്.

ദു—വിചാരിക്കയോ? കഴുതകൾക്കു വിചാരിക്കുവാൻ ബുദ്ധിയുണ്ടോ? ഇനി എന്റെ നേരെ വരണ്ട. വല്ല വനാന്തരത്തിലും പോയി മരിച്ചുകൊൾക.

മ— പുത്രനു പിതാവിന്റെ കല്പനയെ അനുസരിക്കയല്ലാതെ നിവൃത്തിയുണ്ടോ? എന്റെ പിതൃഭക്തിക്കുള്ള മതിയായ സമ്മാനമാണിത്.

ജനകഹിതമനുഷ്ഠിച്ചീടുവാൻരാമചന്ദ്രൻ
ജനകജയൊടുകൂടിക്കാനനംപൂകിയില്ലേ?
അനവരതമരണ്യംതന്നിലിപ്പുണ്യഹീനൻ
മനമുരുകിയിരിക്കാമച്ഛനുള്ളിട്ടുപോലെ. ഫൎൻ

ദു—എന്റെ പരമശത്രുവിനെ ജാമാതാവാക്കുവാൻ എനിക്കു സമ്മതമുണ്ടെന്നു നീ എങ്ങിനെ നിശ്ചയിച്ചു?

മ— ഈ പറഞ്ഞതിന്റെ അൎത്ഥം എനിക്കു മനസ്സിലായില്ല. അദ്ദേഹം നമ്മുടെ ഏററവും മിത്രമെന്നല്ലേ എഴുത്തിൽ എഴുതിയിരിക്കുന്നത്?

ദു—കഷ്ടം! ഇതു ഞാൻ ആലോചിച്ചില്ലല്ലോ. ഞാൻ 'മഹാഹിതൻ' എന്നെഴുതിയിരിക്കുന്നതിനെ മഹാ അഹിതൻ എന്നും മഹാഹിതൻ എന്നും വായിക്കാം. അതുകൊണ്ടാണു നീ അവനെ ഏററവും മിത്രമെന്നു മനസ്സിലാക്കിയത്. എന്നാൽ ഞാൻ അതിൽ ഇവനു വിഷം കൊടുക്കേണമെന്നു എഴുതീട്ടുണ്ടല്ലോ. അതുകൊണ്ടു അഹിതനെന്നു തന്നെയാണല്ലോ നീ മനസ്സിലാക്കേണ്ടിയിരുന്നത്.

മ—ആ എഴുത്തിൽ അങ്ങിനെയൊന്നും ഉള്ളതായി കണ്ടില്ല. പരമാൎത്ഥത്തിൽ നമ്മുടെ വിഷയയെ കൊടുക്കുവാനാണ് എഴുതിയിരിക്കുന്നത്.

ദു—എവിടെ എന്റെ എഴുത്ത്? എടുത്തുകൊണ്ടുവാ. നോക്കട്ടെ.

മ—ഇതാ എഴുത്തു നോക്കു. (എഴുത്തു കൊടുക്കുന്നു)

ദു— (വായിച്ചിട്ടു) നീ പറയുന്നതു ശരിയാണ്. എനിക്കു നല്ല തൃപ്തി

യായി. ഞാൻ നിൻെറ സ്വഭാവമറിവാനാണ് അതൃപ്തിയായി പലതും പറഞ്ഞത്. ഗണിതശാസ്ത്രത്തിൽ അതിസമൎത്ഥനായ ഒരാൾ ആവശ്യപ്പെട്ടിട്ടാണ് ഞാൻ എഴുതിയത്. വിവാഹം കഴിഞ്ഞതുകൊണ്ടു ഇനി ചന്ദ്രഹാസൻ ബഹു യോഗ്യനായിത്തീരും. ഈ സംഗതി നീ ആരോടും പറയരുത്. ഇത്ര യോഗ്യനായ ഒരു ജാമാതാവുണ്ടായതുകൊണ്ടു ഞാൻ മഹാ ഭാഗ്യവാൻ തന്നെ. നാം ഇനി അദ്ദേഹത്തിനെ വേണ്ടപോലെ ആദരിക്കേണ്ടതാകുന്നു. നീ പോയി അദ്ദേഹത്തിനു വേണ്ടതെല്ലാം ബുദ്ധിമുട്ടുകൂടാതെ നടത്തിക്കൊടുക്കുക. ഞാൻ പോയതിൻെറ ശേഷം തീൎച്ചയാക്കാതെ കൂടിക്കിടക്കുന്ന രാജ്യകാൎയ്യങ്ങൾ എന്തെല്ലാമാണെന്നു നോക്കട്ടെ. (മദനൻ പോകുന്നു) (ദുഷ്ടബുദ്ധി ഭവനത്തിൽ പ്രവേശിച്ചു താനേ തന്നെ ഇരുന്നാലോചിക്കുന്നു.)

രണ്ടാമത്തുംവിഫലമായിമദീയയത്നം
കണ്ടാലുമുണ്ടുപിഴയുംചെറുതൊന്നെഴുത്തിൽ,
പണ്ടേമകാരമെഴുതാൻവശമല്ലെനിക്കി-
ന്നുണ്ടാക്കിദോഷമറിയാതെയകാരമിപ്പോൾ. ൧൦

വിധി ബലവാൻ തന്നെ, എങ്കിലും അധൈൎയ്യപ്പെടുവാനാവശ്യമില്ല. എൻെറ മൂന്നാമത്തെ യത്നം സഫലമാകും, നിശ്ചയം തന്നെ.

ഒന്നാംയത്നംവിഫലമ-
തെന്നായ്വന്നാൽമുറയ്ക്കുനിലപിന്നെ
മൂന്നാംകുറിയുളവായ്വരു-
മെന്നൊരുമൊഴിയുള്ളതിന്നുപിഴയാകാ. ൧൧

എന്നാൽ ഇതുകൊണ്ടൊരു ദോഷമുള്ളതു പുത്രിക്കു വൈധവ്യം വരുമെന്നുള്ളതാണെല്ലോ. ഇനി അതുകൂടാതെ കഴിക്കുവാൻ നിവൃത്തിയില്ല. ഇന്നു സന്ധ്യക്കുതന്നെ നമ്മുടെ സ്വാധീനത്തിലുള്ള ആ രണ്ടു ഘാതകന്മാർ പോയി ദുൎഗ്ഗാലയത്തിൻെറ മേൽതട്ടിൽ ഒളിച്ചിരിക്കട്ടെ. പണ്ടു ഇവൻ കുട്ടിയായിരുന്നപ്പോൾ ഇവരിൽ ഒരുവനുണ്ടായിപ്പോയ മനസ്സലിവ് ഇത്തവണ ഉണ്ടാകാതിരിക്കുവാൻ ശട്ടം കെട്ടുക

യും ചെയ്യാം. എന്റെ ശത്രുവിനെ ഇപ്പോൾ തന്നെ അകററുന്നതാണ് നല്ലത്. ആരവിടേ?

(ഒരു ഭൃത്യൻ പ്രവേശിക്കുന്നു.)

ഭൃ—സ്വാമിൻ! കല്പന.

ദു—നീ പോയി എന്റെ ജാമാതാവിനോടു ഇവിടെ വരുവാൻ പറയുക.

ഭൃ—കല്പനപോലെ (എന്നു പോയി)

ദു—ഞാൻ എത്രയും സ്നേഹഭാവവും സൌമ്യഭാവവും നടിക്കും.

ചന്ദ്രഹാസൻ പ്രവേശിക്കുന്നു.

ച—പൂജ്യനായ പിതാവേ! എന്നെ സദയം അനുഗ്രഹിക്കണേ.

ദു— പ്രിയപുത്ര! ഞാൻ നിന്നെ പൂൎണ്ണഹൃദയത്തോടെ അനുഗ്രഹിച്ചിരിക്കുന്നു. ഞാൻ നിന്റെ യോഗ്യതയും ബുദ്ധിസാമൎത്ഥ്യവും കണ്ടിട്ടാണ് എന്റെ ഏകപുത്രിയെ നിനക്കു വിവാഹം കഴിച്ചുതന്നു നമ്മുടെ പരിചയത്തെ ബലപ്പെടുത്തിയത്.

ച—എന്നിൽ സ്നേഹത്തോടുകൂടിയ ഭവാന്റെ ഈ സൽകൃത്യം ഹേതുവായിട്ടുഞാൻ എന്നും ഭവാനോടു കൃതജ്ഞതയുള്ളവനായിരിക്കും.

ദു—സുമുഹൂൎത്തംകൊണ്ടു പതിവുള്ള വിവാഹകൎമ്മങ്ങൾ മിക്കവാറും നടത്തീട്ടുണ്ടായിരിക്കുമല്ലോ. എന്നാൽ ഇനി ഒരു കൎമ്മംകൂടി നടത്തേണ്ടതുണ്ട്. അതു ഇന്നു സന്ധ്യക്കുതന്നെ ചെയ്യേണ്ടതാണ്. നീതന്നിച്ചുതന്നെ ചെയ്യേണ്ടതുമാണ്.

ദിനമണിചരമാദ്രിക്കപ്പുറംപോയ്മറഞ്ഞാൽ,
തനയ!ഝടിതിനീദുൎഗ്ഗാലയേപോയിടേണം;
മനമതിലതിഭക്ത്യാദേവിതൻപാദപത്മം
വിനയമൊടുവണങ്ങിപ്പൂജയുംചെയ്തിടേണം. ൧൦൨

ആരാത്രിയാംരാക്ഷസിവന്നിടുംമു-
മ്പാരാത്രികാരാധനചെയ്തുതൂൎണ്ണം;
ചാരത്തുവന്നെത്തുകിലോവിവാഹ-
കാൎയ്യത്തിലേതുംകുറവില്ലപിന്നെ. ൧൦൩

ച—പിതാവേ! ഭവാന്റെ ആജ്ഞാനുസൃതം ഭഗവതിയെ വന്ദിച്ചു ദീപാരാധന കഴിച്ചുപോരാം.

(എന്നു പോയി-ദുഷ്ടബുദ്ധിയും പോയി)

മൂന്നാം രംഗം-കുന്തള രാജധാനിയിൽ ഒരു മുറി-

രാജാവു പ്രവേശിക്കുന്നു.

രാ—(നാലു പുറവും നോക്കീട്ടു)

ആദിത്യനസ്തഗിരിതന്നിലണഞ്ഞിടുന്നു,
കാദംബിനീകനകകാന്തികലർന്നിടുന്നു,
മോദംകലൎന്നുകുജകോടരസീമ്നി ചെന്നു
ശബ്ദിച്ചുകൂത്തു വിഹംഗങ്ങൾകടന്നിടുന്നു. ൧൨൪

കളങ്കമററുള്ളയതീന്ദ്രചിത്ത-
ക്കുളത്തിൽവാഴുംഭഗവൽപ്പദാബ്ജം,
തെളിഞ്ഞുസേവിപ്പതിനിന്നുസന്ധ്യാ
വിളങ്ങിടുന്നൂപരിപൂതയായി. ൧൨൫

ശരീരവുംമാനസവുംവിശുദ്ധി-
കരിച്ചിടുംനല്ലവിഭൂതിതേച്ചു
വരിഷ്ഠമാമാസനമൊന്നിൽവാണം-
പ്പുരാൎപ്പുരംഞാൻഹൃദികണ്ടിടട്ടേ. ൧൨൬

(ഒരു കയ്യിൽ ദർപ്പണവും മററകയ്യിൽ വിഭൂതിയും
എടുത്തു ദർപ്പണത്തിൽ നോക്കീട്ടു)

ഹാ! ഇതെന്തൊരുകാഴ്ച! ഭൃത്യന്മാർ അധികമുണ്ടായാലുള്ള ദോഷമാണിത്. ഈ കണ്ണാടി ആരും തന്നെ തുടച്ചിട്ടില്ല. (കണ്ണാടി നല്ലവണ്ണം തുടച്ചു നോക്കുന്നു) ഇതെന്തൊരത്ഭുതമാണ്!

കാണാനില്ലകപോലഫാലനയന-
ശ്രോത്രങ്ങളൊന്നെങ്കിലും
ക്ഷീണിച്ചോരുടലെൻകഴുത്തുവരെഞാൻ
കാണുന്നതുണ്ടെന്തിദം?
കാണില്ലേ?പുരുദുർജ്ജനപ്രകൃതിനീ-
യിന്നെൻമുഖാദർശമേ!
വേണുന്നോർകളെവേണ്ടതൊന്നുമറിയി-
ക്കാതേമറയ്ക്കുന്നുവോ? ൧൨൭

ഇതു എന്തായാലും ഒരു പുതിയ കാഴ്ചതന്നെ. എന്നെപ്പോലെ

അല്പബുദ്ധികളായവയക്ക് ഇതിൻെറ അത്ഥം മനസ്സിലാക്കുവാൻ ഞെരുക്കംതന്നെ.

(ഗാലവൻ പ്രവേശിക്കുന്നു)

എൻെറ പുരോഹിതൻ വേണ്ട സമയത്തു തന്നെയാണ് വന്നിരിക്കുന്നത്. ഹേ ഗണിതശാസ്ത്രപാരംഗതനായ വിശിഷ്ട പുരോഹിത! അതിശയാതീതമായ ഒരു കാൎയ്യമിപ്പോൾ സംഭവിച്ചിരിക്കുന്നു. ഇതിൻെറ ഗുണദോഷങ്ങളെ നല്ലവണ്ണം വിശദമാക്കിത്തരികവേണ്ടിയിരിക്കുന്നു. ഇന്നു എൻെറ അവിശ്വാസപാത്രമായിത്തീൎന്ന ഈ ദപ്പണം എൻെറ മുഖത്തെ കാണിക്കുന്നില്ല.

ഗാ—മഹാരാജാവേ! ആ ദപ്പണത്തെ അവിശ്വാസപാത്രമെന്നു ദൂഷിക്കേണ്ട. അതിപ്പോഴും വിശ്വാസപാത്രം തന്നെയാണ്. അനേകസംവത്സരമായിട്ടു ഒരു തെററും കൂടാതെ മുഖത്തെ ദശിപ്പിച്ചിട്ടുള്ള ഈ ദപ്പണം ഇപ്പോഴും ശരിയായിട്ടുതന്നെയാണ് കാണിക്കുന്നത്.

ഈലോകവാസമതിലാസ്ഥമുടിഞ്ഞുമുക്തി-
കാലംകൊതിച്ചുമുനിവൃത്തിയുമാചരിച്ചു,
കാലംകഴിച്ചുമരുവുന്നഭവാനൊടെന്തും
ഭൂലോകനാഥപറയാംകുറവില്ലതിങ്കൽ. ൱൩൨

രാ—എത്രതന്നെ ദോഷകരമായിരുന്നാലും കേൾക്കുന്നതിന്നു ഞാൻ ഒരുങ്ങിയിരിക്കുന്നു. എന്തു തന്നെ സംഭവിക്കുന്നതായിരുന്നാലും എനിക്ക് അല്പംപോലും ഭയമില്ല.

ഗാ—മഹാരാജാവിൻെറ ഹൃദയം എനിക്കറിയാം. പ്രസന്നനായിരുന്നു കേൾക്കണേ. ഇവിടേയ്ക്കു ദേഹവിയോഗകാലം സമീപിച്ചിരിക്കുന്നു എന്നാണ് ആ കണ്ണാടി കാണിച്ചത്. ഇവിടേയ്ക്കു സ്വൎഗ്ഗാരോഹണത്തിന് ഇനി അധികദിവസം താമസമുണ്ടാകുമെന്ന് എനിക്കു തോന്നുന്നില്ല.

രാ—മരണത്തിൽ എനിക്ക് അല്പംപോലും ഭീതിയില്ല. എൻെറ ദേഹവിയോഗാനന്തരം രാജ്യഭാരം കയ്യേല്ക്കുന്നതിന്ന് ഒരാളില്ലല്ലോ. എന്നും പുത്രി ഭത്തൃമതിയായി ഭവിച്ചില്ലല്ലോ എന്നും വിചാരിച്ചു മാത്രം ഖേദമുണ്ട്.

ഗാ— ഇവ ഖേദിക്കേണ്ട സംഗതികൾ തന്നെ, എങ്കിലും ആലോചിച്ചാൽ ഒരു മണിക്കൂറിനകം സാധിക്കാവുന്ന കാൎയ്യങ്ങളാണ്. ഇവയെ വേഗത്തിൽ സാധിപ്പിച്ചു ധൎമ്മദാരങ്ങളോടുകൂടി വനം പ്രവേശിച്ച് അത്യാസന്നമായിരിക്കുന്ന ആ സമയവും പാൎത്തു ബ്രഹ്മധ്യാനത്തിൽ ഇരിക്കുന്നതാണ് ഇനി ഇവിടേക്കു നല്ലത്.

രാ— ഈ ഉപദേശം എനിക്കു സമ്മതം തന്നെ. എന്നാൽ നിവൃത്തിമാൎഗ്ഗം കൂടി ഉപദേശിച്ചുതന്നാൽ നന്നായിരുന്നു.

ഗാ— മഹാരാജാവേ! ഇപ്പോൾ ദുഷ്ടബുദ്ധിയുടെ ഭവനത്തിൽ ചന്ദ്രഹാസൻ എന്നു പേരായി യൌവനയുക്തനായി വിശിഷ്ടനായിരിക്കുന്ന ഒരു രാജകുമാരൻ വന്നിട്ടുണ്ട്. ഗാന്ധൎവ്വവിധിപ്രകാരം ഇപ്പോൾ ചമ്പകത്തിനെ അദ്ദേഹത്തിനു വിവാഹം ചെയ്തുകൊടുത്താൽ പുത്രി ഭൎത്തൃമതിയാകയും രാജ്യം സനാഥമാകയും ചെയ്യും.

രാ— ഹേ വിശുദ്ധപുരോഹിത! ഈ അമൂല്യങ്ങളായ ഉപദേശങ്ങൾക്കു ഞാൻ അങ്ങയെ വന്ദിക്കുന്നു. ആരവിടെ?

(ഒരു ഭൃത്യൻ പ്രവേശിക്കുന്നു)

രാ— മദനനേ വിളിക്കുക.

ഭൃ— കല്പനപോലെ (എന്നു പോയി)

(മദനൻ പ്രവേശിക്കുന്നു)

രാ— മദന! നീ വേഗത്തിൽ നിന്റെ ഭവനത്തിൽ ചെന്നു ചന്ദ്രഹാസനെ ഉടനെ ഇങ്ങോട്ടു പറഞ്ഞയക്കണം.

മ— കല്പനപോലെ (എന്നു പോയി)

രാ— ഇനി രാജ്യകാൎയ്യങ്ങളിൽനിന്ന് ഒഴിവാൻ നല്ല തരമായി.

ദുൎമ്മോഹഭാരമിയലുന്നൊരുരാജ്യഭാരം,
ചെമ്മേയൊഴിഞ്ഞുചെറുതൊന്നിനിവിശ്രമിക്കാം;
സമ്മോദമാൎന്നുനിജഭാരമഴിഞ്ഞമൂലം,
നിൎമ്മുക്തനാമഹിതെളിഞ്ഞമരുന്നപോലെ. ൰൯

ഈ ലോകകാൎയ്യങ്ങളെല്ലാം മിത്ഥ്യാഭൂതങ്ങളെന്നും നിസ്സാരങ്ങളെന്നുമുള്ള എന്റെ അഭിപ്രായത്തോടു നിങ്ങൾ യോജിക്കുന്നില്ലേ?

ഗാ— അതിനു സംശയമുണ്ടോ? ഇഹലോകസുഖം ഒരു സുഖമല്ല. ചതുൎദ്ദശലോകങ്ങളും അവയിലുള്ള സൎവ്വസ്വവും നശ്വരമാണല്ലോ.

ബ്രഹ്മം തന്നെ അനശ്വരം. മുക്തിതന്നെ സുഖം. ശ്രീരാമൻ ലക്ഷ്മണനോടു ചെയ്തിട്ടുള്ള ഉപദേശങ്ങളെ മഹാരാജാവോൎക്കുന്നുണ്ടായിരിക്കുമല്ലോ.

അപ്പിത്തത്തിൽപഴുത്തിട്ടെരികനൽനിറമാ-
യുള്ളലോഹത്തിൽവീഴ-
ന്നപ്പിൻതുള്ളിക്കുതുല്യംനരനുടെനെടുതാ-
യുള്ളൊരായുസ്സുകാലം;
നല്പുത്തൻമേട,പൂന്തേൻമൊഴിക,ളുഴകെഴും
ഗാത്ര,മേറുന്നസമ്പ-
ത്തെപ്പേപ്പെട്ടുള്ളതെല്ലാമമിതചപലയാം
ചഞ്ചലത്വൊക്കുമല്ലോ. ൧൩൦

കാകോദരഗളഗതമാം
ഭേകംഭക്ഷിപ്പതിന്നുകൊതിയാലെ
ആകുലമെന്ന്യേപൃത്തിക-
പോകുംമാൎഗ്ഗത്തെലാക്കിൽനോക്കുന്നു. ൧൩൧

കാലവിലേശയവായിൽ-
ക്കാലൂന്നിക്കൊണ്ടുനില്ക്കുമീലോകം,
കോലാഹലമോടുബഹുവിധ-
ലീലാഭോഗങ്ങൾതേടിയോടുന്നു. ൧൩൨

തടിനിയിലൊഴുകീടുംവൻതടിക്കൊപ്പമാണി-
ത്തടിയർനെടിയതായിക്കണ്ടിടുംവീട്ടുവാസം,
ഇടയിൽവഴിയിലോരോപാന്ഥർകൂടിത്തിരിക്കും
വടിവിലിവിടെനാമൊത്തൊട്ടുനാൾപാർത്തിടുന്നു. ൧൩൩

നാമിക്കാണുന്നതെല്ലാമൊരുവലിയകിനാ-
വിന്നുതുല്യംനിനച്ചാൽ,
കാമിക്കാനൊന്നുമില്ലാകനകവുമൊരുപി-
ണ്ണാക്കുമേഭേദമില്ല

ഭൂമിക്കും സീമയില്ലാതുഴറുമൊരുമഹാ-

ഖേടജാലത്തിനും സ്വാ-

സ്വാമിക്കും സേവകന്നും വരുമറുതി ദൃഢം

ബ്രഹ്മമൊന്നെന്നുമുണ്ടാം. ഹന്ത്

അതിനാൽ പരമാത്മബോധം ഒന്നുതന്നെയാകുന്നു ശ്രേഷ്ഠമായിട്ടുള്ളത്. അതൊന്നു മാത്രമാകുന്നു നമ്മുടെ അജ്ഞാനത്തെ നശിപ്പിക്കുന്നത്. ലോകകാര്യങ്ങൾ ഒന്നുംതന്നെ ബ്രഹ്മാനന്ദപ്രദമല്ല. ലോകവിഷയങ്ങളിൽനിന്നു നിവൃത്തിച്ച് ചിത്തവൃത്തിയോടുകൂടി ഇനി ബ്രഹ്മധ്യാനം ചെയ്യുന്നതിനാൽ ഇവിടേക്ക് സായൂജ്യമുക്തി ഹസ്തസംസ്ഥിതയാകും.

രാ— അങ്ങയുടെ വിലയേറിയ ഈ ഉപദേശം എനിക്ക് പൂർണ്ണമായ മനസ്സമാധാനത്തെ തരുന്നുണ്ട്.

(ചന്ദ്രഹാസൻ പ്രവേശിക്കുന്നു)

ഗാ— ഹാ! ഇതാ ചന്ദ്രഹാസൻ തിരുമുമ്പിൽ ഹാജരായിരിക്കുന്നു.

രാ— (സന്തോഷാത്ഭുതങ്ങളോടുകൂടി ചന്ദ്രഹാസനെ ആപാദചൂഡം നോക്കിക്കൊണ്ട്) പ്രിയപുത്ര! എന്റെ കുലഗുരുവിന്റെ ആജ്ഞാനുസരണം വിസ്തീർണ്ണമായ എന്റെ രാജ്യത്തേയും സുശീലയായ എന്റെ പുത്രിയേയും ഞാൻ പൂർണ്ണമനസ്സോടുകൂടെ നിനക്കു തന്നിരിക്കുന്നു. നിന്റെ സിംഹാസനാരോഹണവും പുത്രിയുടെ വിവാഹവും ഒരുമിച്ചുതന്നെ കഴിയട്ടെ. (എല്ലാവരും പോയി)

— —

## നാലാം രംഗം.

കുന്തളം രാജധാനി.

ചന്ദ്രഹാസനും, ചമ്പകമാലിനിയും, ഗാലവനും പ്രവേശിക്കുന്നു.

ചന്ദ്ര— ഹേ പൂജ്യപുരോഹിത! അനേക സംഗതികൾ ഒന്നോടൊന്നു തുടൎന്നുവന്നിരിക്കുന്നതിനാൽ എനിക്ക് അല്പംപോലും വിശ്രമിക്കുവാൻ ഇട കിട്ടുന്നില്ല. ഇപ്പോൾ പിതാവിന്റെ വനവാസത്തിനുള്ള യാത്രയും എന്നെ വല്ലാതെ ഖണ്ഡിപ്പിക്കുന്നുണ്ട്.

ദാഹംവിശപ്പിവജനിച്ചമൃതല്ലൂറിഞ്ഞ
ദേഹങ്ങളല്ലനൃപനുംനിജരാജ്ഞിതാനും;
ഹാഹാ!മരത്തുകിലുടുത്തുവനത്തിലായി-
നൂഹിക്കിൽമോഹമഖിലംകലിലംകലാശം. ഫന്ദ്രദി

അങ്ങയുടെ ജ്ഞാനോപദേശമഹിമയാൽ അവരുടെ വിശ്രുധ ജീവദശാന്ത്യം മുക്തിമാർഗ്ഗത്തിലായിരിക്കുന്നു എന്നുള്ള സംഗതി സന്തോഷകരമായിട്ടുള്ളതാണെങ്കിലും അവരുടെ വിയോഗം ഈ സമയത്തു ദുസ്സഹം തന്നെ.

ഗാ— മഹാരാജാവേ! വാനപ്രസ്ഥനായ ഇവിടത്തെ പിതാവിൻെറ ഗുണങ്ങളെ ഓരോന്നോരോന്നായി ആലോചിക്കുമ്പോൾ എൻെറ ഹൃദയം തകരുന്നു.

കുന്തളേശനതിപൂതചിന്തയൊടുമന്ത-
രാത്മനിനിരന്തരം
ശാന്തനായ്ചെറുതുമന്തരായമിയലാതെ
തന്നെകൃതകൃത്യനായ്
സന്തപിപ്പവരിലന്തരംഗമതലിഞ്ഞു-
ദാത്തചരിതത്തിനാൽ
സന്തതംസുജനസന്തതിക്കുസുരദാരു-
വായിമരുവീടിനാൻ. ഫന്ദ്ര

ചന്ദ്ര— അങ്ങയുടെ ഉപദേശങ്ങളെ അനുസരിച്ച് അദ്ദേഹം നടന്നുവരുന്നതുപോലെ തന്നെ ഞാനും നടക്കുന്നതിനു നിശ്ചയിച്ചിരിക്കുന്നു. (അരികിലിരിക്കുന്ന ചമ്പകമാലിനിയുടെ മുഖത്തു നോക്കി വിഷാദഭാവത്തോടുകൂടി)

സുന്ദരീ!

സമ്മാനമോടുനിജവേളികഴിഞ്ഞനല്ല-
സമ്മോദമാർന്നമരുവുന്നതിനുള്ളഭാഗ്യം,
ചെമ്മേകുറഞ്ഞുജനകൻജനനീസമേതം
നമ്മേവെടിഞ്ഞുവനവാസമെടുത്തമൂലം. ഫന്ദ്ര

ചമ്പ— ആര്യപുത്ര!

മിത്രവിയോഗത്താൽശത-
പത്രംകൂട്ടനുകൂടിട്ടംരുജയാൽ
മിത്രവിയോഗത്താലിഹ
ചിത്രംസുജനസ്യ ചിത്തപങ്കജവും. ൧൬൨

സ്വജനങ്ങളുടെ വേർപാടിൽ മഹാ ജ്ഞാനികൾ കൂടി വ്യസനിക്കുന്നു സ്ഥിതിക്കു മാതാപിതാക്കന്മാരുടെ വേർപാടിൽ അല്പജ്ഞയായി ബാലയായി ലോകപരിചയമില്ലാത്തവളായിരിക്കുന്ന ഞാൻ എങ്ങിനെ വ്യസനിക്കാതെ ഇരിക്കും? എന്നാൽ പ്രിയപിതാവ് എനിക്ക് അനുരൂപനായി പ്രിയനായിരിക്കുന്ന ഭവാനെ നല്കിയതിനാൽ ഞാൻ കൃതാൎത്ഥയായിരിക്കുന്നു.

ചന്ദ്ര— ദുഷ്ടബുദ്ധിയുടെ ദയാപുരസ്സരമായ ആജ്ഞയാലാകുന്നു ഞാൻ ഈ നഗരത്തിൽ വന്നതും വിഷയയെ വിവാഹം കഴിച്ചതും. ഇപ്പോൾ ഭവതിയുടെ പിതാവിൻെറ കാരുണ്യത്താൽ ഈ കുന്തളരാജ്യവും ഭവതിയും എൻെറ ധനമായിത്തീൎന്നു.

ചമ്പ— ജനനം മുതല്ക്കുതന്നെ വിഷയ എൻെറ പ്രിയസഖി ആയിരിക്കുന്നതിനാൽ ആ വിശിഷ്ടയുവതിയോടുകൂടി ഭവാൻെറ സ്നേഹത്തെ പങ്കുകൊള്ളുന്നതിൽ ഞാൻ നിൎവ്യാജമായി സന്തോഷിക്കുന്നു.

ഗാ— സുശീലയായ മഹാരാജ്ഞി! ഭവതിയുടെ ദയാപൂൎണ്ണമായ ഈ വിചാരം വളരെ വിലമതിക്കത്തക്കതു തന്നെ. ഭവതിക്ക് എന്നും ഇങ്ങിനെ തന്നെ തോന്നട്ടെ. അല്ലയോ മഹാരാജാവേ! ഭവാൻ സിംഹാസനാരോഹണം ചെയ്ത വിവരം ഇന്നുതന്നെ രാജ്യമെങ്ങും പ്രസിദ്ധപ്പെടുത്തേണ്ടതാകുന്നു. അതിനാൽ ഇന്നു രാത്രി മഹാരാജ്ഞിയോടുകൂടി ഒരു പല്ലക്കിൽ കയറി വാദ്യഘോഷങ്ങളോടും ചതുരംഗസേനകളോടുംകൂടി ഈ പട്ടണത്തിലുള്ള പ്രധാന തെരുവുകളിലെല്ലാം ഒരു ഘോഷയാത്ര എത്രയും, ആവശ്യമാകുന്നു. വഴിക്കു ദുഷ്ടബുദ്ധിയുടെ ഭവനത്തിൽ എഴുന്നെള്ളുന്നതും യുക്തമായിരിക്കും.

ചന്ദ്ര— അങ്ങിനെ തന്നെ. (എല്ലാവരും പോയി)

## അഞ്ചാമങ്കം.

---

### ഒന്നാം രംഗം.

കുന്തളം ദുഷ്ടബുദ്ധിയുടെ ഭവനത്തിൽ ഒരു മുറി.

ദുഷ്ടബുദ്ധി പ്രവേശിക്കുന്നു.

ദു—ചെയ്തുപോയ കാൎയ്യത്തെപ്പററി ഞാൻ വ്യസനിക്കുന്നുണ്ട്. എന്നാലും എൻെറ ശത്രുബാധ നീങ്ങിയല്ലൊ. ഇനി എന്തുതന്നെ വന്നാലെന്താണ്?

ഇടക്കിടയ്ക്കൊട്ടുമുടക്കമേല്ക്കിലും,
മടക്കമില്ലാതൊട്ടുവെത്തിടുംവരെ,
മിടുക്കുകൂടുന്നവനേററജോലിയേ
മടിയ്ക്കയില്ലൊക്കെമുടിച്ചുകൊള്ളുവാൻ. ഫന്നൻ

വിടാതെയുള്ള എൻെറ പരിശ്രമം എൻെറ സന്തതികളെ രാജസിംഹാസനത്തിൽ പ്രവേശിപ്പിച്ചിരിക്കുന്നു. ഇനി ഒന്നുകൊണ്ടും അതിന് ഒരു വിഘ്നവും നേരിടുന്നതല്ല. ഇന്നു മുതല്ക്ക് എനിക്ക് അഭംഗുരമായ ആനന്ദം തന്നെ.

(ഒരു ഘോഷയാത്രയുടെ ആഘോഷം കേൾക്കുന്നു.)

തെരുവിൽ ഇത്ര വലിയ തിരക്കെന്താണ്? ആരവിടെ?

(ഘാതകൻ പ്രവേശിക്കുന്നു)

ഘ— വേളികഴിഞ്ഞ ജാമാതാവ് അങ്ങയെ അഭിവാദ്യം ചെയ്യുന്നതിനു വരുന്ന തിരക്കാണത്.

ദു— ജാമാതാവോ? ആരുടെ?

ഘ— ആരുടെയെന്നെനിക്കറിഞ്ഞുകൂടാ. അദ്ദേഹം രണ്ടുപ്രകാരത്തിലും അങ്ങിനെ തന്നെയാണ്.

ദു— ആരുടെയെന്നറിഞ്ഞുകൂടെ?

ഘ— അറിയാം. അദ്ദേഹത്തിൻെറ ശ്വശുരൻെറ.

ദു— നിൻെറ ഈ കളി നന്നല്ല. അവൻെറ ശ്വശുരൻ ആരാണ്?

ഘ— അദ്ദേഹത്തിനു ശ്വശുരന്മാർ രണ്ടുണ്ട്?

ദു— അവർ ആരെല്ലാം?

ഘ— അവരെ ഇപ്പോൾ നടന്നുപോയ വിവാഹക്രമത്തെ അനുസരിച്ചോ അവരുടെ പദവിയെ അനുസരിച്ചോ ഞാൻ പറയേണ്ടത്?

ദ — നീ മഹാ ദുർബ്ബുദ്ധിയാണ്. ഏതു വഴിക്കെങ്കിലും പറയുക തന്നെ.

ഖ — (ആത്മഗതം) ദുർബ്ബുദ്ധി ഞാനല്ല. (പ്രകാശം) എന്നാൽ അവരുടെ പദവിയെ അനുസരിച്ചു പറയാം. ഈ സംഗതിയിലും ഇപ്പോൾ അല്പം ബുദ്ധിമുട്ടുണ്ട്.

ഒരാളുപേക്ഷിച്ചു ധനം സമസ്തവും,
പരം തൃണംപോലെ വനം ഗമിച്ചഹോ!
ഒരാളഹോ! നേടിയ വിത്തമൊക്കയും
ധരാസുരന്മാരുടെ കൈവശത്തിലായ്. ൨൦

ദ — ഈ വക വിസ്താരമൊന്നും ഇവിടെ ആവശ്യമില്ല. കാര്യം നേരേ പറയുക തന്നെ. ധനം ഉപേക്ഷിച്ചു കാട്ടിൽ പോയതാരാണ്?

ഖ — ഒരു സന്ന്യാസി.

ദ — നിന്നോടു കാര്യങ്ങൾ നേരെ പറയേണമെന്നല്ലേ പറഞ്ഞത്? (അടിക്കുന്നു)

ഖ — ഈ അടികൊണ്ടൊന്നും പ്രയോജനമില്ല. എന്റെ ശമ്പളം അല്പം കൂട്ടിത്തരാമോ?

ദ — നേരെ പറഞ്ഞില്ലെങ്കിൽ ധാരാളം കൂട്ടിത്തരാം. ഒരു സന്ന്യാസിക്കെങ്ങിനെയാണ് ജാമാതാവുണ്ടാകുന്നത്?

ഖ — അതു ഞാൻ നേരേ പറയാം. പുത്രിയുടെ വിവാഹം കഴിഞ്ഞതിൽപിന്നെയാണ് അച്ഛൻ സന്ന്യാസിയായത്.

ദ — ആ അച്ഛനെ ഞാൻ അറിയുമോ?

ഖ — ഉവ്വെന്നു തന്നെയാണ് എനിക്കു തോന്നുന്നത്. ഇവിടത്തെ നേത്രങ്ങൾ രണ്ടും, കോവിലകത്തേക്കു പോകുമ്പോളൊക്കെയും, കുപ്പായക്കീശയിലിട്ടുകൊണ്ടാണ് പോക പതിവെങ്കിൽ അറിയുവാൻ തരമില്ല.

ദ — നീ മറിച്ചുവെച്ചു സംസാരിച്ചതെല്ലാം ഇപ്പോൾ എനിക്കു മനസ്സിലായി. നീ മഹാരാജാവിനെ ഉദ്ദേശിച്ചല്ലേ ഇപ്പോൾ പറഞ്ഞത്?

ഖ — അതേ.

ദ — അദ്ദേഹം എന്തിനു സന്ന്യാസിയായി?

ഖ— അദ്ദേഹത്തിൻെറ മുഖാദേശം അദ്ദേഹത്തിൻെറ മുഖത്തെ കാണിക്കാതെ ദേഹവിയോഗത്തെ സമൎപ്പിച്ചതിനാൽ തന്നെ.

ദു— രാജ്യഭാരത്തിനാർ?

ഖ— അതു ഞാൻ പറയാം.

പുത്രിതൻെറഭരണത്തിനാരവൻ
പാത്രമാണവനിയേഭരിക്കുവാൻ (അഥവാ)
പുത്രിയേതൊരുവനെബ്ഭരിച്ചിട്ട-
ന്നത്രഭൂഭരണമായവനുമാം.
ഫലം

ദു— മഹാരാജാവിൻെറ ജാമാതാവാരാണ്?

ഖ— ഇപ്പോൾ എല്ലാം നേരെയായി. ഇവിടത്തെ ജാമാതാവു തന്നെ.

ദു— എൻെറയോ?

ഖ— അതേ, അങ്ങയുടെയും മഹാരാജാവിൻെറയും ഒന്നുതന്നെ. എന്നാലും അങ്ങു മഹാരാജാവല്ല.

ദു— നീ ഇത്രനേരം ബുദ്ധിമുട്ടിയതിനു ഇതുംകൂടി ഇരിക്കട്ടെ. (അടിക്കുന്നു) ഇനി എൻെറ നേരെ വരരുത്. പോ-

ഖ— ഞാൻ പൊയ്ക്കൊള്ളാം. എന്നാൽ ചന്ദ്രഹാസമഹാരാജാവിനെ ദൎശിക്കുമ്പോൾ ഇവിടെക്കു സന്തോഷമുണ്ടാകും (എന്നു പോയി)

ദു— എന്താണ്? ചന്ദ്രഹാസൻ ചമ്പകമാലിനിയെ വിവാഹം ചെയ്തു രാജാവായൊ? അയ്യോ എൻെറ മോഹമേ! ഇനി എങ്ങോട്ടെങ്കിലും പൊയ്ക്കൊൾക. കഷ്ടം! ആ കഴുതയുടെ മകൻ മദനൻ കോവിലകത്ത് ഈ സമയമൊക്കെയും എന്തു ചെയ്കയായിരുന്നു?

(ചന്ദ്രഹാസനും ചമ്പകമാലിനിയും പ്രവേശിക്കുന്നു.)

ചന്ദ്രഹാസനും ചമ്പകമാലിനിയും— ഞങ്ങൾ അങ്ങയുടെ അനുഗ്രഹത്തെ അപേക്ഷിക്കുന്നു.

ദു— (രണ്ടു പേരേയും സമീപത്തിൽ പിടിച്ചിരുത്തി അനുഗ്രഹിക്കുന്ന ഭാവം കാണിച്ചിട്ടു)- അല്ലയോ ചന്ദ്രഹാസ! ഇന്ന് എൻെറ കുലാചാരമനുസരിച്ചു ദുൎഗ്ഗാലയത്തിൽ പോയി ഞാൻ കല്പിച്ചപ്രകാരം ഭഗവതിയെ ആരാധിക്കാതെ ഇരുന്നത് ഒട്ടുംതന്നെ നന്നായില്ല.

ച— പ്രിയ പിതാവേ! എനിക്കു മാപ്പുതരണെ. ഞാൻ അങ്ങോട്ടു പോകുംവഴി മദനൻ മഹാരാജാവിന്റെ കല്പനപ്രകാരം എന്നെ തടഞ്ഞു നിൎത്തി പൂജാസാധനങ്ങളെല്ലാം എന്റെ കയ്യിൽനിന്നു വാങ്ങി താൻതന്നെ അതു നിൎവ്വഹിച്ചുകൊള്ളാമെന്നു പറഞ്ഞു എന്നെ കോവിലകത്തേക്ക് അയച്ച് അദ്ദേഹം ആ വഴിതന്നെ ദുൎഗ്ഗാലയത്തിലേക്കു പോയി. പിന്നെ നടന്ന സംഭവങ്ങളെല്ലാം ഇവിടെക്കറിയാമല്ലോ.

ദു— ശരി. ഞാൻ നിങ്ങളെ അധികം താമസിപ്പിക്കുന്നില്ല. വേണ്ട കാൎയ്യങ്ങളെല്ലാം നാളെ ആലോചിക്കാം. (ചന്ദ്രഹാസനും ചമ്പകമാലിനിയും മന്ത്രിയെ വന്ദിച്ചു പല്ലക്കിൽ കയറി തിരിയെ പോയി)

ദു— ഹാ! കഷ്ടം! കഷ്ടം!

കൊതിച്ചുടൻദുൎവ്യമഹാതതായികൾ
ചതിച്ചുമൽപുത്രനെഹാ!വധിച്ചിതോ?
വിധിച്ചതേയിങ്ങുകരസ്ഥമാസ്സുത്രു
കൊതിച്ചതൊന്നുംവരികില്ലനിൎണ്ണയം. ഹൈ

അല്പം മുമ്പേയല്ലേ എന്റെ ശ്രമങ്ങളെല്ലാം സഫലമായി എന്നു വിചാരിച്ചു ഞാൻ സന്തോഷിച്ചത്? ഒരു സമയം പുത്രൻ ഘാതകന്മാരിൽനിന്നു രക്ഷപ്പെട്ടിട്ടുണ്ടായിരിക്കാം. ഏതെങ്കിലും അങ്ങോട്ടോടി എത്തുകതന്നെ (ബദ്ധപ്പെട്ട് ഓടുവാൻ ഭാവിക്കുന്നു)

(മദനന്റെ പ്രേതം പ്രവേശിക്കുന്നു)

ദു— ഹാ! അല്പം സമാധാനമായി. മദനനല്ലേ ഈ വരുന്നത്? സംശയമെന്താണ്? അവൻ തന്നെ. നിനക്കു രാജ്യം സിദ്ധിച്ചില്ലെങ്കിലും നീ ജീവിച്ചിരിക്കുന്നുണ്ടല്ലോ അതു തന്നെ വലിയ കാൎയ്യം. നീ ഈ കൂരിരുട്ടത്തു തനിച്ചാണല്ലോ വന്നത്. എങ്കിലും കണ്ടതുകൊണ്ടു വലിയ സന്തോഷം തന്നെ.

ഇഷ്ടംപാരമെഴുംപ്രിയൻവിധിവശാൽ
ദൂരത്തിലായൊട്ടുനാൾ
കഷ്ടംഭൎത്തൃവിയോഗദുഃഖമിയലും
മറ്റോന്നൊഴിക്കുംത്തടേ,

പെട്ടെന്നാത്മവരൻവരുന്നളവിലു-
ണ്ടാംഹർഷവർഷോപമം
കിട്ടീനിൻവരവൊന്നുകൊണ്ടുകുതുകം
പുത്രൻപിതൃപ്രീതിദൻ. ൧൦൮

ആട്ടെ- ഇവിടെ എന്റെ അരികിൽ വന്നിരിക്കുക. വർത്തമാനങ്ങൾ ചോദിക്കട്ടെ- ഹാ! ഇതെന്തൊരത്ഭുതമാണ്? നിന്റെ ചുണ്ടുകളെ നീ തുറക്കുന്നുണ്ടെങ്കിലും നീ പറയുന്നതൊന്നും ഞാൻ കേൾക്കുന്നില്ലല്ലോ. നിന്റെ കല്പ പൊങ്ങാത്തതെന്താണ്? സംസാരിക്കുവാൻ ശക്തിയില്ലെന്നുണ്ടോ? എന്താണ് നീ വ്യസനകരമാകുംവണ്ണം നോക്കുന്നത്? നിന്റെ തലമുടിയിലെല്ലാം ചോരചിരണ്ടു കാണുന്നതെന്താണ്? നിന്റെ അരയിൽ ഒരു കയർ കെട്ടിയിരിക്കുന്നതെന്തിനാണ്? അയ്യോ! സൂക്ഷിച്ചു നോക്കുംതോറും നിന്റെ ആകൃതി മഹാ ഭയങ്കരമായി കാണപ്പെടുന്നുവല്ലോ. നീ എന്റെ പുത്രനല്ല നിശ്ചയം തന്നെ. നീ നിന്റെ കഴുത്തിൽ ചൂണ്ടിക്കാണിക്കുന്നതെന്തിനാണ്? ദൂരെപ്പോകുക. എനിക്കു വല്ലാതെ ഭയമാകുന്നു. (പ്രേതം പോകുന്നു)

ആവു! ആ ഭൂതം ഇപ്പോൾ അദൃശ്യമായി. എന്റെ ശ്വാസം നേരെ വീണു തുടങ്ങി. ഞാൻ എന്താണ് കണ്ടത്? മനുഷ്യരെ ഉപദ്രവിക്കുന്നതിനു പിശാചുക്കൾ ഏതു രൂപമെങ്കിലും ധരിച്ചു നടക്കുമെന്നു ജനങ്ങൾ പറയുന്നത് എനിക്കിപ്പോൾ ബോദ്ധ്യമായി. ഒരു സമയം ഇതെന്റെ മനോവിചാരസൃഷ്ടിയെന്നും വന്നേക്കാം. മനുഷ്യരുടെ തലച്ചോറു അനേകവിചാരങ്ങളെക്കൊണ്ടു വ്യാകുലിതമാകുമ്പോൾ സ്വപ്നസമാനങ്ങളായ എന്തെല്ലാം കാഴ്ചകൾ നേരിടുന്നു! മഹാരാജാവ് എന്നോടു ചോദിക്കാതേയും എന്നെ അറിയിക്കാതെയും രാജ്യത്തെ ഉപേക്ഷിച്ചു. എന്റെ പരമ ശത്രുവും ഞാൻ കൊല്ലുവാൻ വെച്ച വലകളിൽനിന്നൊക്കെയും ഒഴിഞ്ഞുപോന്നവനും ആയ ഒരു യുവാവ് എന്റെ പുത്രിയുടെയും മഹാരാജാവിന്റെ പുത്രിയുടെയും ഭർത്താവായിത്തീർന്നു എന്നു മാത്രമല്ല ഇപ്പോൾ കുന്തളാധിപനായിട്ടും തീർന്നു. ഈ വക വിചാരങ്ങളും മദനനെ ഇതുവരെ കാണാതെ ഇരിക്കുന്ന സംഗതിയും എന്നെ വല്ലാതെ വ്യാകുലപ്പെടുത്തുന്നുണ്ട്. ഒരുവനെ ഭ്രാന്തനാക്കിത്തീർക്കുവാൻ ഇതിലധികം മറ്റൊന്നും

ആവശ്യമില്ല. എന്നാൽ ഞാൻ കണ്ടത് എൻെറ ചിത്തഭ്രമസൃഷ്ടിയൊ എന്നു തീൎച്ചയാക്കണം. ഖരക അകത്തേക്കു വരിക.

(ഖരകൻ പ്രവേശിക്കുന്നു)

ഖ—എനിക്കു നേരെ വരാമോ?

ദ്ര—നീ പുറത്തു കാവലുണ്ടായിരുന്നുവോ?

ഖ—ഉവ്വ് ഒരു ഈച്ചപോലും ഞാനറിയാതെ അകത്തു പ്രവേശിക്കുന്നതല്ല.

ദ്ര—അല്പംമുമ്പെ ആരെങ്കിലും അകത്തേയ്ക്കു കടന്നുവരികയും പുറത്തേയ്ക്കുപോകുകയും ചെയ്തുവോ?

ഖ—രണ്ടാളുകൾ അങ്ങിനെ ചെയ്യുന്നതു ഞാൻ കണ്ടു.

ദ്ര—അവർ ആരെല്ലാമാണ്?

ഖ—ഒരാൾ ദൃശ്യനാണ്—മറേറയാൾ അദൃശ്യനും ആണ്.

ദ്ര—ശരിതന്നെ. നിൻെറ ഉത്തരം എന്നെ ഒന്നുകൂടി പരിഭ്രമിപ്പിക്കുന്നു. എനിക്കു ദൃശ്യനായതും അദൃശ്യനായതും ഒരാൾ തന്നെയാണ്. മദനൻ എൻെറ അടുക്കൽ വന്നു ഇപ്പോൾ പുറത്തേയ്ക്കു പോയതു നീ കണ്ടുവോ?

ഖ—മദനൻ അടുക്കൽ വരുന്നതു ആൎക്കും കണ്ടുകൂടാ.

ദ്ര—എന്തുകൊണ്ട്?

ഖ—അദ്ദേഹം അദൃശ്യനാകുന്നു.

ദ്ര—നീ ഇന്ന് ഉച്ചതിരിഞ്ഞതിൻെറ ശേഷം അവനെ കണ്ടില്ലേ?

ഖ—ഇല്ല.

ഹരനുടെനിടിലാക്ഷിത്തിയ്യിൽവെന്തോരുശേഷം
സ്മരനുനഹിശരീരംദൃശ്യനല്ലാമഹാത്മാ,
പുരുഷഹൃദയഗത്തംതന്നിലുംനാരിമാൎക്കു-
ള്ളരിയകടമിഴിക്കോണിങ്കലുംവാണിടുന്നു. ഫരെ

ദ്ര—അവസരം തെററീട്ടുള്ള നേരംപോക്ക് ഒരിക്കലും രസകരമായിരിക്കയില്ല. അതിനു മതിയായ സമ്മാനം ഇതാണ്. (അടിക്കുന്നു) ഇന്നു നീ എൻെറ പുത്രനെ കാണുകയുണ്ടായോ?

ഖ—ഇല്ല.

ദ്ര—പിന്നെ നീ അകത്തേക്കു വരികയും പുറത്തേയ്ക്കു പോകയും ചെയ്തതായി കണ്ട രണ്ടാളുകൾ ആരെല്ലാമാണ്?

ഖ—ഉത്തരം പറയുന്നതിനു മുമ്പിൽ ഞാൻ വാതുക്കലേക്കു പോകട്ടെ. (വാതുക്കൽ പോയിട്ടു) ആ രണ്ടാളുകൾ വെളിച്ചവും വായുവും തന്നെ. (എന്നു ഓടിപ്പോകുന്നു)

ദു—കള്ളൻ, ഓടിപ്പൊയ്ക്കളഞ്ഞു. ഇവിടെ നിന്നിരുന്നെങ്കിൽ അവനെ നല്ല പാഠം ഒന്നു പഠിപ്പിക്കാമായിരുന്നു. ആട്ടെ ഇനി ഒരിക്കലാവാം. എന്റെ പുത്രന്റെ കാര്യമെന്താണാവോ. വേഗം ദുർഗ്ഗാലയത്തിൽ പോയി അന്വേഷിക്കുക തന്നെ. (എന്നു പോയി)

---

## രണ്ടാം രംഗം.

കുന്തളം ദുർഗ്ഗാലയത്തിനു സമീപം ശ്മശാനം.

(രണ്ടു ഭൂതങ്ങൾ പ്രവേശിക്കുന്നു)

ഒന്നാംഭൂതം—ഹാ! കൾക്കട! ഇന്നു നമുക്കൊരു സുദിനമാണ്. അതാ ഒരു ചിതയിൽ ഒരു ശവം വെന്തുകഴിഞ്ഞു. അതു നമുക്കു ഭക്ഷിപ്പാൻ പാകമായിരിക്കുന്നു. ആൾസഞ്ചാരമെല്ലാം ഒതുങ്ങി. നമുക്കു അടുത്തുചെല്ലുക തന്നെ.

രണ്ടാംഭൂതം—വരട്ടെ, വരട്ടെ, അതാ ആരോ വരുന്നു.

ഒ-ഭൂ—അതുകൊണ്ടെന്താണ്? നമുക്കു തിരസ്കരിണീ വിദ്യയുണ്ടല്ലോ. മറഞ്ഞുനിന്നു അയാളെ സൂക്ഷിക്കുക.

രണ്ടാംഭൂതം—നാം വിചാരമാത്രയിൽ തന്നെ അയാൾക്ക് അദൃശ്യന്മാരായിത്തീരും. അയാളുടെ മുഖഭാവവും വരവും നോക്കു. മുഖത്തു ഒരു തുള്ളിച്ചോരയില്ല. തലമുടിയെല്ലാം എഴുന്നേറ്റു നില്ക്കുന്നു. കല്ലിലും മുള്ളിലും ചവിട്ടി പാദങ്ങളിൽനിന്നു രക്തമൊലിക്കുന്നു. അതാ അയാൾ ആ ചിതയിൽനിന്നു ഒരു കൊള്ളി എടുത്തു വീശിക്കൊണ്ടു വരുന്നു.

ഒന്നാം ഭൂതം—നോക്കു, നോക്കു, അയാൾ അതാ ദുർഗ്ഗാലയത്തിലേക്കു കടന്നു. നമുക്കു ഭക്ഷിപ്പാൻ പോക.

(എന്നു രണ്ടു ഭൂതങ്ങളും പോകുന്നു)

(ദുഷ്ടബുദ്ധി തീക്കൊള്ളിയും കൊണ്ടു ദുർഗ്ഗാലയത്തിൽ പ്രവേശിക്കുന്നു.)

ദു—(തീക്കൊള്ളി വീശി മദനന്റെ ശവത്തെ സൂക്ഷിച്ചുനോക്കീട്ട്) ഇനി ആശ എന്തിന്? ഇതാ അവൻ കിടക്കുന്നു. (കൊള്ളി ദൂരെ എറിഞ്ഞിട്ട്) എന്റെ കണ്ണുകളേ! നിങ്ങൾ അടഞ്ഞുകൊൾവിൻ. എന്റെ കുലസന്തതി ഇങ്ങിനെ വധിക്കപ്പെട്ടു കിടക്കുന്നതു നിങ്ങൾ എങ്ങിനെ കണ്ടു സഹിക്കും? അയ്യോ! പ്രിയപുത്ര! നിന്റെ ക്ഷമയും സൌശീല്യവും ആരാണറിയാത്തതായുള്ളത്? നിന്റെ ഈശ്വരഭക്തിയും ഗുരുഭക്തിയും പിതൃഭക്തിയും ഇങ്ങിനെ അവസാനിച്ചുവല്ലൊ. കഷ്ടം! എന്നാൽ നിയുക്തന്മാരായ ഘാതകന്മാരാൽ നീ വധിക്കപ്പെട്ടുവല്ലൊ. എന്നേക്കാൾ മഹാ പാപിയായിട്ട് ഇനി ആരാണുള്ളത്? ഇതു വിശ്വാസഘാതകത്തിന്റെ ഫലമാണ്, സംശയമില്ല. നല്ലവനായ കുളിന്ദൻ ചന്ദ്രഹാസനെ എന്റെ ഹസ്തത്തിൽ സമൎപ്പിച്ചപ്പോൾ ഞാൻ മദനനേയും ചന്ദ്രഹാസനേയും അഭേദമായി വിചാരിച്ചിരിക്കുന്നു എന്നാണല്ലൊ പറഞ്ഞിട്ടുള്ളത്. പിന്നെ കുളിന്ദനെ തടവിലാക്കുകയും ചന്ദ്രഹാസനെ വധിക്കുവാൻ ഘാതകന്മാരെ നിയോഗിക്കുകയുമാണല്ലൊ ചെയ്തത്. അതിനാൽ എനിക്കു സിദ്ധിച്ച ഫലം ഉചിതമായിട്ടുള്ളതുതന്നെ. ഇനി ഞാൻ അരനിമിഷം ജീവിച്ചിരിക്കുന്നതല്ല.

ചതികുലപാതകമീവക
മതിയതിലാരുംമനുഷ്യർകരുതരുതേ;
ക്ഷിതിഭൃത്താകിലുമൊടുവിൽ
ക്ഷതിവരുമേതുന്നയത്തിൽമനമായാൽ. ൨൭

ദുഃഖകലഹലജ്ജാദികൾക്കിരിപ്പിടമായ ലോകമേ! ഞാൻ ഇതാ യാത്രപറയുന്നു. ഈ മഹാസ്തംഭത്തിന്മേൽ തലയടിച്ചു പിളൎന്നു ഞാൻ മരിക്കും. ഓ! മരണമേ! വരികതന്നെ. (എന്നു തലയടിച്ചു മരിക്കുന്നു.)

---

## മൂന്നാംരംഗം.

കുന്തളം രാജധാനിയിൽ ഒരുമുറി.

(ചന്ദ്രഹാസൻ പ്രഭാതത്തിൽ ഈശ്വരാരാധന ചെയ്തുകൊണ്ടിരിക്കുന്നു) ഒരു പുരോഹിതൻ പ്രവേശിക്കുന്നു.

പു—പുതിയ മഹാരാജാവ് എവിടെയാണെന്നു നിങ്ങൾക്കറിയാമോ?

ച—അദ്ദേഹം ഈ രാജധാനിയിൽതന്നെ ഉണ്ടായിരിക്കും. അദ്ദേഹത്തിനെ കണ്ടിട്ടു നിങ്ങൾക്കെന്താണ് ആവശ്യമുള്ളത്?

പു—അങ്ങിനെ ചോദിക്കുന്നതു കുറച്ചു വകതിരിവില്ലായ്കയാണ്. മഹാരാജാവിനോടു മാത്രം പറയുവാനുള്ള സംഗതിയെ നിങ്ങളോടു പറയേണമെന്നുണ്ടോ?

ച—ഞാൻ വകതിരിവില്ലാതെ ഒന്നും പറഞ്ഞില്ലല്ലോ. നിങ്ങൾക്കാവശ്യമുള്ളതെന്തെന്നു എന്നോടു പറഞ്ഞാൽ അതു മഹാരാജാവറിയാതെയിരിക്കയില്ലെന്നാണ് ഞാൻ പറഞ്ഞതിൻെറ താല്പൎയ്യം.

പു—ഞാൻ നിങ്ങളെ ഇതിനുമുമ്പിൽ ഒരിക്കലും ഈ കോവിലകത്തു കണ്ടിട്ടില്ല. നിങ്ങൾ മഹാരാജാവിൻെറ ആൾക്കാരിൽ ഒരാളാണെങ്കിൽ എനിക്കു നിങ്ങളോട് അല്പം ഗുണദോഷം പറയുവാനുണ്ട്. നിങ്ങൾ ആ ഭാവമായി മററുള്ളവരോടു സംസാരിച്ചാൽ അതു മഹാരാജാവിനും ഒരു കുറച്ചിലായിത്തീരും.

ച—ആട്ടെ- അദ്ദേഹം ആ കുറച്ചിൽ സഹിച്ചുകൊള്ളും. നിങ്ങൾ വന്ന കാൎയ്യമെന്താണെന്നു എന്നോടു പറഞ്ഞില്ലെങ്കിൽ കാൎയ്യം സാധിക്കാതെ പോകേണ്ടിവരും.

പു—ഞാൻ വന്നിരിക്കുന്നു എന്നു നിങ്ങൾ മഹാരാജാവിനെ ഉണൎത്തിക്കയില്ലെന്നോ? എനിക്കു ബോധിപ്പിക്കുവാനുള്ള സംഗതി മഹാരാജാവിൻെറ മുഖം കണ്ടു തന്നെ ബോധിപ്പിക്കുവാനുള്ളതാണ്.

ച—എൻെറ മുഖത്തിനേക്കാൾ ഒരു വിശേഷവും അദ്ദേഹത്തിൻെറ മുഖത്തിനില്ല.

പു—നിങ്ങളുടെ അഹങ്കാരം ചില്ലറയല്ല. നിങ്ങൾ ഇപ്പോൾ പറഞ്ഞതു മഹാരാജാവു കേൾക്കുവാനിടവന്നാൽ അദ്ദേഹം എന്തു വിചാരിക്കും?

ച—എൻെറ അഹങ്കാരത്തെ അദ്ദേഹം സഹിച്ചുകൊള്ളും. അദ്ദേഹത്തിനെ രാവിലെ കണ്ടതുകൊണ്ടു നിങ്ങൾക്കെന്താണ് അധികമായി ഒരു ഗുണം സിദ്ധിക്കുവാനുള്ളത്?

പൂ—അല്ല! ആ സംഗതി നിങ്ങൾക്കറിവില്ലേ?

ഗോലാംഗൂലമഹമ്മുഖത്തിലവനീ-
ഭൃത്തിന്റെവക്ത്രാംബുജം,
മാലന്നുള്ളതകന്നുപോംശിവശിര-
സ്സീമ്മന്നുദശിക്കകിൽ;
മാലോകക്ഷിതിലില്ലതക്കമറിവു-
ണ്ടെന്നങ്ങുനാട്യംഭവാ-
നാലോചിക്കകിലല്ലമല്ലകഥയി-
ല്ലാതേകഥിച്ചീടൊലാ. ൧൬

ച—ശരിതന്നെ.

തുരഗത്തിൻപിൻകാലുകൾ
നരവരനേത്രങ്ങളെന്നുമീരണ്ടും
തരമൊട്ടപേക്ഷിക്കകവക-
തിരിവുള്ളവനേവമുണ്ടുപഴമൊഴിയും. ൧൭

പൂ—പഴഞ്ചൊല്ലുകൾ ശാസ്ത്രങ്ങളല്ല. ശാസ്ത്രങ്ങളിൽ പറഞ്ഞിട്ടില്ലാത്തതൊന്നും ബ്രാഹ്മണൻ പറയുന്നതല്ല.

ച—നിങ്ങളുടെ അഭിപ്രായം വളരെ സുഖകരമായിട്ടുള്ളതും സൌകൎയ്യമുള്ളതും തന്നെ. രാവിലെ ഒററബ്രാഹ്മണനെ ആരെങ്കിലും കണ്ടാലുള്ള ഫലമെന്തായിരിക്കുമെന്നാണ് ശാസ്ത്രം പറയുന്നത്?

പൂ—അതു കേട്ടിട്ടില്ലേ? ഒററബ്രാഹ്മണനെക്കണ്ടാൽ

ധനവുംധാന്യവുംഗോവും,
ജ്ഞാനവുംജ്ഞാതിശക്തിയും,
തനയന്മാരുമായുസ്സും
മാനവുംഫലമീവിധം. ൧൭

ച—ഇത്ര വളരെ സുഖങ്ങൾ നിങ്ങളെ ഞാൻ കണ്ടതുകൊണ്ട് എനിക്കു സിദ്ധിക്കുമെങ്കിൽ അവയെല്ലാം എനിക്കു മേല്ക്കുമേൽ ഉണ്ടാകുന്നതിനായി നിങ്ങൾ എന്നെ അനുഗ്രഹിച്ചാലും. നിങ്ങൾ അന്വേഷിക്കുന്ന ആ മഹാരാജാവു ഞാൻ തന്നെയാകുന്നു.

പൂ—(വിറച്ചുകൊണ്ട് ആത്മഗതം) ഇതു വാസ്തവമാ?

ച—നിങ്ങൾ ഭയപ്പെടേണ്ട.

പൂ—കഥയില്ലാത്ത എനിക്കു മാപ്പുതരണേ.

ച—നിങ്ങൾ നീരസമായിട്ടൊന്നും പറഞ്ഞിട്ടില്ലല്ലൊ.

പൂ—ഞാൻ ഒന്നു പറഞ്ഞോട്ടെ. ഞാൻ അബദ്ധമായതുപോലെ ഇനി ആരും അബദ്ധമാകാതെ ഇരിക്കുന്നതിനു മഹാരാജാവ് എഴുന്നെള്ളിയിരിക്കുന്ന ദിക്കിലൊക്കേയും ദേഹരക്ഷികളും രാജചിഹ്നങ്ങളും ഉണ്ടായിരിക്കുന്നതു എത്രയും യുക്തമായിരിക്കും.

ച—ആട്ടെ കൊള്ളാം.

പൂ—എനിക്ക് ഒരു അടിയന്തരകാൎയ്യം ബോധിപ്പിക്കുവാനുണ്ട്. ഇപ്പോൾ അവസരമില്ലെങ്കിൽ അല്പം കഴിഞ്ഞു വരാം.

ച—എനിക്കിപ്പോൾ ധാരാളം അവസരമുണ്ട്. എന്താണ് കാൎയ്യം? കേൾക്കട്ടെ.

പൂ—ഞാൻ ഇവിടത്തെ ദുൎഗ്ഗാലയത്തിലെ ശാന്തിക്കാരനാകുന്നു. ഈ ദുൎഗ്ഗാലയത്തിൽ കുജവാരത്തിലും ശുക്രവാരത്തിലും രാത്രി പൂജ പതിവില്ല. ഇന്നലെ ശുക്രവാരമായിരുന്നതിനാൽ ഞാൻ നേരത്തെ പതിവുള്ള പൂജയെല്ലാം കഴിച്ചുപോന്നു. ഇപ്പോൾ അവിടെ ചെന്നപ്പോൾ അതി ഭയങ്കരമായും അതി സങ്കടകരമായുമുള്ള ഒരു കാഴ്ച ഞാൻ കണ്ടിരിക്കുന്നു.

പൊട്ടിപ്പൊടിഞ്ഞഹരിദശപകരങ്ങളുൾപി-
ത്തട്ടിൽത്തകൎന്നു ചിതറുംചെറുശോഭതന്നിൽ,
കഷ്ടം!കടുംനിണമണിഞ്ഞുഗളംമുറിഞ്ഞ-
ങ്ങിഷ്ടപ്പെടുന്ന ചിലരുണ്ടുകിടന്നിടുന്നു. ഫൈൻ

ച—ഭ്രാന്തബ്രാഹ്മണനെ കണ്ടാലുള്ള ഫലം സിദ്ധിച്ചു. ആട്ടെ, അവർ ആരെല്ലാമാകുന്നു?

പൂ—ഇവിടത്തെ പ്രധാനസചിവൻ ദുഷ്ടബുദ്ധിയും അദ്ദേഹത്തിൻെറ പുത്രൻ മദനനും.

ച—ഹാ! എനിക്ക് ഇതിലധികം ഒരു കഷ്ടകാലം എന്താണ് വരുവാനുള്ളത്? ഞാൻ ചമ്പകമാലിനിയെ വിവാഹംചെയ്തു സിംഹാസനാരോഹണം ചെയ്ത ഈ ദിവസം ഒരു മഹാ ദുൎദ്ദിനമായി ഭവിച്ചുവല്ലോ. അയ്യോ! ആരാണ് എൻെറ പ്രിയമിത്രങ്ങളെ ഇങ്ങിനെ കൊലപ്പെടുത്തിയത്? എൻെറ അടി തീരെ ഉറയ്ക്കുന്നില്ല.

എങ്കിലും ഞാനിതാ ദുർഗ്ഗാലയത്തിലേയ്ക്കു വരുന്നു. പൊയ്ക്കൊള്ളു.
(എന്നു എല്ലാവരും പോകുന്നു.)

—○—

## നാലാംരംഗം.

### ദുർഗ്ഗാലയം.

(ചന്ദ്രഹാസനും ഗാലവനും ശാന്തിക്കാരനായ പുരോഹിതനും ആൾക്കാരും പ്രവേശിക്കുന്നു)

ച—(മരിച്ചുകിടക്കുന്ന മദനനേയും ദുഷ്ടബുദ്ധിയേയും കണ്ടിട്ടു വ്യസനാക്രാന്തനായി ദേവിയുടെ സന്നിധിയിൽ ചെന്നുനിന്നിട്ട്) അല്ലയോ മഹാദേവി!

പ്രാലേയശൈലതനയേ!പുരവൈരിജായേ!
മാലാകെനീക്കമഖിലേശ്വരി!മൂലമായേ!
മാലോകരിൽക്കനിവുകൂടിയലോകതായേ!
പാലിക്കണേവിപുലയായവിപത്തിലായേ! ൧൭൦

അംഗജേ!ഭവഭയരോഗം
വിഗളിതമാക്കുന്നനല്ലഭേഷജമേ!
ഭഗവതി!ഭക്താഭയദേ!
വിഗതാമയരാക്കിടേണമിന്നിവരേ. ൧൭൧

എന്റെ പ്രിയ ശ്വശുരനും അദ്ദേഹത്തിന്റെ പ്രിയ പുത്രനും ഇങ്ങിനെ രക്തത്തിൽ കുളിച്ചു മരിച്ചുകിടക്കുന്നതു കാണുന്നത് എനിക്ക് ഒട്ടുംതന്നെ ശുഭമായിട്ടുള്ളതും സുഖമായിട്ടുള്ളതുമല്ല. ദേവിയുടെ ഭക്തവാത്സല്യം ഈ സംഗതിയിലാകുന്നു കാണേണ്ടത്. അരനിമിഷത്തിനുള്ളിൽ ഇവർ രണ്ടുപേരും ഇവരുടെ ദീർഘനിദ്രയിൽനിന്നും ഉണർന്നെഴുന്നേല്ക്കണം. അല്ലാത്തപക്ഷം ഞാൻ ദേവിയുടെ ഈ സന്നിധാനത്തിൽ തന്നെ അഗ്നിയെ ജ്വലിപ്പിച്ച് അതിൽ ചാടി ജീവനെ ഉപേക്ഷിക്കും.

(എല്ലാവരും മൌനമായി കുറെനേരം നിന്നതിന്റെശേഷം)

ഗാ—അതി ദയാലുവായ മഹാരാജാവേ! മഹാദേവി ഭവാന്റെ അപേക്ഷയെ കൈക്കൊള്ളുന്ന ഭാവം കാണുന്നില്ല. ഒരു സമയം ഇവർ ഇങ്ങിനെയുള്ള ശിക്ഷക്ക് അർഹന്മാരായിരിക്കും.

ച—കൊള്ളാം. അങ്ങിനെ ആകട്ടെ. ഞാൻ എന്റെ പ്രതിജ്ഞയിൽനിന്നു ഒരിക്കലും പിൻവാങ്ങുന്നവനല്ല. അതിനാൽ ഞാൻ ഇനി എന്റെ ജീവനെ ഉപേക്ഷിക്കുവാൻ ഒരുങ്ങുന്നു. വേഗത്തിൽ ഇവിടെ ഒരു അഗ്നികുണ്ഡം ജ്വലിപ്പിക്കണം.

(തിരശ്ശീല വീണുപോകുന്നു)

---

## അഞ്ചാംരംഗം.

കുന്തളം രാജധാനിയിൽ ഒരു മുറി.

(ചമ്പകമാലിനി കിടന്നുറങ്ങുന്നു)

ച—(ഉറക്കത്തിൽ) കാടിപ്പോയി അവയെ ഇവിടെ കൊണ്ടുവരിക തന്നെ. ഒരു അല്പ പ്രാണിയായിരുന്നാൽക്കൂടി അതിന്റെ ജീവനെ രക്ഷിപ്പാൻ കഴിയുമെങ്കിൽ അതു എത്ര വലിയ കാര്യമായിരിക്കും! എന്ത്! എന്ത്! (പെട്ടന്നുണന്ന് എഴുനീററു കിടക്കയിൽ ഇരുന്നു കണ്ണുകളെ തിരുമ്മിക്കൊണ്ട്) പ്രിയഭത്താവേ! പ്രിയഭത്താവേ! ഞാൻ എന്തൊരു സ്വപ്നമാണ് കണ്ടത്? (കണ്ണു നല്ലവണ്ണം തുറന്നു നോക്കീട്ട്) അല്ല അദ്ദേഹം ഇവിടെയെങ്ങുമില്ലല്ലൊ. നേരത്തെ എഴുനീററു എവിടെയ്ക്കാണ് പോയിരിക്കുന്നത്? വിലാസിനി! വിലാസിനി!

(വിലാസിനി പ്രവേശിക്കുന്നു.)

വി—ദേവി! ഞാൻ ഇതാ. എന്താണ് കല്പന?

ച—അദ്ദേഹം എവിടെയെന്നു നിനക്കറിയാമൊ?

വി—മഹാരാജാവു നന്നെ രാവിലെ പള്ളിക്കുറുപ്പുണന്നു സ്നാനാനന്തരം ഈശ്വരപൂജ ചെയ്തുകൊണ്ടിരിക്കുമ്പോൾ ഒരു ബ്രാഹ്മണൻ വന്നു ദുഗ്ഗാലത്തിൽ പ്രധാനസചിവനും അദ്ദേഹത്തിന്റെ പുത്രനും മരിച്ചു കിടക്കുന്നു എന്നു പറകയാൽ ബദ്ധപ്പെട്ട് അവിടെയ്ക്ക് എഴുന്നെള്ളിയിരിക്കുന്നു.

ച—ഹാ! എന്തൊരു വത്തമാനം! ഞാൻ കണ്ട സ്വപ്നവും ഈ വത്തമാനവും എത്ര യോജിപ്പായിരിക്കുന്നു! വിലാസിനി! നി എന്റെ കൂടെ വരിക. ഞാനും അവിടേയ്ക്കു പോകുന്നു.

(എന്നു രണ്ടുപേരും പോകുന്നു)

---

## ആറാം രംഗം.

### കുന്തളം ദുർഗ്ഗാലയം.

(ചന്ദ്രഹാസനും ഗാലവനും കുറെ ആളുകളും പ്രവേശിക്കുന്നു)

ഗാ—(സന്താപാശ്രുക്കൾ ഒഴുകുന്ന നയനങ്ങളോടുകൂടി) മഹാരാജാവേ! ആജ്ഞാനുസരണം ഇതാ അഗ്നികുണ്ഡം ജ്വലിപ്പിച്ചിരിക്കുന്നു.

ച—കൊള്ളാം. സന്തോഷമായി. (അഗ്നിക്ക് അഭിമുഖനായിട്ട്) സർവ്വപാവനകരനായ പാവക ഭഗവൻ!

അമരവരദനമാകും ദേവ! ഞാൻ ഭൂമിയിൽ തെ-
ല്ലമരുവതിനു മോഹിക്കുന്നതില്ലെന്നമൂലം,
ശ്രമരഹിതമിതാ ഞാൻ ദേഹമങ്ങേക്കു നൽകീ-
ട്ടമൃതമതു ഭുജിപ്പാൻ പോകയാം നാകലോകേ. ഹവൃമ

ആളുകൾ—അഹോ! കുന്തളം അരാജകമായും വനമായും ഭവിച്ചു (എന്നു കരയുന്നു.)

(വിഷയ കരഞ്ഞുകൊണ്ടു പ്രവേശിക്കുന്നു)

ച—സുശീലയായ വിഷയേ! സമാശ്വസിക്കൂ: സമാശ്വസിക്കൂ: വിധിഗതിയെ ആർക്കു തടുക്കുവാൻ കഴിയും? മഹാദേവി നമ്മുടെ പ്രണയബന്ധം അല്പകാലസ്ഥിതമാക്കിയിരിക്കുന്നു.

അഹഹ! തവ പിതാവും സോദരൻ താനുമിപ്പോ-
ളുഹിതനിശിതഖഡ്ഗത്തിന്നൊരു ത്രാണമാകമൂലം,
മഹിയിലരിയവാസം ഞാനുപേക്ഷിച്ചു ഭദ്രേ!
ദഹനനു മമ ദേഹം കാഴ്ചവെപ്പാനുറച്ചു. പ്രവൃമ

(എന്നു അഗ്നിയിൽ ചാടുവാൻ ഭാവിക്കുന്നു. വിഷയ മോഹാലസ്യപ്പെട്ടു വിഴുന്നു)

(ചമ്പകമാലിനി ഓടിവന്നു ചന്ദ്രഹാസനെ തടുത്തു നിർത്തിക്കൊണ്ട്)

ചമ്പ—വരട്ടെ! വരട്ടെ! ഈ സാഹസം ആവശ്യമില്ല. മഹേശ്വരിക്കു ഏതെല്ലാം വിധത്തിൽ ആത്മത്രാണനം സാധിക്കുമെന്നു ആർക്കെങ്കിലുമറിയാമോ? അല്പനേരം ക്ഷമയോടുകൂടി ഞാൻ പറയുന്നതു കേട്ടാൽ എന്റെ ശ്രമം സഫലമാകും.

ച—ഭവതിക്കെന്താണ് പറയുവാനുള്ളത്?

ചമ്പ—എനിക്കു പറയുവാനുള്ളതു ഞാൻ ക്ഷണനേരത്തിൽ പറഞ്ഞേക്കാം. നമ്മൾ പട്ടണപ്രവേശം കഴിഞ്ഞു ഉറങ്ങുവാൻ പോയപ്പോൾ പതിവിലും നേരം വൈകിയിരുന്നതിനാൽ ഞാൻ നേരം നന്നേ പുലരുന്നതുവരെ എൻെറ ശയ്യയിൽ തന്നെ കിടന്നുറങ്ങിപ്പോയി. ഞാൻ അത്ഭുതകരമായ ഒരു സ്വപ്നം കണ്ടാണ് ഉണർന്നത്.

അതിശുഭ്രാംബരമോടും
സ്മിതവികസിതവക്ത്രപങ്കജത്തോടും,
മതിനേർമുഖിയാമൊരുവര-
സതിമമസവിധത്തിലെത്തിയിതുചൊല്ലി. ൧൦൨

'ഈ ദുർഗ്ഗാലയത്തിൽ വടക്കുഭാഗത്തു ഏകദേശം ഒരു വിളിപ്പാടു ദൂരെ ഒരു വലിയ മരം നില്ക്കുന്നുണ്ടു. ഈ മരത്തിനു ഒമ്പതു കൊമ്പുകൾ ഉണ്ട്. നടുവിലുള്ള കൊമ്പു മറ്റെല്ലാ കൊമ്പുകളേക്കാളും ഉയരന്നതാണ്. ഈ കൊമ്പിൻെറ അഗ്രഭാഗത്തിൽ ധൂമ്രവർണ്ണമുള്ള ഒമ്പതു പൂക്കൾ ഉണ്ടായിരിക്കും. അറിയാതെ വിഷപാനംചെയ്യാൻ പോയ ഒരു പുരുഷനെ അതിൽനിന്നും തൻെറ യുക്തിസാമർത്ഥ്യംകൊണ്ടു രക്ഷിച്ച ഒരു സ്ത്രീക്കു മാത്രം ഈ പൂക്കളേ കാണാവുന്നതും പറിക്കാവുന്നതുമാകുന്നു. ആ പുരുഷനു മാത്രം ഈ പൂക്കളുടെ നീർകൊണ്ടു മരിച്ചവരെ ജീവിപ്പിക്കുവാൻ കഴിയുന്നതാകുന്നു.' ആ സ്ത്രീരത്നം ഇങ്ങിനെ പറഞ്ഞു മറഞ്ഞു.

ഗാ—ഈ വർത്തമാനം കേവലം മൃതപ്രായമായ എൻെറ ഹൃദയത്തെ ഉജ്ജീവിപ്പിക്കുന്നുണ്ട്. മഹാരാജാവേ! ബദ്ധപ്പെടാതെ ഇരിക്കു. ആരെങ്കിലും പോയി അങ്ങിനെ ഒരു വൃക്ഷം തന്നെ അവിടെ ഉണ്ടോ എന്നു നോക്കി വരട്ടെ.

(ആളുകൾ ഓടുന്നു)

(ഒരാൾ ഓടി മടങ്ങിവന്നു) മഹാരാജാവേ! ഈ ദുർഗ്ഗാലയത്തിൻെറ വടക്കേ അതിരിൽ ഇവിടെ പറഞ്ഞുകേട്ട വിധത്തിൽ ഒരു വൃക്ഷം നില്ക്കുന്നുണ്ട്.

ചന്ദ്ര—കൊള്ളാം. ഇനി ഒരു പുരുഷനെ വിഷപാനത്തിൽനിന്നും രക്ഷിച്ച ഒരു സ്ത്രീ വല്ല ദിക്കിലുമുണ്ടോയെന്നന്വേഷിക്കണം.

വി—(മോഹാലസ്യം തീൎന്നു ഞെട്ടി ഉണൎന്ന് എഴുനീററ്) ഞാൻ അ
ങ്ങിനെ ഒരു പുരുഷനെ രക്ഷിച്ചിട്ടുണ്ട്. അദ്ദേഹം എന്റെ പ്രാണ
ദാതാവും പ്രിയനുമായ അങ്ങുന്നുതന്നെ. പുഷ്പങ്ങളെ ഞാൻ ഒരു
ക്ഷണത്തിൽ പറിച്ചുകൊണ്ടുവരാം.

(എന്നു ഓടുന്നു)

എല്ലാവരും വിഷയ ഓടിയദിക്കിലേക്കു നോക്കികൊണ്ടു നി
ല്ക്കുന്നു.

വിഷയ പൂക്കൾ കൊണ്ടുവന്നു ചന്ദ്രഹാസന്റെ കയ്യിൽ കൊടു
ക്കുന്നു.

ച— (പൂക്കളെ വാങ്ങി നോക്കീട്ട്) ഈ പൂക്കൾക്കു താല്ക്കാലികമാ
യോ സ്വാഭാവികമായോ വല്ല ഗുണവുമുണ്ടെങ്കിൽ എന്റെ പ്രി
യബന്ധുക്കൾ അവരുടെ ദീൎഘനിദ്രയിൽനിന്നും ഉണരട്ടെ.

(ദുഷ്ടബുദ്ധിയുടേയും മദനന്റേയും മുറിവുകളിലും കണ്ണുകളി
ലും പൂക്കളുടെ നീർ പിഴിയുന്നു) (ദുഷ്ടബുദ്ധിയും മദനനും പെട്ടെന്നു
ണൎന്നെഴുനേല്ക്കുന്നു

മ— ഹാ! ഭഗവതിയുടെ ഭക്തവാത്സല്യം വലിയതു തന്നെ. ഞാൻ
ദീപാരാധനക്കു ഭാവിച്ചപ്പോൾ ആരോ എന്റെ കഴുത്തിൽ വെട്ടി
യതു മാത്രം എനിക്കോൎമ്മയുണ്ട്. ഹാ— ഞാൻ എന്റെ ബന്ധുക്ക
ളെ എല്ലാവരേയും ഇവിടെ കാണുന്നുണ്ടല്ലോ. ഈ ഉപകാരത്തി
നു ഞാൻ ആരേയാണ് വന്ദിക്കേണ്ടത്?

ചന്ദ്ര— സാക്ഷാൽ ജഗദീശ്വരിയേത്തന്നെ.

ദു—(തലതാഴ്ത്തിക്കൊണ്ട്) ഞങ്ങളുടെ ജീവരക്ഷ ചെയ്തതു ഭവാൻ
തന്നെയെന്നു എനിക്കു പൂൎണ്ണബോധം വന്നിരിക്കുന്നു. ഞാൻ ഭവാ
നെ മൂന്നുതവണ കൊലപ്പെടുത്തുവാൻ യത്നിച്ചിട്ടുണ്ട്. ആ മൂന്നു ത
വണയും ഭവാന്റെ യത്നം ലേശംപോലും കൂടാതെ ഭവാൻ അവ
യിൽനിന്നു രക്ഷപ്പെട്ടിട്ടുണ്ട്. എന്റെ ഒടുവിലത്തെ യത്നം എനി
ക്കു തന്നെ പററി. ഞാനും പുത്രനും മൃതന്മാരായി. ഭവാന്റെ കാ
രുണ്യം ഒന്നുകൊണ്ടു തന്നെയാണ് ഞങ്ങൾ ഇപ്പോൾ ജീവിച്ചത്.
ഞാൻ ഇപ്പോൾ ഒരു നല്ല പാഠം പഠിച്ചു. യാതൊരുപായത്തി
നും സത്യത്തിനോടെതിരിടുവാൻ കഴിയുന്നതല്ല. സത്യത്തിനെ

നും പതിനാറു വയസ്സു തന്നെ. ഞാൻ മേലാൽ സത്യവാനും നല്ലവനുമായിരിക്കും.

ചമ്പ — (വിഷയയുടെ കൈ പിടിച്ച് ആനന്ദഭരിതയായിട്ട്)- നമ്മുടെ ആപത്തെല്ലാം ഇപ്പോൾ അവസാനിച്ചു. ഇനി നമുക്കു സുഖമായിട്ടു രാജധാനിയിലേക്കു മടങ്ങാം.

വി— അങ്ങിനെതന്നെ. എന്നാൽ എനിക്കു മഹാജനങ്ങളോടു രണ്ടു വാക്കു പറയുവാനുണ്ട്. ഹേ മഹാജനങ്ങളെ! ദേവി ചമ്പകമാലിനിയുടേയും നിങ്ങളുടേയും എന്റെയും ഭാഗ്യം ചില്ലറയല്ല. നമ്മളുടെ എല്ലാവരുടേയും ഭർത്താവായിരിക്കുന്ന ഈ മഹാരാജാവ്

തേജസ്സോജസ്സുവീൎയ്യംമഹിമയിവകളാ-
ലക്കനോടൊക്കുമോറം
രാജിയ്ക്കുംവിദ്യയാലേവിബുധകുലഗുരു-
[illegible]നാടൊക്കുമോത്താൽ,
രാജത്വംധൈൎയ്യമെന്നീവകകൾകരുതുകിൽ
ദേവരാജനുമൊക്കും,
യോജിച്ചീടുംക്ഷമാസൽഗുണമതുകരുതു-
ന്നാകിലൊക്കുംക്ഷമയ്ക്കും. ൨൨൭

ദൈവഗതിയാൽ ഇദ്ദേഹത്തിനു രണ്ടു പത്നിമാരെ സിദ്ധിച്ചു. ഈ സംഗതി വിചാരിച്ച് ആരും ഇതുപോലെ ഒന്നിലധികം വിവാഹം ചെയ്തു പോകരുത്. എന്തുകൊണ്ടെന്നാൽ പുരുഷന്മാരിൽ ആരും തന്നെ ഒരു ചന്ദ്രഹാസനാകുന്നതല്ല, സ്ത്രീകളിലാരുംതന്നെ ഒരു ചമ്പകമാലിനിയുമാകുന്നതല്ല. പുരുഷന്മാർ ഏകപത്നീവ്രതമുള്ളവരായും സ്ത്രീകൾ പാതിവ്രത്യമുള്ളവരായും ഇരുന്നാൽ മാത്രമേ അവരവരുടെ ആയുഷ്കാലം ക്ഷേമസമാധാനസമ്പൂൎണ്ണമായി പൎയ്യവസാനിക്കയുള്ളൂ. (ചന്ദ്രഹാസനെ കടാക്ഷിച്ചിട്ടു) ആൎയ്യപുത്ര! ഞാനിനി ഭവാനു ഇതിലധികം എന്താണൊന്നു പ്രിയമായിട്ടു ചെയ്യേണ്ടത്?

ചന്ദ്ര — ഇതിലധികം പ്രിയമായിട്ടു വല്ലതുമുണ്ടോ? വല്ലതുമുണ്ടെങ്കിൽ ഇങ്ങിനെ ഭവിക്കട്ടേ.

(ഭരതവാക്യം)

പുത്രിമാരുടെഹിതംപിതാക്കൾപതിവായി
വേല്ലിയിൽനിനയ്ക്കണം,
കൃത്രിമങ്ങൾകരുതാതെവിദ്യയുമവൎക്ക്
വേണ്ടതുകൊടുക്കണം,
ധാത്രിയിൽസകലമൎത്ത്യരുംകപടമററു
സത്യരതരാകണം
പത്രിവാഹനപദത്തിലാക്കമതിയായ
ഭക്തിയുള്ളവാകണം. ൧൨൩

(എല്ലാവരും പോയി)

ശുഭം.

ചന്ദ്രഹാസചരിതം ഭാഷാനാടകം

സമ്പൂൎണ്ണം

# ടിപ്പണി.

---

ഒരു നാടകത്തിനു മതിയായ ഒരു വ്യാഖ്യാനമെഴുതുകയെന്നത് അത്ര സുകരമായ ഒരു കാൎയ്യമല്ല. അതിനാൽ വിദ്യാൎത്ഥികളുടെ ബോധത്തിനുപയുക്തമായ ഒരു ലഘുടിപ്പണി മാത്രമേ ഞാനിവിടെ എഴുതുന്നുള്ളൂ.

മഹാനായ മുകുന്ദപുരം കൃഷ്ണരായരവൎകൾ ആംഗ്ലേയഭാഷയിൽ രചിച്ചിട്ടുള്ള ചന്ദ്രഹാസചരിതമാകുന്നു പ്രസ്തുത ഗ്രന്ഥത്തിന്റെ മൂലഗ്രന്ഥം. ഈ മലയാളനാടകം സംസ്കൃത നാടകങ്ങളുടെ രീതിയെ അനുസരിച്ച് രചിച്ചിട്ടുള്ളതല്ല. അതുകൊണ്ട് അനേക അംശങ്ങളിൽ ഇതിനു സംസ്കൃത നാടകരീതിയിൽനിന്നു വ്യതിക്രമങ്ങളുള്ളതായിക്കാണും. രംഗവിഭാഗങ്ങൾ ഉള്ളതുകൊണ്ടും മറ്റനേകസംഗതികൾകൊണ്ടും ഈ ഗ്രന്ഥം ഇംഗ്ലീഷ് നാടകരീതിയെത്തന്നെയാണ് സ്വീകരിച്ചിരിക്കുന്നത്. എന്നാൽ നാന്ദിയും സൂത്രധാരനടീസംവാദവും ഭരതവാക്യവും മററും മലയാളനാടകങ്ങൾക്ക് ഭൂഷണങ്ങളായിരിക്കുന്നതിനാൽ അവയെ വിട്ടുകളഞ്ഞിട്ടില്ല.

കാലത്തെ അനുസരിച്ച് സകല കാൎയ്യങ്ങളിലും പരിഷ്കാരമുണ്ടാകുന്നതുപോലെ മലയാളനാടകരചനയിലും ഇതൊരു പരിഷ്കാരമായിട്ടു മാത്രമേ സജ്ജനങ്ങൾ കരുതുകയുള്ളൂ എന്നു വിശ്വസിക്കുന്നു. സംസ്കൃതനാടകകൎത്താക്കന്മാരും അതിബുദ്ധിമാന്മാരുമായിരുന്ന പൂൎവ്വസൂരികൾ നിശ്ചയിച്ചിട്ടുള്ള നാടകലക്ഷണങ്ങളെല്ലാം ഈ ഗ്രന്ഥത്തിൽ കാണുകയില്ല. അതുകൊണ്ട് ഈ ഉദ്യമം അല്പം സാഹസമായിപ്പോയിയെന്നു പറയുവാൻ മടിക്കാത്ത ചില വിദ്വാന്മാരുണ്ടായേക്കാം. അവരോട് എനിക്ക് അല്പം മാത്രമേ പറവാനുള്ളൂ. മലയാളത്തിനു അടുത്ത കാലത്തിൽ ആംഗ്ലേയഭാഷയോട് അധികമായ സൌഹാൎദ്ദം സിദ്ധിച്ചിരിക്കയാലും ആ ഭാഷയിലുള്ള വിശിഷ്ടഗ്രന്ഥങ്ങളെ മലയാളത്തിൽ തൎജ്ജമചെയ്യുന്നത് നമ്മുടെ ഭാഷാഭിവൃദ്ധിക്ക് ഒരു മുഖ്യകാരണമായിരിക്കയാലും നാടകഗ്രന്ഥങ്ങളുടെ ഭാഷാന്തരീകരണത്തിൽ ഒരു സുകരമായ രീതിയെ കൈക്കൊള്ളുന്നത് ശാസ്ത്രവിരുദ്ധമോ അനൌചിത്യമോ ആയിരിക്കുമെന്നു സഹൃദയന്മാരാരും വിധിക്കുമെന്നോ വാദിക്കുമെന്നോ തോന്നുന്നില്ല. അഥവാ സംസ്കൃതനാടകങ്ങളെത്തന്നെ മലയാളനാടകങ്ങളും അനുകരിച്ചേ കഴിയൂ എന്നുള്ള മൎക്കടമുഷ്ടിന്യായം ബലമായിപ്പിടിച്ചുകൊണ്ടിരിക്കുന്നവരുണ്ടെങ്കിൽ അവർ താഴെ പറയുന്ന ശ്ലോകാൎത്ഥത്തെ ഗ്രഹിച്ചു സമാധാനപ്പെട്ടുകൊള്ളട്ടെ:—

"സൎവ്വഃസൎവ്വംനജാനാതി,
സൎവ്വജ്ഞോനാസ്തികശ്ചന,
നൈകത്രപരിനിഷ്ഠാസ്തി,
ജ്ഞാനസ്യപുരുഷേക്വചിൽ."

നാടകം വായിക്കുന്ന വിദ്യാൎത്ഥികൾ സാധാരണയായി ഗ്രഹിച്ചിരിക്കേണ്ട ചില സങ്കേതങ്ങളുണ്ട്. അവയെ താഴെ വിവരിക്കുന്നു:—

## ദശരൂപകങ്ങൾ.

---

൧. നാടകം—ഇതിനു അഞ്ചു മുതൽ പത്തുവരെ അങ്കങ്ങൾ ഉണ്ടായിരിക്കണം. കഥ (വസ്തു) രാമചരിതത്തെപ്പോലെ എത്രയും ശ്രുതിപ്പെട്ടതായി സദാചാരങ്ങളടങ്ങിയതും സദുപദേശങ്ങളോടുകൂടിയതും ഭംഗിയും രസപുഷ്ടിയുമുള്ള വാചകങ്ങളാൽ രചിക്കപ്പെട്ടതുമായിരിക്കണം. മുഖാദി പഞ്ചസന്ധികളും നാലുവിധം വൃത്തിയും അറുപത്തുനാല് അംഗങ്ങളും മുപ്പത്താറു ലക്ഷണങ്ങളും ഉണ്ടായിരിക്കണം. ഇതു നാനാവിധ അഭ്യുദയങ്ങളോടുകൂടിയതും, സുഖദുഃഖങ്ങളെ പ്രകാശിപ്പിക്കുന്നതും, ശൃംഗാരരസമോ വീരരസമോ പ്രധാനമായും അന്യരസങ്ങൾ അംഗങ്ങളായും ഉള്ളതും ആയിരിക്കണം. നായകൻ ധീരോദാത്തനായി ദുഷ്യന്തനെപ്പോലെ രാജൎഷിയോ കൃഷ്ണനെപ്പോലെ ദിവ്യനോ ദിവ്യാദിവ്യനോ രാമചന്ദ്രനെപ്പോലെ നരാഭിമാനിയോ ആയിരിക്കണം. നിൎവഹണത്തിൽ അത്ഭുതരസവുമുണ്ടായിരിക്കണം. ഇതിൽ നാലൊ അഞ്ചോ കാൎയ്യസാധകന്മാരുമുണ്ടായിരിക്കണം. ഒരു നാടകത്തിനു നാലുപതാകാസ്ഥാനകങ്ങളും പത്ത് അങ്കങ്ങളും ഉണ്ടായിരുന്നാൽ അതൊരു മഹാനാടകമായി ഗണിച്ചുവരുന്നു. ശാകുന്തളം, നാടകത്തിനു മതിയായ ഒരു ഉദാഹരണവും ബാലരാമായണം, മഹാനാടകത്തിനു മതിയായ ഒരു ഉദാഹരണവുമാകുന്നു. ഹനുമന്നാടകം പതിനാലങ്കത്തിൽ രചിച്ചിട്ടുള്ള ഒരു മഹാനാടകമാകുന്നു. നാടകത്തിന്റെയും സംഗീതത്തിന്റെയും ആദ്യകൎത്താവ് ഭരതമഹൎഷിയാകുന്നു. അതുകൊണ്ട് ഭരതൻ എന്ന വാക്കിനു നടൻ എന്നുകൂടി അൎത്ഥമുണ്ട്.

൨. പ്രകരണം—ഇത് ഏകദേശം നാടകംപോലെതന്നെ ഇരിക്കുന്നതാണ്. എന്നാൽ കഥ ലൌകികവും കവികല്പിതവുമായിരിക്കും. പ്രധാന രസം ശൃംഗാരമായിരിക്കും. ഇതിലെ നായകൻ ധീരപ്രശാന്തനായ ഒരു ബ്രാഹ്മണനോ, മന്ത്രിയൊ, ഒരു വ്യാപാരിയൊ ആയിരിക്കും. നായികാ കുലസ്ത്രീയൊ, വേശ്യയോ, ആയിരിക്കും. മൃച്ഛകടികം, മാലതീമാധവം, പുഷ്പഭൂഷിതം ഇവ പ്രകരണത്തിനു ഉദാഹരണങ്ങളാകുന്നു.

൩. ഭാണം—ഇതിനു ഒരങ്കമേ ഉണ്ടായിരിക്കയുള്ളു. കഥ കവികല്പിതമായിരിക്കും. സന്ധികളിൽ മുഖവും നിൎവ്വഹണവും മാത്രമേ ഉണ്ടായിരിക്കയുള്ളു. ലീലാമധുകരവും വസന്തതിലകവും ഇതിനു ഉദാഹരണങ്ങളാണ്.

൪. വ്യായോഗം—ഇതിനും ഒരങ്കമേ ഉണ്ടായിരിക്കയുള്ളു. കഥ പ്രസിദ്ധിയുള്ളതായിരിക്കണം. പാത്രങ്ങളിൽ സ്ത്രീകൾ ചുരുക്കമായിരിക്കണം. നായകൻ ധീരോദ്ധതനായിരിക്കണം. ഹാസ്യശൃംഗാരശാന്തരസങ്ങളോടുകൂടി രചിച്ചിട്ടുള്ളതായിരിക്കണം കഥ. ധനഞ്ജയവിജയം ഇതിനു ഒരു ഉദാഹരണമാകുന്നു.

൫. സമവകാരം—ഈ രൂപകം പല വിഷയങ്ങൾകൂടികലൎന്നതായിരിക്കും. ഇതിനു നാലങ്കങ്ങളുണ്ടായിരിക്കും. കഥ ദേവകളേയും അസുരരേയും സംബന്ധിച്ചതായിരിക്കണം. സമുദ്രമഥനം ഇതിനൊരുദാഹരണമാകുന്നു.

൬. ഡിമം—ഇതിനു നാലങ്കങ്ങളും പതിനാറു നായകന്മാരും വേണം. പ്രധാനരസം രൌദ്രമായിരിക്കണം. കഥ ശ്രുതിപ്പെട്ടതായിരിക്കണം. ത്രിപുരദഹനവും വീരഭദ്രവിജയവും ഇതിനു ഉദാഹരണങ്ങളാണ്.

൭. ഈഹാമൃഗം—ഇതിനും നാലങ്കങ്ങളുണ്ടായിരിക്കണം. കഥ കവികല്പിതഭാഗങ്ങളോടുകൂടിയും, മിശ്രവൃത്തമായും ഇരിക്കണം. നായകനും പ്രതിനായകനും ദേവകളോ മനുഷ്യരോ ആയിരിക്കണം. ഇതിൽ ആറു നായകന്മാരുണ്ടായിരിക്കണമെന്നു പക്ഷാന്തരമുണ്ട്. കുസുമശേഖരവിജയം ഇതിനു ഒരു ഉദാഹരണമാകുന്നു.

൮. ഉൽസൃഷ്ടികാങ്കം അല്ലെങ്കിൽ അങ്കം—ഇതിന് ഒരങ്കമേ ഉണ്ടായിരിക്കയുള്ളു. നായകന്മാർ പ്രാകൃതന്മാരായ മനുഷ്യരും പ്രധാനരസം കരുണവുമായിരിക്കണം. ഇതിൻെറ സൃഷ്ടി (രൂപം) സാധാരണനിയമങ്ങളെ അതിക്രമിച്ചതായിരിക്കണം. ശർമ്മിഷ്ഠായയാതി ഇതിന്നൊരു ഉദാഹരണമാകുന്നു.

൯. വീഥി—ഇത് വീഥി (മാല)പോലെ പലവിധ രസങ്ങളോടുകൂടി ഒരങ്കത്തിലുള്ള ഒരു രൂപകമാകുന്നു. ഇതിൽ പതിമൂന്നംഗങ്ങളുണ്ടായിരിക്കണം. ഒരു പാത്രം മാത്രമേ രംഗത്തിൽ വരു. ആകാശഭാഷിതംകൊണ്ടു കഥ പൂരിപ്പിച്ചുകൊള്ളണം. മാളവികം ഇതിനു ഒരു ഉദാഹരണമാകുന്നു.

൧൦. പ്രഹസനം—ഇതും ഒരങ്കത്തിലുള്ള ഒരു രൂപകമാകുന്നു. കഥ കവികല്പിതമായിരിക്കണം. പാത്രങ്ങൾ നിന്ദ്യരും പ്രധാനരസം ഹാസ്യവും ആയിരിക്കണം. കന്ദർപ്പകേളി ഒരു ശുദ്ധപ്രഹസനത്തിൻെറയും ധൂർത്തസമാഗമം ഒരു സങ്കീർണ്ണപ്രഹസനത്തിൻെറയും ഉദാഹരണങ്ങളാകുന്നു.

## ഉപരൂപകങ്ങൾ പതിനെട്ടുവിധമുണ്ട്.

"നാടികാ, ത്രോടകം, ഗോഷ്ഠീ,
സട്ടകം, നാട്യരാസകം,
പ്രസ്ഥാനോല്ലാപ്യകാവ്യാനി,
പ്രേംഖണം, രാസകം തഥാ,
സംലാപകം, ശ്രീഗദിതം,
ശില്പകം, ച വിലാസികം,
ദുർമ്മല്ലികാ, പ്രകരണീ,
ഹല്ലീശോ, ഭാണികേതി ച."

## നായകൻ.

നായകൻ നാലു തരത്തിലാകുന്നു:— ൧. ധീരോദാത്തൻ, ൨. ധീരോദ്ധതൻ, ൩. ധീരലളിതൻ, ൪ ധീരശാന്തൻ.

൧. ധീരോദാത്തൻ—"അവികത്ഥനഃ ക്ഷമാവാ-
നതിഗംഭീരോ മഹാസത്വഃ,

സ്ഥേയാന്നിഗൂഢമാനോ
ധീരോദാത്തോ ദൃഢവ്രതഃ കഥിതഃ"

ആത്മപ്രശംസ ചെയ്യാത്തവനും, ക്ഷമയുള്ളവനും, ഏററവും ഗംഭീരനും, സുഖദുഃഖാദ്യവസ്ഥകളിൽ അവയാൽ അനഭിഭൂതസ്വഭാവനും, സ്ഥിരോത്സാഹിയും, വിനയംകൊണ്ട് ഗർവ്വിനെ പ്രകാശിപ്പിക്കാത്തവനും, അംഗീകൃതകാര്യത്തെ നിർവ്വഹിക്കുന്നവനും ആയ നായകൻ ധീരോദാത്തനാകുന്നു.

൨. ധീരോദ്ധതൻ— "മായാപരഃ പ്രചണ്ഡ-
ശ്ചപലോഹങ്കാരദർപ്പഭൂയിഷ്ഠഃ,
ആത്മശ്ലാഘാനിരതോ
ധീരോധീരോദ്ധതഃ കഥിതഃ."

ഏററവും സൂത്രശാലിയും കോപിഷ്ഠനും ചപലനും അധികമായ ഗർവ്വ്, അഹങ്കാരം ഇവകളോടു കൂടിയവനും ആത്മപ്രശംസാതൽപ്പരനും ധീരനും ആയ നായകൻ ധീരോദ്ധതനാകുന്നു.

൩. ധീരലളിതൻ— "നിശ്ചിന്തോ മൃദുരനിശം
കലാപരോ ധീരലളിതഃ സ്യാൽ."

സുഖദുഃഖാദികളിൽ വിചാരശൂന്യനായി മൃദുസ്വഭാവനായി സദാ സംഗീതാദികലാകുശലനായിരിക്കുന്ന നായകൻ ധീരലളിതനാകുന്നു.

൪. ധീരശാന്തൻ— "സാമാന്യഗുണൈർഭൂയാൻ
ദ്വിജാതികോ ധീരശാന്തഃ സ്യാൽ."

സാമാന്യഗുണങ്ങൾ നിറഞ്ഞിരിക്കുന്നവനായി (ധീരനും പ്രശാന്തനുമായി) ബ്രാഹ്മണനോ, ക്ഷത്രിയനോ, വൈശ്യനോ ആയിരിക്കുന്ന നായകൻ ധീരശാന്തനാകുന്നു.

## നായികാ.

---

നായികമാർ മൂന്നുവിധത്തിലാകുന്നു:— ൧. സ്വാ അല്ലെങ്കിൽ സ്വീയാ. ൨. അന്യാ അല്ലെങ്കിൽ പരകീയാ. ൩. സാധാരണസ്ത്രീ

സ്വാ അല്ലെങ്കിൽ സ്വീയാ=സ്വന്തമായിട്ടുള്ളവൾ. അന്യ അല്ലെങ്കിൽ പരകീയാ=അന്യസ്ത്രീ.

## നാന്ദീ.

---

"ആശീർവ്വചനസംയുക്താ,
നിത്യം യസ്മാൽ പ്രയുജ്യതെ,
ദേവദ്വിജനൃപാദീനാം
തസ്മാന്നാന്ദീതി സംജ്ഞിതാ."

(അല്ലെങ്കിൽ)

"ദേവദ്വിജനൃപാദീനാം,
ആശീർവ്വചനപൂർവ്വകാ,
നന്ദന്തിദേവതായസ്മാം,
തസ്മാന്നാന്ദീതികീർത്തിതാ."

നാടകാരംഭത്തിൽ ചെയ്യുന്ന ആശീർവ്വാദത്തോടുകൂടിട്ടുള്ള ദേവബ്രാഹ്മണാദികളുടെ സ്തുതിയാകുന്നു നാന്ദി. ഇതിൽ വർണ്ണ്യമായ കഥയുടെ സാരത്തെ ശബ്ദംകൊണ്ടോ അർത്ഥംകൊണ്ടോ അല്പം സൂചിപ്പിക്കണമെന്നും, ന, ഫവ, ഫന, വവ ഇങ്ങിനെ പദനിയമവും ചന്ദ്രാദിമംഗളനാമങ്ങളും ഉണ്ടായിരിക്കണമെന്നും പക്ഷാന്തരമുണ്ട്.

## വിഷ്കംഭം.

---

"വൃത്തവർത്തിഷ്യമാണാനാം,
കഥാംശാനാംനിദർശകഃ,
സംക്ഷിപ്താർത്ഥസ്തുവിഷ്കംഭ
ആദാവങ്കസ്യദർശിതഃ,

മദ്ധ്യേനമദ്ധ്യമാഭ്യാംവാ,
പാത്രാഭ്യാംസംപ്രയോജിതഃ,
ശുദ്ധഃസ്യാൽസതുസങ്കീർണ്ണോ,
നീചമദ്ധ്യമകല്പിതഃ."

കഴിഞ്ഞതും വരാനുള്ളതുമായ കഥാഭാഗങ്ങളെ സൂചിപ്പിക്കുന്ന ഒന്നോ അതിലധികമോ മദ്ധ്യമപാത്രങ്ങളുടെ സംഭാഷണമാകുന്നു വിഷ്കംഭം. എന്നാൽ ഇത് ആദ്യത്തെ അങ്കത്തിൽ പാടില്ല. ശുദ്ധവിഷ്കംഭം, സങ്കീർണ്ണവിഷ്കംഭം എന്ന് ഇത് രണ്ടു വിധത്തിലുണ്ട്. നീചമദ്ധ്യമപാത്രങ്ങളുടെ സംഭാഷണം സങ്കീർണ്ണവിഷ്കംഭമാകുന്നു.

## പ്രവേശകം.

---

"പ്രവേശകോനുദാത്തോക്ത്യാ,
നീചപാത്രപ്രയോജിതഃ,
അങ്കദ്വയാന്തവിജ്ഞേയഃ,
ശേഷംവിഷ്കംഭകേയഥാ."

രണ്ടങ്കങ്ങളുടെ ഇടയിൽ കഴിഞ്ഞുപോയിരിക്കുന്ന കഥാഭാഗങ്ങളെ സൂചിപ്പിക്കുന്നതായിട്ടുള്ള നീചപാത്രസംഭാഷണമാകുന്നു പ്രവേശകം. ശേഷമുള്ള സംഗതികളിൽ ഇത് വിഷ്കംഭംപോലെതന്നെ.

# പ്രസ്താവന.

---

തങ്ങളുടെ കാൎയ്യത്തെപ്പററി പ്രസംഗിക്കുന്നതും, പ്രകൃതകഥയെ സൂചിപ്പിക്കുന്നതും, ഭംഗിയായിട്ടുള്ളതും ആയ സൂത്രധാരന്റെയും, നടി, വിദൂഷകൻ, പാരിപാൎശ്വകൻ, ഇവരിൽ ഒരാളുടെയും കൂടി തമ്മിലുള്ള സംഭാഷണമാകുന്നു പ്രസ്താവന. ഇതിനെത്തന്നെ ആമുഖമെന്നും പറയാറുണ്ട്.

സൂത്രധാരൻ—സൂത്രത്തെ ധരിക്കുന്നവൻ (നാടകാഭിനയത്തെ പ്രവൃത്തിപ്പിക്കുന്നവൻ)

മാരിഷൻ—സൂത്രധാരന്റെ അടുത്ത സഹായിയും, അല്പം താഴെ ഉള്ളവനുമാകുന്നു. മാരിഷനെത്തന്നെ പാരിപാൎശ്വകനെന്നും പറയും.

നടീ—പ്രധാനമായി നാടകാഭിനയത്തെ പ്രവൃത്തിപ്പിക്കുന്നവൾ (സാധാരണയായിട്ട് സൂത്രധാരന്റെ ഭാൎയ്യയായിട്ട് വിചാരിക്കപ്പെട്ടുവരുന്നു.)

## രസങ്ങൾ.

---

"ശൃംഗാരവീരകരുണാത്ഭുതഹാസ്യഭയാനകാഃ
ബീഭത്സരൌദ്രൌ ച രസാഃ". ഇവിടെ 'ച' എന്നു പ്രയോഗിച്ചിരിക്കുന്നതുകൊണ്ട് രസങ്ങൾ വേറെയുമുണ്ടെന്നു സ്പഷ്ടമാകുന്നു. അതായത് ശാന്തരസവും വാത്സല്യരസവുംകൂടി ഈ കൂട്ടത്തിൽ കൂട്ടേണമെന്നു താൽപ്പൎയ്യം.

"ശാന്തസ്യശമസാദ്ധ്യത്വാ
ന്നടേചതദസംഭവാൽ ।
അഷ്ടാവേവരസാനാട്യേ
നശാന്തസ്തത്രയുജ്യതേ."

ശാന്തരസം ശമംകൊണ്ട് സാദ്ധ്യമാകുന്നു. നാടകത്തിൽ വേഷംകെട്ടി അഭിനയിക്കുന്ന നടനു ശമമുണ്ടെന്നു പറഞ്ഞുകൂടാ. അതുകൊണ്ട് നാടകത്തിൽ ശൃംഗാരാദി എട്ടു രസങ്ങൾ മാത്രമേ ഉപയോഗിക്കുവാൻ പാടുള്ളു. ഇങ്ങിനെ ശാന്തരസം നാടകത്തിൽ യോജിക്കയില്ലെന്നു ചിലർ പറയുന്നത് ശരിയല്ല. എന്തുകൊണ്ടെന്നാൽ കോപം, ഭയം മുതലായ രസങ്ങളും പരമാൎത്ഥത്തിൽ നടനുള്ളതല്ല. നാടകത്തിൽ അതാതു പ്രകൃതങ്ങളെ അനുസരിച്ച് അതാതു രസങ്ങളെ നടൻ നടിക്കുന്നു എന്നല്ലാതെ പരമാൎത്ഥത്തിൽ ഈ രസങ്ങളൊന്നും അവനിൽ സ്ഥിതിചെയ്യുന്നില്ല. അതുകൊണ്ട് നടനു ശമമില്ലെങ്കിലും ശാന്തരസത്തെ നടിക്കുവാൻ വിരോധമുണ്ടെന്നു തോന്നുന്നില്ല. ഏതെങ്കിലും ഒരു വസ്തുവിന്റെ നേരെ നമ്മുടെ മനസ്സിൽ ഉണ്ടാകുന്ന പ്രേമാതിശയമാകുന്നു വാത്സല്യമെന്നു പറയുന്നത്. ഈ പ്രേമാതിശയം ഗുരുജനങ്ങളുടെ നേരെയോ രാജാവിന്റെ നേരെയോ ഈശ്വരന്റെ നേരെയോ ആയിരിക്കുമ്പോൾ നാം അതിനെ ഭക്തിയെന്നു പറയുന്നു. ഈ വാത്സല്യരസത്തെ അഭിനയിക്കുന്നതിനും നടന് യാതൊരു വിരോധവുമുണ്ടെന്നു തോന്നുന്നില്ല.

## ഒന്നാമങ്കം.

൧. പരമാചാൎയ്യൻ=ശ്രേഷ്ഠനായിരിക്കുന്ന ഗുരു. ദാസൻ=ഭൃത്യൻ. ഭുക്തി=ഭക്ഷണം മുക്തിദാനം=മോക്ഷദാനം ഉടയവൻ=നാഥൻ ശക്തിസംയുക്തൻ=ശക്തിയോടുകൂടിയവൻ അൎത്ഥിവൃന്ദം=അൎത്ഥികളുടെ വൃന്ദം അൎത്ഥികൾ=യാചകന്മാർ വൃന്ദം=കൂട്ടം സുരതരു=ദേവവൃക്ഷം (ഇത് അഞ്ചെണ്ണമുണ്ട്. "പഞ്ചൈതേദേവതരവോ, മന്ദാരഃപാരിജാതകഃ, സന്താനഃകല്പവൃക്ഷശ്ച, പുംസിവാഹരിചന്ദനം".) ശാശ്വതാനന്ദൻ=ശാശ്വതമായിരിക്കുന്ന (അഴിവില്ലാത്ത) ആനന്ദത്തോടുകൂടിയവൻ ബ്രഹ്മാനന്ദസ്വരൂപി സത്ത്=പരമാൎത്ഥമായിട്ടുള്ള വസ്തു; നല്ലവസ്തു; ശ്രേഷ്ഠവസ്തു; പൂജായോഗ്യമായ വസ്തു ചിത്തം=മനസ്സ് മുകുരം=കണ്ണാടി (തേജസ്സിനെ മോചിക്കുന്നത് എപ്പോഴും തേജസ്സിനെ പുറപ്പെടുവിക്കുന്നത് മകരം എന്നും മംകരം എന്നും പ്രയോഗങ്ങളുണ്ട്.) വഃ=നിങ്ങൾക്ക്.

ഇവിടെ സാക്ഷാൽ ബ്രഹ്മസ്വരൂപിയായിരിക്കുന്ന പരമാത്മാവിന്റെ വിശേഷണങ്ങളെല്ലാം സാഭിപ്രായങ്ങളാകയാൽ പരികരമെന്നുള്ള അലങ്കാരമുണ്ട്. "വിശേഷണമഭിപ്രായയുക്തം പരികരംമതം." ഈശ്വരതുല്യനും ഐശ്വൎയ്യയുക്തനും മോക്ഷാൎത്ഥികളാൽകൂടി സദാ വിചാരിക്കപ്പെടുവാൻ യോഗ്യനും ഭക്തവത്സലനുമായ ഒരു പുരുഷൻ കഥാനായകനാണെന്നു സൂചിപ്പിച്ചിരിക്കുന്നു. ഈ നാടകത്തിലെ നായകനാകുന്ന ചന്ദ്രഹാസൻ ഈ വിധമുള്ള ഒരു പുരുഷരത്നമാകുന്നു. ഇങ്ങനെ സൂച്യമായ അൎത്ഥത്തെ സൂചിപ്പിച്ചിരിക്കയാൽ ഇവിടെ മുദ്രാലങ്കാരവുമുണ്ട്. "പ്രകൃതാൎത്ഥങ്ങളെത്തന്നെ, വരുത്തുന്നപദങ്ങളാൽ, സൂച്യാൎത്ഥത്തിൽ സൂചനത്തിൽ, മുദ്രാലങ്കാരമായ്വരും." പരമാത്മാവിനെ സുരതരുവായും വിളക്കായും മറ്റും രൂപീകരിച്ചിരിക്കയാൽ ഇവിടെ രൂപകാലങ്കാരവുമുണ്ട്. വൃത്തം സ്രഗ്ദ്ധരാ. "ഏഴേഴായ് മൂന്നുഖണ്ഡം മരഭനയയയം സ്രഗ്ദ്ധരാവൃത്തമാകും."

൨. സഹനം=ക്ഷമ സജ്ജനശീലം=സജ്ജനങ്ങളുടെ സ്വഭാവം ബഹുദുഃഖം=അനേകവിധത്തിലുള്ള കഷ്ടാനുഭവം സൎവ്വയോഗ്യതാമൂലം=സകലയോഗ്യതകളുടേയും കാരണം മൎദ്ദനം=തിരുമ്മിപ്പൊടിക്കൽ; ഇടിച്ചു പൊടിക്കൽ അധികസുഗന്ധസമ്പാദനം=അധികമായ സൌരഭ്യത്തെ നല്ലവണ്ണം മേൽക്കുമേലെ ഉണ്ടാക്കുന്ന പ്രവൃത്തി സൌഗന്ധികച്ചെടി=നല്ല സൌരഭ്യമുള്ള ചെടി. ഇവിടെ സൂക്ഷ്മസ്വഭാവം വൎണ്ണിച്ചിരിക്കയാൽ സ്വഭാവോക്തിയെന്ന അലങ്കാരമുണ്ട്. "സൂക്ഷ്മസ്വഭാവം വൎണ്ണിച്ചാൽ, സ്വഭാവോക്തിയതായത്." ഇവിടെ അപ്രസ്തുതവൃത്താന്തത്തിന്റെ വൎണ്ണനം പ്രസ്തുതവൃത്താന്തത്തെ ആശ്രയിച്ചിരിക്കയാൽ അപ്രസ്തുതപ്രശംസാലങ്കാരവുമുണ്ട്. "അപ്രസ്തുതപ്രശംസാസാപ്രസ്തുതാശ്രയയായിടിൽ" വൃത്തം ഗീതി. "ആൎയ്യാപൂൎവ്വാൎദ്ധംപോൽ, ലാഘ്വീ! യാതൊന്നിലുത്തരാൎദ്ധമതും, ഭാൎയ്യേ! വൎദ്ധിതമന്മഥ, വീൎയ്യേ! കാണുന്ന ഗീതിയാണതെടോ" ആദ്യപാദത്തിൽ ൧൨ മാത്രയും ദ്വിതീയപാദത്തിൽ ൧൮ മാത്രയും തൃതീയപാദത്തിൽ ൧൨ മാത്രയും ചതുൎത്ഥപാദത്തിൽ ൧൮ മാത്രയും ഉണ്ടായിരുന്നാൽ വൃത്തം ഗീതിയായിരിക്കും.

൩. വിവേകം=ഗുണദോഷനിരൂപണാസാമൎത്ഥ്യം സാധുത=നന്മ; സൽസ്വഭാവം ചന്ദ്രഹാസൻ ചരിത്രം=ചന്ദ്രഹാസന്റെ ചരിത്രം ചരിത്രം=കഥ ഏതായാലും=

എങ്ങിനെയായാലും അഭിനയിക്കാം=ആടാം; നടിക്കാം മടിക്കാതെ=മടികൂടാതെ ഖ്യാതി=കീൎത്തി മൂലം=കാരണം മധുമൊഴി=തേൻമൊഴി; തേൻപോലെ ഇരിക്കുന്ന (അത്ര മധുരമുള്ള, കേൾക്കുവാൻ അത്ര സൌഖ്യമുള്ള) വാക്കുകൾ പറയുന്നവൾ കൌതുകം=സന്തോഷം ജാതമായോ=ഉണ്ടായോ. "പദവാക്യങ്ങളാൽ സാദ്ധ്യസാധനം കാവ്യലിംഗമാം." എന്നുള്ള പ്രമാണത്തെ അനുസരിച്ച് ഇവിടെ കാവ്യലിംഗമെന്ന അലങ്കാരമുണ്ട്. വൃത്തം സ്രഗ്ദ്ധരാ.

൪. മാമ്പൂന്തേൻ=മാവിൻ പൂവിലുള്ള തേൻ. നുകരുന്നു=കുടിക്കുന്നു; അനുഭവിക്കുന്നു. പ്രിയ=പ്രിയമുള്ളവൾ; സ്നേഹമുള്ളവൾ; ഭാൎയ്യ. ഒത്തുകൂടി=ഒരുമിച്ചു ചേൎന്നു, മദമോടി=അഹംകരിച്ചു. സമ്പ്രതി=ഇപ്പോൾ. കോകിലം=കുയിൽ (ശബ്ദമാധുൎയ്യം കൊണ്ടു ചിത്തത്തെ ആദാനം ചെയ്യുന്നത്. കുക ആദാനെ) വനപ്രിയഃ, പരഭൃതഃ, താമ്രാക്ഷഃ, കോകിലഃ, പികഃ, കളകണ്ഠഃ, കാകപുഷ്ടഃ, വസന്തഘോഷഃ ഇവയെല്ലാം കുയിലിന്റെ പൎയ്യായങ്ങളാകുന്നു. പഞ്ചമം=അഞ്ചു സ്ഥാനങ്ങളിൽനിന്നു പൂൎണ്ണമായി പുറപ്പെടുന്ന സ്വരം. "വായുസ്സമുത്ഥിതോ നാഭേരുരോഹൃത്കണ്ഠമൂൎദ്ധസു, വിചരൻ പഞ്ചമസ്ഥാനപ്രാപ്ത്യാ പഞ്ചമ ഉച്യതേ"=നാഭി, ഉരസ്സ്, ഹൃദയം, കണ്ഠം, മൂൎദ്ധാവ് എന്നീ അഞ്ചു സ്ഥാനങ്ങളിൽ തട്ടിപ്പുറപ്പെടുന്നതാകയാൽ പഞ്ചമം എന്നു പറയപ്പെടുന്നു. സപ്തസ്വരങ്ങൾ:—"നിഷാദഋഷഭഗാന്ധാരഷഡ്ജമദ്ധ്യമധൈവതാഃ പഞ്ചമശ്ചേത്യമീസപ്തതന്ത്രീകണ്ഠോത്ഥിതാഃ സ്വരാഃ". നിഷാദം, ഋഷഭം, ഗാന്ധാരം, ഷഡ്ജം മദ്ധ്യമം, ധൈവതം, പഞ്ചമം ഈ ഏഴും വീണാതന്ത്രികളിൽ നിന്നും മനുഷ്യകിന്നരാദികളുടെ കണ്ഠങ്ങളിൽ നിന്നും ഉത്ഭവിക്കുന്ന സ്വരങ്ങളാകുന്നു. സംഗീതശാസ്ത്രപ്രകാരം ഈ സ്വരങ്ങളെ ഷഡ്ജം-ഋഷഭം-ഗാന്ധാരം-മദ്ധ്യമം-പഞ്ചമം-ധൈവതം-നിഷാദം, എന്നിങ്ങിനെ ക്രമപ്പെടുത്തേണ്ടതാകുന്നു. ഈ ക്രമത്തെ അനുസരിച്ച് ഇവയുടെ ആദ്യക്ഷരങ്ങളെക്കൊണ്ടു പ്രയോഗസൌകൎയ്യത്തിനുവേണ്ടി 'സ-രി-ഗ-മ-പ-ധ-നി' എന്നു നാമകരണം ചെയ്തിരിക്കുന്നു. ഈ ക്രമാനുസരണം അഞ്ചാമത്തെ സ്വരമാണ് പഞ്ചമം. വസന്തകാലസ്വഭാവത്തെ സൂക്ഷ്മമായി വൎണ്ണിച്ചിരിക്കയാൽ ഇവിടെ സ്വഭാവോക്തിയെന്നുള്ള അലങ്കാരമുണ്ട്. വൃത്തം ഗീതി.

൫. പുത്തൻ=പുതിയ; പുതുതായി വിടൎന്ന. പങ്കജഗന്ധം=താമരപ്പൂവിന്റെ സൌരഭ്യം. ഒത്തു=ചേൎന്നു. ഉഴറീടുന്നു=അങ്ങുമിങ്ങും സഞ്ചരിക്കുന്നു. വനവാതം=വെള്ളത്തിൽ തട്ടി വരുന്ന കാറ്റ്; തണുപ്പുള്ള കാറ്റ്. തരുക്കളിൽ തട്ടിവരുന്ന കാറ്റ്; കാട്ടിൽ നിന്നു വരുന്ന കാറ്റ് എന്നും അൎത്ഥമുണ്ട്. "വനം" വെള്ളത്തിനും കാടിനും ഒരുപോലെ പൎയ്യായപദമാകുന്നു. മത്തമതംഗജസമൻ- മത്തനായിരിക്കുന്ന മതംഗജത്തിനോടു സമൻ. മത്തൻ=മദിച്ചിരിക്കുന്നവൻ. മതംഗജം=ആന. (മതംഗമഹൎഷിയിൽ നിന്നുണ്ടായത്). സമൻ=തുല്യൻ. ൧. ദന്തീ- ൨. ദന്താവളഃ- ൩. ഹസ്തീ ൪. ദ്വിരദഃ- ൫. അനേകപഃ- ൬. ദ്വിപഃ- ൭. മതംഗജഃ- ൮. ഗജഃ- ൯. നാഗഃ- ൧൦. കുഞ്ജരഃ- ൧൧ വാരണഃ- ൧൨. കരീ- ൧൩. ഇഭഃ- ൧൪. സ്തംബേരമഃ- ൧൫. പത്മീ- ഇവ ആനയുടെ പൎയ്യായങ്ങളാകുന്നു. ചിത്തജൻ=കാമദേവൻ. (ചിത്തം=മനസ്സ്. ജൻ=ജനിച്ചവൻ) വിടഹൃദയെ=വിടന്റെ ഹൃദയത്തിൽ. വിടൻ=ധൂൎത്തൻ; സ്ത്രീകളിൽ അത്യാസക്തിയുള്ളവൻ. ഇവിടേയും വസന്തകാലസ്വഭാവത്തെ സൂക്ഷ്മമായി വിവ

രിച്ചിരിക്കയാൽ സ്വഭാവോക്തിയെന്ന അലങ്കാരമുണ്ട്. വൃത്തം ഗീതി. വിളംബരം=താമസം. സോത്സാഹം=ഉത്സാഹത്തോടുകൂടെ. (സ+ഉത്സാഹം).

൬. ശങ്കരൻ=ശിവൻ. (ശം+കരൻ). ശം=സുഖം. കരൻ=ചെയ്യുന്നവൻ. അങ്കം=ഉത്സംഗം (മടി). നാനാൎത്ഥം:-"അങ്കഃസ്ഥാനാന്തികക്രോഡഭൂഷണോത്സംഗലക്ഷ്മസു, നാടകാദിപരിച്ഛേദേ ചിത്രയുദ്ധേ ച രൂപകേ." പങ്കജമിഴി=താമരക്കണ്ണി, സുന്ദരി. (പങ്കജങ്ങൾ പോലെയിരിക്കുന്ന മിഴികളോടു കൂടിയവൾ; യാതൊരുത്തിയുടെ മിഴികൾ പങ്കജങ്ങൾപോലെയിരിക്കുന്നു അവൾ പങ്കജമിഴി). ഷഷ്ഠീബഹുവ്രീഹി. പങ്കജം=പങ്കത്തിൽ നിന്നു ജനിച്ചത്. പങ്കം=ചളി. പൎവ്വതമകൾ=പൎവ്വതത്തിന്റെ പുത്രി (ഷഷ്ഠീതൽപുരുഷൻ). ഹിമവാന്റെ പുത്രി; പാൎവ്വതി. കനിഞ്ഞു=കനിവുണ്ടായിട്ട്. കനിവു=ദയാ. മംഗളം=മംഗലം.; ശുഭം. "ശ്വശ്രേയസം, ശിവം, ഭദ്രം, കല്യാണം, മംഗലം, ശുഭം, ഭാവുകം, ഭവികം, ഭവ്യം, കുശലം, ക്ഷേമം" ഇവയെല്ലാം മംഗളത്തിന്റെ പേരാകുന്നു. "ശങ്കരനുടെ സുഖകരമാമങ്കം തന്നിൽ കളിച്ചു മരുവീടും" എന്ന പാൎവ്വതീവിശേഷണം സാഭിപ്രായമാകയാൽ ഇവിടെ പരികരം എന്നുള്ള അലങ്കാരമുണ്ട്. വൃത്തം ഗീതി.

യഥേഷ്ടം വിശ്രമിക്കാം=ഇഷ്ടംപോലെയിരുന്നു ക്ഷീണം തീൎക്കാം. പാചകശാലാ=ഭക്ഷണാദികൾ പാകം ചെയ്യുന്ന കെട്ടിടം; അടുക്കള. ശകുനസൂചകമായി. ശകുനത്തെ കാണിക്കുന്നതായി. ശകുനം=നിമിത്തം. (ശകുനഃ=പക്ഷി. പക്ഷികളുടെ ഗതിഭേദവും ശബ്ദഭേദവും ഓരോരോ നിമിത്തസൂചകമായിപ്പരിഗണനം ചെയ്തു വരുന്നതിനാൽ നിമിത്തത്തിനു ശകുനം എന്നു പേരുണ്ടായി.) ദൈവജ്ഞന്മാർ=ജ്യൌതിഷികന്മാർ. (ദൈവം=പൂൎവ്വജന്മകൃതശുഭാശുഭം. ജ്ഞൻ=അറിയുന്നവൻ. ദൈവജ്ഞന്മാർ=പൂൎവ്വജന്മകൃതശുഭാശുഭങ്ങളെ അറിയുന്നവർ) ആഗമനം=വരവ്. അൎത്ഥഗൎഭങ്ങൾ=ഉള്ളിൽ അൎത്ഥമുള്ളവകൾ. സഭൎത്തൃകാ=ഭൎത്താവുള്ളവൾ. ("പതിവത്നീ സഭൎത്തൃകാ"-അമരം) അവ്യാജപരിശ്രമം=അകൃത്രിമമായ അദ്ധ്വാനം. അഭിനന്ദിച്ചു=വളരെ സന്തോഷിച്ചു. ഒരു ജോട്=ഒരുപോലെയിരിക്കുന്ന രണ്ടെണ്ണം. സാല്വ=ശീലത്തരങ്ങളിൽ പ്രസിദ്ധിയുള്ള ഒരുതരം ശീലത്തരം. A shawl അശ്രാന്തപരിശ്രമം=ഇടവിടാതെയുള്ള ഉത്സാഹം. കൃതജ്ഞത=ഉപകാരസ്മരണ. (വിപരീതം-കൃതഘ്നത) ഒഴിയാബാധ=എല്ലായ്പോഴും ഉപദ്രവിച്ചുകൊണ്ടിരിക്കുന്നത്. കൎദ്ദമം=ചളി, പൂഴി=മൺപൊടി. ശുക്രവാരം=വെള്ളിയാഴ്ച. സിംഹരാശി=ചിങ്ങം രാശി. കാലയാപനം ചെയ്ക= സമയം കഴിച്ചുകൂട്ടുക. ശ്വശ്രൂ=ഭൎത്താവിന്റേയൊ ഭാൎയ്യയുടേയോ അമ്മ. (ഇവിടെ ഭാൎയ്യയുടെ അമ്മ). { "പതിപത്ന്യോഃപ്രസൂഃശ്വശ്രൂഃ."<br>ശ്വശുരസ്തുപിതാതയോഃ. } അമരം

(ഇവരുടെ അച്ഛന്റെ പേർ ശ്വശുരൻ എന്നുമാകുന്നു.) സമീപസ്ഥതരു=അടുക്കൽ നില്ക്കുന്ന വൃക്ഷം. പൎണ്ണം=ഇല. വാമഭാഗം=ഇടത്തുഭാഗം. പതിച്ചത്=വീണത്. പാതകം=കുററം. ആത്മഗതം=മനസ്സിലുണ്ടായത്; സ്വകാൎയ്യമായിത്തന്നോടുതന്നെ പറയുന്നത് (വിപരീതം-പ്രകാശം) മനുസ്മൃതി=മനുസംഹിതാ. മനു=സ്വായംഭുവമനു. സ്മൃതി or സംഹിതാ=നിയമഗ്രന്ഥം. മനുസ്മൃതി=സ്വായംഭുവമനുവിനാൽ ഉണ്ടാക്കപ്പെട്ട നിയമഗ്രന്ഥം. മനുക്കൾ ൧൪- ൧ സ്വായംഭുവൻ. ൨. സ്വാരോചിഷൻ. ൩. ഔത്തമി. ൪. താമസൻ. ൫. രൈവതൻ. ൬. ചാക്ഷുഷൻ. ൭. വൈവസ്വതൻ. ൮.

സാവൎണ്ണി, ൯. ദക്ഷസാവൎണ്ണി. ൧൦. ബ്രഹ്മസാവൎണ്ണി. ൧൧. ധൎമ്മസാവൎണ്ണി. ൧൨. രുദ്രസാവൎണ്ണി. ൧൩. രൌച്യ(ദേവ)സാവൎണ്ണി. ൧൪. ഇന്ദ്രസാവൎണ്ണി.

ധനാഗമം=ദ്രവ്യത്തിന്റെ വരവ്. തൃണം=പുല്ല്. പാരംഗതന്മാർ=മറുകരകടന്നവർ. പാരം=മറുകര. ഗണിതശാസ്ത്രപാരംഗതന്മാർ=ജ്യോതിഷം നല്ലവണ്ണം ഗ്രഹിച്ചിട്ടുള്ളവർ. സുകരം=എളുപ്പം. ആഗമനം=വരവ്. ബഹുമതി=ബഹുമാനം. നവീനം=പുതിയത്. (വിപരീതം-പ്രാചീനം). ഖ്യാതി=കീൎത്തി. ന്യൂനത=കറവ്. വിശ്വവിശ്രുതൻ=ലോകമെങ്ങുംകേൾവിപ്പെട്ടവൻ. ദേഹവിയോഗാനന്തരം=മരണശേഷം ചരിത്രലവം=ചരിത്രത്തിന്റെ ലവം. ചരിത്രം=ജീവിതകഥാ. ലവം=അല്പം. അമരാവതി=അമരന്മാരുള്ള സ്ഥലം; ദേവലോകം. അന്നദാതാവ്=അന്നത്തെ ദാനം ചെയ്യുന്നവൻ; ചോറു കൊടുക്കുന്നവൻ; രക്ഷിതാവ്. മഹിഷി=പട്ടാഭിഷേകസമയത്തിങ്കൽ ഭൎത്താവിനോടുകൂടെ സിംഹാസനത്തിലിരുന്ന രാജഭാൎയ്യ. (‘കൃതാഭിഷേകാമഹിഷീ’) അമരം. മഹിഷത്തിന്റെ സ്ത്രീലിംഗം മഹിഷീയെന്നു പറയും. അപ്പോൾ എരുമയെന്നൎത്ഥം. വന്ധ്യാ=പ്രസവിക്കാത്തവൾ; മച്ചി. ആമ്രഫലശകലം=ആമ്രഫലത്തിന്റെ ശകലം ആമ്രഫലം=ആമ്രത്തിന്റെ ഫലം; മാങ്ങ. ആമ്രം=മാവ്. ശകലം=കഷണം. പനസം=ചക്ക. ഉപാദ്ധ്യായൻ=ഗുരു. രാജ്യഭരണതന്ത്രം=രാജ്യം ഭരിക്കുന്നതിനുള്ള ഉത്തമസൂത്രം. അനിതരസാധാരണനൈപുണ്യം=ഇതരന്മാൎക്കു സാധാരണമായിട്ടില്ലാത്ത നൈപുണ്യം. ഇതരന്മാർ=മററുള്ളവർ. നൈപുണ്യം=സാമൎത്ഥ്യം. പാലകപിതാവ്=എടുത്തു വളൎത്തിയ അച്ഛൻ. രജതം=വെള്ളി. വന്യമൃഗങ്ങൾ=കാട്ടുമൃഗങ്ങൾ. അമൂല്യങ്ങൾ=വിലമതിക്കുവാൻപാടില്ലാത്തവകൾ. മൂല്യം=വില. നിങ്ങൾക്കു പേരിട്ട ആ മഹാൻ ബഹു യോഗ്യൻതന്നെ=നിങ്ങളുടെ പേർ ഖരകൻ എന്നാണല്ലോ. ഖരം എന്നാൽ കഴുതയെന്നൎത്ഥം. നിങ്ങൾ മഹാബുദ്ധിഹീനനാണെന്നു മനസ്സിലാക്കി നിങ്ങൾക്കു കഴുതയെന്നു പേരിട്ട ആ ബുദ്ധിമാൻ ബഹു സരസൻ തന്നെ. ഇവിടെ സൂച്യാൎത്ഥത്തെ സൂചിപ്പിച്ചിരിക്കയാൽ മുദ്രാലങ്കാരമുണ്ട്.

൧. അതിരില്ലാത്ത=അതിരു കവിഞ്ഞ; അതിൎത്തിയില്ലാത്ത; അവസാനമില്ലാത്ത. അധികാരം=കൈകാൎയ്യകൎത്തൃത്വം; ഏതു കാൎയ്യവും നടത്തുവാനുള്ള സ്വാതന്ത്ര്യം. മതികുതുകം=മതിയുടെ കുതുകം; ബുദ്ധിയുടെ സന്തോഷം. (മതി=ബുദ്ധി. കുതുകം=സന്തോഷം) നിതരാം=ഏററവും (അവ്യയം) ക്ഷിതിപകുലം=രാജവംശം. (ക്ഷിതിപൻ=രാജാവ്; ക്ഷിതിയെ പാലിക്കുന്നവൻ. ക്ഷിതി=ഭൂമി. കുലം=വംശം.) എന്തുള്ളദോഷം?=എന്താണ് ദോഷമുള്ളത്?; ഒരു ദോഷവുമില്ലെന്നൎത്ഥം. ഇതുകാലം=ഇപ്പോൾ. അതിരില്ലാത്ത എന്ന വിശേഷണത്തിനു അൎത്ഥഗൎഭമുള്ളതുകൊണ്ട് ഇവിടെ പരികരമെന്ന അലങ്കാരമുണ്ട്. താൻ രാജവംശത്തിൽ ജനിച്ചിട്ടില്ലെങ്കിലും തന്റെ പൂൎണ്ണാധികാരം തന്റെ അളവററ സന്തോഷത്തിനു കാരണമായിരിക്കുന്നു എന്നു പറഞ്ഞിരിക്കയാൽ ഇവിടെ കാവ്യലിംഗം എന്ന അലങ്കാരമുണ്ട്. ‘പദവാക്യങ്ങളാൽ സാദ്ധ്യസാധനം കാവ്യലിംഗമാം’. വൃത്തം ഗീതി.

൨. ബത=കഷ്ടം (അവ്യയം) കല്യാണം=ശുഭം. ഏകുന്നു=തരുന്നു. ശുഭഗ്രഹങ്ങൾ=അനുകൂലങ്ങളായ ജ്യോതിൎഗ്ഗോളങ്ങൾ. ആയത്=തന്നെ എല്ലാവരും ഭൂപാലകനെന്നു വിളിക്കുന്നത്. സാദ്ധ്യമാകും=സാധിക്കും. ഇവിടെ ശുഭഗ്രഹങ്ങളുടെ ആനു

തുല്യം കൊണ്ടു തന്റെ ആഗ്രഹം സാധിക്കുമെന്നു പറഞ്ഞിരിക്കുന്നതിനാൽ കാവ്യലിംഗമെന്ന അലങ്കാരമുണ്ട്. വൃത്തം ഇന്ദ്രവജ്രാ- 'കേളിന്ദ്രവജ്രക്കുതതംജഗംഗം'.

൯ സാമ്രാജ്യലക്ഷ്മി=സാമ്രാജ്യത്തിന്റെ ലക്ഷ്മി. സാമ്രാജ്യം=ചക്രവർത്തിയാൽ ഭരിക്കപ്പെടുന്ന രാജ്യം. ലക്ഷ്മി=ശ്രീ; സമ്പത്ത്. സാമ്രാട്ടിനെ=ചക്രവർത്തിയെ. ബഹുവയോധികൻ=വളരെ വയസ്സു ചെന്നവൻ. നമ്രാംഗൻ=കുമ്പിട്ട (വളഞ്ഞ) ശരീരത്തോടുകൂടിയവൻ. (നമ്രം=കുമ്പിട്ടത്; വളഞ്ഞത്. അംഗം=ശരീരം) ഈഷൽ=സംശയം. എന്യേ=കൂടാതെ. കമ്രാനനാംഗനകൾ=കമ്രങ്ങളായ ആനനങ്ങളോടുകൂടിയ അംഗനകൾ. കമ്രങ്ങൾ=മനോഹരങ്ങൾ. ആനനങ്ങൾ=മുഖങ്ങൾ. അംഗനകൾ=പ്രശസ്തങ്ങളായ അംഗങ്ങളോടു കൂടിയ സ്ത്രീകൾ. കൈവെടിയുക=ഉപേക്ഷിക്കുക. ഇവിടെ സുന്ദരിമാർ കൂനന്മാരായ വൃദ്ധന്മാരെ ഉപേക്ഷിക്കുന്നതുപോലെ സാമ്രാജ്യലക്ഷ്മി വൃദ്ധനായ ചക്രവർത്തിയെ ഉപേക്ഷിക്കുന്നു എന്നു പറഞ്ഞിരിക്കുകയാൽ ഉപമാലങ്കാരമുണ്ട്. 'രണ്ടു വസ്തുക്കളിൽ തൌല്യമുണ്ടാകിലുപമാമതാ.' വൃത്തം=വസന്തതിലകം. 'ഉക്തംവസന്തതിലകം തഭജാജഗൌഗഃ'

൧൦. കാന്തിപ്രസരണം=കാന്തിയുടെ പ്രസരണം. കാന്തി=ശോഭ. പ്രസരണം=പരക്കുന്നത്; വ്യാപ്തി. മിന്നീടും=ശോഭിക്കുന്ന. ചാരു=മനോഹരമായ; നല്ല. കാര്യപ്രചുരിമ=കാര്യങ്ങളുടെ പ്രചുരിമ. പ്രചുരിമ=ആധിക്യം; ധാരാളമായിരിക്കുന്ന സ്ഥിതി. ശാശ്വതംവസ്ഥ=ശാശ്വതസ്ഥിതി; എന്നുമുള്ളവസ്ഥ. ഉജ്വലിക്കും=നല്ലവണ്ണം പ്രകാശിക്കും. തപനൻ=സൂര്യൻ. (ചൂടിനെ ചെയ്യുന്നവൻ). മഹാകാന്തി=വലിയ ശോഭ. ഹിമകരസുഷമാ=ഹിമകരന്റെ സുഷമാ, ഹിമകരൻ=ചന്ദ്രൻ. (തണുത്ത രശ്മികളുള്ളവൻ.) സുഷമാ=പരമാശോഭാ. (വലിയ കാന്തി). സാമ്യം=തുല്യം. രാജഭാവം=രാജാവിന്റെ ഭാവം; രാജാവാണെന്നുള്ള വിചാരം. പൂർവ്വാർദ്ധത്തിൽ 'എന്റെ സ്ഥിതിക്ക് ശാശ്വതാവസ്ഥയില്ലെന്നും രാജാവിന്റെ സ്ഥിതിക്കു ശാശ്വതാവസ്ഥയുണ്ടെന്നും പറഞ്ഞിരിക്കയാൽ വ്യതിരേകംഎന്ന അലങ്കാരമുണ്ട്. "വർണ്ണ്യം വർണ്ണ്യങ്ങൾക്കു ചൊന്നാൽ വിശേഷം വ്യതിരേകമാം." ഉത്തരാർദ്ധത്തിൽ എന്റെ സ്ഥിതി സൂര്യരശ്മി തട്ടി പ്രകാശിക്കുന്ന ചന്ദ്രന്റെ സ്ഥിതിപോലെയാണ് എന്നു പറഞ്ഞിരിക്കയാൽ ഉപമാലങ്കാരമുണ്ട്. വൃത്തം സ്രഗ്ദ്ധരാ.

ക്ഷണഭംഗുരം=എളുപ്പത്തിൽ നശിച്ചുപോകുന്നത്. നിശാനിശം=രാത്രി തോറും; എല്ലാരാത്രിയും. ജാഗരണകാരണം=ജാഗരണത്തിനു കാരണം. ജാഗരണം=ഉണർന്നിരിക്കൽ.

൧൧ സുരവരപദവി=സുരവരന്റെ പദവി. സുരവരൻ=ഇന്ദ്രൻ. പദവി=അവസ്ഥ. വണങ്ങും=വന്ദിക്കും. നരവരപദം=നരവരന്റെ പദം. നരവരൻ=രാജാവ്. പദം=സ്ഥാനം. ഓർക്കിൽ=ആലോചിച്ചു നോക്കിയാൽ. അനുപമിതം=ഉപമിക്കപ്പെടുവാൻ പാടില്ലാത്തത്. രാജപദവി ഇന്ദ്രപദവിയേക്കാൾ കേമമായിട്ടുള്ളതാണെന്നു സാരം. നിരവധി=കണക്കില്ലാത്ത. ധനനിധി=ഐശ്വര്യത്തിനിരിപ്പിടം. പുരു=വലിയ. ഇങ്ങു=എനിക്ക്. കൈവരുമോ?=കൈവശത്തിലാകുമോ? പൂർവ്വാർദ്ധത്തിൽ ഇന്ദ്രപദവി രാജപദവിയെ വണങ്ങുന്നതാണെന്നു പറഞ്ഞിരിക്കയാൽ സംബന്ധാതിശയോക്തിയെന്ന അലങ്കാരമുണ്ട്. "അയോഗത്തിങ്കലെ യോഗം സംബ

ന്ധാതിശയോക്തിയാം." അനുപമിതം എന്ന വിശേഷണപദം ഭാവഗർഭമുള്ളതാകയാൽ പരികരാലങ്കാരവുമുണ്ട്. ഉത്തരാർദ്ധത്തിൽ കാവ്യലിംഗവുമുണ്ട്. (സാമ്രാജ്യം നിരവധി ധനനിധിയാകയാലും രാജപദവി ഇന്ദ്രപദവിയേക്കാൾ ആഗ്രഹിക്കത്തക്കതായിരിക്കയാലും എന്നു കാരണങ്ങൾ പറഞ്ഞിരിക്കകൊണ്ട്) വൃത്തം ഗീതി. അനായാസേന=പ്രയാസംകൂടാതെ.

൱൨. മേദിനി=ഭൂമി. (മേദന്മാർ എന്ന ജാതിക്കാരുള്ളത്. അനേകം സങ്കരജാതിക്കാരുള്ളതെന്നർത്ഥം. മധുകൈടഭന്മാർ എന്ന അസുരന്മാരെ കൊന്ന് അവരുടെ മേദസ്സുകൊണ്ടു വിഷ്ണുവിനാൽ ഉണ്ടാക്കപ്പെട്ടത് എന്നും അർത്ഥം പറയാം.) ഉളവാകും=ഉണ്ടാകും. മോദമെഴും=സന്തോഷകരമായ. വസ്തുസർവ്വവുമേ=സകല സാധനവും. നരവരൻ=രാജാവ്. തന്റെ സന്തോഷവും ആവശ്യവും അനായാസേന സാധിക്കുമെന്നുള്ളതിനു കാരണം പറഞ്ഞിരിക്കയാൽ ഇവിടെ കാവ്യലിംഗമെന്ന അലങ്കാരമുണ്ട്. വൃത്തം ഗീതി.

൱൩. ലോകപാലകവിലോകനം=ലോകപാലകന്റെ വിലോകനം. ലോകപാലകൻ=രാജാവ്. വിലോകനം=കാഴ്ച. ഹനിക്കുവാൻ=കൊല്ലുവാൻ. ശോകമുള്ളവനു=ദുഃഖമുള്ളവനു. മോദമേകുവതിനു=സന്തോഷത്തെ കൊടുക്കുന്നതിനു. നിതാന്തം=ഏററവും. പോരുമേ=മതിയാകുന്നതാകുന്നു. ആകവെ=മുഴുവനും. നിജവിലാസം=തന്റെ കളി. ഗൌരവാകൃതി=ഗൌരവമുള്ള ആകൃതി; ഘനഭാവം; പാകമുണ്ടു. സകലത്തിനും=എല്ലാകാര്യത്തിനും വേണ്ടതക്ക നിലയുണ്ട്. കഠിനകാര്യം=വളരെ കഷ്ടപ്പാടുള്ള സംഗതി. ഇവിടെ രാജാവിന്റെ വിലോകനം ഒന്നിനെത്തന്നെ ഒരുവനെ ഹനിക്കുന്നതായിട്ടും ഒരുവനെ സന്തോഷിപ്പിക്കുന്നതായിട്ടും വർണ്ണിച്ചിരിക്കയാൽ ഉല്ലേഖമെന്നുള്ള അലങ്കാരമുണ്ട്. ("ഉല്ലേഖമൊന്നിനെത്തന്നെ, പലതായി നിനക്കുകിൽ.") ഇതു കൂടാതെ രാജസ്വഭാവത്തെ സൂക്ഷ്മമായി വർണ്ണിച്ചിരിക്കയാൽ ഇവിടെ സ്വഭാവോക്തിയെന്ന അലങ്കാരവുമുണ്ട്. വൃത്തം കുസുമമഞ്ജരി "രംനരംനരിനരം നിരന്നുവരുമെങ്കിലോ കുസുമമഞ്ജരി). വിവിധസുഖാഭോഗം=അനേകവിധത്തിലുള്ള സുഖാനുഭവം. ഇഹലോകധർമ്മാസനം=ഭൂമിയിൽ കാര്യവിചാരം ചെയ്യുന്ന രാജസിംഹാസനം. സ്വർഗ്ഗസിംഹാസനാരോഹണോന്മുഖൻ=സ്വർഗ്ഗസിംഹാസനാരോഹണത്തിൽ ഉന്മുഖൻ. സ്വർഗ്ഗസിംഹാസനാരോഹണം=സ്വർഗ്ഗസിംഹാസനത്തിൽ കയറുന്നത്; ഇന്ദ്രസ്ഥാനത്തെ പ്രാപിക്കുന്നത്; ദേഹവിയോഗാനന്തരം സ്വർഗ്ഗപ്രാപ്തിയുണ്ടായി ഇന്ദ്രപദത്തിലിരിക്കുന്നത്. ഉന്മുഖൻ=ഒരുങ്ങിയവൻ; കാത്തിരിക്കുന്നവൻ; തയ്യാറായിരിക്കുന്നവൻ.

൱൪. പ്രാണാനുസമൻ=ജീവനു തുല്യൻ; ഏററവും പ്രിയമുള്ളവൻ. തനയൻ=പുത്രൻ. ക്ഷോണിഭരിച്ചോ=രാജ്യഭാരം ചെയ്യോ. ഗ്രഹം പിഴച്ചോ=ഗ്രഹപ്പിഴകൊണ്ടോ; കഷ്ടകാലംകൊണ്ടോ. കേണിട്ടും=ദുഃഖിക്കും. നിനപ്പാൻ=വിചാരിപ്പാൻ. കാണിയും=അല്പംപോലും ഇഹ=ഇവിടെ; ഈ സംഗതിയിൽ. ദൃഢം=നിശ്ചയം. കാരണം കാണാ=കാരണം കാണുകയില്ല. ഇവിടെ രാജാവിനു പുത്രനില്ലാ അതിനാൽ പുത്രൻ ദുഃഖിക്കുവാൻ ഒരുവിധത്തിലും തരമില്ലെന്നു കാരണം പറഞ്ഞിരിക്കുന്നതിനാൽ കാവ്യലിംഗം എന്ന അലങ്കാരമുണ്ട്. വൃത്തം ഗീതി.

ചിരകാലം=വളരെ നാൾ. പരലോകപ്രാപ്തി=സ്വൎഗ്ഗാരോഹണം. ആജീവനാന്തം=ജീവാവസാനംവരെ.

൧൫. മന്നവൻ=രാജാവ്. നിജസചിവൻ=തന്റെ മന്ത്രി. യതിച്ചാൽ=ഉത്സാഹിച്ചാൽ. ഇവിടെ ആലോചിച്ചു നോക്കിയാൽ, സൂക്ഷ്മത്തിൽ രാജ്യം ഭരിക്കുന്നതു താനാകയാൽ താനും രാജാവും തമ്മിൽ യാതൊരന്തരവുമില്ല. അതുകൊണ്ട് ഉത്സാഹിച്ചാൽ കാൎയ്യം നടക്കും എന്നു കാരണം പറഞ്ഞിരിക്കുന്നതിനാൽ ഇവിടെ കാവ്യലിംഗം എന്ന അലങ്കാരമുണ്ട്. വൃത്തം ഗീതി.

വ്യവസായസഹായം=വ്യവസായത്തിന്റെ സഹായം. വ്യവസായം=പരിശ്രമശീലം.

൧൬. ഉന്നതപദവി=ഉയൎന്ന സ്ഥാനനില; വലിയ അവസ്ഥ. അമരും=ഇരിക്കും. മന്നവപദം=മന്നവന്റെ പദം. മന്നവൻ=രാജാവ്. പദം=സ്ഥാനം. (രാജസ്ഥാനം) ഏറിടുന്ന=കയറിടുന്ന. അഹം=ഞാൻ. ഇവിടെ കോണിയെന്ന ഉപമാനപദംകൊണ്ട് ഉപമേയമായ രാജസേവയെ ബോധിപ്പിച്ചിരിക്കയാൽ രൂപകാതിശയോക്തി എന്ന അലങ്കാരമുണ്ട്. ഉപമേയത്തെ പ്രത്യേകിച്ചു പറയാതെ ഉപമാനപദംകൊണ്ടുതന്നെ ഉപമേയത്തെ ബോധിപ്പിച്ചാൽ രൂപകാതിശയോക്തിയെന്ന അലങ്കാരം. രൂപകത്തിൽ ഉപമേയത്തെ പ്രത്യേകിച്ചു പറഞ്ഞിരിക്കും. ഇതാണ് ഇവകൾക്കു തമ്മിലുള്ള വ്യത്യാസം. വൃത്തം ഗീതി.

൧൭. സൽക്രിയ=നല്ല പ്രവൃത്തി. ഇഹ=ഇവിടെ; ഈ ലോകത്തിൽ. മേ=എനിക്ക്. ഖ്യാതി=കീൎത്തി. സാധു=സജ്ജനം. ഉലകിൽ=ലോകത്തിൽ. കല്യത=യോഗ്യത. ലവവും=അല്പവും. ശൂന്യം=ഒന്നുമില്ലാത്തത്; ഒഴിഞ്ഞതു്; അൎത്ഥമില്ലാത്തതെന്നു താല്പൎയ്യം. വചനം=വാക്ക്. ഇവിടെ സാധുശബ്ദത്തിനു കല്യതയില്ല, എന്തുകൊണ്ടെന്നാൽ ആ വാക്ക് ശൂന്യമാണ് എന്നു കാരണം പറഞ്ഞിരിക്കുന്നതുകൊണ്ടു കാവ്യലിംഗം എന്ന അലങ്കാരമുണ്ട്. വൃത്തം ഗീതി.

൧൮. ബലം പോയവനും=ബലഹീനനും; ശക്തിയില്ലാത്തവനും. പരം=ഏററവും. ഭീരു=ഭയമുള്ളവൻ. ബലം ചേൎക്കും=ശക്തിയെ ഉണ്ടാക്കിക്കൊടുക്കും. നിസ്സാരം=സാരമില്ലാത്തതു്. അലം=മതി. മോഹം=ആഗ്രഹം. അലംമോഹം=ആഗ്രഹം മതി, അധികം ആഗ്രഹിക്കേണ്ട. യശസ്സ്=കീൎത്തി. ത്യജിക്ക=ഉപേക്ഷിക്ക. സാധു എന്നുള്ള വാക്ക് ബലഹീനനും വളരെ ഭയമുള്ളവനും മാത്രം ആശ്വാസജനകമായിരിക്കുന്നതിനാൽ അതു് എത്രയും നിസ്സാരമായിട്ടുള്ളതാകുന്നു. അതുകൊണ്ട് ആ യശസ്സിന്നായിട്ടു് ആഗ്രഹിക്കേണ്ടെന്നു കാരണം പറഞ്ഞിരിക്കുന്നതിനാൽ ഇവിടെ കാവ്യലിംഗം എന്ന അലങ്കാരമുണ്ട്. വൃത്തം ഭുജംഗപ്രയാതം. "യകാരങ്ങൾ നാലോ ഭുജംഗപ്രയാതം."

൧൯. മഹോത്സവാശനസമാപ്തി=മഹോത്സവത്തിങ്കലെ അശനസമാപ്തി. മഹോത്സവം=വലുതായിരിക്കുന്ന ഒരു ഘോഷം. അശനസമാപ്തി=അശനത്തിന്റെ സമാപ്തി. അശനം=ഭക്ഷണം. സമാപ്തി=പൎയ്യവസാനം. മതിവിശുദ്ധർ=മതിക്ക് നല്ല ശുദ്ധിയുള്ളവർ. മതി=ബുദ്ധി. അതിവിശിഷ്ടർ=വളരെ യോഗ്യതയുള്ളവർ. വിപ്രരെ=ബ്രാഹ്മണരെ. മൂൎദ്ധ്നി=മൂൎദ്ധാവിൽ; ശിരസ്സിൽ. മതിവിശുദ്ധരെന്നും അതിവി

ശിഷ്ടരെന്നുമുള്ള വിപ്രവിശേഷണങ്ങൾ സാഭിപ്രായങ്ങളാകയാൽ ഇവിടെ പരികരം എന്നുള്ള അലങ്കാരമുണ്ട്, വൃത്തം കുസുമമഞ്ജരി. "രംനരംനരനരം നിരന്നുവരുമെങ്കിലോ കുസുമമഞ്ജരി."

൨൦. വിശേഷജ്ഞാനി=വിശേഷജ്ഞാനമുള്ളവൻ; ശാസ്ത്രങ്ങളുടെ അറിവുള്ളവൻ. അവികലകുതുകം=വൈകല്യമില്ലാത്ത കുതുകം. വൈകല്യം=ന്യൂനത or കുറവ്. കുതുകം=സന്തോഷം. (പൂർണ്ണസന്തോഷമെന്നു താല്പര്യം.) അവനിയിൽ=ഭൂമിയിൽ. ഇവിടെ വിശേഷജ്ഞാനിയെന്ന ഏകവിശേഷണം സാഭിപ്രായമാകയാൽ പരികരമെന്ന അലങ്കാരമുണ്ട്. വൃത്തം മാലിനി. "നനമയയയുഗമെട്ടിൽത്തട്ടണം മാലിനിക്ക്".

൨൧. പാരിന്നു=ഭൂമിക്ക്. പാഴിൽ=വെറുതെ. പാരം=വളരെ. വലഞ്ഞു=ബുദ്ധിമുട്ടി. അലയും=ചുറ്റിത്തിരിയും. പാരാതെ=വേഗത്തിൽ. ഗൂഢതരം=വളരെ സ്വകാര്യമായിട്ടുള്ളത്. ആജ്ഞ=കല്പന. ദൂരത്തെഴും വളരെ അകലെ ഇരിക്കുന്ന. യമപുരം=കാലാലയം. യമപുരത്തിന്നയച്ചു=കൊന്നു. ഇവിടെ വധിച്ചു or കൊന്നു എന്നു പറയുന്നതിനു പകരം വ്യംഗ്യഭംഗിയിൽ യമപുരത്തിന്നയച്ചു എന്നു പറഞ്ഞിരിക്കുന്നതിനാൽ പര്യായോക്തം എന്ന അലങ്കാരമുണ്ട്. "പര്യായോക്തമുരച്ചീടിൽ വാച്യം താൻ വ്യംഗ്യഭംഗിയിൽ". വൃത്തം വസന്തതിലകം. "ചൊല്ലാം വസന്തതിലകം തഭജം ജഗംഗം."

൨൨. മാമക=എന്റെ. ധിഷണെ=അല്ലയോ ബുദ്ധി. (ധിഷണാ=ബുദ്ധി). മുട്ടുന്നനേരത്ത്=ബുദ്ധിമുട്ടുമ്പോൾ. ഉല്ലാസേന=സന്തോഷത്തോടുകൂടെ. മനോരഥം=ആഗ്രഹം. കല്യ=യോഗ്യതയുള്ളവളെ. ഭൂപപദം=രാജസ്ഥാനം. വിഘ്നങ്ങൾ=പ്രതിബന്ധങ്ങൾ. ഇവിടെ യോഗ്യയായയെന്നും കല്യേയെന്നും ഉള്ള ധിഷണാവിശേഷണങ്ങൾ സാഭിപ്രായങ്ങളാകയാൽ പരികരമെന്നുള്ള അലങ്കാരമുണ്ട്. വൃത്തം ശാർദ്ദൂലവിക്രീഡിതം. "പന്ത്രണ്ടാൽ മസജം സതംതഗുരുവും ശാർദ്ദൂലവിക്രീഡിതം."

൨൩. സ്വാമിഭക്തിയുടെ ചട്ട=രാജഭക്തിയുടെ ബാഹ്യവേഷം. ചട്ട=ശരീരത്തെ മറയ്ക്കുന്നതിനായിട്ട് ഉപയോഗിച്ചുവരുന്ന ഒരു കുപ്പായം. ക്ഷേമം=സുഖം. ഇങ്ങ്=എനിക്ക്. മഹീസുരരെ ബ്രാഹ്മണരെ. ഊട്ടിടും=ഭുജിപ്പിക്കും. നൃപധനത്തിനാൽ=രാജാവിന്റെ ദ്രവ്യംകൊണ്ട്. സൌമ്യഭാവം=ശാന്തഭാവത്തിൽ (ക്രി- വി-) ഉരഗോപമം=ഉരഗത്തിനു തുല്യം. ഉരഗം=സർപ്പം. (ഉരസ്സുകൊണ്ടു ഗമിക്കുന്നത്. ഉരസ്സ്=മാറിടം) ബഹിഃ=പുറമേ. അടക്കം=ഒതുക്കം. ആമയം=വ്യാധി or രോഗം (മരണത്തെ സംഭവിപ്പിക്കുന്നത് എന്നു പദാർത്ഥം). നൃപപദം=നൃപന്റെ പദം. (രാജസ്ഥാനമെന്നും രാജാവിന്റെ കാലെന്നും അർത്ഥം) ഏകും=കൊടുക്കും. ദംശനം=കടി. ഇവിടെ രാജസ്ഥാനം കൈവശപ്പെടുത്തുന്ന ഏകകാര്യത്തിൽ സ്വാമിഭക്തിയുടെ ചട്ട മാത്രം ധരിക്കുക, നൃപധനത്തിനാൽ മഹീസുരരെ ഊട്ടുക, സർപ്പത്തെപ്പോലെ രാജപദത്തെ ദംശിക്ക എന്നീ ക്രിയകൾ അന്വിതകളായിരിക്കുകയാൽ കാരകദീപകം എന്ന അലങ്കാരമുണ്ട്. "ക്രമപ്രാപ്തകളായി ഏകകാര്യത്തിൽ അന്വിതകളായിരിക്കുന്ന ക്രിയകളുടെ ഗുംഭം കാരകദീപകം." നൃപപദം എന്നതിന്നു നാ

നാത്ഥമുള്ളതിനാൽ ശ്ലേഷാലങ്കാരവുമുണ്ട്. "നാനാത്ഥശബ്ദം കൂടീടിൽ ശ്ലേഷാലങ്കാരമാസ്സതം". ഉരഗോപമം എന്നുപയോഗിച്ചിരിക്കുന്നതിനാൽ ഉപമാലങ്കാരവുമുണ്ട്. വൃത്തം കസുമമഞ്ജരീ.

നിവ്വ്യാജമായ=കപടമില്ലാത്ത. വിശിഷ്ടതരങ്ങൾ=വളരെ വിശേഷപ്പെട്ടവകൾ. അമൂല്യങ്ങൾ=വിലമതിക്കുവാൻ പാടില്ലാത്തവകൾ; വളരെ വിലയുള്ളവകൾ (മൂല്യം=വില) അനിവ്വചനീയം=വചിക്കപ്പെട്ടവാൻ പ്രയാസമായിട്ടുള്ളത്. വചിക്കുക=പറയുക. നേത്രങ്ങൾ=കണ്ണുകൾ. ഉല്ലസിച്ചത്=സന്തോഷിച്ചത്. മഹീപതി=രാജാവ്. (മഹീ=ഭൂമി, പതി=നാഥൻ) സുഹൃത്ത്=ഇഷ്ടൻ, (നല്ല ഹൃദയത്തോടുകൂടിയവൻ) ബാഹുവീയ്യം=കരബലം; കൈകളുടെ ശക്തി. പുത്രരത്നം=പുത്രന്മാരിൽവെച്ച രത്നമായിട്ടുള്ളവൻ; ശ്രേഷ്ഠപുത്രൻ. അന്തരം=വ്യത്യാസം.

൨൮. മൃഗയാവിഹരണം=മൃഗയയാകുന്ന വിഹരണം. മൃഗയാ=നായാട്ട്. വിഹരണം=വിനോദം. (ആച്ഛോദനം, മൃഗവ്യം, ആഖേടഃ, മൃഗയാ- നായാട്ടിന്റെ പര്യായങ്ങൾ). ഉല്ലാസം=സന്തോഷം. സുദിനെ=നല്ല ദിവസത്തിൽ. വിപിനെ=കാട്ടിൽ. നിയോഗിച്ചു=കല്പിച്ചു; നിശ്ചയിച്ചു. ഇവിടെ ഈശ്വരനിയോഗമാണ് രാജാവ് നായാട്ടിനു പോകുവാൻ കാരണമെന്നു പറഞ്ഞിരിക്കുന്നതിനാൽ കാവ്യലിംഗം എന്ന അലങ്കാരമുണ്ട്. വൃത്തം ഗീതി.

൨൯ അതിതീവ്രം=വളരെ കടുപ്പമുള്ളത്; വളരെ മൂച്ചയുള്ളത്. അഞ്ജസാ=ഉടനെ. മൃതിവന്നുപോം=മരിച്ചുപോകും. ഇതി=ഇപ്രകാരം. സംഭ്രമാൽ=പരിഭ്രമം ഹേതുവായിട്ട്. ദ്രുതം=വേഗം. ഉഴറം=ഓട്ടം. ക്ഷിതിപാലൻ=രാജാവ്. (ക്ഷിതി=ഭൂമി, പാലൻ=രക്ഷിക്കുന്നവൻ) അഥ=അനന്തരം. അഹോ=കഷ്ടം അതിതീവ്രമായ ശരമേല്ക്കുന്നതു മൃതിക്കു കാരണമാണെന്നു പറഞ്ഞിരിക്കുന്നതിനാൽ ഇവിടെ കാവ്യലിംഗം എന്ന അലങ്കാരമുണ്ട്. മൃഗങ്ങൾ ഓടുന്നതു കണ്ടാൽ അതിതീവ്രശരപതനത്താലുണ്ടാകുന്ന മരണഭയം ഹേതുവായിട്ടാണോ എന്നു തോന്നും എന്ന് അത്ഥം പറയാവുന്നതിനാൽ ഇവിടെ ഉൽപ്രേക്ഷ എന്ന അലങ്കാരമുണ്ട്. വൃത്തം മഞ്ജുഭാഷിണീ. "സജസംകഴിഞ്ഞു ജഗമഞ്ജുഭാഷിണീ."

പ്രാണരക്ഷാത്ഥം=ജീവരക്ഷക്കുവേണ്ടി. വ്യാഘ്രം=പുലി. വന്യവൃഷഭം=കാട്ടുകാള. സൂകരം=പന്നി. ദിംഗ്മുഖങ്ങളിൽ=ദിക്കുകളുടെ മുഖങ്ങളിൽ; നാലു ദിക്കിലും. ഭ്രമിച്ചുകൊണ്ടിരിക്കുന്ന=ഇളകിക്കൊണ്ടിരിക്കുന്ന. നയനങ്ങൾക്ക്=കണ്ണുകൾക്ക്.

൩൦. ഭീതി=ഭയം. ഗാത്രം=ശരീരം. ചിത്രമേനി=ചിത്രമായിരിക്കുന്ന മേനി. ചിത്രം=മനോഹരം. മേനി=ശരീരം. കലരുന്ന=ഉള്ള. തത്ര=അവിടെ. നൃപൻ=രാജാവ്. ആത്തകൌതുകം=ആത്തമായിരിക്കുന്ന കൌതുകത്തോടുകൂടെ. ആത്തം=സ്വീകൃതം; ഉണ്ടായത്. കൌതുകം=സന്തോഷം. അസ്ത്രപതനത്തെ ഭയപ്പെട്ട് മൃഗങ്ങൾ ശരീരം ചുരുക്കി ഓടുന്ന സൂക്ഷ്മസ്വഭാവത്തെ വണ്ണിച്ചിരിക്കയാൽ ഇവിടെ സ്വഭാവോക്തിയെന്നുള്ള അലങ്കാരമുണ്ട്. വൃത്തം രഥോദ്ധതാ. "രംനരംലഗുരുവും രഥോദ്ധതാ".

൩൧. മൃഗം=മാൻ. തുടന്നു=പിന്തുടന്നു. ഭൂപൻ=രാജാവ്. ചാടം=കുതിച്ചുപായുന്ന. ഹയോപരി=ഹയത്തിന്റെ മേൽ. ഹയം=കുതിര. പാടെ=മുഴുവനും. ചുരുക്കി

ലുക്കി. ഇവിടേയും മുൻശ്ലോകത്തിലെപ്പോലെ തന്നെ സ്വഭാവോക്തിയെന്ന അലങ്കാരമുണ്ട്. വൃത്തം വസന്തതിലകം.

൨൮. അതികഠിനാതപം=വളരെ കട്ടപ്പമുള്ള വെയിൽ. മതിയതിലോർത്തു=വിചാരിച്ചു. വിശ്രമംപൂണ്ടു=സ്വസ്ഥമായിരുന്നു തളച്ച് തീർത്തു. ഇവിടെ കഠിനമായ വെയിൽ തളച്ചക്കു കാരണമായിപ്പറഞ്ഞിരിക്കയാൽ കാവ്യലിംഗമെന്ന അലങ്കാരമുണ്ട്. വൃത്തം ഗീതി.

൨൯. ബത=ആശ്ചര്യം. മായംവിനാ=കളവുകൂടാതെ; പരമാർത്ഥമായിട്ട്. മഹിപനെ=രാജാവിനെ. കുതുകേന=സന്തോഷത്തോടുകൂടി. പൊയ്യ്=നുണ. പൊയ്യല്ല=സത്യം തന്നെ. സാധുനിധനം=സാധുവിൻെറ നിധനം. സാധു=നിരുപദ്രവി. നിധനം=മരണം. മോദംപെയ്യുന്നതുണ്ട്=സന്തോഷം വർഷിക്കുന്നുണ്ട്. ഇവിടെ കുതുകേന എന്ന വിശേഷണം സാഭിപ്രായമാകയാൽ പരികരം എന്നുള്ള അലങ്കാരമുണ്ട്. മാൻെറ നോട്ടം കണ്ടാൽ സാധുവായ തന്നെ വധിക്കുന്നതുകൊണ്ടുണ്ടാകുന്ന സന്തോഷത്തിലധികം സന്തോഷത്തിന് അവിടെ വകയുണ്ടെന്നു പറകയാണോയെന്നു തോന്നും എന്നർത്ഥം പറയാവുന്നതിനാൽ ഉൽപ്രേക്ഷാലങ്കാരവുമുണ്ട്. വൃത്തം വസന്തതിലകം.

൩൦. അവനീമണാളൻ=അവനിയുടെ മണാളൻ. അവനി=ഭൂമി മണാളൻ=ഭർത്താവ്. (അവനീമണാളൻ=രാജാവ്) തുരഗാൽ=തുരഗത്തിൽനിന്നു. തുരഗം=കുതിര. (വേഗത്തിൽ ഗമിക്കുന്നത്) ദ്രുതം=വേഗം. കോട്ടമെന്നിയെ=ആപത്തൊന്നും കൂടാതെ. നിജചാപബാണം=തൻെറ വില്ലും അമ്പും. പുഷ്ടമോദമിയലുന്നമാറു=വലുതായ സന്തോഷമുള്ളതുപോലെ. നയനംവിടന്നു=കണ്ണുകൾ സന്തോഷത്താൽ പൂർവ്വാധികം വിസ്താരമുള്ളവയായിട്ടു തീർന്നു. നരവീരൻ=രാജാവ്. മൃഗസന്നിധൌ=മാൻെറ സമീപത്തിൽ. ഇവിടെ മൃഗസമീപത്തിൽ ചെല്ലുക എന്നുള്ള ഏകകാര്യത്തിൽ തന്നെ രാജാവിൻെറ മനതാരലിഞ്ഞു, കുതിരപ്പുറത്തുനിന്നിറങ്ങി, വില്ലും അമ്പും എറിഞ്ഞു, കണ്ണുകൾ വിടന്നു എന്നിങ്ങിനെ ക്രിയകൾക്ക് ഗുംഭകം വന്നിരിക്കയാൽ കാരകദീപകം എന്നുള്ള അലങ്കാരമുണ്ട്. വൃത്തം കുസുമമഞ്ജരി.

൩൧. ചൈതന്യം=ജീവഭാവം; ബോധം. എന്യേ=കൂടാതെ. ശവപ്രായമായി=ശവംപോലെ. പതിച്ചും=വീണും. ദേഹി=ആത്മാവ്. ഹാ!ഹാ!=ആശ്ചര്യംതന്നെ. ബോധംവരുമ്പോൾ=തൻേറാടമുണ്ടാകുമ്പോൾ. ശുഭതരഹരിനാമം=വളരെ മംഗളകരമായിരിക്കുന്ന വിഷ്ണുനാമം. ഉച്ചരിച്ചും ജപിച്ചും. മാഹാത്മ്യം=യോഗ്യത. ആർത്തസ്വരം=ആർത്തൻെറ സ്വരം. ആർത്തൻ=വലഞ്ഞവൻ. സ്വരം=ശബ്ദം. അവനിമണാളൻ=അവനിയുടെ മണാളൻ. അവനി=ഭൂമി. മണാളൻ=ഭർത്താവ് (അവനി: or അവനീ. ഇകാരാന്തമായിട്ടും ഈകാരാന്തമായിട്ടും പ്രയോഗമുണ്ട്. അതുകൊണ്ടു രണ്ടും സാധു.) ശ്രവിച്ചു=കേട്ടു. ഉൾത്തപിച്ചു=ദുഃഖിച്ചു. പതിച്ചും, ഒളിച്ചും, ഉച്ചരിച്ചും എന്നീ ക്രിയകൾ ആർത്തസ്വരത്തിനു മാഹാത്മ്യം ചേർക്കുന്ന ഏകകാര്യത്തിൽ അന്വിതകളാകയാൽ ഇവിടെ കാരകദീപകം എന്ന അലങ്കാരമുണ്ട്. രാജാവിൻെറ ഉൾത്താപത്തിനു കാരണം പറഞ്ഞിരിക്കയാൽ കാവ്യലിംഗവുമുണ്ട്. വൃത്തം സ്രഗ്ദ്ധരാ.

൩൨. അഴൽ=ദുഃഖം. അകതാരിൽ=മനസ്സിൽ ഏറ്റവും പെരുകിയിട്ട്. അഴിഞ്ഞു നിജധൈര്യം=തന്റെ ധൈര്യം തീരെപ്പോയി; തനിക്കു തീരെ ധൈര്യമില്ലാതെയായി. പൊഴിയും=ധാരാളമായി വീഴുന്ന. രോദനമൊഴി=രോദനമാകുന്ന മൊഴി. രോദനം=കരച്ചിൽ. മൊഴി=വാക്കു. ശിശുവേ=ശിശുവിനെ; കുട്ടിയെ, കുട്ടിയുടെ കരച്ചിലിനു കാരണം പറഞ്ഞിരിക്കയാൽ ഇവിടെ കാവ്യലിംഗം എന്ന അലങ്കാരമുണ്ട്. വൃത്തം ഗീതി.

ആലോകനം ചെയ്തു=നല്ലവണ്ണം നോക്കിക്കണ്ടു. അംഗവൈകല്യം=അവയവന്യൂനത.

൩൩. ന്യൂനത=കാവു. ചൊല്ലേറുന്ന=കേൾവിപ്പെട്ട. പിതാമഹൻ=ബ്രഹ്മാവ്. മഹിതയാം=ഉൽകൃഷ്ടയാകുന്ന; വളരെ യോഗ്യതയുള്ള. ഔദാര്യമര്യാദ=ഔദാര്യമാകുന്ന മര്യാദ, ഔദാര്യം=മാഹാത്മ്യം; ധർമ്മശീലം. മര്യാദ=ന്യായമായ മാർഗ്ഗത്തിങ്കൽ നിന്നു തെറ്റാതിരിക്കുന്നത്. ('മര്യാ' എന്നതു സീമാർത്ഥകമായ ഒരവ്യയമാകുന്നു. അതിനെ കൊടുക്കുന്നത് എന്നു ശബ്ദാർത്ഥം). കല്യശ്രീ=വിശിഷ്ടശോഭ. കലരുന്ന=ഉള്ള. പദാലങ്കാരസങ്കല്പമായ്=പദാലങ്കാരമെന്നു സങ്കല്പിച്ചിട്ട്. കാലിനു ഒരു അലങ്കാരമാണെന്നു വിചാരിച്ചിട്ട്. ഉല്ലാസേന=സന്തോഷത്തോടുകൂടി. വിരലൊന്നേറെക്കൊടുത്തീടിനാൻ; ഒരു വിരൽ അധികമായിട്ടുണ്ടാക്കി. ഇവിടെ കല്യശ്രീ കലരുന്ന എന്ന ബാലവിശേഷണം അഭിപ്രായഗർഭമുള്ളതാകയാൽ പരികരമെന്നുള്ള അലങ്കാരമുണ്ട്. ബ്രഹ്മാവിന്റെ സൃഷ്ടിവൈശിഷ്ട്യംകൊണ്ടു കാണികൾക്ക് ഉല്ലാസത്തെ ജനിപ്പിക്കുന്ന ഒരു അധികവിരൽ ഈ കുട്ടിക്കു കൊടുത്തു എന്നു വർണ്ണിച്ചിരിക്കയാൽ ഇവിടെ ഉല്ലാസം എന്നുള്ള അലങ്കാരമുണ്ട്. "ഒരു പദാർത്ഥത്തിന്റെ ഗുണദോഷങ്ങൾ ഹേതുവായിട്ട് അന്യപദാർത്ഥത്തിനു ഗുണദോഷങ്ങളെ വർണ്ണിക്കുന്നേടത്ത് ഉല്ലാസാലങ്കാരം". ഉല്ലാസമെന്ന വാക്കു തന്നെ ഈ ശ്ലോകത്തിൽ ഉപയോഗിച്ചിരിക്കുകയാൽ ഇവിടെ മുദ്രാലങ്കാരവുമുണ്ട്. വൃത്തം ശാർദ്ദൂലവിക്രീഡിതം.

൩൪. പതിവിൽ=സാധാരണ എല്ലാവർക്കും ഉള്ളതിൽ. വിധിഗതിയാൽ=ഈശ്വരേച്ഛയാൽ. ഛേദിച്ചു=മുറിച്ചു. അതികുമതികൾ=മഹാദുഷ്ടബുദ്ധികൾ. ആതതായികൾ=വധിക്കുന്നതിനു സന്നദ്ധരായിരിക്കുന്നവർ. (ആതതം യഥാതഥാ അയിതും ശീലമസ്യ) തയ്യാറായി നടപ്പാൻ ശീലമുള്ളവൻ എന്നു പദാർത്ഥം. "അഗ്നിദോ, ഗരദശ്ചൈവ, ശസ്ത്രപാതീ, ധനാപഹഃ, ക്ഷേത്രദാരഹരശ്ചൈവ, ഷഡേതേഹ്യാതതായിനഃ", എന്ന് ആതതായിലക്ഷണം. വിരൽ ഛേദിച്ചതു വിധിഗതിയാലെന്നു കാരണം പറഞ്ഞിരിക്കയാൽ ഇവിടെ കാവ്യലിംഗം എന്ന അലങ്കാരമുണ്ട്. വൃത്തം ഗീതി.

൩൫. അവയവസമത=അവയവങ്ങളുടെ സമത. സമത=തുല്യത. അപരം ഹേതുമൂലം=വേറെ കാരണം നിമിത്തം; വേറെ കാരണത്താൽ. ധ്രുവം=നിശ്ചയം. അവർ കുട്ടിയുടെ വിരൽ മുറിച്ചത് വിരലെല്ലാം ഒരുപോലെയിരിക്കണമെന്നാഗ്രഹിച്ചിട്ടോ അല്ലെങ്കിൽ വേറെ വല്ല കാരണത്താലോ ആയിരിക്കണം നിശ്ചയം എന്നു കാരണം പറഞ്ഞിരിക്കയാൽ കാവ്യലിംഗം എന്ന അലങ്കാരമുണ്ട്. വൃത്തം ഗീതി.

൩൬. ദുഷ്കാലയോഗം=ദുഷ്കാലത്തിന്റെ യോഗം. ദുഷ്കാലം=കഷ്ടകാലം. യോഗം=ചേർച്ച. മൂലച്ഛേദം വരുത്തി=അടിവേരോടെ മുറിച്ചു കളഞ്ഞു; മുഴുവനും ന

ശിപ്പിച്ചു. പാലിക്കും=രക്ഷിക്കും. വാസുദേവൻ=വിഷ്ണു. (വസുദേവരുടെ പുത്രൻ; കൃഷ്ണൻ). പരവശമതി=പരവശയായ മതിയോടു കൂടിയവൻ; നന്നെ വലഞ്ഞവൻ. സക്തി=വല്യതായ താൽപര്യം. "കുട്ടിക്ക് ഒരു സമയം ഉണ്ടായേക്കാവുന്ന ഭാഗ്യം മേലാലില്ലാതെയാകുന്നതിനു വളരെ ബലമായി വന്നു കൂടിയ ദുഷ്കാലയോഗത്തെ അവർ മൂലച്ഛേദം വരുത്തി" എന്നുള്ള വിശേഷത്തെ "വരുവാനുള്ളതു വന്നുകൂട്ടും" എന്നുള്ള സാമാന്യംകൊണ്ടു സമർത്ഥിച്ചിരിക്കയാൽ ഇവിടെ അർത്ഥാന്തരന്യാസം എന്ന അലങ്കാരമുണ്ട്. "പ്രസ്തുതമായ സാമാന്യത്തെ സമർത്ഥിപ്പാൻ വേണ്ടി അപ്രസ്തുതമായ വിശേഷത്തെയൊ മറിച്ചു പ്രസ്തുതമായ വിശേഷത്തിനു വേണ്ടി അപ്രസ്തുതമായ സാമാന്യത്തെയൊ കഥിക്കുന്നത് അർത്ഥാന്തരന്യാസം". വൃത്തം സ്രഗ്ദ്ധരാ. കരുണാജനകം=കരുണയെ ജനിപ്പിക്കുന്നത്; ദയയെ ഉണ്ടാക്കുന്നത്.

൯൭. വനഭയകരമൃഗവിഹഗം=വനത്തിൽ ഭയത്തെ ഉണ്ടാക്കുന്ന മൃഗങ്ങളും വിഹഗങ്ങളും. വിഹഗം=പക്ഷി (ആകാശത്തിൽകൂടെ ഗമിക്കുന്നത്). ഇവിടെ വന്യമൃഗങ്ങളും പക്ഷികളും കുട്ടിയെ രക്ഷിച്ച സംഗതി പ്രത്യക്ഷമായിക്കാണുന്നതുപോലെ വർണ്ണിച്ചിരിക്കയാൽ ഭാവികം എന്ന അലങ്കാരമുണ്ട്. "ഭൂതഭാവ്യങ്ങൾ തൻപ്രത്യക്ഷോക്തി ഭാവികമായ്വരും." വൃത്തം ഗീതി.

രോദനം ചെയ്യുക=കരയുക.

൯൮. ആരണ്യദേവത=വനദേവത. ഇവരിൽ=പക്ഷിമൃഗാദികളിൽ. ബത=ആശ്ചര്യം. പക്ഷിമൃഗാദികളുടെ ക്രൂരസ്വഭാവം നീങ്ങുന്നതിനു കാരണം പറഞ്ഞിരിക്കയാൽ ഇവിടെ കാവ്യലിംഗം എന്ന അലങ്കാരമുണ്ട്. വൃത്തം വസന്തതിലകം. നിഷ്കരുണകന്മാർ=തീരെ ദയയില്ലാത്തവർ. അമൂല്യമായ=വിലമതിക്കുവാൻ പാടില്ലാത്ത. നിധിസന്ദർശനം=നിധി കണ്ടെത്തുന്നത്. ആനന്ദസാഗരത്തിൽ മഗ്നനായി=സന്തോഷസമുദ്രത്തിൽ മുങ്ങി. പ്രാണപ്രണയിനി=വളരെ സ്നേഹമുള്ള ഭാര്യ. തദനന്തരം=അതിന്റെ ശേഷം

൯൯. സൌന്ദര്യക്കാതൽ=സൌന്ദര്യത്തിന്റെ കാതൽ. കാതൽ=ഏറ്റവും സാരമായ ഭാഗം. സകലജനഹിതക്കൂമ്പ്=സകല ജനങ്ങളുടെയും ഹിതത്തിന്റെ കൂമ്പ്. ഹിതം=ഇഷ്ടം. കൂമ്പ്=നാമ്പ്; മുള. സന്ദേഹം=സംശയം. സംഭാഷണചതുരത=സംസാരസാമർത്ഥ്യം. കുന്ദശ്രീദന്തപംക്തിപ്രചുരസുഷമാ=കുന്ദശ്രീദന്തപംക്തിയുടെ പ്രചുരസുഷമാ. കുന്ദശ്രീദന്തപംക്തി=കുന്ദശ്രീയുള്ള ദന്തപംക്തി. കുന്ദശ്രീ=കുന്ദത്തിന്റെ ശ്രീ. കുന്ദം=കുരുക്കുത്തിമുല്ല. ശ്രീ=ശോഭ. ദന്തപംക്തി=ദന്തങ്ങളുടെ പംക്തി. ദന്തങ്ങൾ=പല്ലുകൾ. പംക്തി=കൂട്ടം, പ്രചുരസുഷമാ=പ്രചുരയായിരിക്കുന്ന സുഷമാ. പ്രചുരാ=മനോഹരാ. സുഷമാ=അധികമായ ശോഭാ. വക്ത്രേന്ദു=മുഖചന്ദ്രൻ. കുന്നിക്കും=അധികമായിക്കൂടിയിരിക്കും. പുഞ്ചിരിച്ചന്ദ്രിക=പുഞ്ചിരിയാകുന്ന ചന്ദ്രിക. പുഞ്ചിരിയാകുന്ന നിലാവ്. രുചി=ശോഭ. ചന്ദ്രഹാസാഖ്യൻ=ചന്ദ്രഹാസൻ എന്നു പേരുള്ളവൻ. ഇവിടെ ചന്ദ്രഹാസനെ സൌന്ദര്യത്തിന്റെ കാതലായിട്ടും സകല ജനങ്ങളുടെയും ഹിതത്തിന്റെ കൂമ്പായിട്ടും വർണ്ണിച്ചിരിക്കയാൽ രൂപകാലങ്കാരമുണ്ട്. ചന്ദ്രഹാസൻ എന്നു പേരുവരുവാൻ കാരണം പറഞ്ഞിരിക്കയാൽ കാവ്യലിംഗവുമുണ്ട്. വൃത്തം സ്രഗ്ദ്ധരാ.

അനല്പകുശലോല്പാദകം=അനല്പകുശലത്തെ ജനിപ്പിക്കുന്നത്. അനല്പകുശലം അധികമായസുഖം. പരിപാലനം=രക്ഷ. വിശിഷ്ടതരം=വളരെനല്ലത്. അതുലഗുണസമ്പൂൎണ്ണം=നിസ്തുല്യങ്ങളായ ഗുണങ്ങളെക്കൊണ്ടുനിറഞ്ഞതു്. പ്രശംസ=സ്തുതി. വിശദപ്പെടുത്തുക=വെളിവാക്കുക.

൪൦ വൃദ്ധനാവികഗണം=വൃദ്ധന്മാരായിരിക്കുന്ന നാവികന്മാരുടെഗണം. നാവികന്മാർ=തോണികൊണ്ടുനടത്തുന്നവർ; ചുക്കാൻപിടിക്കുന്നവർ; അമരക്കാർ. നിരാശകലരുന്ന=ആശാഭംഗത്തോടുകൂടിയിരിക്കുന്ന. പാന്ഥനിവഹം=പാന്ഥന്മാരുടെ നിവഹം. പാന്ഥന്മാർ=വഴിപോക്കർ. നിവഹം=കൂട്ടം. വിവിധമൎത്ത്യർ=പലതരക്കാരായ മനുഷ്യർ. ഏറിയ=കയറിയിരിക്കുന്ന. വിദ്രുതം=വളരെവേഗത്തിൽ. ബദ്ധമോദം=ഉണ്ടായസന്തോഷത്തോടുകൂടെ. കൎണ്ണധാരകരകൌശലം=കൎണ്ണധാരന്റെ കരകൌശലം. കൎണ്ണധാരൻ=അമരക്കാരൻ. കരകൌശലം കരത്തിന്റെകൌശലം. കരം=കൈ. കൌശലം=സാമൎത്ഥ്യം. പാൎത്തുകാണ്കിൽ=നല്ലവണ്ണംആലോചിച്ചുനോക്കിയാൽ ഇവിടെ രാജ്യത്തെ കപ്പലാക്കിയും ചന്ദ്രഹാസനെ അമരക്കാരനാക്കിയും വൎണ്ണിച്ചിരിക്കയാൽ രൂപകാലങ്കാരമുണ്ട്. വൃത്തം കുസുമമഞ്ജരി

൪൧. ചണ്ഡവാതം=കൊടുങ്കാറ്റ്. ചലിച്ചു=ഇളകി. ശിലോച്ചയങ്ങൾ=പൊങ്ങിനില്ക്കുന്നപാറകൾ (പൎവ്വതങ്ങൾ) ഇണ്ടലെന്നിയെ=വ്യസനംകൂടാതെ; സുഖമായിട്ട്. പണ്ഡിതപ്രവരൻ=വിദ്വാന്മാരിൽവെച്ച് ശ്രേഷ്ഠൻ. നരവരൻ=രാജാവ്. സമസ്തനയനോത്സവൻ=സമസ്തനയനങ്ങൾക്കും ഉത്സവമായിട്ടുള്ളവൻ. സമസ്തനയനങ്ങൾ=എല്ലാവരുടേയും കണ്ണുകൾ. ഉത്സവം=അധികമായ സന്തോഷം or ഇച്ഛാപ്രസവം (ഇച്ഛയുടെ ഉൽപത്തിയെന്നു സാരം). ഇവിടെ ചണ്ഡവാതമെന്നും ശിലോച്ചയമെന്നുമുള്ള ഉപമാനപദങ്ങൾ ജനക്ഷോഭമെന്നും ശത്രുപീഡയെന്നുമുള്ള ഉപമേയപദങ്ങളെ കൂടാതെ തന്നെ ആ ഉപമേയങ്ങളെ ബോധിപ്പിച്ചിരിക്കയാൽ രൂപകാതിശയോക്തിയെന്ന അലങ്കാരമുണ്ട്. വൃത്തം കുസുമമഞ്ജരി.

൪൨. ഘോരം=ഭയങ്കരം. രണാങ്കണം=യുദ്ധഭൂമി. അരാതിവൃന്ദം=അരാതികളുടെ വൃന്ദം. അരാതി=ശത്രു. വൃന്ദം=കൂട്ടം. ജയഭേരിയടിച്ചു=വിജയധ്വനി മുഴക്കിയ. വീരൻ=സമൎത്ഥൻ. പാരംവലഞ്ഞ=നന്നെ ക്ഷീണിച്ചുപോയ. രിപുവിനു=ശത്രുവിനു. അഭയപ്രദാനാൽ=അഭയപ്രദാനം ഹേതുവായിട്ട്. അഭയപ്രദാനം=അഭയത്തെ കൊടുക്കുന്നത്. അഭയം=രക്ഷ. ഭൂരിക്ഷമാസഹിതൻ=ഭൂരിക്ഷമയോടുകൂടിയവൻ. ഭൂരിക്ഷമാ=അധികമായ സഹനശീലം. ജഗൽപ്രസിദ്ധൻ=ലോകത്തിൽ കേൾവിപ്പെട്ടവൻ. ഇവിടെ ജയഭേരിയടിച്ചതിനും ജഗൽപ്രസിദ്ധനായതിനും കാരണങ്ങൾ പറഞ്ഞിരിക്കയാൽ കാവ്യലിംഗം എന്നുള്ള അലങ്കാരമുണ്ട്. വൃത്തം വസന്തതിലകം.

പരാജിതന്മാർ=തോററവർ. കാരുണ്യമതി=കാരുണ്യമുള്ള മതിയോടുകൂടിയവൻ. കാരുണ്യം=ദയാ. മതി=ബുദ്ധി. നൈപുണ്യം=സാമൎത്ഥ്യം. അദ്വിതീയൻ=തന്നെപ്പോലെ വേറെ ഒരുവനില്ലാത്തവൻ. ഐഹികം=ഇഹലോകത്തെ സംബന്ധിച്ചത്. പാരത്രികം=പരലോകത്തെ സംബന്ധിച്ചത്. സശ്രദ്ധന്മാർ=ശ്രദ്ധയോടുകൂടിയിരിക്കുന്നവർ. ശ്രോതാക്കൾ=കേൾക്കുന്നവർ.

൪൩. ഭാവംഗ്രഹിപ്പാൻ=സാരം മനസ്സിലാക്കുവാൻ. വിഷമം=പ്രയാസം. തത്വം=പരമാൎത്ഥം. സംസാരം=ജനനമരണരൂപമായിരിക്കുന്ന ഇഹലോകാവസ്ഥ; ഇഹലോകവാസം. വിഷയം=കാൎയ്യം. മനസ്സാറ=മനസ്സു നശിച്ചിരിക്കുന്ന; ആഗ്രഹമില്ലാത്ത. വേദാന്തികൾ=വേദാന്തശാസ്ത്രസാരം ഗ്രഹിച്ചിട്ടുള്ളവർ. തൎക്കം കൈവിട്ടു=പരമാൎത്ഥഗ്രഹണം ഹേതുവായിട്ട് ആത്മബോധവിഷയത്തിൽ യാതൊരു സംശയവുമില്ലാതെ. മൌനവ്രതം=മൌനമാകുന്ന വ്രതം. മൌനം=മിണ്ടാതെയിരിക്കുന്നത്. വ്രതം=സിദ്ധാന്താനുഷ്ഠാനം. സന്യാസിമാർ=ഇഹലോകസുഖങ്ങളെപ്പരിത്യജിച്ചവർ. പരമസുഖം=ബ്രഹ്മാനന്ദം. ഉദിപ്പിക്കും=ജനിപ്പിക്കും. ഭൂപവാക്യം=ഭൂപന്റെ വാക്യം. ഭൂപൻ=രാജാവ്. വാക്യം=വാക്ക്. ഇവിടെ 'മനസ്സാറ', 'മരുവീടുന്ന', 'പരമസുഖമുദിപ്പിക്കും' ഈ വിശേഷണപദങ്ങളെല്ലാം ഭാവഗൎഭമുള്ളവയാകയാൽ പരികരമെന്നുള്ള അലങ്കാരമുണ്ട്. വൃത്തം സ്രഗ്ദ്ധരാ.

പുരാണതത്വങ്ങൾ=പുരാണങ്ങളിൽ പ്രതിപാദിക്കപ്പെട്ടിട്ടുള്ള തത്വങ്ങൾ. പുരാണങ്ങൾ പതിനെട്ടുള്ളവ സത്വഗുണം പ്രധാനമായിട്ടുള്ളവ അല്ലെങ്കിൽ സാത്വികപുരാണങ്ങൾ, തമോഗുണം പ്രധാനമായിട്ടുള്ളവ അല്ലെങ്കിൽ താമസപുരാണങ്ങൾ, രജോഗുണം പ്രധാനമായിട്ടുള്ളവ അല്ലെങ്കിൽ രാജസപുരാണങ്ങൾ ഇങ്ങനെ മൂന്നായി വിഭാഗിക്കപ്പെട്ടിരിക്കുന്നു. ഇവയിൽ വൈഷ്ണവം, നാരദീയം, ഭാഗവതം, ഗാരുഡം, പാത്മം, വാരാഹം ഇവ ആറും സത്വഗുണപ്രധാനമായി വിഷ്ണുവിനെ സ്തുതിക്കുന്നവയാകുന്നു. മാത്സ്യം, കൌൎമ്മം, ലിംഗം; ശൈവം, സ്കാന്ദം, ആഗ്നേയം, ഈ പുരാണങ്ങൾ തമോഗുണപ്രധാനമായി ശിവനെ സ്തുതിക്കുന്നപുരാണങ്ങളാകുന്നു. ബ്രാഹ്മം, ബ്രഹ്മാണ്ഡം, ബ്രഹ്മവൈവൎത്തം, മാൎക്കണ്ഡേയം, ഭവിഷ്യം, വാമനം ഇവ രജോഗുണപ്രധാനമായി ബ്രഹ്മാവിനെ സ്തുതിക്കുന്നവയാകുന്നു. അഷ്ടാദശപുരാണങ്ങൾ:—

"ബ്രാഹ്മം, പാത്മം, വൈഷ്ണവം ച,
ശൈവം, ഭാഗവതം, തഥാ,
തഥാന്യംനാരദീയം ച,
മാൎക്കണ്ഡേയം ച സപ്തമം,
ആഗ്നേയമഷ്ടമംപ്രോക്തം,
ഭവിഷ്യന്നവമംതഥാ,
ദശമംബ്രഹ്മവൈവൎത്തം,
ലിംഗമേകാദശംതഥാ,
വാരാഹംദ്വാദശംപ്രോക്തം,
സ്കാന്ദംചാത്രത്രയോദശം,
ചതുൎദ്ദശംവാമനം ച,
കൌൎമ്മംപഞ്ചദശംതഥാ
മാത്സ്യംചഗാരുഡംചൈവ,
ബ്രഹ്മാണ്ഡാഷ്ടാദശംതഥാ".

ഇവ കൂടാതെ അഷ്ടാദശോപപുരാണങ്ങളുമുണ്ട്.

പുരാണലക്ഷണം:—"സൎഗ്ഗശ്ച പ്രതിസൎഗ്ഗശ്ച,
വംശോമന്വന്തരാണിച,
വംശാനുചരിതംചൈവ
പുരാണംപഞ്ചലക്ഷണം."

വേദങ്ങൾ ൪:— ൧ ഋഗ്വേദം. ൨ യജുൎവ്വേദം. ൩ സാമവേദം. ൪ അഥൎവ്വവേദം. സുശിക്ഷിതൻ=നല്ലവണ്ണം അഭ്യസിക്കപ്പെട്ടവൻ; നല്ലവണ്ണം പഠിച്ചിട്ടുള്ളവൻ. വേദത്തിന്റെ കാതൽ=വേദസാരം or വേദതത്വം. പരിണമിക്ക=മാറുക or ആയിത്തീരുക. ജ്ഞാനമഹിമാ=ജ്ഞാനത്തിന്റെ മഹിമ. ജ്ഞാനം=അറിവ്. മഹിമ=യോഗ്യത. അല്പജ്ഞൻ=അറിവില്ലാത്തവൻ.

൪൪. കൎമ്മജ്ഞാനങ്ങൾ=കൎമ്മവും ജ്ഞാനവും. കൎമ്മം=സംസാരകാരണമായിരിക്കുന്ന പ്രവൃത്തി. ഇതു ത്രികരണങ്ങളെക്കൊണ്ടും അതായത് മനസ്സുകൊണ്ടും വാക്കുകൊണ്ടും ശരീരം കൊണ്ടും ചെയ്യപ്പെടുന്നതാണ്. ജ്ഞാനം=ആത്മബോധം, അതായത്, താൻ തന്നെയാണ് സൎവ്വചരാചരങ്ങളുമായിട്ടും തീൎന്നിരിക്കുന്നതെന്നുള്ള സത്യബോധം. മതിയിൽ=മനസ്സിൽ. വിവരമായിട്ട്=പൂൎണ്ണവിസ്താരത്തോടുകൂടി. ബ്രഹ്മദ്ധ്യാനം=ജ്ഞാനാഭ്യാസം; സൎവ്വവും താൻതന്നെയാണെന്നു മനസ്സിനുള്ള നിരന്തരാഭ്യാസം. പതറാതെ=ചലിക്കാതെ. നിൎമ്മായം=പരമാൎത്ഥമായിട്ട്. പൌരകാൎയ്യം പൌരന്മാരുടെ കാൎയ്യം. പൌരന്മാർ=പുരവാസികൾ, or പ്രജകൾ. അഴലില്ലാതെ=ദുഃഖം കൂടാതെ. നിൎവ്വഹിച്ചും=സാധിച്ചും; നടത്തിയും. സമ്മോദം=സമ്യക്കാകുംവണ്ണമുള്ള മോദം, നല്ല സന്തോഷം. വൈകുണ്ഠൻ=വിഷ്ണു—വികുണ്ഠയുടെ പുത്രൻ. ഒരു മന്വന്തരത്തിൽ വിഷ്ണുഭഗവാൻ വികുണ്ഠയുടെ സുതനായിട്ടവതരിച്ചു എന്നു പുരാണത്തിൽ പറയുന്നുണ്ട്.

"മയാസംശ്ലേഷിതാഭൂമിരത്ഭിൎവ്യോമചവായുനാ,
വായുശ്ചതേജസാസാൎദ്ധംവൈകുണ്ഠത്വംതതോമമ".

മേൽകാണുന്ന ശ്ലോകത്തിന്റെ അൎത്ഥം—സൃഷ്ടിയുടെ ആരംഭത്തിൽ സകല ഭൂതങ്ങളും തമ്മിൽ തമ്മിൽ യാതൊരു ബന്ധവുമില്ലാതെ വെവ്വേറെ തന്നെയിരുന്നിരുന്നു. അപ്പോൾ ഞാൻ ഭൂമിയെ ജലത്തിനോടും ആകാശത്തെ വായുവിനോടും വായുവിനെ അഗ്നിയോടും കൂടി യോജിപ്പിച്ചു. അതിനാൽ അവയുടെ തനിച്ചു തനിച്ചുള്ള ഗതി (കുണ്ഠാ) തടയപ്പെട്ടു. അതുകൊണ്ട് എനിക്കു വൈകുണ്ഠൻ എന്ന പേർ സിദ്ധിച്ചു- വികുണ്ഠം=ജ്ഞാനം. വൈകുണ്ഠൻ=ജ്ഞാനഗമ്യൻ. വികുണ്ഠങ്ങൾ=ജീവജാലങ്ങൾ. വൈകുണ്ഠൻ=ജീവജാലങ്ങളുടെ നിയന്താവ്. കുണ്ഠാ=മായാ. വൈകുണ്ഠൻ=വിവിധമായായുക്തൻ. അവനീപാലനം=അവനിയുടെ പാലനം. അവനി=ഭൂമി. പാലനം=സംരക്ഷ. രാജാവിന്റെ പ്രവൃത്തികളെ വിഷ്ണുവിന്റെ പ്രവൃത്തികളോടു സമമാക്കി വൎണ്ണിച്ചിരിക്കയാൽ ഇവിടെ ഉപമാലങ്കാരമുണ്ട്. അറിഞ്ഞു, വസിച്ചു, നിൎവ്വഹിച്ചു ഈ ക്രിയകളെല്ലാം ക്രമപ്രാപ്തകളായി അവനീപാലനമെന്നുള്ള ഏകകാൎയ്യത്തിൽ അന്വിതകളാകയാൽ ഇവിടെ കാരകദീപകം എന്നുള്ള അലങ്കാരമുണ്ട്. 'ക്രമികൈകാന്വിതാനാനുഗുംഭംകാരകദീപകം" എന്നു ലക്ഷണം. വൃത്തം സ്രഗ്ദ്ധരാ.

ആതിത്ഥ്യങ്ങൾ=അതിഥിസൽക്കാരങ്ങൾ. ജാഗരൂകൻ=ജാഗ്രതയുള്ളവൻ.

൪൫. ശുഭബാലകൻ=സൽഗ്ഗുണങ്ങളോടുകൂടിയ കുട്ടി. മാൽ=ദുഃഖം. പിണയാതെ=പാറാതെ; തട്ടാതെ. ശുഭബാലകൻ എന്നുള്ള ദിക്കിൽ ശുഭശബ്ദം ഭാവഗർഭമുള്ളതാകയാൽ ഇവിടെ പരികരമെന്നുള്ള അലങ്കാരമുണ്ട്. കുട്ടി സൽഗ്ഗുണപരിപൂർണ്ണനാണെന്നു അറിഞ്ഞിട്ടു തന്നെയാണ് കുളിന്ദൻ അവനെ പരിപാലിയ്ക്കുന്നത് എന്നു കാരണം പറഞ്ഞിരിക്കുന്നതിനാൽ ഇവിടെ കാവ്യലിംഗവുമുണ്ട്. വൃത്തം ഗീതി.

൪൬. ചരണസരോജെ=സരോജസമാനമായിരിക്കുന്ന ചരണത്തിൽ. സരോജം=താമരപ്പൂവ്. ചരണം=പാദം. ഒരു നരനവനാരോമുറിച്ചുപോയത്രെ=ഏതൊ ഒരു മനുഷ്യൻ അതുമുറിച്ചു കളഞ്ഞു, അവനാരാണെന്നറിഞ്ഞുകൂടാ. കരുണ വെടിഞ്ഞ എന്ന വിശേഷണം ഭാവഗർഭമുള്ളതാകയാൽ ഇവിടെ പരികരമെന്നുള്ള അലങ്കാരമുണ്ട്. വിരലൊന്നധികമാകയാലാണ് മുറിച്ചു കളഞ്ഞതെന്നു കാരണം പറഞ്ഞിരിക്കുന്നതുകൊണ്ട് ഇവിടെ കാവ്യലിംഗവുമുണ്ട്. വൃത്തം ഗീതി.

കുടിലൻ=ചതിയൻ. ഘാതകൻ=കലയാളി. അന്തകാലയം പ്രാപിപ്പിച്ചു=വധിച്ചു.

൪൭. ജ്യോതിർഗ്ഗോളങ്ങൾ=ജ്യോതിസ്സുള്ള ഗോളങ്ങൾ. ജ്യോതിസ്സ്=പ്രകാശം. (ഗ്രഹങ്ങൾ; നവഗ്രഹങ്ങളെന്നു താൽപര്യം). "സൂര്യശ്ചന്ദ്രോമംഗലശ്ച, ബുധശ്ചാപിബൃഹസ്പതിഃ, ശുക്രഃശനൈശ്ചരോരാഹുഃ, കേതുശ്ചേതിഗ്രഹാനവ". സൂര്യനും ചന്ദ്രനും ചൊവ്വയും ബുധനും വ്യാഴവും ശുക്രനും ശനിയും രാഹുവും കേതുവും ഇങ്ങനെ ഒമ്പതു ഗ്രഹങ്ങൾ. വാനിൽ=ആകാശത്തിൽ. ദ്രുതതരം=വളരെ വേഗത്തിൽ. ഉഴലുക=ചുററിത്തിരിയുക. വിധൌ=സമയത്തിൽ. ഭൂതലത്തിൽ=ഭൂമിയിൽ. ഭൂതൌഘങ്ങൾ=ഭൂതസമൂഹങ്ങൾ; സൃഷ്ടിജാലങ്ങൾ. സാമുദ്രികാലക്ഷണവിചക്ഷണൻ=സാമുദ്രികാലക്ഷണത്തിൽ സമർത്ഥൻ. കൈകാൽ മുതലായ അവയവങ്ങളിലുള്ള വരകളെ നോക്കി ഗുണദോഷഭവിഷ്യൽഫലങ്ങളെപ്പറയുന്നതിൽ സമർത്ഥൻ. ഭൂസുരൻ=ബ്രാഹ്മണൻ. ഭൂപര്യായപദങ്ങളോടു ദേവപര്യായപദങ്ങൾ ഏതെങ്കിലും ചേർത്താൽ ബ്രാഹ്മണൻ എന്നർത്ഥം ജനിക്കും. പ്രീതിപ്പെട്ടു=സന്തോഷിച്ചു. ഓതി=പറഞ്ഞു. ഉരുമൊഴി=ശ്രേഷ്ഠവചനം. അഴൽ=വ്യസനം. ഇങ്ങ്=എനിക്ക്. നൽകിടുന്നു=തരുന്നു. സാമുദ്രികാലക്ഷണവിചക്ഷണൻ എന്ന പദം ഭാവഗർഭമുള്ളതാകയാൽ ഇവിടെ പരികരമെന്നുള്ള അലങ്കാരമുണ്ട്. ആ ഭൂസുരൻ പറഞ്ഞതുപോലെ ഫലിയ്ക്കാതെയിരിക്കില്ല. എന്തുകൊണ്ടെന്നാൽ അവൻ സാമുദ്രികാലക്ഷണവിചക്ഷണനാണ്; അതുകൊണ്ട് അവന്റെ വാക്ക് എനിക്കെപ്പോഴും വ്യസനത്തെ ഉണ്ടാക്കുന്നു എന്നിങ്ങനെ കാരണം പറഞ്ഞിരിക്കയാൽ ഇവിടെ കാവ്യലിംഗവുമുണ്ട്. വൃത്തം സ്രഗ്ദ്ധരാ.

ദൈവജ്ഞന്മാർ=ഗണിതക്കാർ; ജ്യോത്സ്യന്മാർ. ധൈര്യസമേതൻ=ധൈര്യത്തോടുകൂടിയവൻ.

൪൮. വിഫലമായി=നിഷ്ഫലമായി; ഫലപ്രാപ്തിയോടുകൂടാത്തതായി. കൂസലെന്ന്യേ=കൂസൽ കൂടാതെ; ഭയം കൂടാതെ. സാനന്ദം=സന്തോഷത്തോടുകൂടി. ഉചിതമാംമാർഗ്ഗമിങ്ങാചരിക്കും=യോഗ്യമായിരിക്കുന്ന വഴിയെ അനുസരിച്ചു പ്രവൃത്തിക്കും. നൂനം=നിശ്ചയം. മർത്ത്യർ=മനുഷ്യർ. വിധിഗതി=ഈശപരേച്ഛ. വിഘ്നം=മുടക്കം. മാനിക്കാതെ=വകവെയ്ക്കാതെ. മമഹിതം=എന്റെ ഇഷ്ടം. എന്തുചെയ്യും=എങ്ങിനെ

യെങ്കിലും. വരുത്തും=സാധിപ്പിക്കും. ആചരിയ്ക്കും, നടക്കും, വരുത്തും ഈ ക്രിയകളെല്ലാം ഏകകാൎയ്യത്തിൽ അന്വിതകളാകയാൽ ഇവിടെ കാരകദീപകം എന്നുള്ള അലങ്കാരമുണ്ട്. വൃത്തം സ്രഗ്ധരാ.

# രണ്ടാമങ്കം.

൪൯. നിയതം=നിശ്ചയമായിട്ട്. സന്താനലാഭോപമം=സന്താനലാഭത്തിനു തുല്യമായിട്ട്. സന്താനം=സന്തതി. (നാനാൎത്ഥം:—"സന്താനസ്സന്തതൌഗോത്രേ സ്യാദപത്യേസുരദ്രുമേ".) ഭൂരിശ്രീകലരുന്ന=വളരെ ശോഭയുള്ള. ബാലകസുഖസ്മേരാനനാലോകനം=ബാലകസുഖസ്മേരാനനത്തിൻെറ ആലോകനം. ബാലകസുഖസ്മേരാനനം=ബാലകൻെറ സുഖകരമായിരിക്കുന്ന സ്മേരത്തോടുകൂടിയ ആനനം. സ്മേരം=പുഞ്ചിരി. ആനനം=മുഖം. ആലോകനം=കാഴ്ച. നതാംഗിമാർ=സുന്ദരിമാർ. അവനിതൻഭാരം=ഭൂമിയുടെ ഭാരം. നിരൂപിക്ക=വിചാരിക്ക. സ്ത്രീകളുടെ ഹൃദയത്തെ സന്തോഷിപ്പിക്കുവാൻ പുഞ്ചിരിയിടുന്ന പുത്രൻെറ മുഖദൎശനം ഒന്നു തന്നെ കാൎയ്യം. സന്താനലാഭമില്ലെങ്കിൽ പിന്നെ എന്തു ലാഭമുണ്ടായാലും അത് അവരുടെ ഹൃദയസന്തോഷത്തിനു കാരണമാകുന്നതല്ല എന്നു പറഞ്ഞിരിക്കയാൽ ഇവിടെ പരിസംഖ്യയെന്നുള്ള അലങ്കാരമുണ്ട്. അനേകവസ്തുക്കളിൽ ചേരാവുന്ന ധൎമ്മത്തെ അതിലല്ല ഇതിലാണെന്ന് ഒന്നിൽതന്നെ നിയമനം ചെയ്യുന്നത് പരിസംഖ്യ. "ഇതാണതല്ലെന്നു വസ്തുനിയമം പരിസംഖ്യയാം. കരത്തിൽ ഭൂഷണം ദാനം, ഭാരം താൻ വൈരമോതിരം." സന്തതിയില്ലാത്ത സ്ത്രീകൾ ഭൂമിക്കു ഭാരം തന്നെയെന്നു പറഞ്ഞിരിക്കയാൽ പരിസംഖ്യ തന്നെ അലങ്കാരം. വൃത്തം ശാൎദ്ദൂലവിക്രീഡിതം.

൫൦. പുഷ്ടാമോദം=നിറഞ്ഞ സന്തോഷത്തോടുകൂടെ. നൎമ്മാഹവം=നൎമ്മമായിട്ടുള്ള ആഹവം. നേരംപോക്കായിട്ടുള്ള യുദ്ധം. രമ്യൻ=കാണികളുടെ മനസ്സിനെ സന്തോഷിപ്പിക്കുന്നവൻ; മനോഹരൻ. ഇവിടെ കുട്ടികളുടെ സ്വഭാവത്തെ വൎണ്ണിച്ചിരിക്കയാൽ സ്വഭാവോക്തിയെന്നുള്ള അലങ്കാരമുണ്ട്. പൊഴിച്ചും, ആക്കിവെച്ചും, നിനച്ചും ഈ ക്രിയകളെല്ലാം ആഹവം തുടങ്ങും എന്നുള്ള ഏകകാൎയ്യത്തിൽ അന്വിതകളാകയാൽ ഇവിടെ കാരകദീപകമെന്നുള്ള അലങ്കാരവുമുണ്ട്. വൃത്തം സ്രഗ്ധരാ.

പരിണതവയസ്സിൽ=വാൎദ്ധക്യദശയിൽ. ആലംബനം=ആശ്രയം.

൫൧. അല്ലിൽ=രാത്രിയിൽ ഭാസ്കരൻ=സൂൎയ്യൻ. (ശോഭയെ ഉണ്ടാക്കുന്നവൻ. ഭാസ്സ്=ശോഭാ; കാന്തി). അൎത്ഥിവ്രജം=അൎത്ഥികളുടെ വ്രജം. അൎത്ഥികൾ=യാചകന്മാർ; ഭിക്ഷക്കാർ. വ്രജം=കൂട്ടം. ഇവിടെ ഭിക്ഷക്കാരുടെ സ്വാഭാവികമായിട്ടുള്ള കിടപ്പിനേയും നടപ്പിനേയും വൎണ്ണിച്ചിരിക്കയാൽ സ്വഭാവോക്തിയെന്ന അലങ്കാരമുണ്ട്. വൃത്തം ശാൎദ്ദൂലവിക്രീഡിതം.

൫൨. ദാരിദ്ര്യസന്തതികൾ=ദാരിദ്ര്യത്തിൻെറ സന്തതികൾ; ദാരിദ്ര്യമൂൎത്തിയുടെ സന്താനങ്ങൾ. ഭൂരി=വളരെ. നാസ്തി=ഭവിക്കുന്നില്ല. (ന+അസ്തി) ഇവിടെ

പ്രായേണ ലോകസ്വഭാവത്തെ വൎണ്ണിച്ചിരിക്കയാൽ സ്വഭാവോക്തിയെന്ന അലങ്കാരമുണ്ട്. വൃത്തം വസന്തതിലകം. "ദാരിദ്ര്യസന്തതികളായ നരർ" എന്നുള്ളതിനു, കണ്ടാൽ ദാരിദ്ര്യമൂൎത്തിയുടെ സന്താനങ്ങളാണോയെന്നു തോന്നുംവണ്ണമുള്ള മനുഷ്യർ എന്നൎത്ഥം പറയാവുന്നതുകൊണ്ട് ഇവിടെ ഉൽപ്രേക്ഷയുമുണ്ട്.

൧൩. കോമളതനയവിഹീനം=കോമളന്മാരായിരിക്കുന്ന തനയന്മാരോടുകൂടാത്തത്. കമലവിഹീനം=താമരയോടു കൂടാത്തത്. വിമലസരസ്സ്=നിൎമ്മലജലമുള്ള തടാകം. വൃഥൈവ (വൃഥാ+ഏവ)=വെറുതെ തന്നെ. ഇവിടെ ഉപമേയവാക്യത്തിലും ഉപമാനവാക്യത്തിലും ഒരേ സാധാരണധൎമ്മത്തെ വാചകപദം കൂടാതെ പൎയ്യായപദങ്ങളെക്കൊണ്ടു നിൎദ്ദേശിച്ചിരിക്കുന്നതിനാൽ പ്രതിവസ്തൂപമാ. വൃത്തംഗീതി.

൧൪. സുരുചിരസുഷമ=വളരെ മനോഹരകാന്തി. ആൎയ്യ=നല്ല താരം=നക്ഷത്രം. ചാരുത=ഭംഗി. വപുസ്സ്=ആകാരം. ഇവിടെ വപുസ്സിനു ഭംഗിയെ ഉണ്ടാക്കുന്നത് ചന്ദ്രപ്രഭ തന്നെയാണ് നക്ഷത്രകാന്തിയല്ല എന്നുള്ള അപ്രസ്തുതവൃത്താന്തത്തിന്റെ വൎണ്ണനംകൊണ്ട് ഒരു ഗൃഹത്തിനു ഭൂഷണമായിട്ടുള്ളത് പുത്രനാകുന്നു മറ്റാരുമല്ലയെന്നുള്ള പ്രസ്തുതവൃത്താന്തം വെളിവായിരിക്കുന്നതിനാൽ അപ്രസ്തുതപ്രശംസയെന്ന അലങ്കാരമുണ്ട്. വൃത്തം ഗീതി.

൧൫. താരുണ്യം=യൌവനം. ചാരുലാവണ്യം=നല്ല സൌന്ദൎയ്യം. കേളി=കളി. ഉചിതരമണൻ=യോഗ്യനായിരിക്കുന്ന ഭൎത്താവ്. സുമശയ്യാഗൃഹം=പൂമെത്തയുള്ള ഉറക്കറ. ഹന്ത=ആശ്ചൎയ്യം. ഇവിടെ സുമശയ്യാഗൃഹം ദഹനഗൃഹത്തോടുക്കുമെന്നു പറഞ്ഞിരിക്കയാൽ ഉപമാലങ്കാരവും കാരണം പറഞ്ഞിരിക്കയാൽ കാവ്യലിംഗവുമുണ്ട്. വൃത്തം സ്രഗ്ധരാ.

൧൬. നഹിവാദം=തൎക്കമില്ലതന്നെ. നഹി=ഇല്ലതന്നെ. പുത്രൻ വിവാഹാനന്തരം ഭാൎയ്യാപുത്രാദികളെ സംരക്ഷിക്കേണ്ടുന്ന കാൎയ്യത്തിൽ ഭാരവാഹിയായിത്തീരുന്നതിനാൽ മാതാപിതാക്കന്മാരിലുള്ള സ്നേഹത്തിനു കാലാന്തരത്തിൽ കുറവു ഭവിക്കുമെന്നും പുത്രി വിവാഹാനന്തരം ഭൎത്താവിന്റെ ഗൃഹത്തിലേക്കു പോകുന്നതിനാൽ മാതാപിതാക്കന്മാരിലുള്ള സ്നേഹം അവൾക്കു പൂൎവ്വാധികം വൎദ്ധിച്ചുവരികയാണ് ചെയ്യുന്നതെന്നുമാണ് ഈ ശ്ലോകത്തിന്റെ താൽപൎയ്യം. ഇവിടെ പുത്രന്റെയും പുത്രിയുടേയും സ്വഭാവത്തെ വൎണ്ണിച്ചിരിക്കയാൽ സ്വഭാവോക്തിയെന്ന അലങ്കാരമുണ്ട്. വൃത്തം ഗീതി.

൧൭. നന്ദിനി=പുത്രി (സന്തോഷിപ്പിക്കുന്നവൾ). ചാരുചമ്പകം=മനോഹരിയായിരിക്കുന്ന ചമ്പകം. ചമ്പകം=പുത്രിയുടെ പേർ. ഇവിടെ നന്ദിനിയെന്നുള്ള മൊഴി ഒരിക്കലും പിഴച്ചതല്ല എന്നുള്ളതിലേക്കു കാരണം പറഞ്ഞിരിക്കയാൽ കാവ്യലിംഗമെന്നുള്ള അലങ്കാരമുണ്ട്. വൃത്തം ഗീതി.

൧൮ കുന്ദശ്രീരദനം=കുന്ദശ്രീയുള്ള രദനം. കുന്ദശ്രീ=കുന്ദത്തിന്റെ ശ്രീ. കുന്ദം=കുരുക്കുത്തിമുല്ല. ശ്രീ=ശോഭ. രദനം=പല്ല്. മനോജ്ഞമൃദുസുസ്മേരാനനാംഭോരുഹം=മനോജ്ഞമായി മൃദുവായിരിക്കുന്ന സുസ്മേരത്തോടുകൂടിയ ആനനാംഭോരുഹം. മനോജ്ഞം=മനോഹരം. സുസ്മേരം=നല്ല പുഞ്ചിരി. ആനനാംഭോരുഹം=അംഭോരുഹംപോലെയിരിക്കുന്ന ആനനം. അംഭോരുഹം=താമരപ്പൂ. ആനനം=മുഖം. സന്ദൎഭോചിതം=അതാതവസരത്തിനു യോഗ്യമായിരിക്കുന്നത്. മരന്ദം=മകരന്ദം. പുഷ്പ

രസം=പൂന്തേൻ. വാക്യാമൃതം=അമൃതംപോലെ അത്ര മധുരമായിരിക്കുന്ന വാക്യം. മന്ദിരദക്ഷ=വീട്ടുകാര്യങ്ങളിൽ സാമത്ഥ്യമുള്ളവൾ. പൂർവ്വാർദ്ധത്തിൽ കുട്ടികൾക്കു സഹജമായിരിക്കുന്ന സ്വഭാവത്തെ വർണ്ണിച്ചിരിക്കയാൽ സ്വഭാവോക്തിയെന്നുള്ള അലങ്കാരമുണ്ട്. ഉത്തരാർദ്ധത്തിൽ മന്ദിരദക്ഷയെന്നുള്ള വിശേഷണം ഭാവഗർഭമുള്ളതാകയാൽ പരികരാലങ്കാരവുമുണ്ട്. വൃത്തം ശാർദ്ദൂലവിക്രീഡിതം.

59. കല്യാണം=വിവാഹം. (സുഖാവസ്ഥയെ ഉണ്ടാക്കുന്നത്.) കല്യാണി=സുഖാവസ്ഥയോടുകൂടിയവൾ. ഇവിടെ വലുതായ ദുഃഖത്തിന്നു കാരണം പറഞ്ഞിരിക്കയാൽ കാവ്യലിംഗം എന്ന അലങ്കാരമുണ്ട്. വൃത്തം- ഇന്ദ്രവജ്രാ.

60. വിമലതരയശസ്സ്=വളരെ നിർമ്മലയായ കീർത്തി. മനോർമന്നൻ=മന്നവന്മാരുടെ മന്നൻ=ചക്രവർത്തി. സൌന്ദര്യം, വിദ്യാ, നിർമ്മലയശസ്സ് മുതലായ ഗുണങ്ങളുള്ള ഒരു ചക്രവർത്തിക്കു മാത്രമേ സുതാദർശനം സാധിക്കയുള്ളു മറ്റാർക്കും സാധിക്കയില്ലയെന്നു പറഞ്ഞിരിക്കയാൽ ഇവിടെ പരിസംഖ്യയെന്നുള്ള അലങ്കാരമുണ്ട്. വൃത്തം സ്രഗ്ദ്ധരാ.

61. വാതഹതി=കാറ്റടി. വാരിനിധി=സമുദ്രം. നൃപാലോത്തമ!=രാജശ്രേഷ്ഠ! സമാധാനസമ്പൂർണ്ണമായിരിക്കുന്ന രാജ്യത്തിന്റെ ഉൾഭാഗത്തെ സമുദ്രത്തിന്റെ ഉൾഭാഗത്തോടുപമിച്ചിരിക്കയാൽ ഇവിടെ ഉപമാലങ്കാരമുണ്ട്. വൃത്തം ശാർദ്ദൂലവിക്രീഡിതം.

62. സമരം=യുദ്ധം. ഇടഞ്ഞു=എതിർത്തു. അരികൾ=ശത്രുക്കൾ. അരാതികൾ=ശത്രുക്കൾ. മടങ്ങി=തോറ്റുപോയി. രാജ്യം സമാധാനസമ്പൂർണ്ണമായിരിക്കുന്നു എന്നുള്ളതിന്നു കാരണം പറഞ്ഞിരിക്കയാൽ ഇവിടെ കാവ്യലിംഗം എന്ന അലങ്കാരമുണ്ട്. വൃത്തം വസന്തതിലകം.

63. ദീനന്മാരിൽ=വലഞ്ഞവരിൽ. നിർബ്ബന്ധയാൽ=നിർബ്ബന്ധത്താൽ. മനസാവാചാപിതൻകർമ്മണാ=മനസ്സുകൊണ്ടും വാക്കുകൊണ്ടും തന്റെ പ്രവൃത്തികൊണ്ടും. സാനന്ദം=സന്തോഷത്തോടുകൂടെ കൃതയുഗം=നാലുയുഗങ്ങളിൽ ഒന്നാമത്തേതും ശ്രേഷ്ഠമായിട്ടുള്ളതും. കൃതയുഗത്തിൽ നീതിയും ന്യായവും ശരിയായി നടന്നിരുന്നു. അന്നു അസൂയ, പക, ദുഃഖം വേദന, ഭയം, ക്രൂരത ഇവയൊന്നുമില്ലായിരുന്നു. അന്നു മനുഷ്യായുസ്സ 4000 വർഷവുമായിരുന്നു. ഇക്കാലം കൃതയുഗത്തോടൊക്കുമെന്നു പറഞ്ഞിരിക്കയാൽ ഇവിടെ ഉപമാലങ്കാരമുണ്ട്. കാരണങ്ങൾ പറഞ്ഞിരിക്കയാൽ കാവ്യലിംഗവുമുണ്ട്. വൃത്തം ശാർദ്ദൂലവിക്രീഡിതം.

64. മഹിതവാഗ്ദാനം=ശ്രേഷ്ഠമായിരിക്കുന്ന വാക്കുകൊടുക്കൽ. ജഗച്ചക്ഷു=സൂര്യൻ (ലോകങ്ങൾക്കു കാഴ്ചയെ ഉണ്ടാക്കിക്കൊടുക്കുന്നവൻ) നിശയിങ്കലും=രാത്രിയിലും. നഹി=ഇല്ലതന്നെ. നഭസ്സിൽ=ആകാശത്തിൽ. താരങ്ങൾ=നക്ഷത്രങ്ങൾ രക്ഷികൾ=കാവൽക്കാർ. മോഷ്ടാക്കൾ=കള്ളന്മാർ. ഇക്കാലം അക്കാലത്തിന്നു (കൃതയുഗത്തിന്നു) തുല്യമാണെന്നുള്ളതിന്നു കാരണങ്ങൾ പറഞ്ഞിരിക്കയാൽ ഇവിടെ കാവ്യലിംഗമെന്നുള്ള അലങ്കാരമുണ്ട്. വൃത്തം ശാർദ്ദൂലവിക്രീഡിതം.

65. മന്നവവര!=രാജാക്കന്മാരിൽവെച്ചു ശ്രേഷ്ഠനായിട്ടുള്ളവനേ! തേ=അങ്ങയുടെ. താവകം=അങ്ങയെ സംബന്ധിച്ചത്; അങ്ങയുടെ. ഭുജബലം=കൈയൂക്ക്. ജനങ്ങൾ സുഖമായിരിക്കുന്നത് അങ്ങയുടെ കരബലംകൊണ്ടാണെന്നു കാര

ണം പറഞ്ഞിരിക്കയാൽ ഇവിടെ കാവ്യലിംഗമെന്ന അലങ്കാരമുണ്ട്. വൃത്തം ഗീതി.

66. മതി=ബുദ്ധി. അതുലം=വളരെ അധികം. അതിപരിചയം=കാൎയ്യങ്ങളിൽ അധികമായ പഴക്കം. ഏവം=ഇപ്രകാരം. ബോദ്ധ്യമാക്കിത്തരുന്നു=സത്യമാണെന്നു അറിവു തരുന്നു. ലവലേശം=അത്യല്പം. ആലോചിച്ചുനോക്കിയാൽ ദോഷമുണ്ടെന്നു തോന്നും എന്നു പറഞ്ഞിരിക്കയാൽ ഇവിടെ സംഭാവനയെന്നുള്ള അലങ്കാരമുണ്ട്. "സംഭാവനയതുണ്ടായാലിതുണ്ടാമെന്ന കല്പന" അവിടെ ദോഷമുണ്ടെന്നു തോന്നുവാൻ അതിപരിചയത്തെ കാരണമാക്കിപ്പറഞ്ഞിരിക്കയാൽ ഇവിടെ കാവ്യലിംഗവുമുണ്ട്. വൃത്തം മാലിനീ.

67. സ്വാമികൾ=യജമാനന്മാർ. ഏകിടുന്നു=കൊടുക്കുന്നു. ഇവിടെ കള്ളന്മാരുടെ അല്ലെങ്കിൽ ദുൎജ്ജനങ്ങളുടെ സ്വഭാവത്തെ വൎണ്ണിച്ചിരിക്കയാൽ സ്വഭാവോക്തിയെന്നുള്ള അലങ്കാരമുണ്ട്. വൃത്തം ഗീതി.

68. അമൂല്യം=വിലമതിക്കുവാൻ പാടില്ലാത്തത്. കാണിക്കവെച്ച്=കാഴ്ചവെച്ച്. കൈതവം=ചതി or കളവ്. മറവിലാക്കീടുന്നു=മറച്ചുകളയുന്നു. അമിതസമ്മാനപ്രദാനം=വേണ്ടതിലധികം സമ്മാനം കൊടുക്കുന്നത്. മുടിച്ചീടുന്നു=നശിപ്പിക്കുന്നു. ഇവിടേയും ദുൎജ്ജനസ്വഭാവത്തെ വൎണ്ണിച്ചിരിക്കയാൽ സ്വഭാവോക്തിയെന്ന അലങ്കാരമുണ്ട്. സാധുക്കളെ മുടിക്കുന്നതിനു കാരണം പറഞ്ഞിരിക്കയാൽ ഇവിടെ കാവ്യലിംഗവുമുണ്ട്. വൃത്തം ശാർദ്ദൂലവിക്രീഡിതം.

69. ഭൂരിവിഭൂതിസമേതം=അധികമായിരിക്കുന്ന ഐശ്വൎയ്യത്തോടുകൂടെ. പാരിടം=ഭൂമി. സുദൃഢം=നിശ്ചയംതന്നെ. സുരുചിരതനു=വളരെ മനോഹരമായിരിക്കുന്ന ശരീരത്തോടുകൂടിയവൾ. നൃപദുഹിതാവ്=രാജപുത്രി. ഇങ്ങുകൈവരുമെ=എനിക്കു സിദ്ധിക്കും. 'സുഖമാന്ന്', 'സുരുചിരതനു', ഈ രണ്ടു വിശേഷണപദങ്ങളും ഭാവഗൎഭമുള്ളവയാകയാൽ ഇവിടെ പരികരമെന്ന അലങ്കാരമുണ്ട്. വൃത്തം ഗീതി.

70. വിരക്തൻ=ലോകകാൎയ്യങ്ങളിൽ വെറുപ്പുള്ളവൻ. മന്ദൻ=ബുദ്ധിഹീനൻ. വിമുഖൻ=താല്പൎയ്യമില്ലാത്തവൻ. സുഭഗത=സൌന്ദൎയ്യം. അനാസക്തൻ=താല്പൎയ്യമില്ലാത്തവൻ. ഇവിടെ "മന്ദൻ" എന്ന വിശേഷണപദം സാഭിപ്രായമാകയാൽ പരികരമെന്ന അലങ്കാരമുണ്ട്. വൃത്തം ഗീതി.

71. വസുമതിഭരണം=രാജ്യഭരണം. പനിമതിമുഖി=പനിമതിയെപ്പോലെയുള്ള മുഖത്തോടുകൂടിയവൾ. പനിമതി=ചന്ദ്രൻ. പ്രേമഭാരം=അധികമായ സ്നേഹം. ഇവിടെ 'വീണ്ടുകൊള്ളാം', 'ആക്കാം', 'വരുത്താം', ഈ ക്രിയകളെല്ലാം ഏകകാൎയ്യത്തിൽ അന്വിതകളാകയാൽ കാരകദീപകം എന്നുള്ള അലങ്കാരമുണ്ട്. വൃത്തം സ്രഗ്ദ്ധരാ.

72. കണ്ടകം=മുള്ള്. ഇണ്ടൽ=വ്യസനം. ഇവിടെ ഒരേ സാധാരണധൎമ്മത്തെ വാചകപദംകൂടാതെ ഉപമേയവാക്യത്തിലും ഉപമാനവാക്യത്തിലും "കണ്ടിടാറില്ല", "ഉണ്ടാകാറില്ല", എന്നിങ്ങിനെ പൎയ്യായപദങ്ങളെക്കൊണ്ടു നിൎദ്ദേശിച്ചിരിക്കുന്നതിനാൽ പ്രതിവസ്തൂപമാ എന്നുള്ള അലങ്കാരമുണ്ട്. വൃത്തം ഗീതി.

73. പെരുത്=വലിയത്. കാൎയ്യഗൌരവം=കാൎയ്യത്തിന്റെ ഗൌരവം.

ഗൌരവം=വലിയ സ്ഥിതി. ഇവിടെ "തരമുള്ള" എന്ന വിശേഷണപദം ഭാവഗർഭമുള്ളതാകയാൽ പരികരമെന്ന അലങ്കാരമുണ്ട്. വൃത്തം ഗീതി.

74 മധുരാലാപസംയുക്തൻ=മധുരാലാപത്തോടുകൂടിയവൻ. മധുരാലാപം=മധുരമായിരിക്കുന്ന ആലാപം. മധുരം=രസകരം. ആലാപം=സംസാരം. വചസ്സ്=വാക്ക്. ഗതി=പോക്ക്. മധുവോല്ലംപ്രകാരത്തിൽ=മധുവൊലിക്കുന്നവിധത്തിൽ. മധു=തേൻ. ഏകേണ്ട=കൊടുക്കേണ്ട. കളതരമൃദുവാക്ക്=വളരെ മനോഹരമായും മൃദുലമായുമിരിക്കുന്ന വാക്ക്. ഏകും=കൊടുക്കും. "വചസ്സിൻഗതിയതു മധുവോല്ലംപ്രകാരത്തിൽ വേണം" എന്നുള്ള ദിക്കിൽ ഉപമാലങ്കാരമുണ്ട്. ഉത്തരാർദ്ധത്തിൽ കാവ്യലിംഗവുമുണ്ട്. "കൊള്ളേണം", "വേണം", "ഏകേണ്ട", "ഏകും" ഈ ക്രിയാപദങ്ങളെല്ലാം ഏകകാര്യത്തിൽ അന്വിതകളാകയാൽ ഇവിടെ കാരകദീപകം എന്നുള്ള അലകാരമുണ്ട്.

75. കാര്യവിളംബനേന=കാര്യവിളംബനം ഹേതുവായിട്ട്; കാര്യവിളംബനത്താൽ (ത്രു) കാര്യവിളംബനം=കാര്യങ്ങളുടെ വിളംബനം. വിളംബനം=താമസം. ചേരാ=ചേരുകയില്ല; യോജിക്കയില്ല. ചിത്തം=മനസ്സ്. വിഫലം=നിഷ്ഫലം. പ്രവൃത്തിച്ചിടാ=പ്രവൃത്തിക്കയില്ല. ഇവിടെ മടിയന്മാരുടെ സൂക്ഷ്മസ്വഭാവത്തെ വർണ്ണിച്ചിരിക്കയാൽ സ്വഭാവോക്തിയെന്നുള്ള അലങ്കാരമുണ്ട്. "ഉണ്ടാസ്സുരും", "ചേരാ", "വിഫലമാം", "പോരാ", "പ്രവൃത്തിച്ചിടാ", ഈ ക്രിയകളെല്ലാം ഏകകാര്യത്തിൽ അന്വിതകളാകയാൽ ഇവിടെ കാരകദീപകം എന്നുള്ള അലങ്കാരമുണ്ട്. വൃത്തം ശാർദ്ദൂലവിക്രീഡിതം.

76. നാമോച്ചാരണചാരുവേളയിൽ=നാമം ജപിക്കുന്ന വിശിഷ്ടസമയത്തിൽ. സീമാതീതം=സീമയെ കടന്നത്. സീമ=അതിര്. (അതിരില്ലാത്തത്; അവസാനമില്ലാത്തത്). ഇവിടേയും മടിയന്റെ സൂക്ഷ്മസ്വഭാവത്തെ വർണ്ണിച്ചിരിക്കയാൽ സ്വഭാവോക്തിയെന്നുള്ള അലങ്കാരമുണ്ട്. ഉത്തരാർദ്ധത്തിൽ ഉപമാലങ്കാരവുമുണ്ട്. വൃത്തം ശാർദ്ദൂലവിക്രീഡിതം.

77. ഉന്നതപദവി=ഉയന്ന സ്ഥാനം. നിയതം=നിശ്ചയമായിട്ടും. മന്നവസീമനി=രാജസമീപത്തിൽ. ചെറുതും=അല്പംപോലും. അഭിലാഷം=ആഗ്രഹം. ഇവിടെ, അഭിലാഷം വെളിപ്പെടുത്തുന്നത് ഉന്നതപദപ്രാപ്തിക്കു ദോഷകരമാണെന്നു കാരണം പറഞ്ഞിരിക്കയാൽ കാവ്യലിംഗമെന്നുള്ള അലങ്കാരമുണ്ട്. വൃത്തം ഗീതി.

78. ജരാപൂർണ്ണം=ജരകൊണ്ടു നിറഞ്ഞത്. ജരാ=വാർദ്ധക്യദശയിൽ നമ്മുടെ ദേഹത്തിനുണ്ടാകുന്ന ഒരു പ്രകൃതിമാറ്റം. (തൊലിചുരുങ്ങുന്നത്). ധാവള്യം=വെളുപ്പ്. രോമതതി=രോമങ്ങളുടെ കൂട്ടം. ഇവിടെ പൂർവ്വാർദ്ധത്തിൽ കാവ്യലിംഗമെന്ന അലങ്കാരമുണ്ട്. ഉത്തരാർദ്ധത്തിൽ ഉപമാനോപമേയങ്ങൾക്ക് അഭേദം കല്പിച്ച് ഉപമേയത്തെ കാണിക്കാതെ അതിന്റെ സ്ഥാനത്തു "ദൂതർ" എന്നുള്ള ഉപമാനത്തെത്തന്നെ പ്രയോഗിച്ചിരിക്കുന്നതിനാൽ രൂപകാതിശയോക്തിയെന്നുള്ള അലങ്കാരമുണ്ട്. വൃത്തം ശാർദ്ദൂലവിക്രീഡിതം.

79 കാഞ്ഞിരഫലം=കാഞ്ഞിരക്കായ. ജിഹ്വാ=നാവ്. സദാ=എല്ലാപ്പോഴും. വിധി=ബ്രഹ്മാവ്. മധുരാകൃതി=നല്ലരൂപം. മേ=എനിക്ക്. രചിച്ചു

തില്ല=ഉണ്ടാക്കീട്ടില്ല. ഹൃദയത്തെ കാഞ്ഞിരഫലമായും ജിഹ്വയെ കൽക്കണ്ടമായും രൂപീകരിച്ചിരിക്കയാൽ ഇവിടെ രൂപകാലങ്കാരമുണ്ട്. വൃത്തം ഗീതി.

80. മൃതി=മരണം. ബഹുതാപക്ഷതി=ബഹുതാപങ്ങളുടെ ക്ഷതി. ബഹു=വളരെ. താപങ്ങൾ=ദുഃഖങ്ങൾ. ക്ഷതി=നാശം; ക്ഷയം. നഹിവാദം=തൎക്കമില്ലതന്നെ. ഉത്തരാൎദ്ധത്തിൽ കാവ്യലിംഗമെന്നുള്ള അലങ്കാരമുണ്ട്. വൃത്തം ഗീതി.

81. ക്ഷണഭംഗുരം=വേഗത്തിൽ നശിച്ചുപോകുന്നത്. തടിൽപ്രഭ=മിന്നലിന്റെ ശോഭ. തൃണം=പുല്ല്. (ഏററവും നിസ്സാരമെന്നു താല്പൎയ്യം). തുണനില്ക്കും=സഹായിക്കും. ഇവിടെ പൂൎവ്വാൎദ്ധത്തിൽ കാവ്യലിംഗവും ഉപമയുമുണ്ട്. ഉത്തരാൎദ്ധത്തിൻ പരിസംഖ്യയുമുണ്ട്. വൃത്തം ഗീതി.

82. ഭീമമായ സമരം=ഭയങ്കരമായ യുദ്ധം. സീമയററ=കണക്കില്ലാത്ത. പരിതാപം=ദുഃഖം. നിധനം=മരണം. കാമസിദ്ധി=ആഗ്രഹനിവൃത്തി. ഇവിടെ പുരാതനമഹാപുരുഷന്മാരുടെ ചരിത്രസംബന്ധംകൊണ്ടു വൎണ്ണ്യവസ്തുവിനു ശ്ലാഘ്യത്വം സമ്പാദിച്ചിരിക്കുന്നതിനാൽ ഉദാത്തം എന്നുള്ള അലങ്കാരമുണ്ട്. വൃത്തം കുസുമമഞ്ജരി.

83. അഭിനവശ്രീ=എത്രയും പുതിയതായ ശോഭ. ഭുവി=ഭൂമിയിൽ. ജാതം=ജനിച്ചത്. പൂമേനി=പൂപോലെ മൃദുവായിരിക്കുന്ന ശരീരം. പരിമളം=സൌരഭ്യം. നിന്ദക്കാസ്പദം=പരിഹാസത്തിന്നിരിപ്പിടം. അലങ്കാരം ഉപമാ. വൃത്തം ശാൎദ്ദൂലവിക്രീഡിതം.

84. മന്ദംമന്ദമടിക്കും=പതുക്കെപ്പതുക്കെ വീശും. ചന്ദനവനവാതപോതം=ചന്ദനവനത്തിങ്കൽനിന്നുണ്ടാകുന്ന വാതപോതം. ചന്ദനവനം=ചന്ദനമരങ്ങൾ നിറഞ്ഞിരിക്കുന്ന കാട്. വാതപോതം=ഇളങ്കാററ്. അനവരതം=എല്ലായ്പോഴും. ഇവിടേയും അലങ്കാരം ഉപമ. വൃത്തംഗീതി.

85. ഹരിതാഭ=പച്ചനിറം. പ്രഭവവിഭവമാന്ന=പ്രഭവത്തിന്റെ വിഭവമുള്ള. പ്രഭവം=ജന്മഹേതു. വിഭവം=ധനം (കാൎയ്യസിദ്ധിയിൽ സമൎത്ഥമായി ഭവിക്കുന്നത്) ഭൂമിതല്പേ=ഭൂമിയാകുന്ന തല്പത്തിൽ. തല്പം=കിടക്ക. നിഭൃതം=നിറഞ്ഞ്, 0: മറഞ്ഞ് (ഈ രണ്ടൎത്ഥവും ഇവിടെ യോജിക്കുന്നതാണ്). ഉല്ലസിക്കും=സന്തോഷിക്കും; രസിക്കും. ഇവിടെ ഉപമാനോപമേയങ്ങൾക്ക് അഭേദം കല്പിച്ച് തൃണവിശേഷമാകുന്ന ഉപമേയത്തെ കാണിക്കാതെ അതിന്റെ സ്ഥാനത്തു "വിരിപ്പാ"കുന്ന ഉപമാനത്തെത്തന്നെ പ്രയോഗിച്ചിരിക്കുന്നതിനാൽ രൂപകാതിശയോക്തിയെന്നുള്ള അലങ്കാരമുണ്ട്. വൃത്തം പുഷ്പിതാഗ്രാ. "നനരയവിഷമത്തിലും സമത്തിൽ, പുനരിഹനം ജജരംഗപുഷ്പിതാഗ്രാ".

86. മേദിനിതൻമുഖമതിൽ=ഭൂമിയുടെ മുഖത്ത്. അതിമോദം=അധികമായ സന്തോഷം. ഉയൎത്തും=വൎദ്ധിപ്പിക്കും (പ്രകാശിപ്പിക്കും). ജപാസുമം=ചെമ്പരത്തിപ്പൂവ്.) (ജവാസുമമെന്നുമാം.) മൃദുഭാഷിണി=മനോഹരങ്ങളായ വാക്കുകൾ പറയുന്നവൾ; സുന്ദരി. ലജ്ജാകൃതം=ലജ്ജയാൽ ചെയ്യപ്പെട്ടത്. നാണംകൊണ്ടു

ണ്ടായിട്ടുള്ളത്. കപോലരാഗം=കവിൾത്തടത്തിന്റെ ചുവപ്പുവർണ്ണം. അലങ്കാരം ഉപമാ. വൃത്തം ഗീതി.

87. തുംഗമോദം=വലിയ സന്തോഷത്തോടുകൂടെ. ഗായകർ=ഗാനം ചെയ്യുന്നവർ; പാട്ടുകാർ. എത്തിടും=വന്നുചേരും. ബർഹം=മയിൽപീലി; പക്ഷികളുടെ വാലിലുള്ള തൂവൽ. വിഹംഗമം=പക്ഷി. (ആകാശത്തിൽകൂടെ ഗമിക്കുന്നത്.) ഗഗനേ=ആകാശത്തിൽ. ഇങ്ങു=ഇവിടെ; ഭൂമിയിൽ. സർവ്വമനതാരിലും=എല്ലാവരുടേയും മനസ്സിലും. മധു=വസന്തകാലം. ഇവിടെ വസന്താഗമനസ്വഭാവത്തെ വർണ്ണിച്ചിരിക്കയാൽ സ്വഭാവോക്തിയെന്നുള്ള അലങ്കാരമുണ്ട്. വൃത്തം കുസുമമഞ്ജരീ.

88. രജനിയിൽ=രാത്രിയിൽ. വിജനഗൃഹം=വിജനത്തിങ്കലുള്ള ഗൃഹം; വിജനമായിരിക്കുന്ന ഗൃഹം; ഉറക്കറ. വാതായനം=കിളിവാതിൽ (കാററിന്ന് അകത്തേക്കുകടപ്പാനുള്ള മാർഗ്ഗം.) രജതഫലകം=വെള്ളിപ്പലക. വാനിൽ=ആകാശത്തിൽ. ശശാങ്കൻ=ചന്ദ്രൻ (ശശം അടയാളമായിട്ടുള്ളവൻ.) നിജകരം=തന്റെ കൈ; തന്റെ രശ്മി. ഇവിടെയും വസന്തകാലസ്വഭാവത്തെ വർണ്ണിച്ചിരിക്കയാൽ സ്വഭാവോക്തിയെന്നുള്ള അലങ്കാരമുണ്ട്. "സൌരഭ്യം പരത്തുന്നതാം", എന്നുള്ള വിശേഷണം ഭാവഗർഭമുള്ളതാകയാൽ പരികരാലങ്കാരവുമുണ്ട്. "വിജന"മെന്നുള്ള ഗൃഹവിശേഷണവും ഭാവഗർഭമുള്ളതാകകൊണ്ട് അവിടേയും പരികരാലങ്കാരമുണ്ട്. വൃത്തം മാലിനീ.

89. സുമം=പുഷ്പം. സൌമ്യൻ=ശാന്തൻ. ഹിമദീധിതി=ചന്ദ്രൻ. ദീധിതി=രശ്മി (തണുത്ത രശ്മികളുള്ളവൻ). വിമലാശയം=നിർമ്മലമനസ്സ്. അഖിലേശവൈഭവം=അഖിലേശന്റെ വൈഭവം. അഖിലേശൻ=സകല ചരാചരങ്ങളുടെയുംനാഥൻ; ഈശ്വരൻ. വൈഭവം=യോഗ്യത. വിഹംഗം=പക്ഷി. പൂർവ്വാർദ്ധത്തിൽ ഉപമാലങ്കാരമുണ്ട്. "സൌമ്യനായിടും", "ശാന്തനായിടും", "വാഴ്ത്തിടും" ഈ ക്രിയകളെല്ലാം ഏകകാര്യത്തിൽ അന്വിതകളാകയാൽ ഇവിടെ കാരകദീപകംഎന്നുള്ളഅലങ്കാരവുമുണ്ട്. വൃത്തം മഞ്ജുഭാഷിണീ. "സജസം കഴിഞ്ഞു ജഗമഞ്ജുഭാഷിണീ."

90. മോഹാന്ധരായ്=ആഗ്രഹംകൊണ്ട് വിവേകശൂന്യന്മാരായ്. ഉദ്വാഹം=വിവാഹം. ഏറിയ=വളരെ. ഇവിടെ കാമികളായ യുവാക്കന്മാരുടെ സൂക്ഷ്മസ്വഭാവത്തെ വർണ്ണിച്ചിരിക്കയാൽ സ്വഭാവോക്തിയെന്നുള്ള അലങ്കാരമുണ്ട്. വൃത്തം വസന്തതിലകം.

91. കത്തിക്കാളുന്ന രാഗം=അധികമായി ഉജ്വലിക്കുന്ന അനുരാഗം. നിജദയിതാവാജിനീദർശനാർത്ഥം=തന്റെ പ്രിയതമയായ പെൺകുതിരയെ കാണുന്നതിനുവേണ്ടി. കൊടിയമദം=വലിയ അഹംകാരം. ആരൂഢൻ=പുറത്തുകയറി ഇരിക്കുന്നവൻ. തുരംഗം=കുതിര (വേഗത്തിൽ ഗമിക്കുന്നത്.) ചിത്തം ചതേതാ=മനസ്സുതീരെ നശിച്ചുപോയോ. വികാരം=ഭാവമാററം. പൂർവ്വാർദ്ധത്തിൽ ഇവിടെ സ്വഭാവോക്തിയെന്ന അലങ്കാരമുണ്ട്. വൃത്തം സ്രഗ്ദ്ധരാ.

92. കീചകകഥ=കീചകന്റെ കഥ. കീചകൻ=വിരാടരാജാവിന്റെ അളിയൻ. ദ്രൌപദീ സൈരന്ധ്രീ എന്നുള്ള നാമധേയത്തോടുകൂടി വിരാടരാജ്ഞിയെ ആ

ശ്രയിച്ചു പാൎക്കുമ്പോൾ കീചകൻ ഈ യോഷാരത്നത്തെക്കണ്ടു മോഹിച്ചു അവന്റെ സഹോദരിയുടെ സഹായത്തോടുകൂടി ആ പതിവ്രതയുടെ പാതിവ്രത്യഭംഗം വരുത്തുവാൻ പല യത്നങ്ങൾ ചെയ്തു. ദ്രൌപദി ഈ വിടന്റെ കാമത്തിൽനിന്നു രക്ഷപ്പെടുവാൻ മാൎഗ്ഗമൊന്നും കാണാഞ്ഞിട്ടു ഭീമസേനനോടു സങ്കടം പറഞ്ഞു ഭീമസേനന്റെ ആലോചനപ്രകാരം ദ്രൌപദി കീചകനോട് ഒരു സമയവും സ്ഥലവും പറഞ്ഞു നിശ്ചയിച്ചു. ദ്രൌപദിക്കു പകരം ഭീമസേനൻ വേഷംമാറി നിശ്ചിതസ്ഥലത്തെത്തുകയും കീചകൻ ആളറിയാതെ ആലിംഗനത്തിനു ഭാവിച്ചപ്പോൾ അവനെ ഞെക്കിക്കൊല്ലുകയും ചെയ്തു.

ദശമുഖനീചനിശാടാഗ്രഗണ്യചരിത്രം=ദശമുഖനെന്ന നീചനിശാടാഗ്രഗണ്യന്റെ ചരിതം. ദശമുഖൻ=രാവണൻ. നീചനിശാടാഗ്രഗണ്യൻ=നീചന്മാരായ നിശാടന്മാരിൽവെച്ചു അഗ്രഗണ്യൻ. നീചന്മാർ=ദുഷ്ടന്മാർ നിശാടന്മാർ=രാത്രി സഞ്ചരിക്കുന്നവർ; രാക്ഷസന്മാർ. അഗ്രഗണ്യൻ=മുമ്പൻ; ഒന്നാമതായി ഗണിക്കപ്പെടുവാൻ യോഗ്യൻ. ചരിതം=കഥ. (രാവണൻ സീതയെ അപഹരിച്ച കഥ.) ശചിയുടെ പതിയുടെ കഥ=ഇന്ദ്രാണിയുടെ ഭൎത്താവിന്റെ കഥ. ദേവേന്ദ്രൻ അഹല്യയെ പ്രാപിച്ച കഥ. ശശികഥ=ശശിയുടെ കഥ. ശശി=ചന്ദ്രൻ. (ചന്ദ്രൻ ബൃഹസ്പതിയുടെ ഭാൎയ്യയായ താരയെ പ്രാപിച്ച കഥ.) ഇവിടെ പുരാതനമഹാപുരുഷന്മാരുടെ ചരിത്രസംബന്ധംകൊണ്ട് വൎണ്ണ്യവസ്തുവിനു ശ്ലാഘ്യം സമ്പാദിച്ചിരിക്കുന്നതിനാൽ ഉദാത്തമെന്നുള്ള അലങ്കാരമുണ്ട് വൃത്തംഗീതി.

93. ബുഭുക്ഷ=ഭക്ഷണത്തിനുള്ള അത്യാൎത്തി വാൎത്ത=വൎത്തമാനം. ഹിതം=യോഗ്യം. മിതം=ക്രമമായ; ക്രമപ്പെടുത്തിയ. ഭോജ്യം=ഭക്ഷണം. യുക്തമാമോ?=ചേൎച്ചയായിട്ടുള്ളതാണോ? ഇവിടെ ഭക്ഷണം തീരെ ത്യജിക്കുന്നതിനാൽ വിഭാവനയെന്നുള്ള അലങ്കാരമുണ്ട്. "ഹേതുപോരാതിരിക്കുമ്പോൾ-കാൎയ്യോൽപത്തിവിഭാവനാ." വൃത്തം വസന്തതിലകം.

94. മുറിവൈദ്യൻ=വൈദ്യം നല്ലവണ്ണം പരിശീലിച്ചിട്ടില്ലാത്തവൻ. ഏകിയ=കൊടുത്ത. മാത്രതെറിയ=കണക്കിൽ അധികമായ. ഈഷൽ=സംശയം. എന്നിയെ=കൂടാതെ. ഗദാൎത്തി=ഗദം ഹേതുവായിട്ടുള്ള ആൎത്തി. ഗദം=രോഗം. ആൎത്തി=വ്യസനം. ശേഷി=ശക്തി. പൂൎവ്വാൎദ്ധത്തിൽ ഇവിടെ കാവ്യലിംഗമെന്നുള്ള അലങ്കാരമുണ്ട്. വൃത്തം കുസുമമഞ്ജരി

95. സ്ഫീതം=വലിയ; തടിച്ച. വാനിൽ=ആകാശത്തിൽ. വദനം=മുഖം. സൌധസങ്കേതം=സൌധമായിരിക്കുന്ന സങ്കേതം. സൌധം=മാളിക. സങ്കേതം ഒരുമിച്ചുകൂടുവാൻ നിശ്ചയിച്ചിരിക്കുന്ന സ്ഥലം. പാരിൽ=ഭൂമിയിൽ. കേന്ദ്രം=നടുവ്; മദ്ധ്യസ്ഥാനം. മേലാപ്പ്=മേൽകെട്ടി. പൂൎവ്വാൎദ്ധത്തിൽ ഇവിടെ സംബന്ധാതിശയോക്തിയെന്നുള്ള അലങ്കാരമുണ്ട്. "അയോഗത്തിങ്കലെയോഗം, സംബന്ധാതിശയോക്തിയാം." പൂൎവ്വാൎദ്ധത്തിലെ രണ്ടാംപാദത്തിൽ കാവ്യലിംഗവുമുണ്ട്. വൃത്തം ശാൎദ്ദൂലവിക്രീഡിതം.

96. വിശ്വാസഘാതകം=വിശ്വാസവഞ്ചന. കാതൽ=ശക്തികൂടിയത്. നി

ന്ദ്യതരകാമവികാരം=വളരെ നിന്ദ്യമായിരിക്കുന്ന കാമവികാരം. (ന്യായമല്ലാതെ സ്ത്രീകളിൽ ഭ്രമിക്കുന്നത്.) ആശ്വാസം=സുഖം. അനല്പം=അധികം. ദുഃഖവൈശ്വാനരൻ=ദുഃഖമാകുന്ന വൈശ്വാനരൻ. വൈശ്വാനരൻ=അഗ്നി. ഇവിടെപൂർവ്വാർദ്ധം ഉത്തരാർദ്ധത്തിനു കാരണമായിനില്ക്കുന്നതിനാൽ കാവ്യലിംഗമെന്നുള്ള അലങ്കാരമുണ്ട്. വൃത്തം വസന്തതിലകം.

97. പരനാരീഗമനം=അന്യസ്ത്രീസംസർഗ്ഗം. കാമകിങ്കരന്മാർ=കാമദേവന്റെ കിങ്കരന്മാർ. കിങ്കരന്മാർ=ഭൃത്യന്മാർ. പരവശർ=അന്യാധീനപ്പെട്ടവർ. ഇവിടേയും പൂർവ്വാർദ്ധം ഉത്തരാർദ്ധത്തിനു കാരണമായി നില്ക്കുന്നതിനാൽ കാവ്യലിംഗമെന്നുള്ള അലങ്കാരമുണ്ട്. വൃത്തം ഗീതി.

98. അതിപൂതാശയം=അതിപൂതമായിരിക്കുന്ന ആശയം. അതിപൂതം=വളരെ പരിശുദ്ധം. ആശയം=മനസ്സ്. മതിമുഖി=ചന്ദ്രമുഖി. ഇവിടെ അലങ്കാരം കാവ്യലിംഗം, വൃത്തം ഗീതി.

99. ഈരേഴുലോകപാന്ഥൻ=ഇഹലോകവഴിപോക്കൻ; മനുഷ്യൻ. വികല്പം=സംശയം. മാൽ=ദുഃഖം. ആലംബനം=ആശ്രയം. ദയിത=ഭാര്യ. ഭുജകല്പവല്ലി=ഭുജമാകുന്നകല്പവല്ലി. ഭുജം=കൈത്തണ്ട്. കല്പവല്ലി=കല്പകവല്ലി (ഇത് ഇന്ദ്രന്റെ പൂങ്കാവിലുള്ള ഒരു ലതയാണ്. ഇത് സർവ്വാഭീഷ്ടങ്ങളെയും ദാനം ചെയ്യും) ഇവിടെ വാച്യാർത്ഥത്തെത്തന്നെ വ്യംഗ്യസമ്പ്രദായത്തിൽ "ഈരേഴുലോകപാന്ഥൻ" എന്നു പറഞ്ഞിരിക്കയാൽ പര്യായോക്തമെന്ന അലങ്കാരമുണ്ട്. ഉത്തരാർദ്ധത്തിൽ കാവ്യലിംഗവുമുണ്ട്. വൃത്തം വസന്തതിലകം.

100. നീരിൽത്താരിനു=താമരപ്പൂവിനു. നേത്രങ്ങൾ=കണ്ണുകൾ. താരമ്പൻ=കാമദേവൻ; പുഷ്പാസ്ത്രൻ. ചില്ലി=പുരികക്കൊടി. നീരിൽ=വെള്ളത്തിൽ. കണ്ഠാഭ=കഴുത്തിന്റെ ശോഭ. അംബരം=ആകാശം അംബരതുച്ഛമാകുമര=വളരെ ഒതുങ്ങി കൃശമായിരിക്കുന്ന അര. ഇവിടെ എല്ലാ പാദങ്ങളിലും ഉപമാലങ്കാരവുമുണ്ട്. വൃത്തം ശാർദ്ദൂലവിക്രീഡിതം.

101. മുല്ലമുകുളങ്ങൾ=മുല്ലമൊട്ടുകൾ. തിലപുഷ്പസമമൂക്ക്=തിലപുഷ്പത്തിനു സമമായിരിക്കുന്ന മൂക്ക്. തിലപുഷ്പം=എള്ളിൻപൂവ്. നോക്ക്=നോട്ടം. ഇവിടെയും അലങ്കാരം ഉപമതന്നെ. വൃത്തം ഇന്ദുവദനാ. "ഇന്ദുവദനയ്ക്കു ഭജസംനഗുരു രണ്ടും."

102. സുന്ദരിമുഖാഭ=സുന്ദരിയുടെ മുഖശോഭ. കളങ്കം=നിർമ്മലമായ വസ്തുവിന് മാലിന്യം നേരിട്ടാൽ ആ മാലിന്യത്തിന്റെപേർ. (കം=ബ്രഹ്മാണം, ലങ്കയതി=ഹീനതാം ഗമയതി) പുത്രീഗമനം ഹേതുവായിട്ട് ബ്രഹ്മാവിനുണ്ടായ അപവാദത്തെക്കുറിച്ച് പറയുന്നതിൽ ഈ ശബ്ദം ഉപയോഗിക്കപ്പെട്ടു. അതിൽപ്പിന്നെ നിർമ്മലമായ വസ്തുവിന് മാലിന്യം നേരിട്ടാൽ ആ മാലിന്യത്തിന്റെ പേരായിത്തീർന്നു. വിശേഷവിധി=പ്രത്യേകഗുണം. ഇവിടെ സുന്ദരീമുഖവും ചന്ദ്രനും ഒരുപോലെയിരിക്കുന്നു എങ്കിലും കളങ്കമെന്നുള്ള ഗുണത്താൽ ചന്ദ്രനെ തിരിച്ചറിയാമെന്നു സമർത്ഥിക്കുന്നതിനാൽ ഉന്മീലിതം എന്നുള്ള അലങ്കാരമുണ്ട്. വൃത്തം ഇന്ദുവദനാ.

103. താന്നകുലം=ശ്രേഷ്ഠതയില്ലാത്തവംശം. കരതാർ=പൂപോലെയിരിക്കുന്ന കൈ. അലങ്കാരം കാവ്യലിംഗം. വൃത്തം ഗീതി.

104. ആധാരംവിട്ടുതാണ=രക്ഷിതാക്കന്മാരാരുമില്ലാതെ വലഞ്ഞ സ്ഥിതിയിൽപ്പെട്ട. സാധുമതേ!=നല്ല ബുദ്ധിയോടുകൂടിയവനേ!; സജ്ജനബുദ്ധിയുള്ളവനേ! സാധുവധൂരത്നം=നല്ല വധൂരത്നം; നല്ല ഭാൎയ്യ. നോക്കാ=നോക്കുകയില്ല; ശ്രമിക്കയില്ല. അലങ്കാരം കാവ്യലിംഗം. വൃത്തം ഗീതി.

105. പൌരുഷം=പുരുഷത്വം; ഗൌരവഭാവം. ഉരുരസം=വലിയ സന്തോഷം. അരിയ=നല്ല നൂനം=നിശ്ചയം. അലങ്കാരം കാവ്യലിംഗം, വൃത്തം ഗീതി.

106. മൃഗരാട്ടിൻസുതയെ=സിംഹത്തിന്റെ പുത്രിയെ. കോട്ടമകന്നിരുൾനീക്കാൻ=ഇരുട്ട് മുഴുവനും നീക്കിക്കളയുവാൻ. ഇവിടെ പ്രസ്തുതാങ്കുരം എന്നുള്ള അലങ്കാരമുണ്ട്. "പ്രസ്തുതത്താൽ പ്രസ്തുതത്തിൻ, ദ്യോതനം പ്രസ്തുതാങ്കുരം" പ്രസ്തുതവൃത്താന്തത്തിന്റെ പ്രകാശനത്തിന്നായിട്ട് പ്രസ്തുതമായ അന്യവൃത്താന്തത്തെ വൎണ്ണിക്കുന്നേടത്തു പ്രസ്തുതാങ്കുരാലങ്കാരം. വൃത്തം ഗീതി.

107. കമ്പുംഉമ്പുംതിരിയാത്ത=യാതൊരു കഥയുമില്ലാത്ത. കമ്പം=ഭ്രാന്ത് ഇവിടെ വിഷമം എന്നുള്ള അലങ്കാരമുണ്ട്. "വിഷമംചേൎച്ചയില്ലാത്ത രണ്ടിനെച്ചേൎത്തു ചൊല്ലുകിൽ" ഇവിടെ അൎത്ഥാന്തരന്യാസമെന്നുള്ള അലങ്കാരവുമുണ്ട്. "അൎത്ഥാന്തരന്യാസമാകും, സാമാന്യംചവിശേഷവും" പ്രസ്തുതമായ സാമാന്യത്തെ സമൎത്ഥിപ്പാൻവേണ്ടി അപ്രസ്തുതമായ വിശേഷത്തേയോ മറിച്ചു പ്രസ്തുതമായ സാമാന്യത്തേയോ കഥിക്കുന്നതു അൎത്ഥാന്തരന്യാസം വൃത്തം ഗീതി.

108. മത്തേഭഗാമിനി=മത്തേഭത്തെപ്പോലെ ഗമിക്കുന്നവൾ. മത്തേഭം=മത്തനായ ഇഭം. മത്തൻ=മദിച്ചവൻ. ഇഭം=ആന. ഗമിക്കുക=പോക. അനുരൂപൻ=തുല്യഗുണങ്ങളുള്ളവൻ; എല്ലാവിധത്തിലും ചേൎച്ചയായിരിക്കുന്നവൻ. തിരയുവാൻ=അന്വേഷിക്കുവാൻ. അതിയായഖേദം=അധികമായ ദുഃഖം. ഷോഡശം=പതിനാറാമത്തേത്; പതിനാറ്. "മത്തേഭഗാമിനി"യെന്നുള്ള വിശേഷണം ഭാവഗൎഭമുള്ളതാകയാൽ പരികരമെന്നുള്ള അലങ്കാരമുണ്ട്. അതിയായ ഖേദത്തിനു കാരണം പറഞ്ഞിരിക്കയാൽ കാവ്യലിംഗവുമുണ്ട്. വൃത്തം വസന്തതിലകം.

109. കല്യാണം=വിവാഹം, തരമായി=ചേൎച്ചയായി, ആമോദം=സന്തോഷം, അല്ലൽ=ദുഃഖം, വരൻ=ഭൎത്താവ്, സല്ലാപം=നേരംപോക്കുപറയുന്നത്; രസകരമായ സംഭാഷണം, അപാംഗദൎശനം=അപാംഗംകൊണ്ടുള്ള ദൎശനം, അപാംഗം=കടക്കണ്ണ്, ദൎശനം=നോട്ടം, ഇവിടെ മനോരഥപ്രകാരം വിവാഹം കഴിഞ്ഞിരിക്കുന്ന ഒരു യുവതിയുടെ സുകൎമ്മസ്വഭാവത്തെ വൎണ്ണിച്ചിരിക്കയാൽ സ്വഭാവോക്തിയെന്നുള്ള അലങ്കാരമുണ്ട്, വൃത്തം ശാൎദ്ദൂലവിക്രീഡിതം.

110. മുമ്പേപിറക്കുമ്പോളുള്ളോരു കാത് = ജനിക്കുമ്പോൾതന്നെയുള്ള ചെവി. പിൻപേ മുളയ്ക്കുന്ന കൊമ്പ് = പിന്നീടുണ്ടാകുന്ന കൊമ്പ്. സമ്പ്രീതി = അധികമായ സന്തോഷം. അലങ്കാരം കാവ്യലിംഗം. വൃത്തം ഇന്ദ്രവജ്രാ.

111. ഫലതരുനികരം = കായ്ക്കുന്ന വൃക്ഷങ്ങളുടെ കൂട്ടം. മുദമേകുന്ന = സന്തോഷത്തെക്കൊടുക്കുന്ന; സന്തോഷിപ്പിക്കുന്ന. ഫലപോതങ്ങൾ = ഫലങ്ങളാകുന്ന പോതങ്ങൾ. പോതങ്ങൾ = കുട്ടികൾ. ഇവിടെ ആദ്യത്തെ പാദത്തിൽ ഉപമാലങ്കാരമുണ്ട്. മുദമേകുന്ന എന്ന വിശേഷണം ഭാവഗർഭമുള്ളതാകയാൽ ഇവിടെ പരികരമെന്നുള്ള അലങ്കാരമുണ്ട്. വൃത്തം സ്രഗ്ദ്ധരാ.

112. പ്രായം വന്നതികഞ്ഞു = പ്രായപൂർത്തി വന്നു. മായംവിട്ടു = കളവു കൂടാതെ; ന്യായമായിട്ട്. ആജ്ഞ = കല്പന. അലങ്കാരം കാവ്യലിംഗം. വൃത്തം ശാർദ്ദൂലവിക്രീഡിതം.

113. പവനൻ = കാറ്റ്. മന്ദം മന്ദം ചലിക്കും പവനൻ = ഇളംകാറ്റ്. അഗ്രഭാഗം = മുൻഭാഗം; തുമ്പ്. ശങ്ക = സംശയം. തന്വീ = കൃശാംഗി; സുന്ദരി. പ്രിയാഹ്വാനം = പ്രിയനെ വിളിക്കുന്നത്. പ്രിയൻ = ഇഷ്ടൻ; ഭർത്താവ്. നന്ദ്യാ = നന്ദിയോടുകൂടെ; ഉപകാരസ്മരണയോടുകൂടെ. ഉത്തരാർദ്ധത്തിൽ ഉൽപ്രേക്ഷാലങ്കാരവും സന്ദേഹാലങ്കാരവുമുണ്ട്. വൃത്തം സ്രഗ്ദ്ധരാ.

114. നീണ്ടിരുണ്ടഥ ചുരുണ്ട വാർകുഴൽ = നീളമുള്ളതും കറുത്തിരിക്കുന്നതും പിന്നെ ചുരുണ്ടിരിക്കുന്നതുമായ നല്ല ബലമുള്ള തലമുടി. പൂഴി = മണ്ണൊടി. ചെന്തൊണ്ടി = തൊണ്ടിപ്പഴം. [illegible] = ചുണ്ട്. വിളർത്തു = വിവർണ്ണമായി; വിളറി. വെണ്മതിയെവെന്ന = വെണ്മതിയെ ജയിച്ച. വെണ്മതി = വെളുത്തിരിക്കുന്ന ചന്ദ്രൻ. ആനനം = മുഖം. ഇരുണ്ടു = കറുത്തു. നവകേതകീസുമസമാനമേനി = നവകേതകീസുമത്തിനു സമാനമായ മേനി. നവകേതകി = പുതിയ കൈതപ്പൂവ്. സമാനം = തുല്യം. മേനി = ശരീരം. മലിനാഭം = മലിനയായിരിക്കുന്ന ആഭയോടുകൂടിയത്; ശോഭ കുറഞ്ഞത്. ഇണ്ടൽ = വ്യസനം. കഥയ = പറഞ്ഞാലും. കാമിനീകുലകലാപമേ! = കാമിനീകുലത്തിനു കലാപമായിട്ടുള്ളവളേ! കാമിനീകുലം = കാമിനിമാരുടെ കുലം. കാമിനിമാർ = സുന്ദരിമാർ (അധികം കാമമുള്ളവർ) കുലം = വംശം. കലാപം = ഭൂഷണം; അലങ്കാരം. ഇവിടെ വ്യസനാധിക്യമുള്ള യുവതികളുടെ സൂക്ഷ്മസ്വഭാവത്തെ വർണ്ണിച്ചിരിക്കയാൽ സ്വഭാവോക്തിയെന്നുള്ള അലങ്കാരമുണ്ട്. വൃത്തം കുസുമമഞ്ജരീ.

## മൂന്നാമങ്കം.

115. ദൂരത്തമരും നൃപരോ = ദൂരത്തിൽ സ്ഥിതി ചെയ്യുന്ന രാജാക്കന്മാരൊ; അന്യരാജ്യത്തെ രാജാക്കന്മാരൊ. പേരുള്ള = കീർത്തിയുള്ള. ചാരത്ത് = സമീപത്തിൽ; അടുക്കൽ. അലങ്കാരം = സ്വഭാവോക്തി. വൃത്തം ഗീതി.

116. കുറ്റംപറയുവതാരെ? = ആരെയാണ് കുറ്റം പറയേണ്ടത്? ആരെ

യും കാരം പായുവാനില്ലെന്നു സാരം. തെററുവരുന്നവരറിയാ=വരുന്നവരാരും, അനാവശ്യമായി പണം നശിപ്പിക്കുന്നത്, തെററാണെന്നറിയുന്നില്ല. ചെററും ചെയ്യുന്നവക്കറിവില്ല=പണം ചിലവിട്ടു, വരുന്നവരെ സൽക്കരിക്കുന്നവരും or വരുന്നവരെ പണം ചിലവിട്ടു സൽക്കരിക്കുന്നവരും അല്പംപോലും തങ്ങൾ ചെയ്യുന്ന ദോഷത്തെ അറിയുന്നില്ല. അലങ്കാരം കാവ്യലിംഗം. വൃത്തം ഗീതി.

117. നൃവരൻ=രാജാവു്. സജ്ജനസമ്മതൻ=നല്ലവനെന്നു സജ്ജനങ്ങൾ സമ്മതിച്ചിട്ടുള്ളവൻ നിർമ്മായം=കളവുകൂടാതെ. അലങ്കാരം കാവ്യലിംഗം. വൃത്തം ഗീതി.

118. ബഹുലം=അധികം. സുഖദം=സുഖകരം. മേലാൽ ഇനിയുള്ള കാലങ്ങളിൽ. കാലോചിതമായ്=കാലത്തിനുതക്കവണ്ണം; കാലത്തെ അനുസരിച്ച്. അലങ്കാരം കാവ്യലിംഗം. വൃത്തം ഗീതി.

119. മഹാക്ഷേമം=വലിയ സുഖം. ക്ഷാമം=ആവശ്യമുള്ള സാധനങ്ങളുടെ ചുരുക്കം; പഞ്ഞം. പ്രത്യക്ഷത്തിൽ=പരമാർത്ഥത്തിൽ. അർപ്പിച്ച്=സമർപ്പിച്ച്. ചിന്തിയാതെ=ചിന്തിക്കാതെ; വിചാരിക്കാതെ. സത്താകം=എന്നും ഉള്ളതായ. ബ്രഹ്മചിന്താരതി=ബ്രഹ്മചിന്തയിലുള്ള രതി. ബ്രഹ്മചിന്താ=ബ്രഹ്മവിചാരം; ആത്മവിചാരം. രതി=താല്പൎയ്യം. നൃപതിമാർമൌലി=രാജശ്രേഷ്ഠൻ. "വെച്ചിടാതെ", "ചിന്തിയാതെ", "വാഴുന്നു", ഈ ക്രിയകളെല്ലാം ഏകകാൎയ്യത്തിൽ അന്വിതകളാകയാൽ ഇവിടെ കാരകദീപകം എന്ന അലങ്കാരമുണ്ടു്. ആത്മചിന്താനിരതനായ ഒരു യോഗിയുടെ സ്വഭാവത്തെ സൂക്ഷ്മമായി വൎണ്ണിച്ചിരിക്കയാൽ ഇവിടെ സ്വഭാവോക്തിയെന്നുള്ള അലങ്കാരമുണ്ടു്. വൃത്തം സ്രഗ്ദ്ധരാ.

120. നിജമായ=സ്വന്തമായ. ന്യായംവെടിഞ്ഞു=പരമാൎത്ഥമായിട്ടു്. കരതാരിലുറച്ചുവന്നാൽ=തന്റെ കൈവശത്തിൽ സ്ഥിരമായാൽ. പാലകപിതാവ്=വളർത്തച്ഛൻ. ധിക്കരിച്ചു=നിസ്സാരമാക്കി. ബത=ആശ്ചൎയ്യം. ദത്തുപുത്രൻ=ഒരുവന്റെ സകല സ്വത്തിന്നും അവകാശിയാക്കി പുത്രന്റെ നിലയിൽ സ്വീകരിക്കപ്പെട്ടവൻ. സാധാരണ ദത്തുപുത്രന്മാരുടെ സ്വഭാവത്തെ സൂക്ഷ്മമായി വൎണ്ണിച്ചിരിക്കയാൽ ഇവിടെ സ്വഭാവോക്തിയെന്ന അലങ്കാരമുണ്ടു്. വൃത്തം വസന്തതിലകം.

121. വൃന്ദാരകേന്ദ്രസദൃശൻ=ഇന്ദ്രതുല്യൻ. (വൃന്ദാരകന്മാർ=ദേവകൾ) ഇവിടെ മൂന്നാമത്തെ പാദത്തിൽ വ്യതിരേകമെന്നുള്ള അലങ്കാരമുണ്ടു്. "വൎണ്ണ്യാവൎണ്ണ്യങ്ങൾക്കു് ചൊന്നാൽ വിശേഷം വ്യതിരേകമാം." ഇവിടെ ചന്ദ്രഹാസൻ എന്ന ഉപമേയത്തിനു വിശേഷം പറഞ്ഞിരിക്കയാൽ വ്യതിരേകം. നാലാമത്തെ പാദത്തിൽ ഉപമാലങ്കാരമുണ്ടു്. വൃത്തം വസന്തതിലകം.

122. ധന്യൻ=ശ്രേഷ്ഠൻ. കുലാഭരണം=വംശഭൂഷണം. ജഗത്രയം=മൂന്നുലോകം. അലങ്കാരം പരിസംഖ്യ. വൃത്തം വസന്തതിലകം.

123. വിനയം=താഴ്മ. തരുക്കൂട്ടങ്ങൾ=വൃക്ഷസമൂഹങ്ങൾ. ആത്താദരം=ആദരവോടുകൂടെ. ആത്തം=സ്വീകൃതം. അലങ്കാരം ഉൽപ്രേക്ഷ. വൃത്തം ശാർദ്ദൂലവിക്രീഡിതം.

124. കത്തുന്ന=ഉജ്ജ്വലിക്കുന്ന. മദ്ധ്യാഹ്നസൂൎയ്യാതപം=നട്ടുച്ചക്കുള്ള സൂൎയ്യാതപം. ആതപം=വെയിൽ. അത്യന്തസന്തപ്തർ=വളരെ അധികം തപിച്ചവർ. പാന്ഥർ=വഴിപോക്കർ. ഇവിടെ തുല്യയോഗിതയെന്നുള്ള അലങ്കാരമുണ്ട്. "വൎണ്ണ്യങ്ങളുടെയോ മറേറാ, ധൎമ്മൈക്യം തുല്യയോഗിതാ".

125. തരിച്ചു=വേഗത്തിൽ പോയി. തരിച്ചോടി=വേഗത്തിൽ ഓടി. അജസ്രം=എല്ലായ്പോഴും. ശാരച്ചന്ദ്രൻ=ശരൽകാലത്തിങ്കലുള്ള ചന്ദ്രൻ. ശരച്ചന്ദ്രനൊത്തുള്ള=ശരച്ചന്ദ്രനോടുകൂടിയ. ഇവിടെ വെയിൽകൊണ്ടോടുന്ന പാന്ഥന്റെ സൂക്ഷ്മസ്വഭാവത്തെ വൎണ്ണിച്ചിരിക്കയാൽ സ്വഭാവോക്തിയെന്നുള്ള അലങ്കാരമുണ്ട്. ഒടുവിലത്തെ പാദത്തിൽ ഉൽപ്രേക്ഷയുമുണ്ട്. വൃത്തം ഭുജംഗപ്രയാതം. "യകാരങ്ങൾ നാലൊ ഭുജംഗപ്രയാതം."

126. കാലാഹി=കാലമാകുന്ന അഹി. അഹി=സൎപ്പം. കാലായി=കാലമായി; സമയമായി. വിഗ്രഹവിയോഗം=മരണം. വിഗ്രഹം=ശരീരം. വിയോഗം=വേർപാട്. അലങ്കാരം കാവ്യലിംഗം. വൃത്തം വസന്തതിലകം.

127 എന്നുടെ ജീവിതമാകും നന്ദനൻ=എന്റെ പുത്രൻ ജീവിച്ചിരിക്കുന്നതാണ് എന്റെ ജീവിച്ചിരിപ്പിന്നു കാരണം, അങ്ങിനെയുള്ള പുത്രൻ. "ജീവിതമാകും" എന്നുള്ള വിശേഷണം ഭാവഗൎഭമുള്ളതാകയാൽ ഇവിടെ പരികരമെന്നുള്ള അലങ്കാരമുണ്ട്. വൃത്തം ഗീതി.

128. പതിമൃതി=പതിയുടെ മൃതി=ഭൎത്താവിന്റെ മരണം. അതിതപ്താ=വളരെ വ്യസനിച്ചവൾ. ഭീതാ=ഭയപ്പെട്ടവൾ. സതിമാർമുടിമണി=സതിമാരുടെ ശിരോലങ്കാരമായിട്ടുള്ളവൾ. പൂതാ=പരിശുദ്ധാ. അനതിചിരസൂതാ=പ്രസവിച്ചിട്ട് അധികദിവസമാകാത്തവൾ. അലങ്കാരം കാവ്യലിംഗം. വൃത്തം ഗീതി.

129. മുഷ്കാളും=ധിക്കാരം കൂടുന്ന; വളരെ ധിക്കാരമുള്ള കാലവേഷം=കാലന്റെ രൂപം. നിഷ്കരുണം=ദയകൂടാതെ. കൊടുംകാട്=ഭയങ്കരമായ കാട്. ദ്രുതം=വേഗത്തിൽ. കുമതി=ദുർബുദ്ധി. ഇവിടെ ഒരു കുലയാളിയുടെ സ്വഭാവത്തെ വൎണ്ണിച്ചിരിക്കയാൽ സ്വഭാവോക്തിയെന്നുള്ള അലങ്കാരമുണ്ട്. "പിടിച്ചു," "കൊണ്ടുപോയി," "ആക്കി", "ഉരുട്ടി," "ഇളക്കി," "ഉയൎത്തി," ഈ ക്രിയകളെല്ലാം ഏകകാൎയ്യത്തിൽ അന്വിതകളാകയാൽ ഇവിടെ കാരകദീപകം എന്നുള്ള അലങ്കാരമുണ്ട്. വൃത്തം സ്രഗ്ദ്ധരാ.

130. ഹരിയെ=വിഷ്ണുവിനെ. സ്മരിച്ചു=വിചാരിച്ചു. ശതകോടി=വജ്രായുധം. (മൂൎച്ചയുള്ള അനേകം മുനകളുള്ളത്.) കിടയായിട്ടും=തുല്യമായിരിക്കുന്ന. കഠദുഷ്ടൻ=കഠിനദുഷ്ടൻ; കഠിനഹൃദയൻ. ആദ്യത്തെപാദത്തിൽ ഭാവികമെന്നുള്ള അലങ്കാരമുണ്ട്. "ഭൂതഭാവ്യങ്ങൾ തൽപ്രത്യക്ഷോക്തി ഭാവികമായ്വരും." മൂന്നാമത്തെ പാദത്തിൽ ഉപമാലങ്കാരമുണ്ട്. ഹരിനാമോച്ചാരണം ദുഷ്ടന്റെ കഠിനഹൃദയത്തെ പട്ടുപോലെ മൃദുവാക്കി എന്നു പറഞ്ഞിരിക്കയാൽ ഇവിടെ കാവ്യലിംഗമുണ്ട്. വൃത്തം കുസുമമഞ്ജരി.

131. കുസലെന്നിയെ=മടികൂടാതെ. ദുശ്ശാസനൻ=ധൃതരാഷ്ട്രപുത്രന്മാരിൽ ഒരുവൻ. പാണ്ഡവന്മാരും, ദുൎയ്യോധനാദികളും തമ്മിലുള്ള ചൂതുകളിയിൽപാണ്ഡവന്മാർ

തോറാടപ്പോൾ ദുശ്ശാസനൻ ദ്രൗപദിയെ തലമുടിക്കു പിടിച്ചു വലിച്ചു സഭമുമ്പാകെ കൊണ്ടുവന്നു ആ സാധ്വിയെ അവമാനിക്കുകയുംമററും ചെയ്തപ്പോൾ ഭീമസേനൻ ദുശ്ശാസനൻെറ രക്തം കുടിക്കുമെന്നു ശപഥംചെയ്തു. ഭാരതയുദ്ധം പതിനാറാമത്തെ ദിവസം ഭീമസേനൻ 'തൻെറ ശപഥം നിറവേററി ദ്രുപദൻെറ പുത്രി (പാഞ്ചാലി) ദ്രുപദൻ=പാഞ്ചാലരാജാവ്'. വസനമോചനം=വസ്ത്രമോചനം. വസ്ത്രം അഴിക്കുന്നത്. പരിപാഹിമാം=എന്നെ രക്ഷിച്ചാലും. ഇതി=ഇപ്രകാരം. പാൎഷതി=പാൎഷതൻെറ പുത്രി; പാഞ്ചാലി. പാൎഷതൻ=പാഞ്ചാലരാജാവ്. സന്ത്രാസമാൎന്നളവ്=അധികമായി ഭയപ്പെട്ടപ്പോൾ. ഝടിതി=ഉടനെ. ഇവിടെ ഉദാത്തവും ഭാവികവും അലങ്കാരങ്ങളുണ്ട്. വൃത്തം കുസുമമഞ്ജരി.

132. ഉത്തമൻ=സുരുചിയുടെ പുത്രൻെറ പേർ. സ്വായംഭുവമനുവിൻെറ പുത്രനായ ഉത്താനപാദൻെറ രണ്ടു ഭാൎയ്യമാരിൽ തനിക്ക് അധികം ഇഷ്ടമുള്ള ഭാൎയ്യ. ജനകൻ=അച്ഛൻ. സുനീതി=ഉത്താനപാദൻെറ ഇഷ്ടംകുറഞ്ഞ രണ്ടാമത്തെ ഭാൎയ്യ. നിഷ്കൃപം==കൃപകൂടാതെ; ദയകൂടാതെ. സത്വരം=വേഗത്തിൽ. ഉൾത്തപിച്ചു=വ്യസനിച്ചു. ധ്രുവൻ=സുനീതിയുടെ പുത്രൻ. ഹരി=വിഷ്ണു. ,ഇവിടേയും ഉദാത്തവും ഭാവികവും അലങ്കാരങ്ങളുണ്ട്. വൃത്തം കുസുമമഞ്ജരി.

133. ഖലു=നിശ്ചയമായിട്ടും. കൊണ്ടാടുന്നത്=സ്തുതിച്ചുപറയുന്നത്. നൃസിംഹം= നരസിംഹം. അശ്രമം=പ്രയാസംകൂടാതെ പ്രഹ്ളാദൻ=ഹിരണ്യകശിപുവിൻെറ പുത്രനും ബലിയുടെ പിതാവുമായ ഒരു ദൈത്യൻ. ബാല്യത്തിലെ വിഷ്ണുഭക്തനായിരുന്നു. ഇവിടേയും ഉദാത്തവും ഭാവികവുമലങ്കാരങ്ങളുണ്ട്. വൃത്തം ശാൎദ്ദൂലവിക്രീഡിതം.

134. അന്തരമെന്യേ=വ്യത്യാസം കൂടാതെ; കുറവുകൂടാതെ. സ്വാന്തേ=ഹൃദയത്തിൽ. അലങ്കാരം കാവ്യലിംഗം. വൃത്തംഗീതി.

135. സുമനിചയം=പൂക്കളുടെ സമൂഹം. മട്ടമോടി=മട്ടുവിൻെറ മോടി. മട്ടു=മധു; തേൻ. മോടി=വൈശിഷ്ട്യം; പ്രഭാവം. വസന്തസുഭഗപുമാൻ=വസന്തമാകുന്ന സുന്ദരപുരുഷൻ. അലങ്കാരം രൂപകം വൃത്തം ഗീതി.

136. മന്ദാനിലൻ=ഇളംകാററ്. മരന്ദം=മകരന്ദം; പൂന്തേൻ. ഉന്നിദ്രം=വിടൎന്നത്; പുഷ്പവികാസത്തോടുകൂടിയത്. ലതാമന്ദിരം=വള്ളിക്കുടിൽ. വസന്തകാലത്തുള്ള ഒരു ലതാമന്ദിരത്തിൻെറ സ്വഭാവത്തെ വൎണ്ണിച്ചിരിക്കയാൽ ഇവിടെ സ്വഭാവോക്തിയെന്നുള്ള അലങ്കാരമുണ്ട്. വൃത്തം ഗീതി.

137. നെഞ്ചുകുളൎപ്പിച്ചീടും=ഉള്ളു തണുപ്പിക്കും; ഹൃദയത്തെ സന്തോഷിപ്പിക്കും. പഞ്ചമഗാനം=പഞ്ചമസ്വരത്തിലുള്ള പാട്ട്. ചഞ്ചു=കൊക്ക്. കോകിലം കുയിൽ. അലങ്കാരം സ്വഭാവോക്തി. വൃത്തം ഗീതി.

138. സുരുചിരലത=മനോഹരമായിരിക്കുന്ന വള്ളി. തരു=വൃക്ഷം. അലങ്കാരം കാവ്യലിംഗം. വൃത്തം ഗീതി

139. അളി=വണ്ട്. അന്തികലത=അടുക്കലുള്ള വള്ളി. ഗാഢം=മുറുകെ. തൽതനു=തൻെറ ശരീരം. അലങ്കാരം സ്വഭാവോക്തി വൃത്തം ഗീതി.

140. ഇന്ദ്രജാലം=ഒരു വലിയ കൺകെട്ടുവിദ്യ. അലങ്കാരം കാവ്യലിംഗം. വൃത്തം വംശസ്ഥം. "ജതങ്ങൾ വംശസ്ഥമതാം ജരങ്ങളും."

141. കാരുണ്യഹീനം=ദയകൂടാതെ. കഥിച്ചത്=പറഞ്ഞത്. ചമൽക്കാരം=അത്ഭുതം. അലങ്കാരം കാവ്യലിംഗവും സന്ദേഹവും. വൃത്തം ഇന്ദ്രവജ്രാ.

142. ഗണിക്കാതെ=കണക്കാക്കാതെ. കുമതിയെ=ദുർബുദ്ധിയെ. ആതങ്കം=ദുഃഖം. മൃതിയെന്നിയെ=മരണം കൂടാതെ അലങ്കാരം സംഭാവനാ. വൃത്തം വസന്തതിലകം.

143. അർത്ഥം പുസ്തകത്തിൽത്തന്നെയുള്ളതുകൊണ്ട് വ്യാഖ്യാനം ആവശ്യമില്ല. അലങ്കാരം കാവ്യലിംഗം; വൃത്തം ശ്ലോകം:—

ശ്ലോകേഷഷ്ഠംഗുരുജ്ഞേയം,
സർവ്വത്രലഘുപഞ്ചമം,
ദ്വിചതുഃപാദയോർഹ്രസ്വം,
സപ്തമം,ദീർഘമന്യയോഃ."

ശ്ലോകമെന്ന വൃത്തത്തിൽ നാലു പാദങ്ങളിലും ആറാമത്തെ അക്ഷരം ഗുരുവും അഞ്ചാമത്തെ അക്ഷരം ലഘുവുമായിരിക്കണം. രണ്ടാമത്തേയും നാലാമത്തേയും പാദങ്ങളിൽ ഏഴാമത്തെ അക്ഷരം ലഘുവും ഒന്നാമത്തേയും മൂന്നാമത്തേയും പാദങ്ങളിൽ ഏഴാമത്തെ അക്ഷരം ഗുരുവുമായിരിക്കണം.

---

## നാലാമങ്കം.

---

144. ഉരുസുഖം=വലിയ സുഖം. പുരുസങ്കടം=വലിയ ദുഃഖം. ദശ=കാലം. അലങ്കാരം ഭാവികം. വൃത്തം ഗീതി.

145. പ്രിയതമൻ=ഏററവും ഇഷ്ടമുള്ളവൻ; ഭർത്താവ്. വിധിഗതിയാൽ=ഈശ്വരേച്ഛയാൽ, വിപ്രിയം=അനിഷ്ടം അലങ്കാരം കാവ്യലിംഗം വൃത്തം ഗീതി.

146 ആഴിബന്ധിച്ചു=സമുദ്രത്തെ ബന്ധിച്ചു; സമുദ്രത്തിൽ സേതുബന്ധിച്ചു. ആഴിചാടി=സമുദ്രം ചാടിക്കടന്നു. അലങ്കാരം ഉദാത്തവും അർത്ഥാന്തരന്യാസവും. വൃത്തം ഇന്ദ്രവജ്രാ.

147. ചുവടൊട്ടു=കടയോടുകൂടെ. വിഷമിക്കാതെ=പ്രയാസംകൂടാതെ. വഷളൻ=കൊള്ളരുതാത്തവൻ. തടവിലാക്കി=കാരാഗൃഹത്തിലിട്ടു. തടവെന്ന്യെ=യാതൊരു പ്രതിബന്ധവും കൂടാതെ. ഇവിടെ പ്രസ്തുതാലങ്കാരവും വിരോധാഭാസവും അലങ്കാരങ്ങളുണ്ട്. "തടവിലാക്കിതടവെന്ന്യെ" ഇവിടെയാണ് വിരോധാഭാസം. "ആഭാസത്വേവിരോധസ്യ, വിരോധാഭാസമാസ്ഥിതം." വിരോധം നേരിട്ടിരിക്കുമ്പോൾ അർത്ഥാന്തരസ്വീകാരംകൊണ്ട് അതിനെ പരിഹരിക്കുന്നേടത്ത് വിരോധാഭാസാലങ്കാരം, വൃത്തം ഗീതി.

148. നേടിയ=സമ്പാദിച്ച. മന്നൻ=കഥയില്ലാത്തവൻ. വകതിരിവ്=ഗുണദോഷങ്ങളെ വേർതിരിച്ചറിയുന്നത്. താൻനേടാപ്പൊന്നുമാററീയാ=താൻ ബുദ്ധിമുട്ടി സമ്പാദിക്കാത്തതൊക്കെയും സാധാരണ ഒരുവൻെറ ദൃഷ്ടിയിൽ നിസ്സാരമാകുന്നു. അലങ്കാരം അർത്ഥാന്തരന്യാസം. വൃത്തം ഗീതി.

149. ജനകഹിതം=അച്ഛൻെറ ഇഷ്ടം. അനുഷ്ഠിക്ക=നിർവ്വഹിക്കുക. ജനകജ=ജനകൻെറ പുത്രി; സീതാ. അനവരതം=എല്ലായ്പോഴും. പുണ്യഹീനൻ=പൂർവപുണ്യമില്ലാത്തവൻ; ഭാഗ്യഹീനൻ. ഉദാത്തവും പ്രതിവസ്തൂപമയും അലങ്കാരങ്ങൾ. വൃത്തം മാലിനി.

150. വിഫലമായി=നിഷ്ഫലമായി. മദീയയത്നം=എൻെറ ശ്രമം. അലങ്കാരം കാവ്യലിംഗം. വൃത്തം വസന്തതിലകം.

151. ഒന്നാംയത്നം=പ്രഥമയത്നം. നില=ഫലസിദ്ധികൊണ്ടു സുസ്ഥിരത. ഉളവായ്വരും=ഉണ്ടാകും. പിഴയാകാ=തെററായിത്തീരുന്നതല്ല. അലങ്കാരം=സംഭാവന. വൃത്തം ഗീതി.

152. ദിനമണി=സൂര്യൻ. ചരമാദ്രി=അസ്തമനപർവ്വതം. ദുർഗ്ഗാലയേ=ഭഗവതിക്ഷേത്രത്തിൽ "പോയിടേണം", "ചെയ്യിടേണം" ഈ ക്രിയകൾ ഏകകാര്യത്തിൽ അന്വിതകളാകയാൽ ഇവിടെ കാരകദീപകം എന്നുള്ള അലങ്കാരമുണ്ട്. വൃത്തം മാലിനീ.

153. ആരാത്രികാരാധന=ആരാത്രികമാകുന്ന ആരാധന. ആരാത്രികം=തിരി ഉഴിയൽ. ആരാത്രികാരാധന=ദീപാരാധന. ആരാധന=പൂജിക്കുന്നത്; സന്തോഷിപ്പിക്കുന്നത്. തൂർണ്ണം=വേഗത്തിൽ. ഒന്നാം പാദത്തിൽ രൂപകമെന്ന അലങ്കാരമുണ്ട്. ശേഷം പാദങ്ങളിൽ സംഭാവനയുമുണ്ട്. വൃത്തം ഇന്ദ്രവജ്രാ.

154. ആദിത്യൻ=സൂര്യൻ. അസ്തഗിരി=അസ്തമനപർവ്വതം കാദംബിനീ=മേഘമാലാ. കുജകോടരസീമ്നി=കുജകോടരങ്ങളുടെ അടുക്കൽ. കുജകോടരങ്ങൾ=കുജങ്ങളുടെ കോടരങ്ങൾ. കുജങ്ങൾ=വൃക്ഷങ്ങൾ (ഭൂമിയിൽ മുളച്ചവകൾ). കോടരങ്ങൾ=പൊത്തുകൾ. വിഹഗങ്ങൾ=പക്ഷികൾ. സന്ധ്യാസമയത്തെ സൂക്ഷ്മമായി വർണ്ണിച്ചിരിക്കയാൽ ഇവിടെ സ്വഭാവോക്തിയെന്നുള്ള അലങ്കാരമുണ്ട്. വൃത്തം വസന്തതിലകം.

155. കളങ്കമററുള്ള=നിഷ്കളങ്കമായ; നിർമ്മലമായ. യതീന്ദ്രൻ=മുനിശ്രേഷ്ഠൻ. ചിത്തക്കളം=മനസ്സാകുന്ന കളം. കളം=ക്ഷേത്രം. പരിപൂതയായി=പരിശുദ്ധയായി. അലങ്കാരം കാവ്യലിംഗം, വൃത്തം ഉപേന്ദ്രവജ്രാ. "ഉപേന്ദ്രവജ്രക്കുജതം ജഗംഗം."

156. വിശുദ്ധീകരിച്ചിട്ടും=നല്ലവണ്ണം ശുദ്ധമാക്കും; പരിശുദ്ധമാക്കും. വിഭൂതി=ഭസ്മം. വരിഷ്ഠം=ശ്രേഷ്ഠം. പരാൽപരം=പരമാത്മാവിനെ. ഹൃദി=ഹൃദയത്തിൽ. അലങ്കാരം കാവ്യലിംഗം. വൃത്തം ഉപേന്ദ്രവജ്രാ.

157. കപോലഫാലനയനശ്രോത്രങ്ങൾ=കപോലങ്ങളും ഫാലവും നയനങ്ങളും ശ്രോത്രങ്ങളും. കപോലങ്ങൾ=കവിൾത്തടങ്ങൾ. ഫാലം=നെററിത്തടം. ന

യനങ്ങൾ=കണ്ണുകൾ. ശ്രോത്രങ്ങൾ=ചെവികൾ. എന്തിദം=ഇതെന്താണ്? പുരുദ്ജ്ജനപ്രകൃതി=വലിയ ദുജ്ജനപ്രകൃതി. പ്രകൃതി=സ്വഭാവം. മുഖാദശ്ം=കണ്ണാടി (മുഖത്തെ കാണിക്കുന്നത്) വേണുന്നോർകൾ=വേണ്ടപ്പെട്ടവർ. ഉത്തരാദ്ധ്ത്തിൽ അലങ്കാരം=ഉൽപ്രേക്ഷ. വൃത്തം ശാർദ്ദൂലവിക്രീഡിതം.

158. ആസ്ഥ=ബഹുമാനം. മുടിഞ്ഞു=ഇല്ലാതെയായി. മുക്തികാലം=മോക്ഷസമയം. മുനിവൃത്തി=മുനിയുടെ വൃത്തി; തപസ്സ്. "മുടിഞ്ഞു", "കൊതിച്ചു", "ആചരിച്ചു", "കഴിച്ചു", ഈ ക്രിയകളെല്ലാം ഏകകാൎയ്യത്തിൽ അന്വിതകളാകയാൽ ഇവിടെ കാരകദീപകം എന്നുള്ള അലങ്കാരമുണ്ട്. വൃത്തം വസന്തതിലകം.

159. ദുമ്മോഹഭാരം=വലുതായ അത്യാഗ്രഹം. ചെമ്മേ=നല്ലവണ്ണം. ചെറുതൊന്നിനി=ഇനി അല്പമൊന്ന്. നിമ്മുക്തൻ=മുക്തകഞ്ചുകൻ; ഉറ ഊരിപ്പോയവൻ. അഹി=സപ്പം. അലങ്കാരം ഉപമാ. വൃത്തം വസന്തതിലകം.

160. അപ്പിത്തം=അഗ്നി (പിത്തംപോലെ അപ്പിനെ (വെള്ളത്തെ) ശോഷിപ്പിക്കുന്നവൻ). ഇവിടെ "അപ്പിത്തം" ഒരു പദമായിട്ടുതന്നെയിരിക്കയാൽ അശ്ലീലമെന്ന കാവ്യദോഷത്തിനവകാശമില്ല. എരികനൽ=കത്തിയെരിയുന്ന തീക്കനൽ. ലോഹം=ഇരിമ്പ്. അപ്പിൻതുള്ളി=വെള്ളത്തുള്ളി. നെടുതായുള്ള=ദീൎഘമായ; വലിയ. നൽപുത്തൻമേട=നല്ല പുതിയ മാളിക. പൂന്തേൻമൊഴികൾ=വളരെ മാധുൎയ്യമുള്ള വാക്കുകൾ പറയുന്ന സ്ത്രീകൾ; സുന്ദരിമാർ. അഴകെഴുംഗാത്രം=സൌന്ദൎയ്യമുള്ള ശരീരം. എപ്പേപ്പട്ടുള്ളതെല്ലാം=ഏതെല്ലാം തരത്തിലുണ്ടോ അതെല്ലാം. അമിതചപല=വളരെ ഇളക്കമുള്ളത്; വളരെ ക്ഷണഭംഗുരമായിട്ടുള്ളത്. ചഞ്ചല=മിന്നൽ. അലങ്കാരം ഉപമാ. വൃത്തം സ്രഗ്ദ്ധരാ.

161. കാകോദരഗളഗതമാം=കാകോദരത്തിൻെറ ഗളഗതമായിരിക്കുന്ന. കാകോദരം=സപ്പം (കാകനെപ്പോലെയുള്ള ഉദരമുള്ളവൻ or കറുത്തൊന്ന് കുടിലഗതിയോടുകൂടിയ ഉദരമുള്ളവൻ. ഗളഗതം=കഴുത്തിലിരിക്കുന്നത്. ഭേകം=തവള. ആകുലമെന്ന്യ=വ്യസനം കൂടാതെ. പുത്തിക=ഒരു തരം ഈച്ച, ചിറീച്ച. ഇവിടെ "കാകോദരഗളഗതമാം" എന്നുള്ള വിശേഷണം ഭാവഗഭ്മുള്ളതാകയാൽ പരികരമെന്നുള്ള അലങ്കാരമുണ്ട്. വൃത്തം ഗീതി.

162. കാലവിലേശയവായിൽ=കാലമാകുന്ന വിലേശയത്തിൻെറ വായിൽ. വിലേശയം=സപ്പം. (വിലത്തിൽ ശയിക്കുന്നവൻ; അളയിൽ കിടക്കുന്നവൻ) ബഹുവിധലീലാഭോഗങ്ങൾ=പലപ്രകാരത്തിലുള്ള വിനോദസുഖാനുഭവങ്ങൾ. തേടി=അന്വേഷിച്ചു. "കാലവിലേശയവായിൽ കാലൂന്നിക്കൊണ്ടുനില്ക്കും" എന്നുള്ള വിശേഷണം ഭാവഗഭ്മുള്ളതാകയാൽ ഇവിടെ പരികരമെന്നുള്ള അലങ്കാരമുണ്ട്. വൃത്തം ഗീതി.

163. തടിനി=പുഴ (തടങ്ങളുള്ളത്; തീരങ്ങളുള്ളത്) തടിയർ=കഥയില്ലാത്തവർ. നെടിയതായി=വലിയതായി; വളരെക്കാലം നിലനില്ക്കുന്നതായി. വീട്ടുവാസം=വീട്ടിൽ പലരുമൊരുമിച്ചുള്ള താമസം. വടിവിൽ=പ്രകാരത്തിൽ. ഇവിടെ=ഈ ലോകത്തിൽ. ഒത്ത്=ഒരുമിച്ച്. അലങ്കാരം ഉപമാ. വൃത്തം മാലിനീ.

164. കിനാവ്=സ്വപ്നം. കാമിക്കാൻ=ആഗ്രഹിക്കുവാൻ. സീമ=അതിര്.

ഉഴറും=ചുററിത്തിരിയും. ഖേടജാലം=ഖേടങ്ങളുടെ ജാലം. ഖേടങ്ങൾ=ഗ്രഹങ്ങൾ (ആകാശത്തിൽ സഞ്ചരിക്കുന്നവകൾ) ജാലം=കൂട്ടം. സ്വസ്വാമി=തന്റെ യജമാനൻ; താൻ സേവിക്കുന്ന മൂർത്തി. സേവകൻ=ഭൃത്യൻ; ഭക്തൻ. പൂർവ്വാർദ്ധത്തിൽ ഉപമാലങ്കാരമുണ്ട്. പ്രായേണ ലോകസ്വഭാവത്തെ വർണ്ണിച്ചിരിക്കയാൽ ഇവിടെ സ്വഭാവോക്തിയുമുണ്ട്. വൃത്തം സ്രഗ്ദ്ധരാ.

165. മരത്തുകിൽ=മരവിരി. കലിലം ദുഷ്പ്രവേശം. കലാശം=അവസാനം. വൃത്തം വസന്തതിലകം. അലങ്കാരം അർത്ഥാന്തരന്യാസം.

166. കുന്തളേശൻ=കുന്തളരാജാവ്. അതിപൂതചിന്ത=വളരെ നിർമ്മലമായ വിചാരം. അന്തരാത്മനി=അന്തരാത്മാവിൽ=മനസ്സിൽ. നിരന്തരം=ഇടവിടാതെ. അന്തരായം=വിഘ്നം. കൃതകൃത്യൻ=കാര്യം സാധിച്ചവൻ. സന്തപിപ്പവർ=വളരെ ദുഃഖിക്കുന്നവർ. അന്തരംഗം=മനസ്സ്. ഉദാത്തചരിതം=ഉയർന്ന or യോഗ്യതയുള്ള or മഹിമയുള്ള ചരിത്രം. സന്തതം=എല്ലായ്പോഴും. സുജനസന്തതിക്ക്=സജ്ജനസമൂഹത്തിനു. സുരദാരു=കല്പവൃക്ഷം. ഇവിടെ കാവ്യലിംഗവും രൂപകവും അലങ്കാരങ്ങളുമുണ്ട്. വൃത്തം കുസുമമഞ്ജരി.

167. സമ്മാനം=നല്ലവണ്ണമുള്ള ബഹുമാനം. അനല്പസമ്മോദം=അധികമായ സന്തോഷം. ജനകൻ=അച്ഛൻ. ജനനീസമേതം=അമ്മയോടുകൂടെ. അലങ്കാരം കാവ്യലിംഗം. വൃത്തം വസന്തതിലകം.

168. മിത്രവിയോഗം=മിത്രന്റെ വിയോഗം. മിത്രൻ=സൂര്യൻ. വിയോഗം=വേർപാട്. ശതപത്രം=താമരപ്പൂവ്. കൂടുന്നു=കൂമ്പുന്നു; അടഞ്ഞുപോകുന്നു. കൂടിട്ടുരുജയാൽ=വർദ്ധിച്ചിരിക്കുന്ന ദുഃഖത്താൽ. മിത്രവിയോഗത്താൽ=മിത്രങ്ങളുടെ വിയോഗം ഹേതുവായിട്ട് മിത്രങ്ങൾ=സ്നേഹിതന്മാർ. വിയോഗം=വേർപാട്. ചിത്രം=അത്ഭുതം. സുജനസ്യ=സജ്ജനത്തിന്റെ. ചിത്തപങ്കജം=ഹൃദയമാകുന്ന താമരപ്പൂവ്. മിത്രശബ്ദത്തിനു നാനാർത്ഥമുള്ളതിനാൽ ഇവിടെ ശ്ലേഷാലങ്കാരമുണ്ട്. ഇവിടെ "കൂടിട്ടും" എന്ന ക്രിയാപദം പ്രകൃതവാക്യത്തിനും അപ്രകൃതവാക്യത്തിനും ഒരുപോലെ ധർമ്മമായി നില്ക്കുന്നതിനാൽ ദീപകാലങ്കാരമുണ്ട്. "പ്രകൃതാപ്രകൃതങ്ങൾക്ക് ധർമ്മൈക്യം ദീപകം മതം". "കൂടിട്ടും" എന്ന സാധാരണ ധർമ്മം ഉപമാനവാക്യത്തിലും ഉപമേയവാക്യത്തിലും ആവർത്തിച്ചിരിക്കയാൽ പ്രതിവസ്തൂപമായെന്ന അലങ്കാരവുമുണ്ട്.

## അഞ്ചാമങ്കം.

169. ഇടക്കിടെക്കോട്ടുമുടക്കമേല്ക്കിലും=കാര്യനിർവ്വഹണത്തിൽ മദ്ധ്യേ മദ്ധ്യേ ഓരോ വിഘ്നങ്ങൾ നേരിട്ടാലും. മടക്കമില്ലാതെ=തോററു പിൻമാറാതെ. ഒടുവെത്തിടുംവരെ=കാര്യം സുസാദ്ധ്യമായി അവസാനിക്കുന്നതുവരെ. ഏററജോലിയെ=കൈഏററ പ്രവൃത്തിയെ. ഒക്കെ മുടിച്ചുകൊള്ളുവാൻ എല്ലാം മുഴുവനാക്കുവാൻ. അലങ്കാരം കാവ്യലിംഗം. വൃത്തം വംശസ്ഥം.

170. സതസ്സം=മുഴവനും. തൃണം=പുല്ല്. ഹാ!=അത്ഭുതത്തെയോ വ്യസനത്തെയോ ദ്യോതിപ്പിക്കുന്ന ഒരു അവ്യയം. നേടിയ=സമ്പാദിച്ച. വിത്തം=ധനം. ധരാസുരന്മാർ=ബ്രാഹ്മണർ. ധരാ=ഭൂമി. സുരൻ=ദേവൻ. ഇവിടെ പ്രകൃതവൃത്താന്തത്തെ വർണ്ണിക്കുമ്പോൾ വിശേഷണസാമ്യബലംകൊണ്ട് അപ്രകൃതവൃത്താന്തം സ്ഫുരിക്കുന്നതിനാൽ സമാസോക്തിയെന്ന അലങ്കാരമുണ്ട്. വൃത്തം വംശസ്ഥം.

171. പുത്രി തന്റെ ഭരണത്തിനു=പുത്രിയെ ഭരിക്കുന്നതിനു. പാത്രമാണ്=യോഗ്യനാണ്. അവനിയെ=ഭൂമിയെ. അത്ര=ഇവിടെ. ആം=ആവാം. അലങ്കാരം ആക്ഷേപം. വൃത്തം രഥോദ്ധതാ.

172. കൊതിച്ചുടൻദ്രവ്യം=ഉടനെ ദ്രവ്യത്തെ കാംക്ഷിച്ചിട്ട്. അഥ=അനന്തരം. വധിച്ചിതോ?=കൊന്നുകളഞ്ഞു എന്നു വരുമോ? കരസ്ഥമായ്വരും=കിട്ടുകയുമില്ല. അലങ്കാരം അർത്ഥാന്തരന്യാസം വൃത്തം വംശസ്ഥം.

173. ഇഷ്ടംപാരമെഴും=വളരെ സ്നേഹമുള്ള. പ്രിയൻ=ഭർത്താവ്. വിധിവശാൽ=ഈശ്വരേച്ഛയാൽ. വിയോഗം=വേർപാട്. മട്ടോലുമൊഴി=മട്ടൊലിക്കുന്ന മൊഴിയോടുകൂടിയവൾ. മട്ട്=തേൻ. ഉൾത്തടേ=ഹൃദയത്തിൽ. ആത്മവരൻ=തന്റെ ഭർത്താവ്. ഹർഷവർഷോപമം=ഹർഷവർഷത്തിനു തുല്യമായി. ഹർഷവർഷം=ഹർഷത്തിന്റെ വർഷം. ഹർഷം=സന്തോഷം. വർഷം=ധാരാളമായിപ്പെയ്യുന്നത്; ആധിക്യം എന്നു താൽപര്യം. കുതുകം=സന്തോഷം. പിതൃപ്രീതിദൻ=പിതാവിന്റെ ഇഷ്ടത്തെ ദാനം ചെയ്യുന്നവൻ; പിതാവിന്റെ ഇഷ്ടത്തെ അനുസരിച്ചു പ്രവൃത്തിക്കുന്നവൻ. ഇവിടെ അലങ്കാരം ഉപമാ. "പിതൃപ്രീതിദൻ" എന്നുള്ള വിശേഷണം ഭാവഗർഭമുള്ളതാകയാൽ പരികരാലങ്കാരവുമുണ്ട്. വൃത്തം ശാർദ്ദൂലവിക്രീഡിതം.

174. ഹരൻ=ശിവൻ. നിടിലാക്ഷിത്തിയ്യിൽ=നിടിലത്തിലുള്ള അക്ഷിയിലെ തിയ്യിൽ. നിടിലം=നെററിത്തടം. അക്ഷി=കണ്ണ്. സ്മരൻ=കാമദേവൻ ദൃശ്യൻ=കാണപ്പെടാവുന്നവൻ. ഗർത്തം=ഗുഹ or കുഴി. അരിയ=മനോഹരമായ. കടമിഴിക്കോണ്=കടക്കണ്ണിന്റെ മൂല. ഇവിടെ സ്മരദാഹകതപമാകുന്ന ശ്ലാഘ്യചരിതത്തെ അംഗമാക്കിയിരിക്കുന്നതിനാൽ ഉദാത്തമെന്നുള്ള അലങ്കാരമുണ്ട്. കാരണം പറഞ്ഞിരിക്കയാൽ കാവ്യലിംഗവുമുണ്ട്. വൃത്തം മാലിനീ.

175. പതികുലപാതകമീവക=പതി, കുലപാതകം മുതലായ ദുഷ്കർമ്മങ്ങൾ. മതിയതിലാരുംമനുഷ്യർകരുതരുതെ=മനുഷ്യരാരുംതന്നെ മനസ്സിൽ വിചാരിക്കക്കൂടി ചെയ്യരുത്. ക്ഷിതിഭൃത്ത്=രാജാവ് (ഭൂമിയെ ഭരിക്കുന്നവൻ) ക്ഷതി=നാശം. ദുർന്നയം=അനീതി, മനമായാൽ=മനസ്സുവന്നാൽ. ഇവിടെ കാരണം പറഞ്ഞിരിക്കയാൽ അലങ്കാരം കാവ്യലിംഗം. വൃത്തം ഗീതി.

176. ഗോലാംഗുലം=പശുവിന്റെ വാൽ. അഹർമ്മുഖം=അഹസ്സിന്റെ മുഖം; പ്രഭാതസമയം. അവനീഭൃത്ത്=രാജാവ്. വക്ത്രം=മുഖം. മാഴ്=ദുഃഖം. അന്നുള്ളത്=ആ ദിവസമുള്ളത്. അകന്നുപോം=ഇല്ലാതെയാകും. അലങ്കാരം കാവ്യലിംഗം. വൃത്തം ശാർദ്ദൂലവിക്രീഡിതം.

177. ഉരഗത്തിൻ=കയിരയുടെ. നരവരനേത്രങ്ങൾ=രാജാവിന്റെ കണ്ണു

കൾ. "വക്രതിരിവുള്ള" എന്ന വിശേഷണം ഭാവഗർഭമുള്ളതാകയാൽ ഇവിടെ പരികരമെന്നുള്ള അലങ്കാരമുണ്ട്. വൃത്തം ഗീതി.

178. ഗോ=പശു. ജ്ഞാനം=അറിവ്. ജ്ഞാതി=ബന്ധു. ജ്ഞാതിശക്തി=ബന്ധുബലം. അലങ്കാരം കാവ്യലിംഗം. വൃത്തം ശ്ലോകം.

179. പൊട്ടിപ്പൊടിഞ്ഞ ഹരിദശ്വകരങ്ങൾ=അല്പാല്പമായി പ്രകാശിക്കുന്ന സൂര്യകിരണങ്ങൾ. ഹരിദശ്വൻ=സൂര്യൻ (പച്ചനിറത്തിലുള്ള കുതിരകളുള്ളവൻ) ഊഴിത്തട്ടിൽ=ഭൂമിയിൽ. കട്ടംനിണം=അധികമായ ചോര. ഗളം=കഴുത്ത്. പൂർവ്വാർദ്ധത്തിൽ സ്വഭാവോക്തിയെന്നുള്ള അലങ്കാരമുണ്ട്. വൃത്തം വസന്തതിലകം.

180. പ്രാലേയശൈലതനയേ!=പ്രാലേയശൈലത്തിന്റെ തനയയായിട്ടുള്ളവളേ! പ്രാലേയശൈലം=പ്രാലേയമുള്ള ശൈലം, പ്രാലേയം=മഞ്ഞ്, ശൈലം=മല, പ്രാലേയശൈലം=ഹിമവാൻ, തനയ=പുത്രി, പുരവൈരിജായേ!=പുരവൈരിയുടെ ജായയായിട്ടുള്ളവളേ! പുരവൈരി=ശിവൻ, ജായ=ഭാര്യ, മാലാകെനീക്കും=സകല സങ്കടങ്ങളേയും നശിപ്പിക്കും, ലോകമാതേ!=ലോകമാതാവായിട്ടുള്ളവളേ! വിപുല=വലിയത്, വിപത്ത്=ആപത്ത്, ഇവിടെ വിശേഷണങ്ങളെല്ലാം സാഭിപ്രായങ്ങളാകയാൽ പരികരമെന്നുള്ള അലങ്കാരമുണ്ട്, കാവ്യലിംഗവുമുണ്ട്, വൃത്തം വസന്തതിലകം.

181. അഗജേ!=അല്ലയോ പാർവ്വതി! (പർവ്വതത്തിൽനിന്നു ജനിച്ചവൾ) ഭവഭയരോഗം=ഭവഭയമാകുന്ന രോഗം, ഭവഭയം=സംസാരഭയം; സംസാരദുഃഖം. വിഗളിതമാക്കുന്നു=നശിപ്പിക്കുന്നു, ഭേഷജം=മരുന്ന്, ഭക്താഭയദേ!=ഭക്തന്മാൎക്ക് അഭയത്തെ ദാനം ചെയ്യുന്നവളേ! വിഗതാമയർ=വിഗതങ്ങളായിരിക്കുന്ന ആമയങ്ങളോടുകൂടിയവർ, വിഗതങ്ങൾ=നാശിച്ചവകൾ; പൊയ്പ്പോയവകൾ, ആമയങ്ങൾ=സുഖക്കേടുകൾ, പൂർവ്വാർദ്ധത്തിൽ രൂപകാലങ്കാരമുണ്ട്. "ഭക്താഭയദേ" എന്നുള്ള വിശേഷണം സാഭിപ്രായമാകയാൽ പരികരാലങ്കാരമുണ്ട്. കാരണം പറഞ്ഞിരിക്കയാൽ കാവ്യലിംഗവുമുണ്ട്.

182. അമരവദനം=അമരന്മാരുടെ വദനം, അമരന്മാർ=ദേവകൾ, വദനം=മുഖം, അമരവദനം=അഗ്നി (ദേവന്മാൎക്കായിക്കൊണ്ടുള്ള ഹവിസ്സ് അഗ്നിയിൽ ഹോമിക്കപ്പെടുന്നതുകൊണ്ടു ദേവന്മാരെ അഗ്നിമുഖന്മാരെന്നു പറയുന്നു) ഭെല്ലുമതു കാലം=കുറച്ചു കാലം ജീവിച്ചിരിക്ക, ശ്രമരഹിതം=ശ്രമംകൂടാതെ; യാതൊരു ബുദ്ധിമുട്ടും കൂടാതെ, നാകലോകെ=സ്വർഗ്ഗലോകത്തിൽ (കം=സുഖം, അകം=ദുഃഖം, നാകം=ദുഃഖമില്ലാത്തേടം) ഇവിടെ "അമരവദനം" എന്ന വിശേഷണം സാഭിപ്രായമാകയാൽ പരികരമെന്നുള്ള അലങ്കാരമുണ്ട്. "അഗ്നി"യെന്നു പറയുന്നതിനു പകരം "അമരവദനം" എന്നു പറഞ്ഞിരിക്കയാൽ ഇവിടെ പര്യായോക്തമെന്ന അലങ്കാരവുമുണ്ട്. കാരണം പറഞ്ഞിരിക്കയാൽ കാവ്യലിംഗവുമുണ്ട്. വൃത്തം മാലിനീ.

183. അഹഹ!=സഹിക്കവയ്യാത്ത സങ്കടത്തെ ദ്യോതിപ്പിക്കുന്ന അവ്യയം, അഹിതനിശിതഖഡ്ഗം=അഹിതന്റെ നിശിതമായിരിക്കുന്ന ഖഡ്ഗം, അഹിതൻ=ശത്രു, നിശിതം=മൂർച്ചയുള്ളത്, ഖഡ്ഗം=വാൾ, മഹിയിൽ=ഭൂമിയിൽ, അരിയവാസം=നല്ല പാർപ്പ്, ദഹനനു=അഗ്നിക്ക്, കാരണം പറഞ്ഞിരിക്കയാൽ അലങ്കാരം കാവ്യലിംഗം. വൃത്തം മ

B 115
MUL
022362
B